# കുഞ്ഞുണ്ണിയുടെ കാവ്യഭാഷ -

## ശൈലീവിജ്ഞാനീയത്തിന്റെ കാഴ്ചപ്പാടിൽ ഒരു പഠനം

## (Poetic Language of Kunjunni - A Study on the Basis of Stylistics)

കാലിക്കറ്റ് സർവ്വകലാശാലയിൽ ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിന് സമർപ്പിക്കുന്ന പ്രബന്ധം

**രാജശ്രീ. എം.**

**മലയാളവിഭാഗം**
**കാലിക്കറ്റ് സർവ്വകലാശാല**
**2009**

**ഡോ. എൻ. മൊഹിയുദ്ദീൻ**
പ്രൊഫസർ
മലയാളവിഭാഗം
കാലിക്കറ്റ് സർവ്വകലാശാല

## സാക്ഷ്യപത്രം

കാലിക്കറ്റ് സർവ്വകലാശാലയിൽ ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിന് സമർപ്പിക്കുന്ന "**കുഞ്ഞുണ്ണിയുടെ കാവ്യഭാഷ - ശൈലീവിജ്ഞാനീയത്തിന്റെ കാഴ്ചപ്പാടിൽ ഒരു പഠനം**" എന്ന പ്രബന്ധം **രാജശ്രീ.എം.** എന്റെ നിർദ്ദേശമനുസരിച്ച് നിർവ്വഹിച്ച ഗവേഷണത്തിന്റെ രേഖയാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

കാലിക്കറ്റ് സർവ്വകലാശാല **ഡോ. എൻ. മൊഹിയുദ്ദീൻ**

## സത്യപ്രസ്താവന

ഈ പ്രബന്ധം ഇതിനുമുമ്പ് ഏതെങ്കിലും സർവ്വകലാശാലയുടെയോ തത്തുല്യമായ സ്ഥാപനത്തിന്റെയോ ബിരുദത്തിനോ ഫെല്ലോഷിപ്പിനോ മറ്റേതെങ്കിലും അംഗീകാരത്തിനോ അടിസ്ഥാനമായിട്ടില്ലെന്ന് ഇതിനാൽ സത്യബോധപ്പെടുത്തുന്നു.

കാലിക്കറ്റ് സർവ്വകലാശാല

**രാജശ്രീ. എം.**

സമർപ്പണം

അമ്മയ്ക്കും അപ്പുവിനും

# കൃതജ്ഞത

ഈ ഗവേഷണത്തിന് മേൽനോട്ടം വഹിച്ച്, വിലപ്പെട്ട ഉപദേശവും മാർഗ്ഗനിർദ്ദേശവും നൽകിയ ഡോ. എൻ. മൊഹിയുദ്ദീൻ കാരശ്ശേരിയോടുള്ള കടപ്പാട് വിലമതിക്കാനാവാത്തതാണ്. പഠനത്തിന് ഓരോ വിധത്തിൽ സഹായിച്ചിട്ടുള്ള മുൻ വകുപ്പദ്ധ്യക്ഷന്മാരായിരുന്ന ഡോ. ടി.ബി.വേണുഗോപാലപ്പണിക്കർ, ഡോ. എൻ. ഗോപിനാഥൻനായർ, ഡോ. പി.എം. വിജയപ്പൻ, എന്നിവരെയും ഇപ്പോഴത്തെ വകുപ്പദ്ധ്യക്ഷൻ ഡോ. ടി. പവിത്രൻ, മറ്റദ്ധ്യാപകർ, പ്രത്യേകിച്ചും ഡോ. അനിൽ വള്ളത്തോൾ, ഡോ. കെ.എം. അനിൽ, ഡോ. ആർ.വി.എം. ദിവാകരൻ എന്നിവരെയുമെല്ലാം നന്ദിയോടെ സ്മരിക്കുന്നു. ആകരശേഖരണത്തിനും മറ്റും കഴിയുന്നത്ര സഹായിച്ച കവിയുടെ മരുമകൾ ഉഷ കേശവരാജിനോടുള്ള കടപ്പാട് വാക്കുകളിൽ ഒതുങ്ങുന്നതല്ല. വിലപ്പെട്ട നിർദ്ദേശങ്ങൾ നൽകിയ ഡോ. ചാത്തനാത്ത് അച്യുതനുണ്ണി, ഡോ. ദേശമംഗലം രാമകൃഷ്ണൻ, സി.പി. ബേബിഷീബ, ഡോ. എസ്.കെ. വസന്തൻ, കെ.കെ. ഹിരണ്യൻ എന്നിവരോടും പഠനം മുന്നോട്ടുകൊ ുപോകാൻ സഹായിച്ച കണ്ണൂർ യൂണിവേഴ്സിറ്റി ലൈഫ് സയൻസ് വിഭാഗം ലക്ചറർ ഡോ. ജയദേവി വാരിയർ, മലയാളവിഭാഗം മുൻലൈബ്രേറിയൻ ഷമ്മിരാജ്, ഡിപ്പാർട്ട്മെന്റ് ലൈബ്രേറിയിലെ മറ്റ് ജീവനക്കാർ എന്നിവരോടുള്ള കടപ്പാടും നിസ്സീമമാണ്. പഠനത്തിന് ഓരോ വിധത്തിൽ സഹായിച്ചിട്ടുള്ള ഷിജി. പി.ജി., നിഷ അക്കരത്തൊടി, ബിജു ജോസഫ്, പ്രസീത. പി., ശ്രീപ്രിയ.കെ., രഘുവാസ് തുടങ്ങിയ സുഹൃത്തുക്കളോടും കുടുംബനാഥൻ എം. വിനോദിനോടും മറ്റു കുടുംബാംഗങ്ങളോടും ഉള്ള കടപ്പാടും ഇവിടെ രേഖപ്പെടുത്തുന്നു. കൂടാതെ ഓഫീസ് ജീവനക്കാർക്കും ഈ പ്രബന്ധം ഡി.ടി.പി. ചെയ്ത് ഭംഗിയാക്കിത്തന്ന 'ബിന'യ്ക്കും നന്ദി പറയുന്നു.

**രാജശ്രീ. എം.**

# ഉള്ളടക്കം

**ആമുഖം**

**അദ്ധ്യായം 1**

ശൈലീവിജ്ഞാനീയവും കുഞ്ഞുണ്ണിക്കവിതയും 1 - 27

**അദ്ധ്യായം 2**

ഭാഷാശൈലീഘടകങ്ങളും കവിതയിൽ അവയുടെ പ്രയോഗസവിശേഷതകളും 28 - 54

**അദ്ധ്യായം 3**

കുഞ്ഞുണ്ണിക്കവിതയിലെ രചനാതന്ത്രങ്ങൾ 55 - 94

**അദ്ധ്യായം 4**

കുഞ്ഞുണ്ണിക്കവിതയിലെ ഹാസ്യം 95 - 140

**അദ്ധ്യായം 5**

കുഞ്ഞുണ്ണിക്കവിതയിലെ നാടോടിത്തം 141 - 186

**ഉപസംഹാരം** 187 - 189

**അനുബന്ധങ്ങൾ** 190 - 236

1. കുഞ്ഞുണ്ണി - അഭിമുഖം
2. കുഞ്ഞുണ്ണിയുടെ കൃതികൾ
3. കുഞ്ഞുണ്ണിയുടെ ജീവചരിത്രക്കുറിപ്പ്
4. കുഞ്ഞുണ്ണിയെപ്പറ്റി വന്ന പഠനങ്ങൾ
5. കുഞ്ഞുണ്ണിക്കവിതയിലെ സവിശേഷപദങ്ങൾ
6. കുഞ്ഞുണ്ണിക്കവിതയിലെ അലങ്കാരങ്ങൾ
7. കുഞ്ഞുണ്ണിക്കവിതയിലെ വൃത്തങ്ങൾ
8. കുഞ്ഞുണ്ണി വരച്ച ചിത്രങ്ങൾ
9. കുഞ്ഞുണ്ണിയുടെ കൈപ്പട
10. കുഞ്ഞുണ്ണി - ചിത്രങ്ങളിലൂടെ

**ഗ്രന്ഥസൂചി** 237 - 264

## ചുരുക്കെഴുത്തുസൂചിക

| | | |
|---|---|---|
| സമ്പാ: | - | സമ്പാദകൻ |
| എഡി: | - | എഡിറ്റർ |
| പ്രസാ | - | പ്രസാധകർ |
| തിരു: | - | തിരുവനന്തപുരം |
| വിവ: | - | വിവർത്തനം |
| വിത: | - | വിതരണം |
| സമ്പൂ: | - | സമ്പൂർണ്ണം |
| പു. | - | പുറം |
| ടി. | - | മേല്പടി |
| കി.മൊ. | - | കിഴവമൊഴി |
| കു.ക്കൃ. | - | കുഞ്ഞുണ്ണിക്കൃതികൾ |
| കു.ക്ക | - | കുഞ്ഞുണ്ണിക്കവിതകൾ |
| അ.പൊ. | - | അടിയും പൊടിയും |
| കിലു. പെട്ടി | - | കിലുകിലുക്കാം പെട്ടി |
| ഭാ. ഭൂ. | - | ഭാഷാഭൂഷണം. |
| കു.ലോകം | - | കുഞ്ഞുണ്ണിമാഷുടെ ലോകം |

# ആമുഖം

## പഠനലക്ഷ്യവും പ്രസക്തിയും

സൃഷ്ടിയുടെ വേളയിൽ കവി നേരിടുന്ന പ്രധാനപ്രശ്നം ഭാഷാപരമാണ്. ഭാവത്തിനനുയോജ്യമായ ഭാഷ എക്കാലത്തും കവികളുടെ സ്വപ്നമായിരുന്നു. നമ്മുടെ പ്രാചീന കവികളിലധികവും ഭാവത്തിനനുസരിച്ച ഉചിത പദാവലികൾക്കായി ഇഷ്ടദൈവങ്ങളെ പ്രാർത്ഥിച്ചുകൊ ാണ് കാവ്യരചന ആരംഭിക്കുന്നത്.

" വാരിധി തന്നിൽ തിരമാലകളെന്ന പോലെ
ഭാരതീ ! പദാവലി തോന്നേണം കാലേ കാലേ"[1]

എന്ന എഴുത്തച്ഛന്റെ പ്രശസ്തമായ വരികൾ ഉദാഹരണം.

സാഹിത്യത്തിന്റെ മാദ്ധ്യമമായ ഭാഷയിലെ ഉപയോഗിച്ചു പഴകിയ പദാവലികൾ പലപ്പോഴും അനുഭൂതി സംക്രമണത്തിന് അപര്യാപ്തമായി കവികൾക്കനുഭവപ്പെടുന്നു. തന്മൂലം സാമ്പ്രദായിക രീതിയിൽ നിന്നും വിഭിന്നമായ പ്രയോഗങ്ങളിലൂടെ ഭാഷയുടെ പരിമിതി മറികടക്കാൻ എഴുത്തുകാർ ശ്രമിക്കുന്നു. അതുവഴി സാമാന്യഭാഷയിൽ നിന്നും വ്യതിരിക്തമായ ചൈതന്യവും നവീനത്വവും കാവ്യഭാഷയ്ക്ക് കൈവരുന്നു. ഇത്തരത്തിലുള്ള കാവ്യഭാഷയുടെ നൂതനരചനാതന്ത്രങ്ങളെ ക ത്താനും അവയിലൂടെ സംവേദനം ചെയ്യപ്പെടുന്ന ഭാവതലത്തെ സൂക്ഷ്മമായി വിശകലനം ചെയ്യാനും ഉതകുന്ന വിമർശനരീതിയാണ് ശൈലീവിജ്ഞാനീയം (Stylistics).പാശ്ചാത്യനാടുകളിൽ ഉദയം ചെയ്ത ഈ രീതി ഇന്ന് മലയാളത്തിന് അപരിചിതമല്ല. വർണ്ണം, പദം, വാക്യം, അലങ്കാരം, വൃത്തം, തുടങ്ങിയ ഭാഷാശൈലിയുടെ സമസ്തഘടകങ്ങളിലും കവി അറിഞ്ഞോ അറിയാതെയോ വരുത്തുന്ന വൈചിത്ര്യങ്ങളെ സൂക്ഷ്മവും വസ്തുനിഷ്ഠവുമായി വിശകലനം ചെയ്തുകൊ ് കാവ്യാത്മാവിന്റെ ആഴങ്ങളിലേക്ക് വെളിച്ചം കാണിക്കാൻ ശൈലീവിജ്ഞാനീയപഠനം സഹായകമാകുന്നു.

ഭാഷയുടെ അനന്തസാദ്ധ്യതകളെപ്പറ്റി ബോധവാനായിരുന്ന കവിയാണ് കുഞ്ഞുണ്ണി (1927 - 2006). കാവ്യരചനകളിൽ അത് കഴിയുന്നത്ര ഉപയോഗപ്പെടുത്തുകയും ചെയ്തിട്ടു ് ഈ കവി. വാക്കുകളെ അഴിച്ചെടുത്തും ആവർത്തിച്ചും പുതുതായി സൃഷ്ടിച്ചും വിഭിന്ന ഭാഷാപദങ്ങൾ ഇണക്കിച്ചേർത്തും വിചിത്രമായരീതിയിൽ വിന്യസിച്ചുമെല്ലാം ഭാഷയുടെ പരിമിതിയെ മറികടക്കാൻ കഴിഞ്ഞ കുഞ്ഞുണ്ണിക്ക് ഭാഷയുടെ അപൂർണ്ണതകളെപ്പറ്റി പരാതി പറയേ ി വന്നിട്ടില്ല. ഭാഷ ആശയവും അനുഭൂതിയും ആവിഷ്കരിക്കാനുള്ള ഉപാധി എന്ന നിലവിട്ട് സ്വയം ദർശനവും അനുഭൂതിയുമായി മാറുന്ന വിസ്മയകരമായ കാഴ്ച കുഞ്ഞുണ്ണിക്കവിതകളിൽ കാണാം. നാടോടിത്തം, ഹാസ്യാത്മകത, ദാർശനികത തുടങ്ങിയ

---

1 എഴുത്തച്ഛൻ, *അദ്ധ്യാത്മരാമായണം കിളിപ്പാട്ട്.* ബാലകാണ്ഡം. (കമ്പ്യൂട്ടെക്ക് പബ്ലിഷേഴ്സ്, തിരു: 2003), പു. 9.

കുഞ്ഞുണ്ണിക്കവിതകളുടെ പൊതുസവിശേഷതകൾക്കെല്ലാം ആധാരമായ ഭാഷ അതിലെ സാരസർവ്വസ്വവുമാണ്. അതുകൊ ുതന്നെ ഭാഷാപരമായ അന്വേഷണം കുഞ്ഞുണ്ണിക്കവിതയിൽ വളരെ പ്രസക്തവുമാണ്. പഴഞ്ചൊല്ലുകളും കടംകഥകളും നാടൻപാട്ടുകളും നാടൻ ഫലിതങ്ങളുമെല്ലാം ശേഖരിച്ച് പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കുക വഴി കുഞ്ഞുണ്ണി വാമൊഴിയുടെ ശക്തി സൗന്ദര്യങ്ങൾ നമുക്ക് അനുഭവപ്പെടുത്തിത്തരുന്നു. കുഞ്ഞുണ്ണിക്കവിതകളെ ശൈലീനിഷ്ഠമായി സമീപിക്കുന്നതുവഴി കവിയെ ആഴത്തിൽ സ്വാധീനിച്ച നാടോടി സംസ്ക്കാരം ഭാഷാരൂപീകരണത്തിൽ എത്രത്തോളം പങ്കുവഹിച്ചെന്നും അതോടൊപ്പം കുഞ്ഞുണ്ണിക്കവിതകളിൽ പ്രകടമായികാണുന്ന സവിശേഷതകൾക്ക് അതിലെ കാവ്യഭാഷ എത്രത്തോളം നിമിത്തമായിട്ടു ന്നും സൂക്ഷ്മമായി അപഗ്രഥിച്ച് മനസ്സിലാക്കാൻ കഴിയും. ഭാഷാസാധ്യതകളെ കഴിയുന്നത്ര ഉപയോഗപ്പെടുത്തിയതു വഴി കുഞ്ഞുണ്ണിക്കവിതകൾക്ക് കൈവന്ന വ്യതിരിക്തതയും ഭാവപുഷ്ടിയും അനാവരണം ചെയ്യാനും ഇത്തരത്തിലുള്ള പഠനം പ്രയോജനപ്പെടും.

**പൂർവ്വപഠനങ്ങൾ**

മലയാളത്തിൽ ശൈലീവിജ്ഞാനീയപരമായ വിമർശനത്തിന് തുടക്കം കുറിച്ച പ്രഥമകൃതിയാണ് എൻ. വി. കൃഷ്ണവാര്യരുടെ *വള്ളത്തോളിന്റെ കാവ്യശില്പം* (1977). സ്റ്റീഫൻ ഉൾമാന്റെ 'ഭാഷയും ശൈലിയും' (Language and Style, 1964) എന്ന ഗ്രന്ഥത്തിൽ നിന്നും നേടിയ വിജ്ഞാനത്തെ സംസ്കൃതകാവ്യ മീമാംസാഗ്രന്ഥങ്ങളിൽ നിന്നും നേടിയ വിജ്ഞാനവുമായി താരതമ്യപ്പെടുത്തി ശൈലീവിജ്ഞാനീയത്തിലെ മുഖ്യസിദ്ധാന്തങ്ങളെ പരിചയപ്പെടുത്തിയശേഷം വള്ളത്തോൾ കവിതയെ ഈ രീതിയനുസരിച്ച് വിലയിരുത്തുകയാണ് എൻ. വി. ചെയ്തത്. മലയാളത്തിൽ ശൈലീവിജ്ഞാനീയപരമായ പഠനങ്ങളിൽ പ്രധാനപ്പെട്ട മറ്റൊരു കൃതി ചാത്തനാത്ത് അച്യുതനുണ്ണിയും എം. ആർ. രാഘവവാര്യരും ചേർന്ന് എഡിറ്റു ചെയ്ത *ശൈലീവിജ്ഞാനീയം - സമകാലപഠനങ്ങൾ* (1984) ആണ്. ഈ ഗ്രന്ഥത്തിലെ 'ശൈലീവിജ്ഞാനീയത്തിന് ഒരാമുഖം' എന്ന ലേഖനത്തിലൂടെ ചാത്തനാത്ത് അച്യുതനുണ്ണി ശൈലീവിജ്ഞാനീയത്തിന്റെ അടിസ്ഥാനസങ്കല്പങ്ങൾ വ്യക്തമാക്കുന്നു. ഇതേ ഗ്രന്ഥത്തിൽ പ്രബോധചന്ദ്രൻ കൃഷ്ണഗാഥയിലെ ശൈലിയും സി. പി. ശിവദാസൻ, ഇടശ്ശേരിയുടെ 'കാവിലെ പാട്ടും' ആർ. വിശ്വനാഥൻ, ആറ്റൂർ രവിവർമ്മയുടെ 'മേഘരൂപൻ' എന്ന കവിതയെയും ശൈലീവിജ്ഞാനീയപരമായി നിരൂപണം ചെയ്യുന്നു. സി. പി. ശിവദാസന്റെ *ഭാവവും ഭാഷയും* (1986) എന്ന കൃതിയിൽ ശൈലീവിജ്ഞാനീയത്തിന്റെ സൈദ്ധാന്തികതലം വ്യക്തമാക്കുന്നതോടൊപ്പം അതുപയോഗിച്ചുള്ള നിരൂപണത്തെയും ഉൾപ്പെടുത്തിയിരിക്കുന്നു. ഈ പഠനങ്ങൾക്കെല്ലാം മുമ്പുതന്നെ ജോസഫ് മു ശ്ശേരി *മാനദണ്ഡം* (1946) എന്ന കൃതിയിൽ കാളിദാസശൈലിയെ നിരൂപണം ചെയ്യുമ്പോൾ ഭാരതീയാലങ്കാരികദർശനത്തോടൊപ്പം പാശ്ചാത്യശൈലീവിജ്ഞാനീയ നിരൂപണത്തിന്റെ ചില ഉൾക്കാഴ്ചകളേയും പ്രയോജനപ്പെടുത്തിയിരുന്നു. എം. പി. ശങ്കുണ്ണിനായർ *കാവ്യവ്യുല്പത്തി* (1986), *ഛത്രവും ചാമരവും* (1988) എന്നീ കൃതികളിലും ശൈലീവിജ്ഞാനീയവിമർശനത്തിന്റെ സിദ്ധാന്തങ്ങൾ പ്രയോജനപ്പെടുത്തിയിട്ടു ്. ദേശമംഗലം രാമകൃഷ്ണൻ *കവിയുടെ കലാതന്ത്രം* (1989) എന്ന ഗ്രന്ഥത്തിൽ കുഞ്ഞുണ്ണി, കടമ്മനിട്ട, അയ്യപ്പപ്പണിക്കർ, എം. ഗോവിന്ദൻ തുടങ്ങിയവരുടെ കാവ്യശൈലിയെ ആസ്പദമാക്കി ആധുനിക കവിതയിലെ ഭാഷാവക്രതകളെ ശൈലീവിജ്ഞാനീയത്തിന്റെ അടിസ്ഥാനത്തിൽ സാമാന്യമായി വിശകലനം ചെയ്യുന്നു. ദേശമംഗലം രാമകൃഷ്ണൻ എഡിറ്റുചെയ്ത *കാവ്യഭാഷയിലെ പ്രശ്നങ്ങൾ* (1989) എന്ന കൃതിയിൽ ശൈലീവിജ്ഞാനീയത്തെക്കുറി

ച്ചുള്ള സൈദ്ധാന്തിക പഠനങ്ങളോടൊപ്പം കുഞ്ചൻനമ്പ്യാരുടെ കവിത ശൈലീവിജ്ഞാനീയ രീതിയിൽ അപഗ്രഥിച്ചുകൊ  ുള്ള വി.എസ്. ശർമ്മയുടെ നിരൂപണം കൂടി ഉൾപ്പെടുത്തിയിരിക്കുന്നു. *പ്രതിപാത്രം ഭാഷണഭേദം* എന്ന കൃതിയിൽ സി. വി. യുടെ കഥാപാത്രഭാഷയെ അപഗ്രഥിക്കുന്നതിന് എൻ. കൃഷ്ണപിള്ളയും ശൈലീവിജ്ഞാനീയത്തിന്റെ കാഴ്ചപ്പാടുകൾ പ്രയോജനപ്പെടുത്തിയിട്ടു  ്. വി. രാജകൃഷ്ണൻ *മൗനം തേടുന്ന വാക്ക്*(1981) എന്ന കൃതിയിലെ 'ശൈലിയുടെ പ്രകാശതീരങ്ങളിൽ' എന്ന ലേഖനത്തിൽ *നാലുകെട്ട്, അസുരവിത്ത്, ര  ിടങ്ങഴി, ചെമ്മീൻ, ഖസാക്കിന്റെ ഇതിഹാസം* എന്നീ കൃതികളെ ശൈലീവിജ്ഞാനീയ രീതിയിൽ അവലോകനം ചെയ്യുന്നു. *എൻ. വി. അറിവിന്റെ അത്ഭുതം* (1990) എന്ന ഗ്രന്ഥത്തിലെ ' എൻ. വി. യുടെ ഭാഷയും ശൈലിയും' എന്ന ലേഖനത്തിൽ സി. ജെ. റോയ് എൻ. വി. യുടെ കാവ്യഭാഷയെ ശൈലീവിജ്ഞാനീയപരമായി നിരൂപണം ചെയ്യുന്നു. വി. ആർ. പ്രബോധചന്ദ്രന്റെ *ശൈലീഭംഗികൾ* (2003)എന്ന കൃതി, സി. രാജേന്ദ്രന്റെ *താരതമ്യകാവ്യശാസ്ത്രം* (2000) എന്ന കൃതിയിലെ 'കാവ്യഭാഷ' എന്ന ലേഖനം എന്നിവ ശൈലീവിജ്ഞാനീയത്തിലെ പുതുരീതികൾ പരിചയപ്പെടുത്തുന്നു. ഡോക്ടർ പി. സി. റോയി. എഡിറ്റ് ചെയ്ത *ചിരിയുടെ പിതാമഹൻ* (1997) എന്ന ഗ്രന്ഥത്തിൽ സി. പി. ശിവദാസൻ 'വി.കെ.എൻ. കഥയുടെ ശൈലീവിചാരം' എന്ന ലേഖനത്തിൽ വി. കെ. എൻ. കൃതികളെ പുരഃക്ഷേപണ - വക്രോക്തീ സിദ്ധാന്തങ്ങൾ ഉപയോഗിച്ച് വിലയിരുത്തുന്നു. ഇതുകൂടാതെ അനിൽ വള്ളത്തോളിന്റെ *വള്ളത്തോളിന്റെ കാവ്യശൈലി* (1997), സി. പി. ബേബിഷീബയുടെ *വൈലോപ്പിള്ളികവിത ശൈലീവിജ്ഞാനീയപരമായ അപഗ്രഥനം* (പിഎച്ച്. ഡി. പ്രബന്ധം, കോഴിക്കോട് സർവ്വകലാശാല : 2001), എം. കൃഷ്ണൻ നമ്പൂതിരിയുടെ *ശൈലീപരിണാമം മലയാളനോവലിൽ,* (പിഎച്ച്. ഡി. പ്രബന്ധം, കാലിക്കറ്റ് യൂണിവേഴ്സിറ്റി: 1999) *ശൈലീവിന്യാസം ചരിത്രനോവലിൽ* (കെ. എ. സെബാസ്റ്റ്യൻ ആന്റണി, പിഎച്ച്. ഡി. പ്രബന്ധം, കേരളയൂണിവേഴ്സിറ്റി: 1993). *നളചരിതം ആട്ടക്കഥയുടെ ശൈലീനിഷ്ഠമായ അപഗ്രഥനം* (വേണുഗോപാലൻ, പി., പിഎച്ച്. ഡി. പ്രബന്ധം, കേരളായൂണിവേഴ്സിറ്റി: 1990) *രീതിയും സ്റ്റൈലും ഒരു താരതമ്യാത്മക അന്വേഷണം* (ശ്രീദേവി, പി. എസ്., പിഎച്ച്. ഡി. പ്രബന്ധം, കേരളായൂണിവേഴ്സിറ്റി: 2002), *കാവ്യശൈലി വള്ളത്തോളിന്റെ ഭാവഗീതങ്ങളിൽ* (ശുഭ. പി.,

എം. ഫിൽ പ്രബന്ധം, കേരളായൂണിവേഴ്സിറ്റി: 1992) തുടങ്ങി ശൈലീനിഷ്ഠമായ ധാരാളം ഗവേഷണപ്രബന്ധങ്ങൾ മലയാളത്തിൽ ഉ ായിട്ടുണ്ട്.

കുഞ്ഞുണ്ണിയെയും കുഞ്ഞുണ്ണിക്കവിതകളെയും കുറിച്ച് ഇതുവരെ മലയാളത്തിലു ായിട്ടുള്ള ഗ്രന്ഥങ്ങളാണ് രാഘവൻ ഇയ്യത്തുകാടിന്റെ *കവിതയിൽ ഒരു വെളിപാടുപുസ്തകം* (വ?), പി. ആർ. ജയശീലന്റെ *കുഞ്ഞുണ്ണിമാഷ് - ജീവിതവും കൃതികളും* (2003), താഹ മാടായിയുടെ *അശോകച്ചോട്ടിലെ കുഞ്ഞുണ്ണി* (2003), ഗോപി പുതുക്കോട് എഡിറ്റു ചെയ്ത *ഞാനറിയുന്ന കുഞ്ഞുണ്ണിമാഷ്* (2006), എ. പി. നളിനന്റെ *കവിമനസ്സിലൂടെ* (2007), കിളിരൂർ രാധാകൃഷ്ണന്റെ *കുസൃതിക്കുഞ്ഞുണ്ണി* (2006), സിപ്പി പള്ളിപ്പുറത്തിന്റെ *ഒരിടത്തൊരൊരിടത്തൊരു കുഞ്ഞുണ്ണി* (2006), ലത്തീഫ് പറമ്പിൽ എഡിറ്റു ചെയ്ത *കുഞ്ഞുണ്ണി മാഷ് ഓർമപ്പുസ്തകം* (2006), വിജയൻ കുന്നുമ്മക്കര എഡിറ്റു ചെയ്ത *കുഞ്ഞുണ്ണിമാഷ്* (2008), എം. എൻ കാരശ്ശേരിയുടെ *കുഞ്ഞുണ്ണി - ലോകവും കോലവും* (2008) എന്നിവ.

'കുഞ്ഞുണ്ണിയുടെ കവിതകൾ' എന്ന പേരിലിറങ്ങിയ ആദ്യകാല കവിതാസമാഹാരത്തെ അധികരിച്ചെഴുതിയ പഠനമാണ് രാഘവൻ ഇയ്യത്തുകാടിന്റെ *കവിതയിൽ ഒരു വെളിപാടു പുസ്തകം* എന്ന കൃതി. കുഞ്ഞുണ്ണിക്കവിതയിലെ ദാർശനികത, ഹാസ്യം, വൈരുദ്ധ്യങ്ങൾ, ജനകീയത തുടങ്ങിയ സവിശേഷതകളെ വിശകലനം ചെയ്ത് ആധുനികകവിതകളിൽ കുഞ്ഞുണ്ണിക്കവിതകൾക്കുള്ള സ്ഥാനം ഉറപ്പിക്കാൻ ഈ പഠനത്തിന് കഴിഞ്ഞു. ജയശീലൻ, താഹ മാടായി, സിപ്പി പള്ളിപ്പുറം, കിളിരൂർ രാധാകൃഷ്ണൻ എന്നിവരുടെ കൃതികൾ കുഞ്ഞുണ്ണിക്കവിതകളേക്കാൾ കുഞ്ഞുണ്ണി എന്ന വ്യക്തിയെ അടുത്തറിയാനാണ് ഉപകരിക്കുന്നത്. കവിയുടെ മരണാനന്തരം പ്രസിദ്ധീകരിച്ച *ഞാനറിയുന്ന കുഞ്ഞുണ്ണിമാഷ്, കുഞ്ഞുണ്ണിമാഷ് - ഓർമപ്പുസ്തകം* എന്നീ കൃതികളിൽ കുഞ്ഞുണ്ണിയെകുറിച്ചുള്ള പ്രശസ്തരുടെ അനുസ്മരണങ്ങൾ, കുഞ്ഞുണ്ണികൃതികളെക്കുറിച്ചുള്ള വിഖ്യാതമായ പഠനങ്ങൾ, അഭിമുഖങ്ങൾ കുഞ്ഞുണ്ണി പലർക്കായി എഴുതിയ ഏതാനും കത്തുകൾ എന്നിവ ഉൾക്കൊള്ളുന്നു. എം. എൻ. കാരശ്ശേരിയുടെ *കുഞ്ഞുണ്ണി - ലോകവും കോലവും* എന്ന ഗ്രന്ഥം പലപ്പോഴായി പ്രസിദ്ധീകരിച്ച ലേഖനങ്ങളുടെയും അവതാരികകളുടെയും സമാഹാരമാണ്. കുഞ്ഞുണ്ണിക്കവിതയിലെ ദാർശനികത, ആവിഷ്ക്കാരശൈലി എന്നിവയുടെ രൂപീകരണത്തിൽ പഴഞ്ചൊല്ലുകൾക്കുള്ള സ്ഥാനമാണ് *കുഞ്ഞുണ്ണിക്കവിതയിലെ പഴഞ്ചൊൽ പാരമ്പര്യം* (എം. ഫിൽ. പ്രബന്ധം കാലിക്കറ്റ് സർവ്വകലാശാല: 1994) എന്ന പ്രബന്ധത്തിൽ പോൾ. പി. വർഗ്ഗീസ് അന്വേഷിക്കുന്നത്. *കുഞ്ഞുണ്ണിക്കവിത ഒരു പഠനം* (എം. ഫിൽ. പ്രബന്ധം, മദിരാശി സർവ്വകലാശാല: 1988) എന്ന പ്രബന്ധത്തിൽ ടോണി. കെ. റാഫേൽ കുഞ്ഞുണ്ണിക്കവിതയിലെ ആത്മനിന്ദയാണ് അന്വേഷണ വിഷയമാക്കിയിരിക്കുന്നത്. 2008 ൽ സുജ. എസ്. തെക്കേഗ്രാമം സമർപ്പിച്ച ഗവേഷണ പ്രബന്ധത്തിൽ (കാലിക്കറ്റ് സർവ്വകലാശാല) കുഞ്ഞുണ്ണിക്കവിതയിലെ ബോധനോപാധിയാണ് പ്രമേയം.

അവതാരികകൾ, ആനുകാലികങ്ങൾ, വിമർശനഗ്രന്ഥങ്ങൾ എന്നിവയിലൂടെയെല്ലാം കുഞ്ഞുണ്ണിയെക്കുറിച്ചും കുഞ്ഞുണ്ണിക്കവിതയെക്കുറിച്ചും ധാരാളം പഠനങ്ങൾ വന്നിട്ടു ്. കുഞ്ഞുണ്ണിക്കവിതയിലെ ചില വ്യതിരിക്തതകളാണ് എസ്. കെ. വസന്തൻ. 'വാമനനും വിരാട് പുരുഷനും' എന്ന ആമുഖ പഠനത്തിലും (കുഞ്ഞുണ്ണിക്കവിത, സമ്പൂ : സമാഹാരം), പി. കെ. ബാലകൃഷ്ണൻ *കവിത* എന്ന കൃതിയുടെ അവതാരികയിലും വ്യക്തമാക്കുന്നത്. 'കന്നും കുന്നിക്കുരുവും' എന്ന അവതാരിക

യിൽ (കുഞ്ഞുണ്ണിക്കവിത സമ്പൂ: സമാഹാരം) കുഞ്ഞുണ്ണിക്കവിതയിലെ വൈരുദ്ധ്യസമന്വയത്തെ ജീവശാസ്ത്ര പശ്ചാത്തലത്തിൽ വിലയിരുത്തിയ എം. എൻ. കാരശ്ശേരി, കുഞ്ഞുണ്ണിക്കവിതകളെ ആധുനികതയുടെ പശ്ചാത്തലത്തിൽ വിലയിരുത്തുകയാണ് കുഞ്ഞുണ്ണികൃതികൾ സമ്പൂർണ്ണ സമാഹാരത്തിനെഴുതിയ അവതാരികയിൽ. രാജീവൻ *കവിത*യ്ക്കെഴുതിയ അനുബന്ധപഠനത്തിൽ പഴഞ്ചൊല്ല്, നാടൻപാട്ട്, കടംകഥ തുടങ്ങിയ നാടോടിവാങ്മയങ്ങളുമായി ബന്ധപ്പെടുത്തി കുഞ്ഞുണ്ണിക്കവിതയെ വിശകലനം ചെയ്യുന്നു. നരേന്ദ്രപ്രസാദ് *കുറ്റിപ്പെൻസിലി*ന്റെ അവതാരികയിൽ കുഞ്ഞുണ്ണിക്കവിതയിലെ ദാർശനികതയെയും കെ. എസ്. രാധാകൃഷ്ണൻ *മൊഴിമുത്തുക*ളുടെ അവതാരികയിൽ കുഞ്ഞുണ്ണികവിതയിലെ ആത്മീയതയെയും അന്വേഷിക്കുന്നു. *രചനയുടെ രതിമൂർച്ഛ* എന്ന കൃതിയിലെ 'നേരും നേരമ്പോക്കും കവിതയിൽ' എന്ന ലേഖനത്തിൽ ടോണിമാത്യു കുഞ്ഞുണ്ണിക്കവിതയിലെ ഹാസ്യത്തെയാണ് വിശകലനം ചെയ്യുന്നത്. സുബ്രഹ്മണ്യൻ, കെ.എച്ചിന്റെ 'മൊഴിമുത്തുകൾ' (*പര്യേഷണം*), പ്രകാശ്, കെ.എസ്സിന്റെ 'മൊഴിമുത്തുകളുടെ സൗന്ദര്യം' (*കേരളീയതയുടെ വരപ്രസാദം*), ഡി. ബെഞ്ചമിന്റെ 'കുഞ്ഞുണ്ണിക്കവിത' (*വിമർശനപ്രബന്ധങ്ങൾ*, സുരേന്ദ്രൻ. വി. യു. വിന്റെ 'കുഞ്ഞുണ്ണിക്കവിതയിലെ ഉയരങ്ങൾ' (*കവിതയിലെ സ്വരഭേദങ്ങൾ*) തുടങ്ങിയ ലേഖനങ്ങളും ഗണനീയമാണ്. ആനുകാലികങ്ങളിൽ എം. കുട്ടികൃഷ്ണന്റെ 'കവിതയിലെ ഏറുപടക്കങ്ങൾ', (*ദേശാഭിമാനിവാരിക,* കോഴിക്കോട്*)* മാത്യു താഴത്തേലിന്റെ 'കുഞ്ഞുണ്ണിക്കവിതയിലെ സാമൂഹിക പരിപ്രേക്ഷ്യം' (*വിജ്ഞാനകൈരളി,* തിരു:) സോമൻ കടലൂരിന്റെ 'കുഞ്ഞുണ്ണിക്കവിതയിലെ ഫോക്‌ലോർ (*സമയം മാസിക*, കണ്ണൂർ) അംബിക. എ.നായരുടെ കുഞ്ഞുണ്ണിക്കവിതയിലെ പൊരുളും പ്രസക്തിയും' (*വിജ്ഞാനകൈരളി,* തിരു:) തുടങ്ങി അനേകം ലേഖനങ്ങൾ പ്രസിദ്ധീകരിച്ചിട്ടു ്.

കുഞ്ഞുണ്ണിക്കവിതയിലെ ഭാഷയെക്കുറിച്ച് ദേശമംഗലം രാമകൃഷ്ണൻ, കെ. പി. ശങ്കരൻ, എ. അരവിന്ദാക്ഷൻ, എം. കൃഷ്ണൻ നമ്പൂതിരി എന്നിവർ പഠനം നടത്തിയിട്ടു ്. ദേശമംഗലം രാമകൃഷ്ണൻ *കവിയുടെ കലാതന്ത്രം* (1989) എന്ന കൃതിയിൽ കടമ്മനിട്ട, അയ്യപ്പപ്പണിക്കർ, ആറ്റൂർ എന്നിവരുടെ കവിതകളോടൊപ്പം കുഞ്ഞുണ്ണിക്കവിതകളെയും ശൈലീവിജ്ഞാനീയരീതിയിൽ സമീപിക്കുന്നു ്. 'ഗ്രന്ഥാലോക'ത്തിൽ പ്രസിദ്ധീകരിച്ച 'കുഞ്ഞുണ്ണിക്കവിതയിലെ ചില ഭാഷാസൂക്ഷ്മതകൾ' എന്ന ലേഖനത്തിലൂടെ കുഞ്ഞുണ്ണിക്കവിതയിലെ ചില ഭാഷാസവിശേഷതകൾ വ്യക്തമാക്കുകയാണ് കെ. പി. ശങ്കരൻ. 'മലയാളവിമർശത്തിൽ' പ്രസിദ്ധീകരിച്ച 'വാക്കുകളുടെ കുടമാറ്റം' എന്ന ലേഖനത്തിലൂടെ എം. അരവിന്ദാക്ഷൻ കുഞ്ഞുണ്ണിക്കവിതയിൽ വാക്കുകളുടെ കുടമാറ്റം നൽകുന്ന ഉത്സവപ്രതീതി കുട്ടികളെപ്പോലെ വലിയവർക്കും എങ്ങനെ ആസ്വാദ്യമാകുന്നു എന്നന്വേഷിക്കുന്നു. എം. കൃഷ്ണൻ നമ്പൂതിരി *അക്ഷരസൗന്ദര്യം* (2003) എന്ന കൃതിയിലെ 'മൊഴിയും പൊരുളും കുഞ്ഞുണ്ണിക്കവിതയിൽ' എന്ന ലേഖനത്തിലൂടെ വാക്കുകളുടെ സവിശേഷവിന്യാസത്തിലൂടെ വാഗർത്ഥമേളനം കുഞ്ഞുണ്ണിക്കവിതയിൽ എത്രത്തോളം സാധ്യമാകുന്നു എന്നന്വേഷിക്കുന്നു. ലേഖനങ്ങളുടെ പരിമിതി ഈ പഠനങ്ങൾക്കെല്ലാമു ്. കുഞ്ഞുണ്ണിക്കവിതയിലെ ഭാഷാസൂക്ഷ്മതകളെക്കുറിച്ച് ശൈലീവിജ്ഞാനീയരീതിയിൽ പ്രതിപാദിക്കുന്ന സമഗ്രപഠനമൊന്നും ഇതുവരെ നടന്നിട്ടില്ല.

**പഠനരീതിയും അദ്ധ്യായവിഭജനവും**

പ്രധാനമായും *കുഞ്ഞുണ്ണിക്കവിതകൾ* എന്ന സമ്പൂർണ്ണ കവിതാസമാഹാരത്തെ ആസ്പദിച്ചാണ് ഈ പഠനം നടത്തിയിരിക്കുന്നത്. എന്നാൽ ശൈലീവിജ്ഞാനീയരീതിയ്ക്ക് സാദ്ധ്യതകളുള്ളതും സമ്പൂർണ്ണ സമാഹാരത്തിൽ പെടാതെ പോയതുമായ ചില കവിതകൾ *രാഷ്ട്രീയം, കുഞ്ഞുണ്ണിയുടെ കവിതകൾ, കവിത* തുടങ്ങിയ ഇതര കവിതാസമാഹാരങ്ങളിൽ നിന്നും സ്വീകരിച്ചിട്ടു ്.

ഈ പ്രബന്ധത്തെ അഞ്ച് അദ്ധ്യായങ്ങളാക്കി വിഭജിച്ചിരിക്കുന്നു. 'ശൈലീവിജ്ഞാനീയവും കുഞ്ഞുണ്ണിക്കവിതയും' എന്ന ഒന്നാം അദ്ധ്യായത്തിൽ ശൈലീവിജ്ഞാനീയത്തിന്റെ അടിസ്ഥാനസങ്കല്പങ്ങളും കുഞ്ഞുണ്ണിക്കവിതയിലെ പൊതുസവിശേഷതകളും പ്രതിപാദിച്ചുകൊ ് ശൈലിവിജ്ഞാനീയപഠനത്തിന് കുഞ്ഞുണ്ണിക്കവിതയിലുള്ള സാദ്ധ്യതകൾ വ്യക്തമാക്കുന്നു. കുഞ്ഞുണ്ണിക്കവിതകളിലേക്ക് കൂടുതൽ ഉൾക്കാഴ്ച നേടാൻ സഹായകമാകും വിധം കവിയുടെ വൈയക്തിക സാഹചര്യങ്ങളും അവലോകനം ചെയ്തിട്ടു ്. 'ഭാഷാശൈലീഘടകങ്ങളും കവിതയിൽ അവയുടെ പ്രയോഗസവിശേഷതകളും' എന്ന ര ാം അദ്ധ്യായത്തിൽ ഭാഷാശൈലിയുടെ ഘടകങ്ങളായ വർണ്ണം, പദം, വാക്യം, അലങ്കാരം, വൃത്തം എന്നീ തലങ്ങളിൽ നൂതനഭാവസംവേദനത്തിനായി കവികൾ വരുത്തുന്ന പൊതുവായ വൈജാത്യങ്ങളെയാണ് അപഗ്രഥനം ചെയ്യുന്നത്. 'കുഞ്ഞുണ്ണിക്കവിതയിലെ രചനാതന്ത്രങ്ങൾ' എന്ന മൂന്നാം അദ്ധ്യായത്തിൽ ഭാഷാശൈലിയുടെ തലങ്ങളിലെല്ലാം കുഞ്ഞുണ്ണിക്കവിതയിൽ കാണുന്ന രചനാതന്ത്രങ്ങളെയും അതുകൊ ു കൈവന്ന ഭാവഭംഗിയേയും വിശകലനം ചെയ്യുന്നു. കുഞ്ഞുണ്ണിക്കവിതയിലെ ഹാസ്യം, കുഞ്ഞുണ്ണിക്കവിതയിലെ നാടോടിത്തം എന്നീ നാലും അഞ്ചും അദ്ധ്യായങ്ങൾ പേരു സൂചിപ്പിക്കുന്നതുപോലെ കുഞ്ഞുണ്ണിക്കവിതയിൽ പൊതുവെ കാണപ്പെടുന്ന സവിശേഷതകളായ ഹാസ്യാത്മകത, നാടോടിത്തം എന്നിവ രൂപപ്പെടുന്നതിൽ അതിലെ കാവ്യഭാഷയുടെ പ്രാധാന്യത്തെ ശൈലീവിജ്ഞാനീയ പഠനത്തിന്റെ അടിസ്ഥാനത്തിൽ സൂക്ഷ്മമായി അപഗ്രഥിച്ചിരിക്കുന്നു. കുഞ്ഞുണ്ണിയുമായി നടത്തിയ അഭിമുഖം, കുഞ്ഞുണ്ണിയുടെ ജീവചരിത്രം, കുഞ്ഞുണ്ണിക്കൃതികളുടെ പട്ടിക, കുഞ്ഞുണ്ണിയെപ്പറ്റി വന്ന പഠനങ്ങളുടെ പട്ടിക, കുഞ്ഞുണ്ണി ഉപയോഗിച്ച പദങ്ങൾ, അലങ്കാരങ്ങൾ, വൃത്തങ്ങൾ, എന്നിവയുടെ പട്ടിക, കുഞ്ഞുണ്ണിവരച്ച ചിത്രങ്ങൾ, കുഞ്ഞുണ്ണിയുടെ കൈപ്പട, കുഞ്ഞുണ്ണിയുടെ ഏതാനും ചിത്രങ്ങൾ എന്നിവ അനുബന്ധത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

# അദ്ധ്യായം 1

# ശൈലീവിജ്ഞാനീയവും കുഞ്ഞുണ്ണിക്കവിതയും

ആധുനിക ഭാഷാശാസ്ത്രത്തിന്റെ സാങ്കേതിക രീതികൾ ഉപയോഗപ്പെടുത്തി സാഹിത്യഭാഷയെ ശാസ്ത്രീയമായി അപഗ്രഥിക്കുന്ന രീതിയാണ് ശൈലീവിജ്ഞാനീയം. 1930കളിൽ രൂപം കൊ ഫോർമലിസത്തിൽ നിന്നും ഉരുത്തിരിഞ്ഞ സമ്പ്രദായമാണിത്.[1] ഭാഷാശാസ്ത്രത്തെ സാഹിത്യശാസ്ത്രവുമായി ബന്ധിപ്പിച്ച് കാവ്യഭാഷയുടെ പ്രത്യക്ഷവും പരോക്ഷവുമായ ശക്തിസൗന്ദര്യങ്ങൾ വിശകലനം ചെയ്യാൻ അത് ഉപകരിക്കുന്നു.

**ശൈലീവിജ്ഞാനീയവിമർശനം - വികാസപരിണാമങ്ങൾ**

സാമാന്യഭാഷയിൽ നിന്നും വ്യതിരിക്തമായ സവിശേഷഭാഷയാണ് കാവ്യഭാഷ. അംഗീകൃതമായ ഭാഷ പലപ്പോഴും ഭാവപ്രകടനത്തിന് അപര്യാപ്തമായി കവിക്കനുഭവപ്പെടുന്നു. തന്മൂലം ചില വർണ്ണങ്ങളുടെയും പദങ്ങളുടെയും ആവർത്തനം, വ്യവഹാരത്തിലില്ലാത്ത പ്രാചീന പദങ്ങളുടെ ഉപയോഗം, നൂതനപദങ്ങളുടെ സൃഷ്ടി, ആലങ്കാരികപ്രയോഗങ്ങൾ, താളാത്മകത തുടങ്ങിയ അനേകം തന്ത്രങ്ങൾ ഉപയോഗിച്ച് വ്യവഹാരഭാഷയെ രൂപാന്തരപ്പെടുത്തി അവയ്ക്ക് സന്ദർഭാനുസരണം നവചൈതന്യം നൽകി കവികൾ അവതരിപ്പിക്കുന്നു. ഭാഷാ നിയമങ്ങളുടെ ലംഘനം, സാമൂഹ്യസന്ദർഭങ്ങളുടെ അഭാവം, ആലങ്കാരികഭാഷാപ്രയോഗം, താളാത്മകത്വം എന്നിങ്ങനെ നാല് വ്യത്യാസങ്ങളാണ് പ്രഭാകരവാര്യർ കാവ്യഭാഷയ്ക്കും കാവ്യേതരഭാഷയ്ക്കും തമ്മിൽ ക ത്തുന്നത്.[2] ഇത്തരത്തിലുള്ള കാവ്യഭാഷാവ്യതിയാനങ്ങളെ ശാസ്ത്രീയവും വസ്തുനിഷ്ഠവുമായി വിശകലനം ചെയ്യാൻ ശൈലീവിജ്ഞാനീയം ഉതകും. ശാസ്ത്രീയബോധവും സൗന്ദര്യബോധവും അതിൽ സമന്വയിക്കപ്പെടുന്നു.

ആധുനിക ശൈലീവിജ്ഞാനീയം രൂപം കൊ ത് ഇരുപതാം നൂറ്റാ ിന്റെ തുടക്കത്തിൽ റഷ്യൻ ഫോർമലിസത്തിൽ നിന്നും ഘടനാവാദത്തിൽ നിന്നും പ്രചോദനം കൊ ിട്ടാണ്.[3] 'സ്റ്റൈലിസ്റ്റിക്സ്' (Stylistic) എന്ന പദത്തിന്റെ ആദ്യപ്രയോക്താവ് സ്വിസ് ഭാഷാശാസ്ത്രജ്ഞനായ ചാൾസ്. എം. ബല്ലി (1865-1947) ആയിരുന്നു.[4] ഭാഷയുടെ പൊതുവായ അർത്ഥബോധനതന്ത്രമാണ് ആ പദം കൊ ് ബല്ലി

1 സി.പി. ബേബിഷീബ. *വൈലോപ്പിള്ളിക്കവിത ശൈലീവിജ്ഞാനീയപരമായ അപഗ്രഥനം.* പി.എച്ച്.ഡി. പ്രബന്ധം (കാലിക്കറ്റ് സർവ്വകലാശാല, 2001), പു. 1.

2 പ്രഭാകരവാര്യർ, കെ.എം. 'ഭാഷാശാസ്ത്രവും സാഹിത്യഭാഷയും,'*തെളിവും വെളിവും* (കാലിക്കറ്റ് യൂണിവേഴ്സിറ്റി, 1988), പു.12.

3 ശൈലീവിജ്ഞാനീയം സമകാല പഠനങ്ങൾ പ്രസാ . ചാത്തനാത്ത് അച്യുതനുണ്ണി, എം. ആർ. രാഘവവാര്യർ (വള്ളത്തോൾ വിദ്യാപീഠം, ശുകപുരം, കറന്റ് ബുക്സ്, കോട്ടയം, 1984), പു. 3.

4 ടി.പു. 3.

വിവക്ഷിച്ചത്.[5] ബല്ലി സാഹിത്യഭാഷയെ ശൈലീപഠനത്തിലുൾപ്പെടുത്തിയിരുന്നില്ലെങ്കിലും അദ്ദേഹത്തിന്റെ ശിഷ്യരായ ജൂൾസ് മൊറോസെ (1878-1964, ഫ്രഞ്ച് ഫിലോളജിസ്റ്റ്, Presis destyilistique Francaise, 1946), മാർസൽ ക്രെസോട്ട് (Le Style et ses techniques) തുടങ്ങിയവർ സാഹിത്യഭാഷയെയും ശൈലീപഠനത്തിൽ ഉൾപ്പെടുത്തി. റോമൻ ഭാഷാശാസ്ത്രജ്ഞനായ ലിയോ സ്പിറ്റ്സർ (1887 - 1960) ഭാഷാശാസ്ത്രകാരന്റെ ശബ്ദബോധത്തെ സാഹിത്യവിമർശകന്റെ സൗന്ദര്യബോധവുമായി ഇണക്കി ച്ചേർത്തു. ഫെർഡിനാന്റ് ദി സൊസ്സ്യൂറിന്റെയും (1857-1913, സ്വിസ്സ് ലിംഗ്വിസ്റ്റ്) റോമൻ ജാക്കോ ബ്സൺന്റെയും (1896-1982, റഷ്യയിൽ ജനനം, അമേരിക്കൻ ലിംഗ്വിസ്റ്റ്) സ്വാധീനം ആധുനിക ശൈലീവി ജ്ഞാനീയ ചിന്തകൾക്ക് പുറകിലു ായിരുന്നു. ശൈലീവിജ്ഞാനത്തെ പ്രാഗ്ഭാഷാശാസ്ത്രചിന്തകളും പ്രാഗ്ഭാഷാവിജ്ഞാനത്തെ റഷ്യൻ ഫോർമലിസവും സ്വാധീനിച്ചിട്ടു .[6] സാമുവൽ. ആർ ചെവിൻ (Foundations of Language, Linguistics structure in poetry, Internal and external deviation in poetry) സ്റ്റീഫൻ ഉൾമാൻ (1914-1976, ഹംഗേറിയൻ ലിംഗ്വിസ്റ്റ്), എൻ. ലീച്ച് (യു.കെ. യിലെ ഇംഗ്ലീഷ് ഭാഷാശാസ്ത്രകാരൻ), മുകറോവ്സ്കി (1891-1975, ചെക്ക് ഭാഷാചിന്തകൻ), ഷ്ക്ലോവോസ്കി (1893 -1984, റഷ്യ), ഹാലിഡെ (1925, ഓസ്ട്രേലിയൻ ഭാഷാശാസ്ത്രജ്ഞൻ) എന്നിവരുടെ സംഭാവനകൾ ശൈലീ വിജ്ഞാനീയത്തിന്റെ വികാസത്തിൽ പ്രധാനമാണ്. വിവിധ രാജ്യങ്ങളിൽ സമാന്തരമായോ വ്യാപിച്ചോ ബന്ധപ്പെട്ടോ ആണ് സാഹിത്യശൈലീവിജ്ഞാനീയത്തിൽ വികാസപരിണാമങ്ങൾ സംഭവിച്ചിട്ടുള്ളത്.[7]

വ്യാകരണ വിധേയമായ സാമാന്യപ്രയോഗത്തിൽ നിന്നുള്ള വ്യതിയാനമാണ് ശൈലി എന്ന് മുക റോവ്സ്കി അഭിപ്രായപ്പെടുന്നു.[8] വർണ്ണം, പദം, വാക്യം, ബിംബം, വൃത്തം, തുടങ്ങിയവയുടെ വ്യതിയാന സാധ്യതകളിൽ കവി ബോധപൂർവ്വമോ അബോധപൂർവ്വമോ വരുത്തുന്ന വിന്യസന വ്യതിയാനങ്ങളെ വസ്തുനിഷ്ഠമായി അപഗ്രഥിക്കുകയാണ് ശൈലീവിജ്ഞാനീയം ചെയ്യുന്നത്. വർണ്ണപദരചനാദികളായ ബോധനോപാധികളുടെ വസ്തുനിഷ്ഠമായ വിശകലനത്തിലൂടെ മാത്രമേ ഒരെഴുത്തുകാരന്റെ രചനാ തന്ത്രം വിശദമാക്കാൻ കഴിയൂ എന്നാണ് ശൈലീവിജ്ഞാനീയത്തിന്റെ അടിസ്ഥാന സങ്കല്പം.[9] ഒരു ഭാഷ യിലെ അർത്ഥബോധനതന്ത്രങ്ങളെ അഥവാ ശൈലീവിഭവങ്ങളെ വിവരിക്കുകയും വിലയിരുത്തുകയും ചെയ്യുക, ഈ ശൈലീവിഭവങ്ങളെ സാഹിത്യകാരന്മാർ ഉപയോഗപ്പെടുത്തുന്ന വിധങ്ങൾ അന്വേഷിക്കുക എന്നിങ്ങനെ ശൈലീപഠനങ്ങൾ പൊതുവെ ര ുതരം.[10] സാഹിത്യകൃതികളുടെ ശൈലീവിജ്ഞാനീയ

5 ടി.പു. 3.

6 നെല്ലിക്കൽ മുരളീധരൻ. *വിശ്വസാഹിത്യദർശനങ്ങൾ* (ഡി. സി. ബുക്സ്, കോട്ടയം, 1997), പു. 249.

7 ദേശമംഗലം രാമകൃഷ്ണൻ, *കവിയുടെ കലാതന്ത്രം* (കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരു: 2004), പു. 11.

8 Jan Mukarovsky, 'Standard language and Poetic Language', *Linguistics and Literary style,* Ed. Donald. C. Freeman, p. 43-55.

9 അച്യുതനുണ്ണി ചാത്തനാത്ത്, 'ശൈലീവിജ്ഞാനം', *സാഹിത്യമീമാംസ - താരതമ്യപരിപ്രേക്ഷ്യം* (കറന്റ് ബുക്സ്, തൃശ്ശൂർ, 2001), പു. 47.

10 Stephen Ullmann, *Language and style,* ദേശമംഗലം രാമകൃഷ്ണൻ, *കവിയുടെ കലാതന്ത്രം,* പു ൽ ഉദ്ധരിച്ചത്.

പഠനങ്ങൾ ലഘുസന്ദർഭത്തിലും ബൃഹത്സന്ദർഭത്തിലും നിർവചിക്കാം. ഒരെഴുത്തുകാരന്റെ രണ്ടോ മൂന്നോ കൃതികൾ മാത്രമെടുത്ത് ആ എഴുത്തുകാരന്റെ ഭാഷാപരമായ സവിശേഷതകൾ വിശദീകരിക്കുന്നത് ലഘുസന്ദർഭത്തിലെ പഠനം. ഒരു കാലഘട്ടത്തിന്റെയാകമാനം ശൈലീപരമായ വിശേഷങ്ങൾ മനസ്സിലാക്കാനായി അനേകം സാഹിത്യകാരന്മാരേയും, അവരുടെ കൃതികളേയും പഠനവിധേയമാക്കുന്നത് ബൃഹത് സന്ദർഭത്തിലുള്ള പഠനം. വർണ്ണം, പദം, വാക്യം ഇവ ഭാഷയുടെ മുഖ്യതലങ്ങൾ. ഇവയെ അടിസ്ഥാനമാക്കി വർണ്ണശൈലീവിജ്ഞാനീയം, പദശൈലീവിജ്ഞാനീയം, വാക്യശൈലീവിജ്ഞാനീയം എന്നിങ്ങനെ ശൈലീവിജ്ഞാനീയത്തിന് മൂന്ന് ഉപവിഭാഗങ്ങളുണ്ട്.

സാഹിത്യത്തെ വിവരിക്കുന്നതിനും അപഗ്രഥിക്കുന്നതിനുമുള്ള ശാസ്ത്രീയ സാങ്കേതിക മാർഗ്ഗമാണ് ശൈലീവിജ്ഞാനീയം. ഭാഷാശാസ്ത്രത്തിന്റെ വസ്തുനിഷ്ഠവും ബഹിർമുഖവുമായ രീതിയ്ക്കും സാഹിത്യവിമർശനത്തിന്റെ അന്തർമുഖമായ രീതിയ്ക്കും ഇടയിലാണ് ശൈലീവിജ്ഞാനീയത്തിന്റെ നില. വിഷയത്തിന്റെ മർമ്മംവരെ ഇറങ്ങിച്ചെല്ലാനുള്ള ഭാഷാപ്രയോഗത്തിന്റെ കഴിവുകൾ വർദ്ധിപ്പിക്കാനായി ആവിഷ്ക്കരിക്കപ്പെട്ട അർത്ഥബോധനതന്ത്രങ്ങളെ നിർവചിക്കുകയും വികസിപ്പിക്കുകയും ചെയ്യുകവഴി ശൈലീവിജ്ഞാനീയം സാഹിത്യകാരനും സഹൃദയനും ഒരുപോലെ ഉപകരിക്കുന്നു എന്ന് എൻ.വി.കൃഷ്ണവാരിയർ (1916-1989) അഭിപ്രായപ്പെടുന്നു.[11] സാഹിത്യകൃതികളുടെ സാമൂഹിക പശ്ചാത്തലം മന:ശാസ്ത്രസംബന്ധം, സദാചാരമൂല്യങ്ങൾ തുടങ്ങിയ വശങ്ങളെ അംഗീകരിച്ചു കൊണ്ടുതന്നെ അതിന്റെ ഭാഷാപരമായ വ്യതിരിക്തതയിൽ ശൈലീവിമർശകർ ശ്രദ്ധിക്കുന്നു.

ശൈലീവിജ്ഞാനീയ പഠനത്തിൽ പ്രധാനമാണ് വ്യക്തിഭാഷ എന്ന സങ്കല്പം. ഒരു വ്യക്തിയുടെ ഭാഷണസമ്പ്രദായങ്ങളുടെ സാകല്യമാണിത്. നാമങ്ങൾ, വിശേഷണങ്ങൾ, പദവിന്യാസക്രമങ്ങൾ, വാക്കുകളുടെ ആവർത്തനം തുടങ്ങിയവ ശസ്ത്രീയമായി എണ്ണിത്തിട്ടപ്പെടുത്തി വിശകലനം ചെയ്യുന്ന സംഖ്യാസ്ഥിത പഠനത്തിന് കമ്പ്യൂട്ടറിന്റെ സഹായം തേടാവുന്നതാണ്. വ്യക്തിഭാഷാപഠനത്തിൽ ഈ രീതി പ്രയോഗിക്കുകവഴി കൃതികളുടെ പ്രക്ഷിപ്തഭാഗം നിർണ്ണയിക്കാനും കർത്തൃത്വം നിർണ്ണയിക്കാനും കാലം നിർണ്ണയിക്കാനുമെല്ലാം കഴിയുന്നു. ഡേവിഡ് ലോഡ്ജ് (ജ. 1935, ബ്രിട്ടൻ), സ്റ്റീഫൻ ഉൾമാൻ, റൊളാങ്ബാർത്ത് (1915 -1980, ഫ്രഞ്ച് സാമൂഹ്യസാഹിത്യവിമർശകൻ) തുടങ്ങിയവർ ഈ രീതി സ്വീകരിച്ചിട്ടുണ്ട്. സാഹിത്യകാരന്റെ മനസ്സിനെയും ശൈലിയെയും തമ്മിൽ ബന്ധിപ്പിച്ചുകൊണ്ടുള്ള ശൈലീപഠനം മന:ശാസ്ത്രപരമായ സാഹിത്യവിമർശനത്തിൽ നിന്നും വലിയ അകലെയല്ല.

**ശൈലീവിജ്ഞാനീയം - അടിസ്ഥാനതത്ത്വങ്ങൾ**

ശൈലീവിജ്ഞാനീയത്തിന്റെ അടിസ്ഥാനസങ്കല്പങ്ങളാണ് പുരഃക്ഷേപം. (Fore-grounding), ഐക്യം (Unity), താളം (Rhyme), എന്നിവ.[12] ഇവ ഓരോന്നിനേയും വിശകലനം ചെയ്യേണ്ടതുണ്ട്.

**പുരഃക്ഷേപം**

---

11 എൻ.വി. കൃഷ്ണവാരിയർ, *വള്ളത്തോളിന്റെ കാവ്യശില്പം* (കേരളസർവ്വകലാശാല, തിരു: 1977), പു.36.

12 ചാത്തനാത്ത് അച്യുതനുണ്ണി, *സാഹിത്യമീമാംസ - താരതമ്യപരിപ്രേക്ഷ്യം,* പു. 47.

ശൈലീവിജ്ഞാനീയത്തിന്റെ അടിസ്ഥാനസങ്കല്പങ്ങളിൽ ഏറ്റവും പ്രധാനമാണിത്. വായനക്കാരന്റെ ശ്രദ്ധയാകർഷിക്കുന്നതിനായി ചില പദങ്ങളെയോ വാക്യങ്ങളെയോ മുന്നോട്ടു വയ്ക്കുന്നതാണ് പുരഃക്ഷേപണം. പ്രയോഗം കൊ ് പഴകിയ ഭാഷയ്ക്ക് പുതുജീവൻ നൽകാനുള്ള ശ്രമമാണിത്. ചിത്രകലയിൽ ചില വർണ്ണങ്ങളുടെ പ്രയോഗം സവിശേഷപ്രതീതി സൃഷ്ടിക്കുന്നതുപോലെ ചില പദങ്ങളുടെയോ പ്രയോഗങ്ങളുടെയോ 'എടുത്തു നില്പിലൂടെ' ഭാഷ സവിശേഷത കൈവരിക്കുന്നു. നിലവാരപ്പെട്ട നിയതാർത്ഥമുള്ള പ്രാമാണികഭാഷയെ പുതുമ വരുത്തുന്നതിനും അനുവാചകശ്രദ്ധ ആകർഷിക്കുന്നതിനും വേ ി വക്രീകരിക്കുന്ന ശൈലിയുടെ ആധാരതത്ത്വമാണ് പുരഃക്ഷേപം എന്നതുകൊ ് മുകറോവ്സ്കി അർത്ഥമാക്കുന്നത്.[13] പ്രാമുഖ്യം (Prominence) എന്ന പദം കൊ ് ഹാലിഡെ വിവക്ഷിക്കുന്നതും ഇതു തന്നെ. 'സീതയെ ഞാൻ ക ു' എന്ന സാധാരണ വാക്യക്രമം മാറ്റി സത്വരമായ ആകാംക്ഷാശമനത്തിനായി 'ക ു ഞാൻ സീതയെ' എന്ന് പ്രയോഗിച്ചത് പ്രാമുഖ്യത്തിനുദാഹരണമാണ്. അനുവാചക ശ്രദ്ധ നേടുന്നതിനായി കവി പരിചിതവസ്തുക്കളെപ്പോലും അപരിചിത വൽക്കരിച്ച് ഉപയോഗിക്കുന്നു എന്ന വിക്ടർ ഷ്ക്ലോവോസ്ക്കിയുടെ അപരിചിതവൽക്കരണം (Defamilarization) എന്ന സിദ്ധാന്തവും ഇതുമായി ബന്ധപ്പെട്ടതാണ്.

പുരഃക്ഷേപണത്തിന് ഉപയോഗിക്കുന്ന ഒരു തന്ത്രമാണ് സംസക്തി (cohesion). അർത്ഥങ്ങൾക്ക് പരസ്പരമുള്ള ബന്ധമാണിത്. വ്യാകരണപരമോ പദപരമോ ആയ ആവർത്തനത്തിലൂടെ ഇത് സാധിക്കാം. ഉദാഹരണമായി

"ലോകമെന്നതിനെന്തർത്ഥം
ഞാൻ ഞാൻ ഞാൻ ഞാനെന്നർത്ഥം" (കു.ക്ക.. പു. 188)

എന്ന കുഞ്ഞുണ്ണിക്കവിതയിൽ, 'ഞാൻ' എന്ന പദം നാല് തവണ ആവർത്തിച്ചിരിക്കുന്നു. എന്നിട്ടും ഈ ആവർത്തനം പുനരുക്തിദോഷമു ാക്കുന്നതില്ലെന്നുമാത്രമല്ല, ലോകരുടെ സ്വാർത്ഥതയും അഹങ്കാരവും അനുഭവപ്പെടുത്തിത്തരുന്നു. പദതലത്തിൽ മാത്രമല്ല വർണ്ണതലത്തിലും വാക്യതലത്തിലുമെല്ലാം സംസക്തി സംഭവിക്കാം.

"അവനിവനായാ-
ലിവനവനായാ -
ലെവനെവനാകും" (കി.മൊ., പു. 39).

പോലെ കുഞ്ഞുണ്ണിക്കവിതകളിൽ ഉടനീളം കാണുന്ന പ്രാസപ്രയോഗങ്ങൾ കവിതയ്ക്ക് വൈചിത്ര്യം പകർന്ന് രസകരമാക്കുന്നതിൽ നല്ല പങ്കുവഹിക്കുന്നു.

---

13 Jan Mukarovksy, 'standard Language and Poetic language', *Linguistic and Literary style,* p. 43.

കാവ്യഭാഷയിലെ വ്യാകരണ-പദ-വർണ്ണതലങ്ങളിൽ സഹഭാവം (Co-occurrence) വരുത്തിയും പുരഃക്ഷേപണം സാധിക്കാം. ഒറ്റവായനയിൽ അസംബന്ധമെന്ന് തോന്നിക്കുന്നതും ചിന്തിച്ചാൽ യാഥാർത്ഥ്യബോധം ജനിപ്പിക്കുന്നതുമായ പ്രയോഗങ്ങൾ, പരസ്പരവിരുദ്ധമായ പദങ്ങളുടെയും വാക്യഘടനകളുടെയും സംയോജനം ഇവ വഴിയെല്ലാം സഹഭാവം കൈവരുത്താം. ഇത്തരം പ്രയോഗങ്ങൾ കുഞ്ഞുണ്ണിക്കവിതയിൽ ധാരാളമാണ്.

"കഷ്ടം!
ഞാനമ്മയുടെ വയറ്റിൽ നിന്ന്
പിറന്നുവീണത്
എന്റെ വയറ്റിലേക്കാണല്ലോ!" (കു. ക്ക - പു. 94)

"ക വരുേ ാ ക വരുേ ാ
നിങ്ങളിലാരാനെങ്ങാൻ
കാണാതായിട്ടു ീയെന്നെ
ഉ ായതു മുതൽ തന്നെ" (കു.ക്ക. പു. 94)

അമ്മയുടെ വയറ്റിൽ നിന്നും എന്റെ വയറ്റിലേക്ക് പിറന്നുവീഴുക, ഉ ായതു മുതൽ തന്നെ കാണാതായ തന്നെ അന്വേഷിക്കുക മുതലായ പ്രയോഗങ്ങൾ ആദ്യ വായനയിൽ തികച്ചും അസംബന്ധമെന്നു തോന്നുമെങ്കിലും ആലോചിച്ചാൽ അതിലെ ദാർശനികഗരിമ വെളിപ്പെടുന്നു.

"ജീവിതം മരണത്തെപ്പഠിപ്പിക്കുന്നില്ലൊന്നും
മരണം ജീവിതത്തെ പലതും പഠിപ്പിപ്പൂ" (കു. ക്ക. പു.50)

ഇവിടെ പരസ്പര വിരുദ്ധമായ വാക്യങ്ങൾ ഒന്നിച്ചു ചേർത്ത് കീഴ്മേൽ മറിഞ്ഞു കിടക്കുന്ന സത്യത്തെ പ്രകാശിപ്പിക്കുകയാണ് കവി.

പുരഃക്ഷേപത്തിനുള്ള മറ്റൊരുപാധിയാണ് അലങ്കാരപ്രയോഗങ്ങൾ. ബിംബം, പ്രതീകം എന്നിവ കൂടി ഉൾപ്പെട്ട വിശാലാർത്ഥത്തിലാണ് ഇവിടെ അലങ്കാരം എന്ന് പ്രയോഗിച്ചിട്ടുള്ളത്. അപൂർവ്വമായ ശബ്ദ സംവിധാനം കൊ ും അർത്ഥമിശ്രണം കൊ ും അലങ്കാരങ്ങൾ കാവ്യഭാഷയെ സുന്ദരവും ശ്രദ്ധേയവുമാക്കുന്നു.

"ഞാനൊരു വാടകവീടാണ്
ആരുടെ!
ആരാണിതിൽ താമസിക്കുന്നത്!!" (കു.ക്ക. പു. 52)

ഇവിടെ ഉടമസ്ഥനും താമസക്കാരനും ആരെന്നറിയാത്ത വാടകവീടായി തന്നെ കല്പിച്ചതുവഴി ഹൈന്ദവ പുനർജ്ജന്മ വിശ്വാസത്തെ പുനരാവിഷ്ക്കരിച്ചിരിക്കുകയാണ് കവി

ഇപ്രകാരം കാവ്യഭാഷാഘടകങ്ങളുടെ പ്രാമുഖ്യത്തിന് ഉപാധികളാണ്. അതിൽ വരുത്തുന്ന ഏതുതരം വൈചിത്ര്യവും.

**ഐക്യം**

കവിതയിലെ ബന്ധദാർഢ്യമാണ് ഐക്യം. അർത്ഥബോധനോപാധികളുടെ വിശിഷ്ടമായ ഏകതയാണ് ഇതുകൊ ് ഉദ്ദേശിക്കുന്നത്. ദ്വന്ദീകരണത്തിലൂടെ (coupling) ഇത് നേടിയെടുക്കാം. കവിത ഓർമ്മയിൽ നിലനിർത്തുന്നത് ഈ ഗുണമാണ്. അർത്ഥത്തിന്റെ തലത്തിലും വാക്യഘടനയിലും സമാനത

കൈവരിച്ചാൽ ഐക്യം സംഭവിക്കുന്നു. ശബ്ദപരമോ അർത്ഥപരമോ ഉഭയനിഷ്ഠമോ ആയ സ്വാഭാവികസമാനതയും (Natural equivalence) സ്ഥാനീയസമാനതയും (Positional equivalence) ഒരിടത്തു സന്നിപതിച്ചാൽ ദ്വന്ദീകരണം സംഭവിക്കാമെന്ന് ലെവിൻ ചൂ ിക്കാട്ടുന്നു.[14] ഈ സമാനത സജാതീയമോ, വിജാതീയമോ ആകാം. ദ്വന്ദീകരണം ഐക്യത്തോടൊപ്പം പ്രമുഖ്യവും താളാത്മകതയും കാവ്യത്തിലുളവാക്കുന്നു. ഭാരതീയരീതിദർശനത്തിൽ സമത എന്ന ഗുണമായി നിർദ്ദേശിച്ചിരിക്കുന്നത് ഈ ദ്വന്ദീകരണ പ്രതിഭാസത്തെയാണ്. പദം, അർത്ഥം, താളം, അലങ്കാരം എന്നീ തലത്തിലെല്ലാം ദ്വന്ദീകരണം സംഭവിക്കാവുന്നതാണ്.

"അമ്മേ മോനൊരു പാപ്പം
മോനേ അമ്മയക്കൊരുമ്മ" (കു. ക്ക. പു. 62)

ഇവിടെ ആദ്യഭാഗത്തെ സംബോധനാ രൂപം, മധ്യഭാഗത്തെ 'ഒരു' എന്ന പദത്തിന്റെ ആവർത്തനം, അമ്മേ/മോനേ, മോനൊരു/അമ്മയ്ക്കൊരു, പാപ്പം/ ഉമ്മ ഇവ തമ്മിലുള്ള പദപരമായ വൈജാത്യത്തിനപ്പുറം വാക്യഘടനയിലുള്ള സമാനത ഇവ ചേർന്നാണ് ദ്വന്ദീകരണം സാധ്യമായിരിക്കുന്നത്

"നാടു നീളത്തിൽ
വീടു വിലങ്ങത്തിൽ
ഞാൻ വട്ടത്തിൽ" (കു.ക്ക. പു. 65)

ഇവിടെ അന്ത്യഭാഗത്ത് 'ഇൽ' എന്ന വിഭക്തിപ്രത്യയത്തിന്റെ ആവർത്തനം, നാട്/വീട്, നീളം/വിലങ്ങം/വട്ടം എന്നിവ തമ്മിലുള്ള അർത്ഥപരമായ വൈജാത്യം, ഒരേപോലെ അപൂർണ്ണമായ വാക്യഘടന ഇവ ചേർന്നാണ് ദ്വന്ദീകരണം സാധിച്ചിരിക്കുന്നത്. ഇവിടെയെല്ലാം ദ്വന്ദീകരണം താളത്തെയും സ്വാധീനിച്ചതു കാണാം.

**താളം**

കവിതയിലെ ആകർഷണീയതയ്ക്ക് പ്രധാനകാരണം താളമാണ്. അത് ഭാവത്തെ ഉദ്ദീപിപ്പിക്കുന്നു. കവി മനസ്സിൽ ആദ്യം രൂപപ്പെടുന്നത് അവ്യക്തമായ താളമാകാം. ഈ താളം ഭാഷയിലൂടെയുള്ള ആവിഷ്ക്കാരത്തിലൂടെ പൂർണ്ണത കൈവരിക്കുന്നു. അക്ഷരത്തിലൂടെയും വാക്കിലൂടെയും മാത്രമല്ല, ആശയരൂപീകരണത്തിലൂടെയും ബിംബകല്പനകളിലൂടെയുമെല്ലാം താളം ആവിഷ്ക്കാരം ക ത്താം. വാക്കുകൾ ആശയപ്രകടനത്തിനെന്നപോലെ താളം അനുഭൂതിപ്രകടനത്തിനുള്ള ഉപാധിയാണ്. ഭാവം, രൂപം, ഭാഷ തുടങ്ങിയ വിവിധ ഘടകങ്ങളുടെ മിശ്രണമായ കാവ്യത്തിൽ അവയുടെ ഏകീകരണം സാധ്യമാകുന്നത് താളത്തിലൂടെയാണ്. താളത്തിന്റെ അനുക്രമമായ പുരോഗതിയിലൂടെയും വൈചിത്ര്യത്തിലൂടെയും ഭാവപുഷ്ടിയും ഭാവവൈചിത്ര്യവും സാധ്യമാകുന്നു. എത്രയോ കാലം മുമ്പ് രൂപപ്പെട്ട പഴഞ്ചൊല്ലും കടംകഥയും നാടൻ പാട്ടുമെല്ലാം ഇന്നും ആകർഷകമാക്കി നിർത്തുന്നതിൽ വലിയൊരു പങ്ക് അതിലെ താളഭംഗിക്കാണ്. ഗദ്യത്തിലും താളബദ്ധത സൂക്ഷ്മമായി കാണാം.

---

14 ചാത്തനാത്ത് അച്യുതനുണ്ണി, 'ശൈലീവിജ്ഞാനം', *സാഹിത്യമീമാംസ - താരതമ്യപരിപ്രേക്ഷ്യം,* പു. 54.

"ഉള്ളതിലൊന്നും തള്ളലുകൂടാ
തില്ലാതുള്ളതിലല്ലലു കൂടാ
തുള്ളൊരു വാഴ്‌വേ കൊള്ളുകയുള്ളു" (കു.ക്ക. പു. 188).

ഇവിടെ "ഇല്ലാത്തതിലല്ലൽ ഉള്ളതിൽ തുള്ളൽ" എന്ന പഴഞ്ചൊല്ലിനെ നൂതനരീതിയിൽ ആവിഷ്ക്കരിച്ച് രസകരമാക്കുന്നതിൽ പ്രാസപ്രയോഗത്തോടൊഷം തുള്ളൽ വൃത്തത്തിൽപെട്ട തരംഗിണിയുടെ താളത്തിനും നല്ല പങ്കു ്. പൊതുവെ ശൈശവസഹജമായ ഉത്സാഹവും ആഹ്ലാദവും സ്ഫുരിക്കുന്ന താളമാണ് കുഞ്ഞുണ്ണിക്കവിതയിലേത്. ഇത് നിരാശാബോധം ഒട്ടും ഗ്രസിക്കാത്ത കവിയുടെ ജീവിതാവബോധത്തിലേക്ക് വെളിച്ചം വീശുന്നു.

**വിപുലമായ സാദ്ധ്യതകൾ**

സാഹിത്യകൃതികളുടെ ഭാഷാശാസ്ത്രപരമായ അപഗ്രഥനം സാഹിത്യാസ്വാദനത്തെ സഹായിക്കുന്നില്ലെന്നും സാഹിത്യത്തിന്റെ രൂപഭാവസമന്വയത്തിന് അത് അപര്യാപ്തമാണെന്നുമുള്ള പരാതികൾ ഇന്ന് മിക്കവാറും ഇല്ലാതായിരിക്കുന്നു. കവിയുടെ സർഗ്ഗചൈതന്യത്തെയും പ്രതിപാദനവൈചിത്ര്യത്തെയും കുറിച്ച് നൂതനമായ വീക്ഷണപഥങ്ങളിൽ ചെന്നെത്താനുള്ള സാദ്ധ്യത ശൈലീവിജ്ഞാനീയത്തിനു ്. സാഹിത്യകൃതികളെ സാങ്കേതികമായി വിലയിരുത്തുന്ന ഈ രീതി അവയിലെ വൈകാരികാംശത്തെ വസ്തുനിഷ്ഠമായി വിലയിരുത്താൻ പര്യാപ്തവും തന്മൂലം കൂടുതൽ വിശ്വസനീയവുമാണ്. മനഃശാസ്ത്രം, തത്ത്വശാസ്ത്രം തുടങ്ങിയ വിജ്ഞാനശാഖകളുമായി ബന്ധപ്പെടുകവഴി അതിന്റെ പാത കൂടുതൽ വിശാലമാകുന്നു. വാക്യക്രമം, വാക്യഘടന എന്നിവയെ സംബന്ധിച്ച ശൈലീവിജ്ഞാനീയത്തിലെ കാഴ്ചപ്പാടുകൾ കാവ്യസത്തയിലേക്ക് കൂടുതൽ ഉൾക്കാഴ്ച നൽകുന്നു. സാഹിത്യകൃതികളുടെ അന്തഃസത്ത അനുവാചകനെ അനുഭവിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ആധുനികവും ഉത്തരാധുനികവുമായ പല വിമർശനപദ്ധതികളും ഇന്ന് ഉദയം ചെയ്തിരിക്കുന്നു. ഘടനാവിജ്ഞാനീയം, ചിഹ്നവിജ്ഞാനീയം, അപനിർമ്മാണം, സംവാദാത്മകത, ബഹുസ്വരത, സ്ത്രീവാദ സൗന്ദര്യശാസ്ത്രം തുടങ്ങിയ നൂതന സാഹിത്യ/സാഹിത്യേതര വിജ്ഞാനശാഖകളുമായി ബന്ധിപ്പിച്ചുകൊ ് ശൈലീവിജ്ഞാനീയത്തിന് സാഹിത്യപഠനത്തിൽ പല വഴികളും തുറക്കനാവും.

ആധുനികോത്തര സിദ്ധാന്തങ്ങളുടെ വെളിച്ചത്തിൽ ശൈലീപഠനത്തിൽ കൃതിയുടെ വിശകലനത്തോടൊഷം അനുവാചകന്റെ മുൻധാരണകൾക്കും പ്രതീക്ഷകൾക്കും വ്യാഖ്യാനങ്ങൾക്കും കൂടി സ്ഥാനം നൽകേ തു െ ന്ന് സ്റ്റാൻലിഫിഷ് (1938, അമേരിക്കൻ സാഹിത്യസൈദ്ധാന്തികൻ) വാദിക്കുന്നു. ഓരോ വായനക്കാരനും രൂപം നൽകുന്നത് ഓരോ വായനാസമൂഹമാണെന്നും ആ സമൂഹം വെച്ചു പുലർത്തുന്ന ധാരണകളും പ്രതീക്ഷകളുമാണ് ഓരോ വായനയ്ക്കും ഉത്തരവാദി എന്നും ഫിഷ് വിലയിരുത്തിയപ്പോൾ ശൈലി ഒരു പാരായണധർമ്മമാണെന്ന നില വന്നു.[15] യാഥാർത്ഥ്യത്തെ അതേപടി പ്രതിഫലിപ്പിക്കുന്ന നിഷ്ക്രിയമാധ്യമമാണ് ഭാഷയെന്ന സങ്കല്പം വിമർശനാത്മകശൈലീവിജ്ഞാനീയത്തിന്റെ (Critical Stylistics) രൂപീകരണത്തോടെ അപ്രസക്തമായി. ഭാഷയിൽ നിലീനമായ അബോധപൂർവ്വ

15 സി. രാജേന്ദ്രൻ, 'കാവ്യഭാഷ', *താരതമ്യകാവ്യശാസ്ത്രം* (കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരു: 2000), പു. 51.

മായ പ്രത്യയശാസ്ത്രത്തെയും സാമാന്യബോധം സൃഷ്ടിക്കുന്ന ധാരണകളെയും തുറന്നു കാട്ടുകയെന്ന താകുന്നു ഇവിടെ ശൈലീവിജ്ഞാനീയത്തിന്റെ ധർമ്മം.[16] ഈ നിലപാട് അനുസരിച്ച് സ്ത്രീപക്ഷശൈലീവിജ്ഞാനീയം (Feminist Stylistics) ചെയ്യുന്നത് ഭാഷയിൽ അബോധപൂർവ്വം നിലീനമായ പുരുഷമേധാവിത്വപരമായ അംശത്തെ തുറന്നുകാട്ടുകയാണ്. ചുരുക്കത്തിൽ ഇന്ന് ശൈലീവിജ്ഞാനീയം കാവ്യഭാഷയുടെ അപഗ്രഥനത്തിനുള്ള ഉപാധി എന്ന നില വിട്ട് ആ ഭാഷയുടെ പ്രയോഗത്തിൽ നിലീനമായ അവബോധത്തെ വിശകലനം ചെയ്യാൻ ഉതകുന്ന സാംസ്കാരിക വിമർശനോപാധി കൂടിയായി മാറിക്കഴിഞ്ഞിരിക്കുന്നു.

**കുഞ്ഞുണ്ണി - വൈയക്തികസാഹചര്യം**

ഏതൊരു കവിയും അറിഞ്ഞോ അറിയാതെയോ ചുറ്റുപാടുകളിൽ നിന്നും ഊർജ്ജം സംഭരിക്കുന്നു. കവിയും കവിതയും തമ്മിൽ സംഭവിക്കേ തോ സംഭവിച്ചതോ ആയ അദ്വൈതം നിശ്ശേഷം സാധിച്ചതെന്ന് വിലയിരുത്തപ്പെട്ട[17] കുഞ്ഞുണ്ണിക്കവിതയിൽ അത് പരമപ്രധാനവുമാണ്.

1927 മെയ് പത്തിന് തൃശ്ശൂർ ജില്ലയിലെ വലപ്പാട് അതിയാരത്ത് നാരായണി അമ്മയുടെയും ഞായപ്പിള്ളി നീലകണ്ഠൻ മൂസ്സതിന്റെയും മകനായി കുഞ്ഞുണ്ണി ജനിച്ചു. ഓണക്കളി, കൈകൊട്ടിക്കളി, വയലിൽ പണിയെടുക്കുന്നവർ അദ്ധ്വാനത്തിന്റെ ക്ഷീണം മറക്കാൻ പാടിയിരുന്ന തേക്കുപാട്ടുകൾ, വടക്കൻ പാട്ടുകൾ ഇവയെല്ലാം നിറഞ്ഞ കാവ്യമയമായ ഗ്രാമീണാന്തരീക്ഷത്തിലാണ് കവി ജനിച്ചു വളർന്നത്. അമ്മയും പെങ്ങന്മാരും ചൊല്ലിക്കേട്ട നാടൻപാട്ടുകളും തിരുവാതിരപ്പാട്ടുകളും താരാട്ടുപാട്ടുകളും അച്ഛനിൽ നിന്നും കേട്ട കഥകളും കടംകഥകളും കുഞ്ഞുണ്ണിയിൽ കാവ്യാഭിരുചി വളർത്തി. അച്ഛൻ പഴഞ്ചൊല്ലുകളുടെ ഒരു സമാഹാരം ബാലനായ കുഞ്ഞുണ്ണിക്ക് നൽകുകയു ായി. കടംകഥകൾ, നമ്പൂരിഫലിതങ്ങൾ എന്നിവയുടെ ശേഖരണത്തിന്റെ തുടക്കം അച്ഛനിൽ നിന്നായിരുന്നു.

പാരമ്പര്യത്തിന്റെ ഊർജ്ജം കവിതയുടെ കാതലാക്കിയ കവിയാണ് കുഞ്ഞുണ്ണി. കേരളീയസംസ്കൃതിയിൽ വേരുകളാഴ്ത്തിയ കാവ്യപാരമ്പര്യമാണ് കവിക്കുള്ളത്. കാവ്യത്തിന്റെ സൗന്ദര്യം അകൃത്രിമമാണെന്ന തത്ത്വം തന്നെ പഠിപ്പിച്ചത് വടക്കൻപാട്ടുകളാണെന്ന് കുഞ്ഞുണ്ണി പറയുന്നു ".[18] നാടോടിക്കഥ, പഴഞ്ചൊല്ല്, നാടൻപാട്ട്, കീർത്തനം എന്നിവയുടെ താളവും അന്തരീക്ഷവും കവി സ്വേച്ഛാനുസരണം ഉപയോഗിക്കുന്നു. നാടൻപാട്ടിന്റെ അസംബന്ധസ്വഭാവവും പഴഞ്ചൊല്ലിന്റെ സൂക്തസ്വഭാവവും കടംകഥയുടെ ഗുപ്തവിസ്മയവും കുഞ്ഞുണ്ണിക്കവിതയിൽ ഒത്തുചേരുന്നു. ശ്ലേഷവിരോധാഭാസങ്ങളോടുള്ള താത്പര്യം കടംകഥയിൽ നിന്നും കിട്ടിയതാണ്. അടക്കം, ഒതുക്കം, പിരിമുറുക്കം, ധ്വനി തുടങ്ങിയ ഗുണങ്ങൾക്കെല്ലാം

---

16 ടി.

17 ശങ്കരൻ, കെ.പി., അവതാരിക. *കുഞ്ഞുണ്ണിയുടെ കവിതകൾ*, കുഞ്ഞുണ്ണി (എൻ.ബി.എസ്സ്,കോട്ടയം, 1969),

18 കുഞ്ഞുണ്ണി, 'എന്നിലൂടെ', *കുഞ്ഞുണ്ണികൃതികൾ വാല്യം* കക (ഡി.സി. ബുക്സ്, കോട്ടയം, 2007), പു. 448.

തന്റെ കവിത കടപ്പെട്ടിരിക്കുന്നത് പഴഞ്ചൊല്ലുകളോടാണെന്ന് കവി സ്വയം വിലയിരുത്തുന്നു.[19] സ്വയം വിഡ്ഢി ചമഞ്ഞ് മറ്റുള്ളവരെ വിഡ്ഢിയാക്കുന്ന നമ്പൂരി ഫലിതത്തിന്റെ സ്വഭാവം ചില കവിതകളിലു ്.

ഇത്തരം നാടോടിവാങ്മയങ്ങൾ മാത്രമല്ല, എഴുത്തച്ഛൻ, ചെറുശ്ശേരി, പൂന്താനം, കുഞ്ചൻനമ്പ്യാർ തുടങ്ങിയ കവികളും കവിയെ വളരെയധികം സ്വാധീനിച്ചിട്ടു ്. തൃപ്രയാർ എലിമെന്ററി സ്ക്കൂളിൽ ആറ് ഏഴ്, ക്ലാസ്സുകളിൽ പഠിക്കുമ്പോൾ കണക്കും മലയാളവും പഠിപ്പിച്ച നാരായണൻമാഷ് രാമായണം, ശിവപുരാണം ഏകാദശിമാഹാത്മ്യം എന്നിവ ചൊല്ലിക്കൊടുക്കുകയും കുട്ടികളെക്കൊ ് ചൊല്ലിക്കുകയും പതിവായിരുന്നു. അതേ സ്ക്കൂളിലെ മാധവൻമാഷ് തുള്ളലിലെ നല്ല ഭാഗങ്ങൾ തെരഞ്ഞെടുത്ത് ഈണത്തിൽ വായിച്ചുകൊടുക്കാറു ായിരുന്നു. പദസമ്പത്തും ഈണവും തന്റെ കവിതയ്ക്ക് ലഭിച്ചത് കുഞ്ചൻ നമ്പ്യാരിൽ നിന്നാണെന്ന് കുഞ്ഞുണ്ണി പറയുകയു ായി.[20] ഭക്ഷ്യക്ഷാമം രൂക്ഷമായിത്തീർന്ന ര ാം ലോകമഹായുദ്ധകാലം ഹൈസ്ക്കൂൾ വിദ്യാർത്ഥിയായ കുഞ്ഞുണ്ണി 'കൺട്രോൾ യുഗപ്രപഞ്ചം' എന്ന പേരിൽ ഒരു തുള്ളൽ എഴുതിയു ാക്കി രംഗത്ത് അവതരിപ്പിക്കുകയു ായി. ശബ്ദഗതമായ ഹാസ്യം സൃഷ്ടിക്കുന്നതിൽ തോലകവിയും ആക്ഷേപഹാസ്യത്തിൽ കുഞ്ചൻനമ്പ്യാരും ഉക്തിവൈചിത്രം കൊ ് ചില കുസൃതികൾ കാണിച്ച് അല്പമൊന്ന് ചിന്തിപ്പിക്കുക കൂടി ചെയ്യുന്നതിൽ ചെറുശ്ശേരിയും കുഞ്ഞുണ്ണിക്ക് മാതൃകയായിട്ടു ്. പൂന്താനം കൃതികളിലെ ലാളിത്യമാണ് കുഞ്ഞുണ്ണിയെ ആകർഷിച്ചത്. എഴുത്തച്ഛനും പൂന്താനവും കവിയുടെ ആത്മീയ ദർശനത്തിന് ശക്തിയും ചൈതന്യവുമായി. 'മൊഴിമുത്തുകൾ' എന്ന സമാഹാരത്തിലെ മിക്ക വരികളും എഴുത്തച്ഛന്റെ ദർശനത്തോട് സമാനത പുലർത്തുന്നു. കാവ്യരചനയുടെ ആദ്യനാളുകളിൽ 'സാഹിത്യമഞ്ജരി' വായിച്ച് വള്ളത്തോളിനെയും, ജി. ശങ്കരക്കുറുപ്പിനെയും കുഞ്ഞുണ്ണി അനുകരിക്കുകയു ായി. വള്ളത്തോളിനെ വായിച്ചിരുന്നെല്ലെങ്കിൽ ഞാൻ ഞാനാകുമായിരുന്നില്ല എന്ന് കടപ്പാട് തുറന്നു പറയുന്നു ് കവി. [21] രചനാശൈലിയിൽ എന്നതിനേക്കാൾ മാതൃഭാഷാപ്രേമം, പ്രസാദാത്മകത എന്നിവകൊ ് സാംസ്ക്കാരികമായ കടപ്പാടാണ് കുഞ്ഞുണ്ണിക്ക് വള്ളത്തോളിനോടുള്ളത്.

പ്രകൃതിയാണ് കുഞ്ഞുണ്ണിയെ സ്വാധീനിച്ച മറ്റൊരു ഘടകം. വീട്ടു പറമ്പിന്റെ അറ്റത്തുള്ള കാടും തോടും, കാഞ്ഞിരം, തോടിന്റെ വക്കത്ത് വേനൽക്കാലത്തു ാവാറുള്ള കണ്ണിലെണ്ണപ്പൂവ്, കുളത്തിൻവക്കത്ത് നിൽക്കുന്ന മുത്തളും കരളകവും, വർഷക്കാലത്ത് കിഴക്കേപ്പടിക്കലെ പാടത്തിന്റെ വരമ്പത്ത് വളരുന്ന മഷിയില, വർഷം കഴിഞ്ഞു വളരുന്ന കരിന്തുമ്പ, ചാത്തമൂട്ടാനും വാവൂട്ടാനും വേനൽക്കാലത്ത് കിട്ടാൻ വിഷമമുള്ള കറുക, പ്രസവിച്ച വീട്ടിൽ ആവശ്യം വരുന്ന പെരുവിന്നില, പേരറിയാത്ത പലതരം പുല്ലുകൾ, പറമ്പ് നിറച്ചു നിൽക്കുന്ന തെങ്ങ്, കവുങ്ങ്, മാവ്, പ്ലാവ്, പുന്ന, അയനി, കൂറ്റൻ തേക്കുകൾ, ഊക്കൻ താന്നി, മഞ്ചാടി, ഊഞ്ഞാൽ വള്ളികൾ ഇവയെല്ലാം തന്റെ മനസ്സിൽ ഇന്നുമു ന്ന് ഒരഭിമുഖത്തിൽ കവി

---

19 ടി.പു. 460.

20 ദാസ്, സി. ആർ., 'കുട്ട്യോളുടെ കുഞ്ഞുണ്ണിമാഷ്- മുതിർന്നവരുടെയും', അഭിമുഖം - കുഞ്ഞുണ്ണി (ഗ്രന്ഥാലോകം തിരു: പുസ്തകം. 73, ലക്കം 48, ആഗസ്റ്റ്, 2003), പു. 43.

21 രാമചന്ദ്രൻ പുതുശ്ശേരി, 'ഇതാ കുഞ്ഞുണ്ണിമാഷ്', അഭിമുഖം - കുഞ്ഞുണ്ണി, *കുഞ്ഞുണ്ണിമാഷ് ഒരോർമപുസ്തകം*, എഡി. ലത്തീഫ് പറമ്പിൽ (പൂർണ പബ്ലിക്കേഷൻസ്, കോഴിക്കോട്, 2006), പു. 54.

പറയുകയു ായി.[22] കുഞ്ഞുണ്ണിയുടെ കവിതകളിലും ലേഖനങ്ങളിലും കാണുന്ന നാടോടിസംസ്കൃതി യുടെ സ്വാംശീകരണത്തിന് ഇതും നിമിത്തമായി.

രോഗങ്ങൾ കാർന്നുതിന്ന ബാല്യവും കുറിയ ആകാരവും കാവ്യജീവിതത്തെ പരോക്ഷമായി സ്വാധീനിച്ചു. ശൈശവത്തിൽ നിന്നും നേരെ വാർദ്ധക്യത്തിലേക്കായിരുന്നു തന്റെ വളർച്ചയെന്ന് കവി അനുസ്മരിച്ചിട്ടു .[23] കവിതയിൽ വലുപ്പച്ചെറുപ്പം പോലുള്ള ദ്വന്ദ്വങ്ങൾ അടിക്കടി പ്രത്യക്ഷപ്പെടുന്നതിന് ഒരു കാരണം കുറിയ ആകാരമാണ്. രൂപം, രോഗം എന്നിവയിൽ നിന്നുള്ള മുക്തി കാവ്യത്തിലൂടെ ആർജ്ജി ക്കാൻ കവി ശ്രമിച്ചിരിക്കണം.

അമ്മാമൻ കൃഷ്ണൻനായരുടെ വിപുലമായ ഗ്രന്ഥശേഖരവും പിൽക്കാലത്തെ ദീർഘമായ അദ്ധ്യാപന വൃത്തിയുമെല്ലാം കുഞ്ഞുണ്ണിയുടെ കാവ്യാഭിരുചിയെയും കലാഭിരുചിയെയും വർദ്ധിപ്പിച്ചു. കോഴിക്കോട് രാമകൃഷ്ണമിഷൻ സ്ക്കൂളിൽ അദ്ധ്യാപകനായിരിക്കവേ ആശ്രമത്തിനടുത്ത് താമസിച്ചിരുന്ന കുട്ടികൃഷ്ണമാരാരുമായുള്ള ബന്ധം സാഹിത്യാഭിരുചി വർദ്ധിപ്പിച്ചു. മാതൃഭൂമി ആഴ്ചപ്പതിപ്പും എൻ.വി.കൃഷ്ണവാരിയരുമായുള്ള ബന്ധമാണ് സാഹിത്യപ്രവർത്തനങ്ങളെ പ്രചോദിപ്പിച്ച മറ്റൊരു ഘടകം. മാതൃഭൂമി ആഴ്ചപ്പതിപ്പിൽ ദീർഘകാലം കുട്ടേട്ടൻ എന്ന പേരിൽ ബാലപംക്തി കൈകാര്യം ചെയ്തതും കാവ്യജീവിതത്തെ വളരെ സഹായിച്ചു. ബഷീർ, പി.സി. കുട്ടികൃഷ്ണൻ, കക്കാട്, അക്കിത്തം, തിക്കൊടിയൻ തുടങ്ങിയ സാഹിത്യകാരന്മാരുമായുള്ള സൗഹൃദം, കോഴിക്കോട് റേഡിയോ സ്റ്റേഷനിലെ ബാലലോകം പരിപാടികൾ, സ്ക്കൂളിലെ കലാപരിപാടികൾ ഇവയെല്ലാം കുഞ്ഞുണ്ണിയുടെ കലാജീവിതത്തിന് വളമായി.

ഭാവപരമായും രൂപപരമായും കേരളീയ ഐതിഹ്യങ്ങളും പുരാവൃത്തങ്ങളും കുഞ്ഞുണ്ണിക്ക് മാതൃകയായിട്ടു . നാറാണത്ത് ഭ്രാന്തന്റെയും പാക്കനാരുടെയും മറ്റും നാടൻദാർശനികപാരമ്പര്യ മാണ് കുഞ്ഞുണ്ണിക്കവിതയിൽ എന്ന് അയ്യപ്പപ്പണിക്കർ (1930-2006) ഒരു പ്രഭാഷണത്തിൽ അഭിപ്രായപ്പെടു കയു ായി.[24]

കവിത എങ്ങനെയായിരിക്കണം എന്നതിനെപ്പറ്റി കവിയുടെ സങ്കല്പം.

"പൂവു പോലുള്ളതാകേണം
പുഴ പോലുള്ളതാകേണം
ആഴി പോലുള്ളതാകേണം
കാവ്യമെന്നേ വിളങ്ങിടു" (കു.ക്ക. പു. 197).

എന്നതാണ്. അതായത് പൂവിന്റെ മൃദുത്വവും രമണീയതയും പുഴയുടെ ആഹ്ലാദിപ്പിക്കുന്ന ഒഴുക്കും ജീവി തത്തിന്റെ ആഴവും കവിതയ്ക്ക് വേണം. കവിതാരചനയെ സംബന്ധിച്ച യഥാസ്ഥിതിക നിലപാടുകളെ ധിക്കരിച്ചുകൊ ് കിടക്കുമ്പോഴും നടക്കുമ്പോഴും വായിക്കുമ്പോഴും പ്രസംഗം കേട്ടുകൊ ിരിക്കു

22 ലീലാകൃഷ്ണൻ ആലങ്കോട്, 'പ്രളയപയോധിയിൽ ഒരു കുഞ്ഞുണ്ണി', അഭിമുഖം - കുഞ്ഞുണ്ണി, ടി. പു. 183.

23 കുഞ്ഞുണ്ണി, 'എന്നിലൂടെ', കുഞ്ഞുണ്ണിക്കൃതികൾ, വാല്യം കക, പു. 441.

24 നരേന്ദ്രപ്രസാദ്, അവതാരിക, *കുറ്റിപ്പെൻസിൽ,* കുഞ്ഞുണ്ണി (ഡി. സി. ബുക്സ്, കോട്ടയം, 1982).

മ്പോഴും തിരക്കും ബഹളവും നിറഞ്ഞ് ചന്തയിൽവെച്ചുപോലും എന്നിൽ നിന്നും കവിതയു ായിട്ടു ് എന്ന് വെളിപ്പെടുത്തിയ[25] കുഞ്ഞുണ്ണിയുടെ കവിതകൾ ജീവിതത്തിന്റെ നേർക്കാഴ്ചയായി നിൽക്കുന്നു.

**കുഞ്ഞുണ്ണിയുടെ കാവ്യലോകം**

ആധുനിക കവികളിൽ ജനകീയനായ കവിയാണ് കുഞ്ഞുണ്ണി. ജീവിതദർശനം, ഭാഷ, ആവിഷ്ക്കരണശൈലി എന്നിവയിലെല്ലാം നിലനിർത്തിയ വ്യത്യസ്തതയാണ് കുഞ്ഞുണ്ണിക്കവിതകളെ ജനകീയമാക്കുന്നത്. പരിപക്വമനസ്സിന്റെ ഉല്പന്നമായ ആ കവിതകളിൽ ദാർശനികതയിലും ലൗകികത, ലൗകികതയിലും നിസ്സംഗത എന്നിവ കാണാം.

കുഞ്ഞുണ്ണിക്കവിതയിലെ പ്രധാനരസം ഹാസ്യമാണ്. വിഷയം ഗഹനമായ ആത്മീയദർശനമായാലും നിലവിലുള്ള സ്ഥിതിഗതികൾക്കെതിരെയുള്ള രൂക്ഷവിമർശനമായാലും ഹാസ്യാത്മകമായി അവതരിപ്പിക്കാൻ കുഞ്ഞുണ്ണിക്ക് കഴിയുന്നു. കുഞ്ഞുണ്ണിക്കവിത ആകർഷണീയമാക്കി നിലനിർത്തുന്നതിലും അനുവാചകർക്ക് ഉണർവ്വും സത്യരോന്മേഷവും പകർന്നു നൽകുന്നതിലും ഹാസ്യത്തിന് പ്രധാന പങ്കു ്. ഹാസ്യത്തിന്റെ വിഭാഗങ്ങളായ ആക്ഷേപഹാസ്യം (സറ്റയർ), ശുദ്ധഹാസ്യം (ഹ്യൂമർ), ഉക്തിഹാസ്യം (വിറ്റ്), ഹാസ്യാനുകരണം (പാരഡി) എന്നിവയെല്ലാം ആ കവിതകളിലു ്. ശിശുവിന്റെ കണ്ണും ഋഷിയുടെ മനസ്സും സമന്വയിക്കുന്ന കുഞ്ഞുണ്ണിക്കവിതയിലെ ലൗകികത വലിയൊരളവോളം അതിലെ ഹാസ്യത്തെ ആശ്രയിച്ചിരിക്കുന്നു.

**കുഞ്ഞുണ്ണിക്കവിതയിലെ സാമൂഹികവിമർശനം**

കുഞ്ഞുണ്ണിക്കവിതയിലെ ദർശനം വലിയൊരളവിൽ അതിലെ സാമൂഹികചിന്തയുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്നും നിസ്സംഗതയും സിനിസിസവും നർമ്മബോധവുമാണ് അതിലെ അടിയൊഴുക്കുകൾ എന്നും എസ്. കെ. വസന്തൻ അഭിപ്രായപ്പെടുകയു ായി.[26]

സമകാലീന സമൂഹത്തെ പൊതുവെ ഗ്രസിച്ചു നിൽക്കുന്ന കാപട്യം, പൊങ്ങച്ചം, സ്വാർത്ഥത, അഴിമതി തുടങ്ങിയ ദുർഗ്ഗുണങ്ങളെ മേലും കീഴും നോക്കാതെ ശക്തമായി വിമർശിച്ച കവിയാണ് കുഞ്ഞുണ്ണി. കുഞ്ചൻ നമ്പ്യാരെപ്പോലെ (18-ാം നൂറ്റാ ്) അധികാരവ്യവസ്ഥയെ ചുറ്റിപ്പറ്റിയുള്ള ആക്ഷേപഹാസ്യത്തിലൂടെ കവി തന്റെ സാമൂഹിക പ്രതിബദ്ധത നിറവേറ്റുന്നു.

'നേതാക്കന്മാരെ നിങ്ങൾ ആത്മഹത്യചെയ്യുവിൻ'
എന്തുകൊ ന്നാൽ
എനിക്കു നിങ്ങളെ കൊല്ലാനുള്ള കഴിവില്ല" (രാഷ്ട്രീയം, പു. 24)

എന്ന കവിത ഉദാഹരണം.

---

25 കുഞ്ഞുണ്ണി, 'വലപ്പാട്', *സ്നേഹാമൃതം* (എച്ച് & സി പബ്ലിഷിങ് ഹൗസ്, തൃശ്ശൂർ, 2001), പു. 5.

26 എസ്. കെ. വസന്തൻ, *കുഞ്ഞുണ്ണിക്കവിതകൾ,* കുഞ്ഞുണ്ണി, ആമുഖപഠനം (ഡി.സി. ബുക്സ്, കോട്ടയം, 2004), പു. 20.

അദ്ദേഹത്തിന്റെ കവിതകളിൽ, രാഷ്ട്രീയക്കാർ അഴിമതിയുടെയും സ്വാർത്ഥതയുടെയും ആൾരൂപമാണ്.

"ധൃതരാഷ്ട്രന്മാരല്ലയോ രാഷ്ട്രീയനേതാക്കന്മാർ" (കു.ക്ക. പു. 130)

"പൊളിറ്റിക്സിങ്ങനെയെന്നെന്നും
പൊളിയാനെന്തു കാരണം
പൊളിയാവുക കാരണം" (കു.ക്ക.പു. 93).

തുടങ്ങിയ കവിതകൾ ഉദാഹരണം.

ലാളിത്യം ജീവിതശൈലിയാക്കിയ കവിക്ക് താങ്ങാൻ കഴിയാത്തതാണ് പുറംലോകത്തിന്റെ പൊങ്ങച്ചവും അനുകരണഭ്രമവും.

"തേച്ചുകുളിക്കുക പതിവില്ല
തേച്ചുമിനുക്കി നടന്നീടും
തേപ്പിനുവേ വ വാങ്ങാനുള്ളതു
തേങ്ങവലിച്ചാൽ തികയില്ല" (കു.ക്ക.പു. 104)

എന്ന മട്ടിൽ യുവതലമുറയെ പരിഷ്ക്കാരപേക്കോലങ്ങളാക്കുന്നത്,

"ജനിക്കും നിമിഷം തൊട്ടെൻ
മകനിംഗ്ലീഷ് പഠിക്കണം
അതിനാൽ ഭാര്യതൻ പേറ
ങ്ങിംഗ്ല ിൽ തന്നെയാക്കി ഞാൻ" (കു.ക്ക.പു. 105)

"സ്വദേശത്തും വിദേശീയ
വേഷം കെട്ടി രസിപ്പവൻ
സ്വന്തം കുഞ്ഞ് വിദേശിക്കു
ഞ്ഞായിക്കാണാൻ കൊതിപ്പവൻ" (കു.ക്ക. പു. 172)

എന്നീ മട്ടിൽ ചിന്തിക്കുന്ന അവരുടെ രക്ഷിതാക്കൾ തന്നെയാണ്. സ്വന്തം തള്ളയെയും പിള്ളയെയും പിറന്ന നാടിനെയും തള്ളിപ്പറയൽ സ്വന്തം സംസ്കാരത്തിന്റെ നിഷേധമാണെന്ന് കുറ്റപ്പെടുത്തുന്ന കവി, മലയാളികളുടെ ഇത്തരം മനോഭാവത്തിനു പിന്നിലുള്ള മിഥ്യാഭിമാനത്തേയും അനുകരണഭ്രമത്തേയും പരിഹസിച്ചുകൊ ് നമ്മുടെ സ്വത്വത്തെ വീ ടുക്കാനുള്ള ശ്രമമാണ് നടത്തുന്നത്.

സാമൂഹികജീവിതത്തിന് അടിത്തറ പാകുന്നത് കുടുംബബന്ധങ്ങളിൽ നിന്നാണ്. കുടുംബജീവിതത്തിന്റെ ആണിക്കല്ലായ ദാമ്പത്യബന്ധത്തിലും കാപട്യവും അസഹിഷ്ണുതയും മാത്രമേ കവിക്ക് കാണാൻ കഴിയുന്നുള്ളൂ.

"കാന്തയ്ക്ക് കണ്ണുപാടില്ല
കാതു പാടില്ല കാന്തനും
ദാമ്പത്യം കാന്തമാമെന്നാൽ
അല്ലെങ്കിൽ കുന്തമായിടും" (കു.ക്ക. പു. 75)

"കേട്ടപ്പോൾ കാണാൻ തോന്നി
ക ഷോൾ കെട്ടാൻ തോന്നി
കെട്ടിനോക്കുമ്പോൾ കഷ്ടം!
പെട്ടുപോയെന്നും തോന്നി
തോന്നലാണെല്ലാമെന്ന
താശ്വാസമെന്നും തോന്നി' (കു.ക്ക. പു. 108).

എന്നിങ്ങനെ ദാമ്പത്യജീവിതത്തിന്റെ പുറംപകിട്ടിനെ കവി പരിഹസിക്കുന്നു.

മനുഷ്യരെ ഈശ്വരവിശ്വാസത്തിലൂടെ സഹജീവിസ്നേഹത്തിലേക്ക് നയിക്കുകയാണ് എല്ലാ മതങ്ങളുടെയും ആത്യന്തികമായ ലക്ഷ്യം. എന്നാൽ സമൂഹത്തെ പൊതുവെ ഗ്രസിച്ച സ്വാർത്ഥതയും അഴിമതിയും അവിടെയും പ്രതിഫലിക്കാൻ തുടങ്ങിയപ്പോൾ അതിനെ ശക്തമായി ആക്ഷേപിക്കുന്നവയാണ് കുഞ്ഞുണ്ണിയുടെ മറ്റൊരു വിഭാഗം കവിതകൾ.

"കല്ലിനെ പൂജിക്കുന്നോൻ
പ്രാർത്ഥിപ്പതൊരു വൈര
ക്കല്ലു കിട്ടുവാനാവാം." (കു.ക്ക. പു. 162)

"പള്ളി പള്ളയാകരുത്
പള്ളയിലാകരുത്" (അ. പൊ. പു. 9)

പോലുള്ള വരികൾ ഉദാഹരണം.

മൂല്യച്യുതി ഗ്രസിച്ചു നിൽക്കുന്ന മറ്റൊരുരംഗം വിദ്യാഭ്യാസമാണ്.

"അമ്പതു ര ക്ഷരം പോരാഞ്ഞിട്ട്
അമ്മയെന്നച്ഛനെന്നുള്ള ര ക്ഷരം പോരാഞ്ഞിട്ട്
അമ്പാടിക്കണ്ണന്റെ വെണ്ണകട്ടുണ്ണലും
മണ്ണുവിഴുങ്ങലും
പെണ്ണുങ്ങൾക്കുള്ളൊരു ചേലവാരീടലു
മൊന്നിച്ചുരുട്ടിയൊരക്ഷരമു ാക്കി
യാലിന്നിലയിലെഴുതിവായിക്കുവാ
നാശാൻ പഠിപ്പിച്ചു ശിഷ്യന്മാരെ
എന്നിട്ടുമാശാനും ശിഷ്യന്മാർക്കും

അമ്മിഞ്ഞയുണ്ണാൻ പഠിഞ്ഞീല" (കു.ക്ക.പു. 88)

"ഗുരുവിനും ശിഷ്യനും മദ്ധ്യത്തിൽ പുസ്തകം
ഗുരുതരമായ തടസ്സമല്ലോ" (കു.ക്ക.പു. 96)

പ്രായോഗിക ജീവിതത്തിനുപകരിക്കാത്ത വിദ്യാഭ്യാസസമ്പ്രദായത്തെ പരിഹസിക്കുകയാണ് ഈ കവിതകളിലൂടെ കവി.

മനുഷ്യന്റെ അന്ധമായ സ്വാർത്ഥത പ്രകൃതി വിനാശത്തിലേക്ക് നിങ്ങുമ്പോൾ അതിനെതിരെ പ്രതികരിക്കുന്നവയാണ് മറ്റൊരു വിഭാഗം കവിതകൾ.

"മല മണ്ണിന്നാണി' (കു.ക്ക. പു. 205)

" മലയും മലരും താങ്ങി
നിൽക്കുന്നില്ലെന്നിരിക്കിലോ
എന്നോ വീണു തകർന്നേനേ
മന്നിലുള്ളവയൊക്കെയും" (കു.ക്ക.പു. 132)

എന്നിങ്ങനെയെല്ലാം കവി ഓർമ്മിപ്പിക്കുന്നു.

"അകത്ത് ആയ
പുറത്ത് നായ
പുതിയ വലിയ വീടായി" (കു.ക്ക. പു. 125)

ഇങ്ങനെ മനുഷ്യരുടെ പുറംമോടിയെ വിമർശിക്കുന്ന കവി

"ഈ ലോകം കാണുന്നേര
മോക്കാനം വന്നീടുന്നു
െ ങ്കിലും ഛർദ്ദിക്കുവാൻ
വയ്യെന്റെ മുഖത്താകും" (കു.ക്ക.പു. 76)

എന്ന് സമൂഹത്തിൽ പൊതുവെയുള്ള മൂല്യച്യുതിയെ തുറന്നുകാട്ടുന്നു. കാല്പനികരുടെ ശുദ്ധനായ 'ഞാന'ല്ല കുഞ്ഞുണ്ണിക്കവിതയിൽ. ലോകത്തിന്റെ മൂല്യച്യുതിക്ക് ഉത്തരവാദിയായി തന്നെക്കൂടി ഉൾപ്പെടുത്തുന്ന കവിയുടെ 'ഞാൻ' സമൂഹത്തിന്റെ മൊത്തം പ്രതിനിധിയാണ്.

**കുഞ്ഞുണ്ണിയുടെ ജീവിതദർശനം**

കുഞ്ഞുണ്ണിക്കവിത ജീവിതത്തിലെ സമസ്ത തലത്തെയും സ്പർശിക്കുന്നു. പ്രതിപാദ്യവൈവിധ്യത്തോടൊപ്പം പ്രതിപാദന വൈവിധ്യവും അതിൽ കാണാം. അഹം ബ്രഹ്മസ്മി, തത്ത്വമസിപോലുള്ള ആത്മീയ തത്ത്വങ്ങൾ സരളവും സംക്ഷിപ്തവുമായി പ്രതിപാദിക്കുന്ന ആത്മീയദർശനപരമായ കവിതകൾ കുഞ്ഞുണ്ണിക്കവിതയിലെ പ്രബലവിഭാഗമാണ്. ദീർഘകാലത്തെ ആശ്രമജീവിതം അതിനു നിമിത്തമായിരിക്കണം. 80 കളിൽ രചിച്ച

"എന്നെ ഞാനെങ്ങും പറഞ്ഞയക്കേ   തി
ല്ലെന്നിലുെ   ന്തുമെല്ലാവരും" (കു.ക്ക. പു. 92)

"എനിക്കു നിങ്ങളെയറിയില്ല
നിങ്ങൾക്കെന്നെയുമറിയില്ല
ഇല്ലിതിലപകടമെന്തെന്നാലീ
ഞാനും നിങ്ങളുമില്ലല്ലൊ" (കു.ക്ക. പു. 64)

മുതലായ കവിതകൾ ഉദാഹരണം

ഈ ആത്മീയ ദർശനമാണ് പ്രപഞ്ചത്തെ സമത്വബോധത്തോടെ നോക്കിക്കാണാൻ കവിയെ പര്യാപ്തനാക്കിയത്. ആനയും, ഉറുമ്പും, പുൽക്കൊടിയും പുഴുവും, മലയും കുഴിയും പോലെ വൈരുദ്ധ്യവും വൈവിധ്യവും ഒത്തിണങ്ങിയ പ്രപഞ്ചത്തിലെ സമസ്തഘടകങ്ങളിലും കവി ഒരേ ചൈതന്യം തന്നെ കാണുന്നു. സാര/നിസ്സാര, വലുപ്പ/ച്ചെറുപ്പ വ്യത്യാസമില്ലാത്ത ഈ സമത്വദർശനത്തിൽ നിന്നാണ്

"ആറും നാലും ചേർന്ന പത്ത്
സാക്ഷാൽ പത്തല്ല നിശ്ചയം" (കു.ക്ക. പു. 47)

എന്ന കവിതയുടെ പിറവി.

"കാലും മേലോട്ടാക്കി
തലയും മേലോട്ടാക്കീ
ട്ടാകെത്താഴോട്ടായി
ട്ടങ്ങനെയെന്റെ നടത്തം" (കു.ക്ക. പു. 114).

എന്നിങ്ങനെ തലകീഴായ് മറിഞ്ഞുകിടക്കുന്ന ജീവിതത്തിന്റെ വൈരുദ്ധ്യങ്ങളിൽ അഭിരമിക്കുന്ന കവിയാണ് കഞ്ഞുണ്ണി. അലങ്കാരങ്ങൾ കൊ  ് സാമ്പ്രദായിക അലങ്കാരപ്രയോഗത്തെ നിഷേധിക്കുന്നു; ഇംഗ്ലീഷ് പദപ്രയോഗങ്ങൾ വഴി പാശ്ചാത്യ അനുകരണത്തെ നിഷേധിക്കുന്നു; 'ഞാൻ' എന്ന വ്യക്തിപരാമർശത്തിലൂടെ സാമൂഹികാവബോധം കൈവരിക്കുന്നു; ചിരിപ്പിച്ചുകൊ  ് ചിന്തിപ്പിക്കുന്നു ഈ കവി.

സാരോപദേശം നിറഞ്ഞ ധാരാളം കവിതകൾ എഴുതിയിട്ടു  ് കുഞ്ഞുണ്ണി.

"വിഡ്ഢിയാവില്ല വിഡ്ഢികൾ"

"നാവിനെല്ലില്ലാത്തവർക്ക്
നട്ടെല്ലും കഷ്ടിയായിടും' (കു.ക്ക. പു. 46)

തുടങ്ങിയ കവിതകൾ ഉദാഹരണം. കവിത പ്രയോഗികജീവിതത്തിനു കൂടി ഉതകുന്നതായിരിക്കണം എന്നും ആത്മശുദ്ധീകരണമായിരിക്കണം അതിന്റെ ഫലം എന്നും ഭാരതീയാലങ്കാരികന്മാരെപ്പോലെ കുഞ്ഞുണ്ണിയും വിശ്വസിച്ചു.പൂവിന്റെ സൗന്ദര്യവും പുഴയുടെ ഒഴുക്കും ആഴിയുടെ ആഴവും ചേർന്ന കവിത രസിപ്പിക്കുന്നതോടൊപ്പം ആഴത്തിൽ ചിന്തിപ്പിക്കുകയും ജീവിതത്തിന് ഉപകരിക്കുകയും വേണം എന്നാണ് കവിയുടെ കാഴ്ചപ്പാട്.

ഈശ്വരപ്രേമവും ഭക്തിയും വിഷയമായ ധാരാളം കവിതകളെഴുതിയിട്ടു ് കുഞ്ഞുണ്ണി. കൃഷ്ണനും ഗുരുവായൂരപ്പനും അത്തരം പല കവിതകളിലും പരാമർശിക്കപ്പെടുന്നു.

"തൂശിക്കത്യാവശ്യം തുളയോ മുനയോ
ഈശനത്യാവശ്യം തെളിഞ്ഞിരിപ്പോ
ഒളിഞ്ഞിരിപ്പോ" (കു.ക്ക. പു. 95)

എന്നിങ്ങനെ ഈശ്വരന്റെ ഭൗതികാസ്തിത്വത്തെ സംബന്ധിച്ച യുക്തിവാദത്തെ നേരിട്ടുമു ്.

"ഉണ്ണിക്കണ്ണനുറക്കമാണുണരുവാൻ
നേരം പിടിക്കും നമു
ക്കപ്പോഴേക്കുമെടുത്തൊളിപ്പിക്കണമവ
ന്നിഷ്ടപ്പെടും സർവതും
ആവാം പക്ഷെ,യതിന്നു വേ ുമിടമു
ാക്കീടുവാനുണ്ണിയെ
മറ്റെങ്ങാെ ാരിടത്തു സൽസഖികളേ
മാറ്റിക്കിടത്തേ ു ഞാൻ" (കു.ക്ക. പു. 164)

ഈശ്വരൻ നമ്മെ സ്നേഹിക്കുന്നു എന്ന ജീവിതപ്രമേത്തിന്റെ യഥാർത്ഥചിത്രമാണ് കവി ഇതിലൂടെ അവതരിപ്പിക്കുന്നത്. നന്മ നിറഞ്ഞ സ്വാർത്ഥത പുരളാത്ത ജിവിതപ്രേമത്തിന്റെ പ്രതിഫലനമാണ് കവിക്ക് ഈശ്വരഭക്തി എന്ന് ഇതിൽ നിന്നും മനസ്സിലാക്കാം.

കാലം വിഷയമാക്കി ധാരാളം കവിതകൾ എഴുതിയിട്ടു ് കുഞ്ഞുണ്ണി. ചലനാത്മകമായ കാലത്തെ നിശ്ചലതയിൽ നിർത്താനുള്ള ത്വര പ്രകടിപ്പിക്കുന്നവയാണ് മിക്ക കവിതകളും. കാലമില്ലാത്ത ലോകം അന്വേഷിച്ച് യാത്ര തിരിക്കുന്ന കാരണവരെ സൃഷ്ടിച്ച ഈ കവി.[27]

"പ ത്തെ കുപ്പായമിന്നു ചീത്ത

27 "എങ്ങോട്ടാ യാത്രയെൻ കാർന്നോപ്പാടേ
കയ്യെത്താ ദൂരത്തും . . ." (കു. ക്ക. പു. 196).

ഇന്നത്തെ ക്കുപ്പായം നാളെ ചീത്ത
ആകയാലാണു ഞാൻ മറ്റന്നാളത്തേതാം
കുപ്പായമിട്ടു നടന്നീടുന്നു" (കു.ക്ക. പു. 149)

എന്നിങ്ങനെ ഇന്നലെ - ഇന്ന് - നാളെ വ്യത്യാസമില്ലാത്ത മറ്റൊരു നാളിനെ വിഭാവനം ചെയ്യുന്നു. കാലത്തിന്റെ അമൂർത്തതയെ, അപാരതയെ, ഒഴുക്കിനെ മൂർത്തപ്രതീകങ്ങൾ കൊ ് കവി നിശ്ചലമാക്കുന്നു. മുന്നും പിന്നുമില്ലാത്ത കുപ്പായമായി കുഞ്ഞുണ്ണിക്കവിതയിൽ കാലം പ്രത്യക്ഷപ്പെടുന്നത് അങ്ങനെയാണ്.[28]

അഹം ബോധത്തിൽ അടിയുറച്ചതാണ് കുഞ്ഞുണ്ണിക്കവിത.

"എന്നിലുെ ന്തുമെല്ലാടവും" (കു.ക്ക.പു. 92)

എന്ന് വലിയ അളവിൽ ആത്മവിശ്വാസം പ്രകടിപ്പിക്കുന്നുവെങ്കിലും ഈ അഹംബോധം അഹങ്കാരത്തിലേക്ക് വഴുതി വീഴരുതെന്ന് കവി ഓർപ്പിക്കുന്നു.

"എൻ നാമമെന്നാമം" (കു.ക്ക. പു. 113)

"ഞാൻ പോയേ ജ്ഞാനം വരൂ" (കു.ക്ക. പു. 91)

ഇവടെയെല്ലാം വിനയം കൊ ുള്ള ആത്മശുദ്ധീകരണത്തിനാണ് കവി ആവശ്യപ്പെടുന്നത്. ആത്മവിശ്വാസം കൊ ് ശക്തവും അതോടൊപ്പം അത്യന്തവിനയം കൊ ് ഭദ്രവുമാണ് കുഞ്ഞുണ്ണിയുടെ കവിതകളെന്ന കെ. പി. ശങ്കരന്റെ വിലയിരുത്തൽ [29] അർത്ഥവത്താണ്.

സ്നേഹം, ആർദ്രത, നന്മ എന്നിവയുടെ പര്യായമായ 'അമ്മ' കവിയുടെ സ്ത്രീ സങ്കല്പത്തിന്റെ പരിപൂർത്തിയാണ്.

"അമ്മയെന്നാലമ്മിഞ്ഞക്കല്ല്" (കു.ക്ക. പു. 43)

"നന്മയൊക്കെയുമമ്മ
അമ്മ നന്മ
നന്മയമ്മ" (അ. പൊ. 25)

തുടങ്ങിയ കവിതകൾ ഉദാഹരണം. അതേസമയം

"കവിത വരുന്നൂ കവിത വരുന്നൂ
കടലാസ്സെവിടെ, പെന്നെവിടെ

28 എം. എൻ. കാരശ്ശേരി, 'കാലം നിശ്ചലമാകുമ്പോൾ', *വിശകലനം* (എൻ. ബി. എസ്സ്. കോട്ടയം, 1981), പു. 37.

29 കെ.പി. ശങ്കരൻ, അവതാരിക: *കുഞ്ഞുണ്ണിയുടെ കവിതകൾ,* കുഞ്ഞുണ്ണി, *കുഞ്ഞുണ്ണിക്കൃതികൾ,* വാല്യം ക (ഡി. സി. ബുക്സ്, കോട്ടയം, 2006), പു. 507.

കുട്ടിക്കിന്നു മരുന്നിനു പോരേ

കേട്ടോ നേരം വൈകുന്നു. . " (കു. ക്ക. പു.172)

എന്നിങ്ങനെ സ്ത്രീയുടെ പ്രായോഗിക ബുദ്ധിയെ പരിഹസിച്ചിട്ടുമു ്.

മനുഷ്യത്വത്തിൽ അടിയുറച്ചതാണ് കുഞ്ഞുണ്ണിയുടെ ജീവിതദർശനം. അതിനാൽ ലോകത്തിന്റെ കുറ്റങ്ങളും കുറവുകളും ചൂ ിക്കാട്ടുമ്പോഴും ഈ കവി ജീവിതനിഷേധിയാകുന്നില്ല.

"തെല്ലുകൂടുതലാണു ചവർപ്പും കയ്പും പക്ഷേ

നല്ലപോലെനിക്കെന്റെ ജീവിതമിഷ്ടപ്പെട്ടു" (കു.ക്ക.പു. 56)

എന്ന് ഉറപ്പിച്ചു പറയുന്ന കവി

"ചക്കയെനിക്കിഷ്ടമെന്നു ചൊല്ലീട്ടു ഞാൻ

ചക്കച്ചുളമാത്രം തിന്നുന്നൂ

ജീവിതമിഷ്ടമെനിക്കെന്നു ചൊല്ലീട്ട്

ചീരാപ്പു ാകുമ്പോൾ കേഴുന്നു" (ക.ക്ക. പു. 121)

"ജനിച്ചയുടൻ കരയുന്ന

ചെറ്റത്തമില്ല തിര്യക്കുകൾക്കൊന്നുമേ" (ക.ക്ക.പു. 123)

എന്നിങ്ങനെയെല്ലാം നിരാശാവാദികളെ പരിഹസിക്കുകയും ശകാരിക്കുകയും ചെയ്യുന്നു.

ജീവിതത്തിൽ ആത്മാർത്ഥയും അദ്ധ്വാനവുമാണ് കുഞ്ഞുണ്ണി ഏറ്റവും വിലമതിക്കുന്ന മൂല്യങ്ങൾ. പൊങ്ങച്ചക്കാരും കപടനാട്യക്കാരുമാണ് ഈ കവിയുടെ ആക്ഷേപത്തിന് വിധേയമായവരിൽ ഭൂരിഭാഗവും.

മനുഷ്യരുടെ ശൈശവകാമനകളെയും ഗൃഹാതുരസ്മരണകളെയും തൃപ്തിപ്പെടുത്തിയതാണ് കുഞ്ഞുണ്ണിക്കവിതയിലെ ആകർഷണീയമായ മറ്റൊരു വശം. വായനക്കാരുടെ ഉള്ളിലുള്ള ശിശുത്വത്തെ ഉണർത്തി പൊട്ടിച്ചിരിപ്പിക്കുകയും പഴയ ഗ്രാമീണനന്മകൾ പുതുതലമുറയ്ക്ക് കൈമാറി ഗൃഹാതുരത്വം ജനിപ്പിക്കുകയും ചെയ്യുന്നു കവി.

ഒരിക്കലും മടുക്കാത്ത ജീവിതാസക്തി പ്രകടിപ്പിക്കുന്ന കവിതകളാണ് കുഞ്ഞുണ്ണിയുടേത്. ജീവിതത്തെ എത്ര കഴിച്ചാലും മതിവരാത്ത സദ്യയായാണ് കവി കാണുന്നത്. ദുരന്താനുഭവങ്ങൾക്ക് പോലും പ്രസാദാത്മക വീക്ഷണം നൽകിയാണ് കവി ആവിഷ്ക്കരിക്കുന്നത്. അതിൽ നിറഞ്ഞു നിൽക്കുന്ന നർമ്മം എല്ലാ ദുരന്താനുഭവങ്ങളെയും മധുരീകരിക്കുന്നു. പക്വതയാർന്ന ജീവിതദർശനമാണിത്.

**കുഞ്ഞുണ്ണിയുടെ കാവ്യഭാഷ**

സംസാരഭാഷയുടെ ചൈതന്യം കവിതയിലേക്കാവാഹിച്ച കുഞ്ഞുണ്ണിക്ക് ശക്തമായ ഭാഷാബോധം ഉ ായിരുന്നു. അതുകൊ ാണ് മലയാളികളുടെ ഇംഗ്ലീഷ് ഭ്രമത്തെ പരിഹസിക്കുന്ന കുഞ്ഞുണ്ണി തനിക്ക് ആശയാവിഷ്ക്കാരം നടത്തുന്നതിന് സമകാലിക വാമൊഴി പ്രതിഫലിക്കും മട്ടിൽ

"പേനെയടുത്തല്ല 'പെയിനെ'ടുത്താണെഴുതേ ത്" (അ.പൊ.പു. 54)

എന്നിങ്ങനെ ഇംഗ്ലീഷ് പദങ്ങൾ ധാരാളമായി ഉപയോഗിക്കുന്നത്. കടങ്കഥയുടെ ലയഭംഗിയും പഴഞ്ചൊല്ലറന്റെ കുറുക്കലും നാടൻ പാട്ടിന്റെ അസംബന്ധതയുമെല്ലാം കുഞ്ഞുണ്ണിയുടെ കാവ്യഭാഷയിലു ്. 'വാക്യം രസാത്മകം കാവ്യം'[30] എന്ന ചൊല്ലിനെ ശരിവയ്ക്കും മട്ടിൽ ഒരു വരി, ര ുവരി കവിതകളാണവ. പാരമ്പര്യത്തിന്റെ കരുത്തും ശൈലിയുടെ അനന്യതയും ആശയത്തിന്റെ അനശ്വരതയുമെല്ലാം അതിലു ്. വാക്കുകൾ പൊട്ടിച്ചും കൂട്ടിച്ചേർത്തും പുതുതായി സൃഷ്ടിച്ചുമെല്ലാം വിസ്മയിപ്പിക്കുന്ന കലാതന്ത്രമാണ് കുഞ്ഞുണ്ണിക്കവിതയിലേത്. അതിലെ ഭാഷാപരമായ വൈചിത്ര്യങ്ങളെ സമർത്ഥമായി വിശകലനം ചെയ്ത് ഭാവതലത്തെ അനാവരണം ചെയ്യാൻ ശൈലീവിജ്ഞാനീയത്തിന്റെ കാഴ്ചപ്പാടുകൾ ഉതകും.

---

30 വിശ്വനാഥകവിരാജൻ, *സാഹിത്യദർഷണം*, സുധാംശുചതുർവേദി, ഭാരതീയ കാവ്യവിചിന്തനം (ഗീത പ്രൈവറ്റ് ലിമിറ്റഡ്, തൃശ്ശൂർ, 2003), പു. 298.

# അദ്ധ്യായം 2

## ഭാഷാശൈലീഘടകങ്ങളും കവിതയിൽ അവയുടെ പ്രയോഗസവിശേഷതകളും

സാധാരണഭാഷാപ്രയോഗത്തിൽ നിന്നും കാവ്യഭാഷ വേറിട്ടു നിൽക്കുന്നത് ഭാഷാശൈലീഘടകങ്ങളിലുള്ള വ്യതിരിക്തതകൊ ാണ്. ഭാഷാശൈലിയുടെ പ്രധാന ഘടകങ്ങളാണ് വർണ്ണം, പദം, വാക്യം, അലങ്കാരം, വൃത്തം എന്നിവ. ഈ തലങ്ങളിലെല്ലാമുള്ള വ്യതിരിക്ത പ്രയോഗങ്ങളെ-വക്രതകളെ, വിശകലനം ചെയ്തുകൊ ് അവമൂലം കാവ്യത്തിന് കൈവന്ന രസാത്മകത വെളിപ്പെടുത്തുകയാണ് ശൈലീവിജ്ഞാനീയം ചെയ്യുന്നത്. ഭാഷാശൈലിയുടെ സാമാന്യ ഘടകങ്ങളേയും അവയ്ക്ക് കവിതയിൽ വരുത്തുന്ന വക്രതാഭേദങ്ങളേയും സാമാന്യമായി വിശകലനം ചെയ്യുകയാണ് ഈ അദ്ധ്യായത്തിൽ.

**1. വർണ്ണതലം:-** വാക്യത്തിന്റെ ഏറ്റവും ചെറിയ ഘടകമാണ് വർണ്ണം. വർണ്ണങ്ങൾ ചേർന്ന് പദങ്ങളും പദങ്ങൾ ചേർന്ന് വാക്യങ്ങളും ഉ ാകുന്നു. ഏറ്റവും ചെറിയ ഘടകമെങ്കിലും വർണ്ണം കാവ്യത്തിന്റെ നാനാതലങ്ങളേയും സ്വാധീനിക്കുന്നു. ഒരു കൃതിയിലെ ശബ്ദങ്ങൾ അവയുടെ സംവിധാനസവിശേഷത മൂലം എങ്ങനെ വാച്യാതിരിക്തമായ അർത്ഥങ്ങളെ വ്യഞ്ജിപ്പിക്കുന്നു എന്നതാണ് ധ്വനിശൈലീവിജ്ഞാനീയം (Phono Stylistics) പരിശോധിക്കുന്നതെന്ന് എൻ.വി. കൃഷ്ണവാരിയർ (1916-89) അഭിപ്രായപ്പെടുന്നു.[1] ചുരുക്കത്തിൽ വർണ്ണങ്ങളുടെ വിനിമയവും വ്യതിയാനവും ഭാവസംവേദകമായിത്തീരുന്നതെങ്ങനെ എന്നതാണ് വർണ്ണശൈലീവിജ്ഞാനീയത്തിന്റെ വിഷയം.

പ്രാചീന ഭാരതീയാലങ്കാരികന്മാരുടെ വർണ്ണതല ചർച്ചയും ആധുനിക ശൈലീവിജ്ഞാനീയത്തിലെ സ്വനിമ സങ്കല്പവും തമ്മിൽ വളരെ സാമ്യമു ്. ഭാരതീയാലങ്കാരികന്മാർ വർണ്ണം എന്നു വ്യവഹരിച്ചതിനെ തന്നെയാണ് ആധുനിക ഭാഷാശാസ്ത്രജ്ഞന്മാർ സ്വനിമം (Phoneme) എന്നു വ്യവഹരിച്ചതെന്ന് എ.ആർ. രാജരാജവർമ്മ (1863-1918) അഭിപ്രായപ്പെടുന്നു.[2] അർത്ഥവ്യാവർത്തകശേഷിയുള്ള ഏറ്റവും ചെറിയ ഭാഷാഘടകമാണ് സ്വനിമം. തനിയെ നിൽക്കുമ്പോൾ പരിമിതമായ അർത്ഥങ്ങളുള്ള പദങ്ങളും വർണ്ണങ്ങളുമെല്ലാം ഉചിതസ്ഥാനത്തുള്ള പ്രയോഗത്തിലൂടെ ധ്വന്യാത്മകതയും ചാരുത്വവും കൈവരിക്കുന്നു. പലതരം പ്രാസപ്രയോഗങ്ങൾ, കൂട്ടക്ഷരങ്ങളുടെ ആവർത്തനം, അവമൂലം കൈവന്ന ചാരുത്വം, ചില പ്രത്യേക വർണ്ണങ്ങളോട് കവി കാണിക്കുന്ന ഇഷ്ടാനിഷ്ടങ്ങൾ, അതിന്റെ പിന്നിലുള്ള കവിയുടെ മനോഭാവം തുടങ്ങിയ വിവിധ വിഷയങ്ങളിലേക്ക് വെളിച്ചം കാണിക്കാനും സന്ധിരൂപങ്ങൾ, വർണ്ണവികാരങ്ങൾ എന്നിവയ്ക്ക് കവിതയിലുള്ള സവിശേഷധർമ്മങ്ങളെ വിലയിരുത്താനും വർണ്ണതലാപഗ്രഥനത്തിലൂടെ

---

1 എൻ. വി. കൃഷ്ണവാരിയർ, *വള്ളത്തോളിന്റെ കാവ്യശില്പം* (കേരളസർവ്വകലാശാല, തിരു: 1972), പു. 40.

2 ഏ. ആർ. രാജരാജവർമ്മ, *കേരളപാണിനീയം*, അടിക്കുറിപ്പ് (സാഹിത്യപ്രവർത്തകസഹകരണസംഘം, എൻ.ബി.എസ്സ്), പു. 94.

സാധിക്കും. ശബ്ദങ്ങളുടെ വക്രീകരണവും (deviation) പുരഃക്ഷേപണവും (Fore-grounding) വഴി കൈവന്ന ഭാവഭംഗി വിശകലനം ചെയ്യാനും കവിതയുടെ സുശ്രവത (euphony) യുടെ അടിസ്ഥാനം ക  ത്താനും വർണ്ണങ്ങളുടെ ഹ്രസ്വദീർഘഭേദങ്ങൾ, പരുഷകോമളത്വം എന്നിവ കൊ  ു കൈവന്ന സൗന്ദര്യത്തെ വിശകലം ചെയ്യാനും വർണ്ണതലാപഗ്രഥനത്തിലൂടെ സാധിക്കുന്നു. ഉദാഹരണമായി ഇടശ്ശേരിയുടെ 'കാവിലെ പാട്ടിൽ'

"ചെകിടടയും വെടികളോടെ ചെ  മേളം താക്കി
ചേലിയലും കന്യകമാർ താലവും നിരത്തി"[3]

എന്ന വരികളിൽ ആദ്യഭാഗത്തെ 'ട' കാരാവർത്തനങ്ങൾ, '  'കാരം എന്നീ പരുഷവർണ്ണങ്ങൾ വെടിക്കെട്ടിന്റെയും ചെ  മേളത്തിന്റെയും ശബ്ദഗാംഭീര്യം അനുഭവവേദ്യമാക്കുമ്പോൾ ര  ാമത്തെ വരിയിലെ 'ല' കാരാവർത്തനങ്ങൾ, യ, ര, തുടങ്ങിയ മൃദുല വർണ്ണങ്ങൾ കന്യകമാരുടെ താലപ്പൊലിയുടെ ലാസ്യഭംഗി കാഴ്ചവയ്ക്കുന്നു. ഇതിലൂടെ രൗദ്രതയും, ആർദ്രതയും ചേർന്ന ദേവിയുടെ വിഭിന്ന ഭാവങ്ങൾ ധ്വനിപ്പിച്ചുകൊ  ് കാവ്യത്തിന്റെ മുഖ്യപ്രമേയത്തിലേക്ക് വഴി തുറക്കുന്നു.

കാളിദാസന്റെ 'മേഘസന്ദേശ'ത്തിൽ

"ആകൈലാസാദ് ബിസകിസലയച്ഛേദപാഥേയ വന്ത:
സമ്പത്സ്യന്തേ നഭസി ഭവതോ രാജഹംസാ: സഹായാ:[4]

എന്ന വരികളിലെ ശബ്ദഘടനയിൽ കൊക്കിൽ താമരവളയവുമായി നിരനിരയായി പറക്കുന്ന വെള്ളിൽപ്പക്ഷികളുടെ ഗമനഭംഗി പ്രതിധ്വനിക്കുന്നതായി ജോസഫ് മു  ശ്ശേരി (1903 - 1977) ചൂ  ിക്കാട്ടിയിട്ടു  .[5] ഇപ്രകാരം ശബ്ദസാമ്യം മൂലം വർണ്ണ്യവസ്തുവിന്റെ പ്രതീതി സൃഷ്ടിക്കുന്നവയാണ് ശബ്ദബിംബങ്ങൾ. ഇത്തരത്തിൽ ശബ്ദസവിശേഷതകൾ മൂലമുള്ള അർത്ഥപ്രതീതിയും വർണ്ണതലാപഗ്രഥനത്തിൽ പെടും.

വർണ്ണങ്ങൾ വ്യഞ്ജകങ്ങളാണ്, ധ്വനിയാണ് എന്നു പറഞ്ഞ ആനന്ദവർദ്ധനനൻ (ക്രി.പി. 840-890, കാശ്മീർ) 'ശ' കാര 'ഷ' കാരങ്ങൾ, രേഫം ഇവ ചേർന്ന കൂട്ടക്ഷരം, 'ഢ'കാരത്തിന്റെ ആധിക്യം ഇവ ശൃംഗാരവിരോധികളാണെന്നും അവ തന്നെ ബീഭത്സാദിരസങ്ങളിൽ പ്രയോഗിച്ചാൽ രസോദ്ദീപകമാകുമെന്നും പറയുന്നു.[6] മൃദുലാക്ഷരങ്ങൾ മൃദുലഭാവങ്ങൾക്കും പരുഷാക്ഷരങ്ങൾ പരുഷഭാവങ്ങൾക്കും അനുരൂപമാ

---

3 ഇടശ്ശേരി ഗോവിന്ദൻനായർ, 'കാവിലെ പാട്ട്, *ഇടശ്ശേരി സമ്പൂ. കൃതികൾ* (ഇടശ്ശേരി പബ്ലിക്കേഷൻസ്, കൊച്ചി, 1988), പു. 544

4 കാളിദാസൻ, *മേഘസന്ദേശം,* ശ്ലോകം കക, *കാളിദാസൻ സമ്പൂ. കൃതികൾ* (ഡി.സി. ബുക്സ്, കോട്ടയം, 2004), പു. 618.

5 ജോസഫ് മു  ശ്ശേരി, 'കാളിദാസശൈലി', *മാനദണ്ഡം* (കറന്റ് ബുക്സ്, തൃശ്ശൂർ, 1993), പു. 79.

6 ആനന്ദവർദ്ധനനൻ, *ധ്വന്യാലോകം,* പരിഭാഷ സി.വി. വാസുദേവഭട്ടതിരി (കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരു:, 1996), പു. 102.

ണെന്നും ആനന്ദവർദ്ധനനൻ പറയുന്നു.[7] ങ്ക,ഞ്ച,മ്പ ഇത്യാദി അനുനാസികങ്ങളോട് ചേർന്ന വർഗ്ഗാക്ഷരങ്ങളും ക്ല,ഗ്ല,മ്ല ഇത്യാദി വർഗ്ഗാക്ഷരങ്ങളോട് ചേരുന്ന 'ല'കാരവും രേഫ 'ണ'കാരങ്ങളും, ലകാരവും മധുരവ്യഞ്ജനങ്ങളാണെന്നും ത്സ, പ്സ ഇത്യാദി 'സ'കാരാന്ത സംയോജനങ്ങളും ക്ര ഇത്യാദി രേഫ സംയോജനങ്ങളും ഷ, ഹ്ര ഇത്യാദി 'ഹ'കാര സംയോഗങ്ങളും 'ശ'കാര 'ഷ'കാരങ്ങളും മറ്റും പരുഷ വ്യഞ്ജനങ്ങളാണെന്നും മൃദുക്കൾ, അനുനാസികങ്ങൾ, ല, ള, ഴങ്ങൾ എന്നിവ കോമളവ്യഞ്ജനങ്ങളാണെന്നും ഏ. ആർ. രാജരാജവർമ്മ അഭിപ്രായപ്പെടുകയു ായി.[8]

ഇത്തരമൊരു ഭാവവർണ്ണവിവേചനം പാശ്ചാത്യവിമർശനത്തിലുമു ്. കവിതയിൽ മുഴങ്ങിക്കേൾക്കുന്ന ശബ്ദങ്ങൾ മുഖ്യപ്രമേയത്തെ തന്നെ വെളിവാക്കാൻ പര്യാപ്തമാണെന്ന് ഹൈംസ് (ജ. 1927, അമേരിക്ക) എന്ന ആംഗലേയ വിമർശകൻ പറയുകയു ായി.[9]'ല'കാര വ്യഞ്ജനത്തിനും മൃദുത്വത്തിനും തമ്മിൽ ബന്ധമുെ ന്ന് സ്റ്റീഫൻ ഉൾമാൻ (1914-1976, ഹംഗേറിയൻ ലിംഗ്വിസ്റ്റ്) പറയുന്നു.[10]

കുന്തകൻ (ക്രി.പി. 925-1020, കാശ്മീർ) അവതരിപ്പിച്ച ആറ് വക്രതാഭേദങ്ങളിലൊന്നായ വർണ്ണവിന്യാസവക്രതയിൽ കാവ്യത്തെ സൗന്ദര്യാനുഭവമാക്കി മാറ്റുന്നതിൽ വർണ്ണങ്ങൾക്കുള്ള പങ്കാണ് വിശകലനം ചെയ്യുന്നത്. അനുപ്രാസാദി ശബ്ദാലങ്കാരങ്ങളെയെല്ലാം അദ്ദേഹം വർണ്ണവിന്യാസവക്രതയിൽ പെടുത്തുന്നു.

സ്വനിമങ്ങൾക്ക് അർത്ഥപ്രദാനശേഷിയില്ല. സാർത്ഥകമായ ഏറ്റവും ചെറിയ ഘടകമായ രൂപിമങ്ങളുടെ അപഗ്രഥനവും വർണ്ണശൈലീവിജ്ഞാനീയത്തിൽ പെടും. കുട്ടി, കാല് എന്നിവ പോലെ സ്വതന്ത്രമായ പ്രയോഗശേഷിയുള്ള സ്വതന്ത്രരൂപിമങ്ങളുടെയും (Free morpheme) സ്വതന്ത്രമായ പ്രയോഗശേഷിയില്ലാതെ മറ്റുള്ളവയെ ആശ്രയിച്ചുമാത്രം നിൽക്കുന്ന വചന കാല, വിഭക്തി ലിംഗാദി പ്രത്യയങ്ങൾ ഉൾപ്പെടുന്ന പരതന്ത്രരൂപിമങ്ങളുടെയും (Bound morpheme) അപഗ്രഥനവും ഇതിൽ പെടും. കുന്തകൻ ഇവ പദപരാർദ്ധവക്രതയിലാണ് പെടുത്തിയിരിക്കുന്നത്.

**2. പദതലം**

ശൈലീവിജ്ഞാനീയത്തിലെ മുഖ്യവിഭാഗമാണ് പദതലാപഗ്രഥനം (ഞ്ഞ്യ്യവീമിഹമ്യശെ). പദങ്ങളുടെ തെരഞ്ഞെടുപ്പ് കാവ്യാത്മാവിലേക്ക് വെളിച്ചം വിശുന്നു എന്നത് ശൈലീവിജ്ഞാനീയത്തിൽ അംഗീകരിക്കപ്പെട്ട വസ്തുതയാണ്. സ്വതന്ത്രമായി ഉപയോഗിക്കാവുന്നതും അർത്ഥബോധം ജനിപ്പിക്കുന്നതുമായ ഭാഷ

---

7 ടി.പു. 102.

8 ഏ.ആർ. രാജരാജവർമ്മ, *ഭാഷാഭൂഷണം* (സാഹിത്യപ്രവർത്തകസഹകരണസംഘം, എൻ.ബി.എസ്സ്, കോട്ടയം, 1970), പു. 94-95.

9 Dell. H. Hymes, "Phonological aspects of Style", *Some English Sonnets Style in Language,* Ed. T.A. Sea Book, 3rd Edn (M.I.T. Press Cambridge, 1971), p.128.

10 Stephan Ullman, *Meaning and style* (Basil Black well, Oxford, 1973), p. 43.

യിലെ ഏറ്റവും ചെറിയ രൂപമാണ് പദം.[11] എന്നാൽ സ്വതന്ത്രമായി പ്രയോഗിക്കാവുന്നത് എന്ന നിരീക്ഷണം പൂർണ്ണമായും ശരിയല്ല. കൂടെ, ഏറ്റവും, പറ്റി മുതലായ പദങ്ങൾ ഒറ്റക്ക് നിൽക്കില്ല. എന്നാൽ കാൾ, ഇൽ, ഓട്, മുതലായ പ്രത്യയങ്ങളേക്കാൾ അവയ്ക്ക് കൂടുതൽ പ്രയോഗസ്വാതന്ത്ര്യമു ്. ഒറ്റക്ക് നിൽക്കുമ്പോൾ പദങ്ങൾക്ക് കാവ്യാത്മകതയില്ലെങ്കിലും മറ്റു പദങ്ങളുമായുള്ള ഔചിത്യപൂർവ്വമായ കൂടിച്ചേരലിലൂടെ അവ ഉദ്ദീപനസമർത്ഥമാകുന്നു. അതായത് അസാധാരണ വിന്യാസക്രമത്തിലൂടെ സാധാരണ പദങ്ങളെപ്പോലും ഉദാത്തീകരിക്കുകയാണ് കവി. അർത്ഥോദ്ദീപനശക്തി കുറഞ്ഞവ, കൂടിയവ എന്നിങ്ങനെ പദങ്ങളെ വർഗ്ഗീ കരിക്കുന്നതിൽ അർത്ഥമില്ല. കാരണം ഉത്തമകവി ഔചിത്യാനുസരണം തെരഞ്ഞെടുക്കുന്ന ഏത് പദവും അർത്ഥപ്രകാശനത്തിനും ഭാവപ്രകടനത്തിനും അനുയോജ്യമായിരിക്കും. പദങ്ങളുടെ രൂപത്തിന് വളരെ യൊന്നും മാറ്റം വരുന്നില്ലെങ്കിലും മാറി മാറി വരുന്ന സാമൂഹിക സാംസ്കാരിക സ്ഥിതിഗതികൾക്കനുസൃ തമായി അവയുടെ അർത്ഥം മാറിക്കൊ ിരിക്കുന്നു. അതായത് സന്ദർഭമാണ് (context) പദങ്ങൾക്ക് അർത്ഥം നൽകുന്നത്. അതിനാൽ പദതലത്തിൽ സാന്ദർഭികാനുസരണം നൂതനാർത്ഥങ്ങൾ ക ത്താനും കവി ഉദ്ദേശിച്ചിട്ടില്ലാത്ത അർത്ഥങ്ങൾ പോലും ക ത്താനും ശൈലീവിജ്ഞാനീയത്തിലൂടെ കഴി യുന്നു.

പദങ്ങളുടെ നൂതനത, പ്രാദേശികത, സാങ്കേതികത, വൈദേശികത, പ്രത്യേക വർഗ്ഗങ്ങളോടും തൊഴിലുകളോടുമുള്ള ഗണബന്ധം (Register), പദസ്വഭാവങ്ങളുടെ ആവാഹനത്വം (Emotive equality), പര്യായത (Synonymy), നാനാർത്ഥത (Polysemy), സമരൂപത (Homonymy), അവ്യ ക്തത (Vagueness), കണിശത (Exactness), അമൂർത്തത (Abstractness), മൂർത്തത (Concreteness), പഴമ (Archaism), സാഭാഷണാത്മകത (Colloquialism) എന്നിവയെല്ലാം ശൈലീവിജ്ഞാനീയം പഠനവിഷയമാക്കുന്നു.[12] കൂടാതെ കാവ്യഭംഗിക്ക് പ്രതിബന്ധമായി ഭാരതീയാലങ്കാ രികന്മാർ കണക്കാക്കിയിരുന്ന ലുപ്തപദം, നേയാർത്ഥം, നിരർത്ഥകം, അപശബ്ദം, ഗ്രാമ്യം തുടങ്ങിയ പദ ദോഷങ്ങളെക്കുറിച്ചുള്ള ചർച്ചയും ഇതിലുൾപ്പെടുത്താം.

ഇവയിൽ ഒരു പദത്തിന് പകരം വയ്ക്കാൻ മറ്റൊന്ന് ഇല്ലായ്ക - അഥവാ നിയതാർത്ഥത്തിന് അനുയോജ്യമായ പദസ്വീകരണമായ കണിശത എന്ന ഗുണം കവിത ആകർഷണീയമാക്കുന്നതിൽ മുഖ്യ പങ്ക് വഹിക്കുന്നു. കാവ്യത്തിൽ കണിശത കൈവരിക്കുന്നത് തെരഞ്ഞെടുപ്പിലൂടെയാണ്. പദാപഗ്രഥന ത്തിൽ ശ്രദ്ധേയമാണ് തെരഞ്ഞെടുപ്പ് എന്ന സങ്കല്പം. ഒരു വാക്കും മറ്റൊരു വാക്കിന് പകരമാവില്ല. അതിനാൽ അനുയോജ്യമായ പദങ്ങൾക്കുള്ള നിരന്തരാന്വേഷണമാണ് എല്ലാ എഴുത്തുകാരുടേയും കാവ്യ ജീവിതം. അനേകം പാത്രങ്ങളിൽനിന്ന് പലവ്യഞ്ജനങ്ങൾ ഓരോന്നെടുത്ത് പാചകത്തിനുവേ ി സമാഹരി ക്കുന്നതുപോലെയാണ് അനേകം പദങ്ങൾ കൂട്ടിച്ചേർത്ത് വാക്യം നിർമ്മിക്കുന്നതെന്ന് ഘടനാവാദികൾ

11 കെ. എം. പ്രഭാകവാര്യർ, ശാന്താ അഗസ്റ്റിൻ, *ആധുനികഭാഷാശാസ്ത്രം* (കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരു;, 1994), പു. 80.

12 സി.പി. ശിവദാസൻ, *ഭാവവും ഭാഷയും* (എൻ.ബി.എസ്സ്., കോട്ടയം, 1986), പു.27.

സിദ്ധാന്തിക്കുന്നു.[13] ഒരു വാക്യം പ്രയോഗിക്കുമ്പോൾ നാമം, നാമവിശേഷണം, ക്രിയ, ക്രിയാവിശേഷണം തുടങ്ങിയ ഗണങ്ങളിൽ നിന്ന് ഉദ്ദിഷ്ട പ്രകരണത്തിനനുയോജ്യമായ പദങ്ങൾ തെരഞ്ഞെടുത്ത് സംയോജിപ്പിക്കുന്നു. സാധാരണഭാഷയിൽ ഈ തെരഞ്ഞെടുപ്പ് ലംബതലത്തിലാണ്. എന്നാൽ ഈ തെരഞ്ഞെടുപ്പ് തിരശ്ചീനതലത്തിലേക്ക് കൂടി വ്യാപിപ്പിച്ചാൽ കാവ്യഭാഷയാകുന്നുവെന്ന് റഷ്യൻ ഘടനാവാദിയും ഭാഷാശാസ്ത്രകാരനുമായ റോമൻ ജാക്കോബ്സൺ (1896 - 1982) നിരീക്ഷിക്കുന്നു.[14] 'മിന്നുന്നതെല്ലാം പൊന്നല്ല' എന്ന പഴമൊഴിയുടെ മിഴിവും കരുത്തും 'തിളങ്ങുന്നതെല്ലാം സ്വർണ്ണമാവണമെന്നില്ല' എന്ന പരാമർശത്തിലൂടെ നഷ്ടപ്പെടുന്നത് കേവലം പ്രാസകാര്യമല്ലെന്നും തിരശ്ചീനതയിലുള്ള 'പൊരുത്തം' എന്ന ആന്തരികഘടകം നഷ്ടമായിപ്പോകുന്നതാണെന്നും റോമൻ ജാക്കോബ്സണിന്റെ സിദ്ധാന്തത്തെ അംഗീകരിച്ചുകൊ ് സി. രാജേന്ദ്രൻ അഭിപ്രായപ്പെടുന്നു.[15]

കാവ്യരചനാ പ്രക്രിയയിൽ തെരഞ്ഞെടുപ്പിനുള്ള പ്രാധാന്യത്തെ ഭാരതീയാലങ്കാരികന്മാരും ഊന്നിപ്പറഞ്ഞിരുന്നു. കവിത രചിക്കുമ്പോൾ ഓരോ പദവും മാറ്റി തത്സ്ഥാനത്ത് മറ്റൊന്ന് വെച്ചുനോക്കുക അനുപേക്ഷണീയമാണെന്ന് വാമനൻ (ക്രി.പി. 770-840) പറയുന്നു.[16] ഇപ്രകാരം പദങ്ങൾ മാറ്റി മാറ്റി വെച്ചുനോക്കുന്ന പ്രക്രിയക്ക് 'ആധാനോദ്ധരണ പ്രക്രിയ' എന്നാണ് അദ്ദേഹം പേരു നൽകുന്നത്. ഈ പ്രക്രിയ മനസ്സിന്റെ ഊഞ്ഞാലാട്ടം തീരുന്നതുവരെ തുടരേ തുട ന്നും പദസ്ഥൈര്യം സ്ഥാപിതമാകുമ്പോഴേ സരസ്വതി സിദ്ധയാകൂ എന്നും വാമനൻ പറയുന്നു.[17] ആനന്ദവർദ്ധനനൻ തെരഞ്ഞെടുപ്പ് എന്ന ആശയത്തെ കൂടുതൽ മിഴിവോടെ ആവിഷ്ക്കരിച്ചു. മാതാവ്, ജനനി, ജനയിത്രി എന്നീ പദങ്ങളെല്ലാം അമ്മയെ കുറിക്കുന്നതെങ്കിലും കവിതയിൽ ഇവയിൽ ഒന്നിന്റെ സ്ഥാനത്ത് മറ്റൊരു പര്യായപദത്തെ പ്രതിഷ്ഠിക്കാനാവില്ലെന്നും അങ്ങനെ ചെയ്താൽ അർത്ഥം ചോർന്നു പോവുന്നതായാണ് തോന്നുകയെന്നും ആനന്ദവർദ്ധനൻ പറയുന്നു.[18]

ഉദാഹരണമായി കാളിദാസന്റെ അഭിജ്ഞാനശാകുന്തളത്തിൽ ശകുന്തളയെ ആദ്യമായി കാണുന്ന ദുഷ്യന്തന്റെ മനസ്സിലൂടെ ഒഴുകുന്ന ചിന്ത.

"കുസുമമിവ ലോഭനീയം യൗവനമംഗേഷു സന്നദ്ധം"[19]

---

13 സി. രാജേന്ദ്രൻ, *താരതമ്യകാവ്യശാസ്ത്രം* (കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരു: 2000), പു. 40.

14 Jacobson Roman, 'Linguistics and Poetics', *Modern criticism and theory,* Ed. David Lodge (Pearson Education, Singapore, 1988), p.39.

15 സി. രാജേന്ദ്രൻ, *താരതമ്യകാവ്യശാസ്ത്രം,* പു. 40.

16 വാമനൻ, *കാവ്യാലങ്കാരസൂത്രവൃത്തി, പരിഭാഷ, രീതിദർശനം* ചാത്തനാത്ത് അച്യുതനുണ്ണി (വള്ളത്തോൾ വിദ്യാപീഠം, ശുകപുരം, 1983), പു. 271.

17 "ആധാനോദ്ധരണേ താവത് യാവദ്ദോളായ തേ മന:
പദസ്യസ്ഥാപിതേ സ്ഥൈര്യോ ഹന്ത സിദ്ധാ സരസ്വതീ"ടി.പു. 270.

18 ആനന്ദവർദ്ധനൻ, *ധ്വന്യാലോകം,* സി. രാജേന്ദ്രൻ. *താരതമ്യകാവ്യശാസ്ത്രം,* പു. 42ൽ ഉദ്ധരിച്ചത്.

19 കാളിദാസൻ, *അഭിജ്ഞാനശാകുന്തളം,* ശ്ലോകം - 20, 1-ാം അങ്കം, കാളിദാസകൃതികൾ സമ്പൂർണ്ണം (കോട്ടയം, ഡി.സി. ബുക്സ്, 2004), പു. 338.

എന്നാണ്. ഇവിടെ രതി കേവലമായ ഭോഗാസക്തിക്കുള്ളതല്ല. മറിച്ച് അടുത്ത തലമുറയ്ക്ക് ജന്മം നൽകാനുള്ള സൃഷ്ടിപരമായ വികാരമാണെന്ന കാളിദാസദർശനത്തിന്റെ പ്രതിഫലനമാണ് 'സന്നദ്ധം' എന്ന പദം. ഈ ദർശനം ഇത്ര സമർത്ഥമായി ധ്വനിപ്പിക്കാൻ മറ്റൊരു പദവും ശക്തമാവുകയില്ല.

പദത്തിന്റെ പൂർവ്വാർദ്ധത്തിൽ അതായത് പ്രകൃതിയിൽ വരുത്തുന്ന വക്രതയായ പദപൂർവ്വാർദ്ധവക്രത, പദത്തിന്റെ പരാർദ്ധത്തിൽ - അതായത് പ്രത്യയാദികളിൽ വരുത്തുന്ന വക്രതയായ പരാർദ്ധവക്രത എന്നിങ്ങനെ പദതലത്തിൽ വരുത്തുന്ന വക്രതകളെ കുന്തകൻ ര ായി തിരിക്കുന്നു. ഇവയിൽ തെരഞ്ഞെടുപ്പ് എന്ന പ്രക്രിയ വ്യാപകമായി പ്രവർത്തിക്കുന്നത് പദപൂർവ്വാർദ്ധത്തിലാണ്.

ഭാഷാഘടനയിൽ രൂപം കൊ ് പദതലത്തിലും അർത്ഥം കൊ ് വാക്യതലത്തിലും ഊന്നി നിൽക്കുന്നവയാണ് സമസ്തപദങ്ങൾ. 'തൊട്ടാവാടി' എന്ന സമസ്തപദത്തിൽ 'തൊട്ടാൽ ഇതു വാടും' എന്ന വാക്യം നിലീനമാണ്. മസൃണരസങ്ങൾക്ക് ദീർഘസമാസങ്ങൾ കുറഞ്ഞ രചനയാണ് ശോഭിക്കുകയെന്നും രൗദ്രരസങ്ങൾക്ക് സമസ്തപദങ്ങൾ ദീപ്തിയേറ്റുന്നുവെന്നും ആനന്ദവർദ്ധനനൻ പറയുന്നു.[20] സമസ്ത പദങ്ങൾ സാഹിത്യഭാഷയുടെ ശക്തി കുറയ്ക്കുന്നുവെന്ന് മഹിമഭട്ടൻ[21] (ക്രി. പി. 1015-1100, കാശ്മീർ). രാജാവിന്റെ പുത്രൻ എന്ന പദത്തിന്റെ ശക്തി 'രാജപുത്രൻ' എന്ന സമസ്തപദത്തിനില്ലെന്ന് അദ്ദേഹം പറയുന്നു. രീതികളിൽ ഉൽകൃഷ്ടമായ വൈദർഭി തീരെ സമസ്തപദങ്ങളില്ലാത്തതും പാഞ്ചാലി അഞ്ചോ ആറോ സമസ്തപദങ്ങൾ ചേർന്നതും ഗൗഡി സമസ്തപദങ്ങൾ ധാരാളം ചേർന്നതും ആവന്തിക ര ോ, മൂന്നോ, നാലോ സമസ്തപദങ്ങൾ ചേർന്നതുമാണ്.

പദങ്ങളുടെ അജാഗരിതതലത്തെ ജാഗരിതമാക്കുകയാണ് കവികൾ ചെയ്യുന്നത്. ഭാവതലത്തിലേക്കുള്ള വാതായനമാണ് ഓരോ പദവും. വൈലോപ്പിള്ളിയുടെ 'മാമ്പഴം' എന്ന കവിതയിൽ

"പിണങ്ങിപ്പോയീടിലും പിന്നെ ഞാൻ വിളിക്കുമ്പോൾ
കുണുങ്ങിക്കുണുങ്ങി നീ ഉണ്ണുവാൻ വരാറില്ലേ"[22]

എന്ന വരികളിൽ എടുത്തു നിൽക്കുന്ന അതായത് പുരഃക്ഷേപണം ചെയ്യപ്പെടുന്ന പദമാണ് 'കുണുങ്ങിക്കുണുങ്ങി' എന്ന സമസ്തപദം. ഈ പദത്തിലൂടെ കുഞ്ഞിന്റെ ബാഹ്യരൂപവും ഭാവഭംഗിയും അനുഭവവേദ്യമാകുന്നു. കുഞ്ഞിന്റെ പിച്ചവയ്പിന്റെ മനോഹാരിത, അമ്മയോടുള്ള പിണക്കം, അതേസമയം അമ്മയുടെ കയ്യിലെ ആഹാരം കഴിക്കാനുള്ള കൊതി, പ്രത്യക്ഷത്തിലുള്ള നീരസത്തിനപ്പുറം വാസ്തവത്തിൽ അമ്മയോടുള്ള ഇഷ്ടം തുടങ്ങിയ ധാരാളം ഭാവങ്ങൾ ഈ ഒരൊറ്റ പദപ്രയോഗത്തിലൂടെ സാധ്യമാവുന്നു. ആധുനിക കവിതയുടെ പ്രോദ്ഘാടകനായി അറിയപ്പെടുന്ന എൻ.വി. കൃഷ്ണവാര്യരുടെ (1916 -89) കവിതകളുടെ സവിശേഷത അടിക്കടി ഉപയോഗിക്കുന്ന ക്രിയാപദങ്ങളുടെ ആധിക്യമാണ്.

---

20 ആനന്ദവർദ്ധനനൻ, *ധ്വന്യാലോകം,* പരിഭാഷ, സി.വി. വാസുദേവഭട്ടതിരി, പു. 49.

21 മഹിമഭട്ടൻ, *വ്യക്തിവിവേകം,* സി. രാജേന്ദ്രൻ. *താരതമ്യകാവ്യശാസ്ത്രം,* പു. 49ൽ ഉദ്ധരിച്ചത്.

22 വൈലോപ്പിള്ളിൽ ശ്രീധരമേനോൻ, *വൈലോപ്പിള്ളിക്കവിതകൾ* (സാഹിത്യപ്രവർത്തകസഹകരണസംഘം, എൻ. ബി. എസ്സ്, കോട്ടയം, 1984), പു. 56.

"ഉണർന്നെണീക്കുവിനടിമച്ചങ്ങല

പൊറുത്തിടാത്തോരേ!

ഉണർന്നെണീക്കുക തൻ നാടിന്നായ്

സമരം ചെയ്‌വോരെ"[23]

എന്നിങ്ങനെയുള്ള ക്രിയാപദങ്ങളുടെ ആധിക്യം കർമ്മവ്യഗ്രത വെളിപ്പെടുത്തുന്നു. ഇപ്രകാരം പദതലത്തിലെ സവിശേഷതകൾ കണ്ടെത്താനും കവി ഉദ്ദേശിച്ചതും ഉദ്ദേശിച്ചിട്ടില്ലാത്തതുപോലുമായ നൂതനാർത്ഥങ്ങൾ കണ്ടെത്താനും പദതലാപഗ്രഥനത്തിലൂടെ സാധിക്കുന്നു.

**3. വാക്യതലം**

കവിതയെ ശ്രദ്ധേയമാക്കുന്ന മുഖ്യഘടകമാണ് വാക്യങ്ങളുടെ സവിശേഷവിന്യാസം. പൂർണ്ണമായ ഒരാശയം പ്രകടിപ്പിക്കുന്ന ഭാഷയിലെ ഏറ്റവും ചെറിയ പദസമൂഹം എന്നതാണ് വാക്യത്തിന്റെ പരമ്പരാഗതമായ നിർവചനം.[24] എന്നാൽ വ്യാകരണസാധുത്വത്തെക്കുറിച്ച് ഈ നിർവചനം മൗനം പാലിക്കുന്നു. മാത്രമല്ല, പലപ്പോഴും പൂർണ്ണമായ ഒരാശയം പ്രകടിപ്പിക്കാൻ ഒരു വാക്യം മതിയായില്ലെന്ന് വരും. അതിനായി ഖണ്ഡികയോ, അദ്ധ്യായമോ, ഒരു കൃതി മുഴുവൻ തന്നെയോ വേണ്ടിവന്നേക്കാം. സങ്കീർണ്ണവാക്യങ്ങൾ ഉൾക്കൊള്ളാനും ഈ നിർവചനം പര്യാപ്തമല്ല. ഒരു ചിന്തയുടെ വ്യാകരണപരമായ സമ്പൂർണ്ണാവിഷ്കാരത്തെ രൂപവത്കരിക്കുന്നതും ഭാഷണത്തിനോടോ എഴുത്തിനോടോ ബന്ധപ്പെട്ടതുമായ പദസമൂഹമാണ് ആധുനിക വീക്ഷണമനുസരിച്ച് വാക്യം.[25] നിരർത്ഥകജല്പനങ്ങളും വ്യാകരണാനുസാരിയെങ്കിൽ വാക്യത്തിന്റെ വിശാലമണ്ഡലത്തിൽ പെടും.

വാക്യത്തിന് അർത്ഥപൂർത്തി വരുന്നത് സന്ദർഭവുമായി (context) ബന്ധപ്പെടുത്തുമ്പോഴാണ്. കേവലമായ ഭാഷാഘടന ശൈലീപരമായ സവിശേഷതയായി ഉയരുന്നത് സന്ദർഭവുമായി ബന്ധപ്പെടുമ്പോഴാണ്. ആശയവിനിമയം നടക്കുന്നത് വാക്യങ്ങളിൽകൂടിയാണ്. വാക്യതലത്തിന് താഴെയുള്ള തലങ്ങളെ ഒറ്റയ്ക്കൊറ്റയ്ക്ക് ഭാഷണത്തിൽ ഉപയോഗിക്കുന്നില്ല. അതിനാൽ ഭാഷാപഗ്രഥനത്തിൽ വാക്യവിചാരത്തിനാണ് കൂടുതൽ പ്രാധാന്യം.

പദം സ്വനസംഘാതമാണ്. വാക്യം പദസംഘാതവും. വാക്യതലത്തിലെ ഏകകമാണ് പദമെങ്കിൽ അതിവിശാലമായ ഭാഷണക്രിയാതലത്തിലെ ഏകകമാണ് വാക്യം. വ്യാകരണപരമായി എല്ലാ ഘടകങ്ങളും അടങ്ങിയ വാക്യം സമ്പൂർണ്ണവാക്യം. അവ സംസാരഭാഷയിൽ ചുരുക്കമായി മാത്രമേ ഉപയോഗിക്കാറുള്ളൂ. പ്രത്യക്ഷത്തിൽ പദമെന്ന് തോന്നുമെങ്കിലും പൂർണ്ണമായി ആശയവിനിമയം സാദ്ധ്യമാക്കുന്നതിനാൽ ലഘു

---

23 എൻ. വി. കൃഷ്ണവാര്യർ, 'ഉണരുക' *എൻ.വി.യുടെ കവിതകൾ* (സാഹിത്യപ്രവർത്തകസഹകരണസംഘം, എൻ. ബി.എസ്സ്, 1986), പു. 41.

24 അനിൽ വള്ളത്തോൾ. *വള്ളത്തോളിന്റെ കാവ്യശൈലി* (വള്ളത്തോൾ വിദ്യാപീഠം, ശുകപുരം, 1997), പു. 55.

25 P.H Mathews, *Syntax,* 3rd edn (Cambridge University Press, Cambridge, 1984), p.26.

വാക്യങ്ങളെയും വാക്യവിഭാഗത്തിൽ പെടുത്താം. ആഖ്യാതമില്ലാത്ത സംബോധന, ആഖ്യയില്ലാത്ത ലുപ്ത വാക്യം, ഇവ ര ുമില്ലാത്ത വ്യാക്ഷേപകം മുതലായ അപൂർണ്ണവാക്യങ്ങൾ ലഘുവാക്യത്തിൽപെടുന്നു.

കവിതയിലെ വാക്യഘടന സഹൃദയാഹ്ലാദജനകമായിരിക്കണം. ഇതിന് കാവ്യാത്മകവിന്യാസം (Poetic Syntax) എന്നു പറയും. പദ്യത്തിൽ മാത്രമല്ല, ഗദ്യത്തിലും ഇതു പ്രസക്തമാണ്. കവിതയിലെ ആശയത്തിലേക്ക് ഉൾക്കാഴ്ച നൽകാൻ കാവ്യാത്മകവാക്യവിന്യാസം സഹായകമാണ്. പ്രവചനാതീതമായ വാക്യഘടന കൃതിയുടെ ചൈതന്യത്തെയാണ് ഉയർത്തിക്കാട്ടുന്നത്. വൈചിത്ര്യത്താൽ സവിശേഷഭാവം സൃഷ്ടിക്കാൻ പര്യാപ്തമല്ലാത്ത വാക്യഘടന കാവ്യാത്മകമല്ല. പുതിയതും അപരിചിതവുമായ പദങ്ങൾ കൂട്ടിച്ചേർത്തോ അപൂർണ്ണവാക്യങ്ങൾ ചേർത്തോ, സാധാരണ ക്രമം തെറ്റിച്ചോ, സാധാരണതയിൽ അസാ ധാരണമായ പൊരുത്തം വരുത്തിയോ കവികൾ വാക്യഘടനയെ നവീകരിക്കുന്നു. ഇത്തരത്തിലുള്ള വ്യതി ചലനങ്ങളിലൂടെയും ആവർത്തനത്തിലൂടെയും വൈരുദ്ധ്യങ്ങളുടെ സംയോജനത്തിലൂടെയുമെല്ലാം അർത്ഥം പുരഃക്ഷിപ്തമാവുന്നു. ഇങ്ങനെ നാനാതരത്തിലുള്ള ഘടനകൾ സൃഷ്ടിച്ചുകൊ ് ഭാഷയെ നവീ കരിക്കാനും ഉപയോഗിച്ചു പഴകിയ പ്രയോഗങ്ങളിൽ നിന്നും രക്ഷപ്പെടുത്താനും കവികൾക്ക് കഴിയുന്നു. ഉദാഹരണമായി കുമാരനാശാന്റെ '*ലീല*'യിൽ മദനനെ അന്വേഷിച്ചു തിരിച്ചെത്തിയ മാധവി, ലീലയോട്

> "പ്രണയപരവശേ, ശുഭം നിന -
> ക്കുണരുക, ഉ ാരുദിക്കിൽ നിൻപ്രിയൻ"[26]

എന്നു പറയുന്ന ഭാഗത്ത് സാധാരണ വാക്യക്രമം തെറ്റിച്ചുകൊ ് ശുഭം നിനക്ക്, ഉ ാരു ദിക്കിൽ എന്നിങ്ങനെ പ്രയോഗിച്ചതു വഴി ആകാംക്ഷക്ക് സത്വരശമനം വരുത്തുന്നു.

ഇത്തരത്തിൽ അംഗീകൃതവാക്യഘടനകൾ കൊ ് ഉല്പാദിപ്പിക്കാവുന്ന അർത്ഥസീമകളെ അതിലം ഘിച്ച് അനുഭൂതിമണ്ഡലങ്ങളിലെ അവാച്യമേഖലകളിലേക്ക് അനുവാചകനെ നയിക്കാനുള്ള മാർഗ്ഗമാണ് കാവ്യഭാഷയിലെ വാക്യഘടനാവ്യതിയാനങ്ങൾ.

വർണ്ണതലം, പദതലം, എന്നിവയിലെന്നപോലെ വാക്യതലത്തിലും 'തെരഞ്ഞെടുപ്പ്' എന്ന ശൈലീവി ജ്ഞാനീയസങ്കല്പം പ്രസക്തമാണ്. കർത്തരികർമ്മണി പ്രയോഗങ്ങളുടെ സാന്നിദ്ധ്യവും സ്വഭാവവും, കാല ത്തിന്റെ ഉപയോഗം, ക്രമവിപര്യയം, പ്രത്യക്ഷപരോക്ഷ ഭാഷണങ്ങൾ, ഉത്തമമദ്ധ്യമ പ്രഥമ പുരുഷന്മാരുടെ പ്രയോഗം, ഇവയിലേതിലെങ്കിലുമുള്ള ഊന്നൽ എന്നിവ സാഹിത്യകൃതിയിലെ വാക്യഘടനയ്ക്ക് സവിശേഷസ്വ ഭാവം നൽകുന്നു. അതിദീർഘമോ, അതിഹ്രസ്വമോ ആയ വാക്യങ്ങളുപയോഗിക്കുക, വാക്യങ്ങളിൽ സാധാ രണ ക ുവരുന്ന ആഭ്യന്തരഘടന മാറ്റി മറിയ്ക്കുക, കർത്താവ്, കർമ്മം, ക്രിയ മുതലായ വാക്യഘടകങ്ങളി ലൊന്നിനെയോ പലതിനെയോ വിട്ടുകളയുക, ഒരേ വാക്യഘടന പലവട്ടം ആവർത്തിക്കുക തുടങ്ങിയവ യാണ് പൊതുവെ കവിതയിൽ ഉപയോഗിക്കുന്ന വാക്യരചനാതന്ത്രങ്ങൾ. ഒരേ വാക്യഘടന ഒന്നിലധികം തവണ ആവർത്തിക്കുന്നതുകൊ ് കൈവരുന്ന പൊരുത്തമാണ് സമാന്തരത (Parallelism) എന്ന ഗുണം. "ശബ്ദസുഖം, താളം, വൃത്തരചന, പ്രാസങ്ങൾ, വാക്യാംഗങ്ങളുടെ സമമിതി, പ്രത്യേകരീതിയിലുള്ള

---

26 കുമാരനാശാൻ, *ലീല,* 1-ാം സർഗ്ഗം, 1-ാം ശ്ലോകം (പ്രഭാത് ബുക്ക് ഹൗസ്, തിരു:, 1992),പു. 32.

ശബ്ദപരമായ പ്രയോജനങ്ങൾക്ക് പുറമെ ചില ആശയങ്ങളിൽ ഊന്നൽ, ഏകാദേശാന്വയ പരിത്യാഗം, അർത്ഥബോധത്തെ വാക്യാവസാനത്തിലേക്ക് നീട്ടിവെച്ച് നിർവഹണത്തിൽ അത്ഭുതരസം ജനിപ്പിക്കൽ, പഴമയുടെ ബോധം ജനിപ്പിക്കൽ, നാടകീയത, പരിഹാസം, കഥാപാത്രങ്ങളുടെ ചില പ്രത്യേകതകൾ ധ്വനിപ്പിക്കൽ, എഴുത്തുകാരൻ ഒരു വർണ്ണ്യവസ്തുവിനെ ക ക്രമമവും അതിനെ വിവരിക്കുന്ന ക്രമവും തമ്മിൽ പൊരുത്തപ്പെടുത്തൽ മുതലായ ഭാഷാപരവും സൗന്ദര്യാവബോധപരവും മനഃശാസ്ത്രപരവുമായ പല പ്രയോജനങ്ങളും വാക്യങ്ങളുടെ ക്രമവിപര്യയം കൊ ് നേടാം."[27]

പദങ്ങളുടെ സാധാരണക്രമം ദീക്ഷിച്ചുകൊ ുള്ള രചനാവിന്യാസം, സാധാരണ വാക്യക്രമത്തെ ലംഘിച്ചുകൊ ുള്ള വിന്യാസം, വാക്യഘടനയിൽ പലതും ലോപിപ്പിച്ചുകൊ ുള്ള വിന്യാസരീതി, ഒരേ തരത്തിൽ വാക്യഘടന ആവർത്തിച്ചുകൊ ുള്ള വിന്യാസം എന്നിങ്ങനെ ഭാവപ്രകടനത്തിനുയോജ്യമായ പല തരം വാക്യവിന്യാസരീതികളും സാന്ദർഭികമായി കവി ഉപയോഗിച്ചേക്കാം.

**വാക്യാപഗ്രഥനരീതികൾ**

വാക്യഘടനാപഗ്രഥനത്തിൽ ഏറ്റവും ലളിതവും പ്രചുരപ്രചാരവുമായത് സന്നിഹിത ഘടകാപഗ്രഥനരീതിയാണ് (Immediate Constituent Analysis). അമേരിക്കൻ ഭാഷാശാസ്ത്രജ്ഞനായ ബ്ലൂംഫീൽഡ് (1887-1949) അവതരിപ്പിച്ച ഈ രീതി അമേരിക്കൻ ഭാഷാശാസ്ത്രജ്ഞരായ റൂളർ വെൽസ്, സെല്ലിങ് ഹാരിസ് (Zeliag Hairs, 1915-92) എന്നിവർ വികസിപ്പിച്ചു. ഉച്ചരിക്കപ്പെടുന്ന വാക്യങ്ങളെ ഘടകങ്ങളായി തിരിക്കുന്ന ഈ രീതി വാക്യത്തിലെ മൂലവാക്യങ്ങളെ ജനിപ്പിക്കാൻ ഏറ്റവും സഹായകമാണ്. എന്നാൽ ഈ രീതി സങ്കീർണ്ണ വാക്യഘടനകളിൽ പലതിന്റെയും അപഗ്രഥനത്തിന് അപര്യാപ്തമായിരുന്നു. ഇതിന്റെ അപര്യാപ്തതകളെ മറികടക്കാൻ രചനാന്തരണ സിദ്ധാന്തത്തിന് (Transformational Theory) കഴിഞ്ഞു. ഇതിന് തുടക്കം കുറിച്ചത് പെൻസിൽ വാനിയ സർവ്വകലാശാലയിലെ ഭാഷാശാസ്ത്ര പ്രൊഫസറായ ഹാരിസാണെങ്കിലും ഇന്നത്തെ നിലയിൽ വളർത്തിയെടുത്തത് അമേരിക്കൻ ഭാഷാശാസ്ത്രജ്ഞനായ നോം ചോംസ്കി (ജ. 1928) ആണ്.

പദസംഹിതാരചനാവ്യാകരണം (Phrase Structure Grammar- P.S Grammar) രചനാന്തരണ വ്യാകരണം (Transformational Generative Grammar - T.G. Grammar) എന്നിങ്ങനെ ര ് തരം വ്യാകരണ മാതൃകകൾ ചോംസ്കി അവതരിപ്പിക്കുകയു ായി. 'സന്നിഹിത ഘടകാപഗ്രഥന'ത്തെ പുതുരൂപത്തിൽ അവതരിപ്പിച്ചതാണ് പി.എസ്സ്. വ്യാകരണം. മൂലവാക്യങ്ങൾ ജനിപ്പിക്കൽ പി. എസ്സ് വ്യാകരണവും അവയിൽ നിന്നും മറ്റു വാക്യങ്ങൾ ഉല്പാദിപ്പിക്കൽ രചനാന്തരണ വ്യാകരണവുമാണ്. ഒരേ ആശയം തന്നെ പല രീതിയിൽ പ്രകടിപ്പിക്കുകയാണ് രചനാന്തരണത്തിന്റെ ധർമ്മം. ഓരോ എഴുത്തുകാരനും രചനാന്തരണസാദ്ധ്യതകളെ വിവിധ തരത്തിൽ പ്രയോഗിക്കുന്നു. ഈ വ്യത്യാസമാണ് ശൈലീപരമായ സവിശേഷതയ്ക്കാധാരം. ഇഷ്ടമുള്ള രചനാന്തരണസാധ്യതകൾ വിനിയോഗിക്കാൻ എഴുത്തുകാരന്

27 എൻ.വി. കൃഷ്ണവാരിയർ, വള്ളത്തോളിന്റെ കാവ്യശില്പം, പു. 39.

സ്വാതന്ത്ര്യമു ്. വക്താവിന്റെ രുചിഭേദം, സന്ദർഭം എന്നിവ തെരഞ്ഞെടുപ്പിനെ സ്വാധീനിക്കുന്നു. ഘടക ങ്ങളെ പുനഃസംഘടിപ്പിച്ചോ ലോപിപ്പിച്ചോ ആദേശിച്ചോ വാക്യഘടനകൾ സൃഷ്ടിക്കാം.

1962ൽ ഹാരിസ് പ്രസിദ്ധപ്പെടുത്തിയ വാക്യഘടനാതത്ത്വങ്ങളിൽ, ഒരു വാക്യം എത്ര ഭാഷാഘടന കൾ ചേർന്നതായാലും കേന്ദ്രമായി വർത്തിക്കുന്ന ഭാഗം പ്രധാനമാണെന്നും അതിനെ ആശ്രയിച്ചാണ് വാക്യഭാഗങ്ങൾ നിലകൊള്ളുക എന്നുമുള്ള സിദ്ധാന്തം പ്രസക്തമാണ്. ഉദാഹരണമായി

"എഴുതേ ുന്നൊരു പുസ്തകമു േ ാ
എഴുതിത്തീർന്നൊരു പുസ്തകമു േ ാ
മുഷിയാതുള്ളൊരു പുസ്തകമു േ ാ
മഷിയെന്തിനു ഞാൻ പാഴാക്കുന്നു" (കു. ക്ക.പു. 100)

എന്ന കുഞ്ഞുണ്ണിക്കവിതയിൽ 'മഷിയെന്തിനു ഞാൻ പാഴാക്കുന്നു' എന്ന പ്രധാനഭാഗം അനുബന്ധവാ ക്യങ്ങൾ ചേർന്ന് വികസിച്ചിരിക്കുന്നു.

"എഴുതേ പുസ്തകം
എഴുതിയ പുസ്തകം
മുഷിയാത്ത പുസ്തകം
പാഴാക്കിയ മഷി " എന്നീ മൂലവാക്യങ്ങളുടെ രചനാന്തരണമാണ് ഈ വരികൾ.

രചനാന്തരണം മൂലവാക്യത്തിന്റെ അർത്ഥത്തിന് വ്യത്യാസം വരുത്താൻ പാടില്ലെന്ന നിഗമനത്തെ അംഗീകരിച്ചാണ് 1965ൽ ചോംസ്കി തന്റെ രചനാന്തരണസിദ്ധാന്തം മാറ്റിയെഴുതിയത്. വാക്യങ്ങൾക്ക് ബാഹ്യഘടന കൂടാതെ ആന്തരഘടന കൂടിയു ്. ആന്തരഘടനയിൽ നിന്ന് ബാഹ്യഘടനയിലേക്കുള്ള പരി വർത്തനമാണ് പുതിയ സിദ്ധാന്തമനുസരിച്ച് രചനാന്തരണം. വാക്യത്തിലെ അടിസ്ഥാനപരമായ യുക്തിഭ ദ്രതയാണ് ആന്തരഘടന. അത് അമൂർത്തമാണ്. ബാഹ്യഘടനയിലൂടെ എഴുത്തുകാരനോ ഭാഷകനോ ആഭ്യന്തര ഘടനയെ പുനഃസൃഷ്ടിക്കുകയാണ്. ആഭ്യന്തഘടനയിലെ അർത്ഥം രചനാന്തരണങ്ങൾക്കിടയിൽ തീരെ ചോർന്നു പോവരുതെന്ന് ചോംസ്കി പറയുന്നു. അതായത് രചനാന്തരണം മൂലവാക്യത്തിന്റെ അർത്ഥത്തിന് വ്യത്യാസം വരുത്തരുത്.

കവിതയിലെ വാക്യഘടനാപഗ്രഥനത്തിൽ രചനാന്തരണനിയമങ്ങൾ ഏറെ പ്രസക്തമാണ്. കർമ്മ ണിപ്രയോഗങ്ങൾ, പ്രകാരഭേദങ്ങൾ, നിഷേധവാക്യങ്ങൾ, പരോക്ഷഭാഷണങ്ങൾ, ക്രമവിപര്യയങ്ങൾ എന്നിവ യെല്ലാം രചനാന്തരണത്തിന്റെ അടിസ്ഥാനത്തിൽ വ്യാഖ്യാനിക്കാവുന്നതാണ്. രചനാന്തരണത്തിന്റെ അടി സ്ഥാനതത്ത്വങ്ങളെക്കുറിച്ചുള്ള വാദപ്രതിവാദങ്ങൾ ഇന്നും നടന്നുകൊ ിരിക്കുന്നു. അനന്തമായ വാക്യ സാദ്ധ്യതകളെ ഉൾക്കൊള്ളാൻ കഴിഞ്ഞ ഈ രീതി ഭാഷയുടെ സൃഷ്ട്യുന്മുഖത കഴിയുന്നത്ര പ്രകടിപ്പിക്കാൻ ഉതകും.

**വാക്യാപഗ്രഥനം പൗരസ്ത്യവീക്ഷണത്തിൽ**

ആധുനിക ഭാഷാശാസ്ത്രത്തിലെ വാക്യസിദ്ധാന്തം പല നിലയിലും ഭാരതീയ വാക്യസിദ്ധാന്തവുമായി പൊരുത്തപ്പെടുന്നു. പ്രാചീന മീമാംസകരുടെ മതമനുസരിച്ച് ഒരു വാക്യത്തിലെ പദങ്ങൾ ഘടിപ്പിക്കപ്പെട്ടിരിക്കുന്നത് ആകാംക്ഷ, യോഗ്യത, സന്നിധി എന്നിവ മൂലമാണ്. ഇവ മൂന്നും ചേർന്നാണ് അർത്ഥത്തെ സാധ്യമാക്കുന്നത്. വാക്യപൂർത്തിക്കുള്ള ആകാംക്ഷ തന്നെ ആകാംക്ഷ. 'വെള്ളം നനയ്ക്കുന്നു.' എന്നിങ്ങനെ ര ് വാക്കുകൾ പരസ്പരം ഇണങ്ങിനിന്ന് അർത്ഥബോധത്തെ ഉളവാക്കുന്നതാണ് യോഗ്യത. ഒരു വാചകത്തിലെ വാക്കുകൾ തമ്മിൽ ആവശ്യത്തിലധികം ഇടവേള ഇല്ലാതെ സുഗമമായ അർത്ഥബോധം നൽകുന്നതാണ് സന്നിധി. ഇപ്രകാരം വ്യാകരണ ശാസ്ത്രപ്രസിദ്ധമായ ആകാംക്ഷായോഗ്യതാദികളാൽ പരസ്പരാന്വിതമായി അർത്ഥബോധമുളവാക്കുന്ന പദസമുദായമാണ് വാക്യം.[28]

ഭാരതീയാചാര്യനായ ഭർത്തൃഹരിയുടെ (19-ാം നൂറ്റാ ്) സ്ഫോടസിദ്ധാന്തം ഒരു വാക്യത്തെ മുഴുവൻ ഒന്നായ ഒരു ഘടകം, സ്ഫോടം ആയി കണക്കാക്കുന്നു. വാക്യത്തെ ഏറ്റവും ചെറുതും സ്വതന്ത്രവുമായ ഒരു ഉക്തി എന്നു നിർവചിക്കുമ്പോൾ അമേരിക്കൻ ഭാഷാശാസ്ത്രജ്ഞനായ ബ്ലൂം ഫീൽഡ് (1887 - 1949) അർത്ഥമാക്കുന്നതും ഇതു തന്നെ.[29] പൂർണ്ണമായ ഒരാശയത്തെ പ്രതിപാദിക്കുന്ന ഏറ്റവും ചെറിയ ഏകകമാണ് വാക്യം.

വാക്യത്തിലെ കർത്താവ്, കർമ്മം, ക്രിയ എന്നിവയുടെ സ്ഥാനത്തെയാണ് വാക്യശൈലീവിജ്ഞാനീയം വിശകലനം ചെയ്യുന്നത്. കുന്തകന്റെ സങ്കല്പത്തിലെ വാക്യവക്രത ഇതിൽ നിന്നും ഭിന്നമാണ്. സൃഷ്ടിയുടെ ദിവ്യമുഹൂർത്തത്തിൽ വാക്യത്തിന്റെ തലത്തിൽ സംഭവിക്കുന്ന സഹൃദയാഹ്ലാദകരമായ വൈചിത്രമാണ് വാക്യവക്രത.[30] ഇവിടെ അലങ്കാരമാണ് പ്രധാന അന്വേഷണവിഷയം. കുന്തകന്റെ കാഴ്ചപ്പാടിൽ എല്ലാം അലങ്കാരങ്ങളും വാക്യവക്രതയിൽ അന്തർഭവിക്കുന്നു. എന്നാൽ ആധുനിക ശൈലീവിജ്ഞാനീയം വാക്യഘടനക്ക് കവികൾ വരുത്തുന്ന വ്യതിയാനങ്ങളുടെ ശൈലീപരമായ സവിശേഷതയാണ് വിശകലനം ചെയ്യുന്നത്.

കുമാരിലഭട്ടന്റെ (ഭാട്ടമതസ്ഥാപകനായ മീമാംസകൻ, 590-660) അഭിഹിതാന്വയപ്രകാരം നാം ഒരു വാചകം കേൾക്കുമ്പോൾ ആ വാചകത്തിന്റെ മുഴുവൻ അർത്ഥവും ആദ്യം വെളിപ്പെടുന്നില്ല. ആ വാചകത്തിലുള്ള വ്യത്യസ്ത അർത്ഥങ്ങൾ ആദ്യം മനസ്സിലാക്കുകയും പിന്നീട് വാക്കുകൾ തമ്മിൽ അന്വയിക്കപ്പെട്ട് അർത്ഥബോധം തരികയുമാണ് ചെയ്യുന്നത്. അതായത് വാക്കുകളിൽ നിന്നും വ്യത്യസ്തമായ അർത്ഥബോധം തരാൻ വാചകത്തിന് സാധ്യമല്ല. എന്നാൽ പ്രഭാകരന്റെ (പൂർവ്വമീമാംസാചാര്യൻ, 620-820) അന്വിതാഭിധാനപ്രകാരം വ്യത്യസ്ത അർത്ഥങ്ങൾ പുലർത്തുന്ന വാക്കുകൾ വാചകത്തിലു കിൽപ്പോലും വാചകത്തിന്റെ അർത്ഥബോധം വാക്കുകളുടെ അർത്ഥബോധത്തെ കവിഞ്ഞു നിൽക്കുന്നു എന്നാണ്.

---

28 പൂജപ്പുര കൃഷ്ണൻ നായർ, *വക്രോക്തികൈരളി* (കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരു:, 2003), പു. 316.

29 Leonard bloomfield, *Language* (Holt Rinchart and Winston, New York, 1961), p. 170.

30 പൂജപ്പുര കൃഷ്ണൻനായർ, *വക്രോക്തികൈരളി,* പു. 316.

എല്ലാ വാക്കുകൾക്കുമുള്ള ആദ്യാർത്ഥം അഭിധ. ഒരു വാചകത്തിന്റെയോ വാക്കിന്റെയോ പ്രാഥമികമായ അർത്ഥം സന്ദർഭത്തിന് യോജിക്കാതെ വരുമ്പോൾ അതിനു നൽകുന്ന ര ാമത്തെ അർത്ഥം ലക്ഷണ. കവിതയിലും കാവ്യാത്മക പ്രയോഗങ്ങളിലും വാക്കിന്റെ നിരവധി അർത്ഥതലങ്ങളെ സാധ്യമാക്കാനുള്ള കഴിവാണ് വ്യഞ്ജന. ഇവ മൂന്നും ഒത്തിണങ്ങിയ വാക്യമേ അർത്ഥം പ്രകാശിപ്പിക്കൂ.

ഉയർന്ന ആശയമേഖലയെ ശരിയായ വിധം അനാവരണം ചെയ്ത് ആസ്വദിക്കുന്നതിന് അനുവാചകമനസ്സിൽ തന്നെ ഒരു വാക്യാപഗ്രഥനം നടക്കുന്നു ്. ഇതിനെ വസ്തുനിഷ്ഠമായി വിവരിക്കുകയാണ് ശൈലീവിജ്ഞാനി. വാക്യങ്ങൾ, ഉപവാക്യങ്ങൾ, പ്രത്യക്ഷ-പരോക്ഷ ഭാഷണങ്ങൾ, ഉത്തമ-മദ്ധ്യമ - പ്രഥമ പുരുഷന്മാരുടെ പ്രയോഗം, സമാന്തരപ്രയോഗം, ദ്വന്ദീകരണം, സന്തുലിതത്വം, ഊന്നൽ, സമമിതി, ഭാരതീയാലങ്കാരികന്മാർ പരാമർശിക്കുന്ന ക്ലിഷ്ടം, വിരുദ്ധബന്ധം, ഉക്തപദം, തുടങ്ങിയ വാക്യദോഷങ്ങൾ എന്നിവയെല്ലാം ശൈലീവിജ്ഞാനീയത്തിൽ ഇനം തിരിച്ച് പഠിക്കപ്പെടുന്നു.[31] അനേകം വാക്യങ്ങൾ തമ്മിലുള്ള നാനാവിധമായ ബന്ധവൈചിത്ര്യങ്ങളും പഠനവിധേയമാക്കുന്നതിനാൽ ഇതരഭാഷാശാസ്ത്രമേഖലകളെക്കൂടി ഉൾക്കൊള്ളാൻ ശൈലീവിജ്ഞാനിക്ക് കഴിയുന്നു. വാക്യത്തിലെ അവാന്തരഘടകങ്ങൾ തമ്മിലുള്ള ബന്ധം, വാക്യത്തിലെ പദക്രമം, ആഖ്യാനം, അന്വാഖ്യാനം, പുരാവൃത്തങ്ങൾ, ബിംബങ്ങൾ, പ്രതീകങ്ങൾ തുടങ്ങി വിപുലമാണ് ശൈലീവിജ്ഞാനീയത്തിന്റെ മേഖല. [32]

**4. അലങ്കാരതലം**

കാവ്യഭാഷയുടെ പുരഃക്ഷേപണത്തിനുള്ള പ്രധാന ഉപാധിയാണ് അലങ്കാരപ്രയോഗങ്ങൾ. സാഹിത്യത്തിൽ - പ്രത്യേകിച്ചും കവിതയിൽ അനുഭൂതി സംക്രമണത്തിന് ഉപയുക്തമായ പ്രധാന ഘടകമാണിത്. വിചിത്രമായ വർണ്ണപദവിന്യാസരീതി എന്ന നിലയിൽ ഭാരതീയാലങ്കാരികന്മാർ അലങ്കാര പ്രയോഗങ്ങളെ ക ി

31 സി.പി. ശിവദാസൻ, 'ഇടശ്ശേരിയുടെ കാവിലെ പാട്ട്' *ശൈലീവിജ്ഞാനീയം - സമകാലപഠനങ്ങൾ,* പ്രസാ: ചാത്തനാത്ത് അച്യുതനുണ്ണി, എം. ആർ. രാഘവവാരിയർ (വള്ളത്തോൾ വിദ്യാപീഠം, ശുകപുരം, 1984), പു. 65.

32 എൻ. വി. കൃഷ്ണവാരിയർ, വള്ളത്തോളിന്റെ കാവ്യശില്പം, പു. 43.

രുന്നു.[33] ഭാരതീയ കാവ്യശാസ്ത്രമാകെ അലങ്കാരശാസ്ത്രം എന്നറിയപ്പെടുന്നു. അലങ്കാരത്തിന്റെ ധർമ്മം, അവയുടെ സ്ഥാനം, വിഭജനം, എന്നീ കാര്യങ്ങളിൽ അവർ പുറപ്പെടുവിച്ച വ്യത്യസ്താഭിപ്രായങ്ങളെ ചേർത്തുവെച്ചാൽ പൊതുവെ കാവ്യഭാഷയുടെ അപരിചിതവത്കരണത്തിനോ രസാഭിവ്യഞ്ജനത്തിനോ ഉള്ള ഉപാധിയായി അവർ അലങ്കാരത്തെ ക ു എന്നു മനസ്സിലാക്കാം. പാശ്ചാത്യസാഹിത്യത്തിൽ അരിസ്റ്റോട്ടിലിന്റെ (ക്രി. മു. 384-322) കാലത്ത് റെട്ടറിക്സ്, പോയറ്റിക്സ് എന്നീ പദങ്ങൾ അലങ്കാരശാസ്ത്രം, കാവ്യമീമാംസ എന്നീ അർത്ഥങ്ങളിൽ ഉപയോഗിക്കപ്പെട്ടു. പ്ലേറ്റോ (ക്രി. മു. 407-347) കാവ്യഭാഷയെയും അതിലെ ഉക്തിവൈചിത്ര്യങ്ങളെയും ഭ്രാന്തജല്പനങ്ങളായി ക പ്പോൾ അരിസ്റ്റോട്ടിൽ കാവ്യഭാഷയുടെ സാമാന്യതയിൽ നിന്നുള്ള വ്യതിചലനങ്ങളുടെ ശാസ്ത്രമായി റെട്ടറിക്സിനെ - അലങ്കാരശാസ്ത്രത്തെ വികസിപ്പിച്ചു. അലങ്കാരകല്പനകളിൽ ദീക്ഷിക്കേ ഔചിത്യത്തെപ്പറ്റി പൗരസ്ത്യരെപ്പോലെ പാശ്ചാത്യരും ബോധവാന്മാരായിരുന്നു. പൗരസ്ത്യസാഹിത്യത്തിൽ ആനന്ദവർദ്ധനൻ (ക്രി.പി. 840-890), ക്ഷേമചന്ദ്രൻ (ക്രി.പി. 1000 - 1080) എന്നിവരെപ്പോലെ യവനചിന്തകനായ ലോംഗിനസ്സും ഇറ്റലിക്കാരനായ ഡാന്റെയും (ക്രി.പി. 1265-1321) കാവ്യഭാഷയിൽ ദീക്ഷിക്കേ ഔചിത്യത്തെപ്പറ്റി പറഞ്ഞിട്ടു ്.[34] ഭാരതീയ ആലങ്കാരികന്മാർ ഉപമയ്ക്ക് കൂടുതൽ പ്രാധാന്യം നൽകിയപ്പോൾ പാശ്ചാത്യർ-അരിസ്റ്റോട്ടിൽ തൊട്ടുതന്നെ രൂപകത്തിന് കൂടുതൽ പ്രാധാന്യം നൽകി.[35]

---

33 'ഉഭാവേ താവലങ്കാര്യൗ
തയോ: പുനരലംകൃതി:
വക്രോക്തിരേവ വൈദഗ്ദ്ധ്യ -
ഭംഗീ ഭണിതിരുച്യതേ" - കുന്തകൻ, *വക്രോക്തി കാവ്യജീവിതം* (1-10), ഉണിത്തിരി എൻ. വി. പി., *വക്രോക്തി :കാവ്യജീവിതം* (കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരു: 2001), പു. 86.

34 'അനൗചിത്യാദൃതേ നാന്യദ് രസഭംഗസ്യകാരണം
പ്രസിദ്ധൗചിത്യബന്ധസ്തു കാവ്യം രസസ്യോപനിഷത് പരാ"
-ആനന്ദവർദ്ധനൻ, ധ്വാന്യലോക: (10-14)
സുധാംശുചതുർവേദി, *ഭാരതീയകാവ്യശാസ്ത്രവിചിന്തനം* (ഗീത പ്രൈവറ്റ് ലിമിറ്റഡ്, തൃശ്ശൂർ, 2003), പു. 216.
"കാവ്യസ്വാവലങ്കാരൈ : കിം. മിഥ്യാ . . . . . . .
. . . ഔചിത്യം രസസിദ്ധസ്യ സ്ഥിരം കാവ്യജീവിതം" -
ക്ഷേമചന്ദ്രൻ *ഔചിത്യവിചാരചർച്ച,* ടി.പു. 278.
Logineus, Longinus on the subline, Tr. T.S. Dorsch. അച്യുതൻ എം. *പാശ്ചാത്യസാഹിത്യദർശനം.* പു. 205. Dante. "On the vulgur Tongue' - നെല്ലിക്കൽ മുരളീധരൻ. വിശ്വസാഹിത്യദർശനങ്ങൾ. (ഡി.സി. ബുക്സ്, കോട്ടയം, 2004), പു. 63.

35 "ഉപമൈക ശൈലുഷീ
സംപ്രാപ്താചിത്രഭൂമികാഭേദാൻ
രഞ്ജയതീ കാവ്യരംഗേ
നൃത്യന്തീ തദ്വിതാം ചേത:" അപ്പയ്യദീക്ഷിതർ, 'ചിത്രമീമാംസ', കെ. സുകുമാരപിള്ള, *കാവ്യമീമാംസ* (കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരു: 1986), പു. 234.
"അലങ്കാര ശിരോരത്നം
സർവ്വസ്വം കവിസമ്പദാം
ഉപമാ കവിവംശസ്യ
മാതാവൈതി മതിർ മമ" - രാജശേഖരൻ, *കാവ്യമീമാംസ,* ടി.പു. 112.

സൗന്ദര്യത്തോടൊപ്പം അലങ്കാരം കാവ്യത്തിന് ശക്തിയും പ്രദാനം ചെയ്യുന്നു ്. ഉചിതമായ അലങ്കാരപ്രയോഗത്തിലൂടെ കവികൾക്ക് വിവക്ഷിതം അനുവാചകഹൃദയത്തിൽ ആഞ്ഞു തറയ്ക്കുമാറ് ആവിഷ്ക്കരിക്കാനാവുന്നു. ഭാരതീയ കവികളിൽ കാളിദാസനാണ് ഇക്കാര്യത്തിൽ എന്നേക്കും മികച്ച മാതൃക. നിയോക്ലാസിക് കാലഘട്ടത്തിൽ പൊതുവെ പാണ്ഡിത്യപ്രകടത്തിനും കാവ്യലക്ഷണം ഒപ്പിക്കാനുള്ള ഉപാധിയുമായ അലങ്കാരം റൊമാന്റിക് കാലഘട്ടത്തിൽ ഭാവനാപൂർണ്ണമാവുകയും ഭാവാവിഷ്ക്കാരത്തിന് അനുയോജ്യമാവുകയും ചെയ്തു. പൊതുവെ ആധുനിക കവികളിൽ പ്രാചീനരിലെന്നപോലെ അലങ്കാരങ്ങൾ ഭാവത്തെ മോടിപിടിപ്പിക്കാനോ, സുവ്യക്തമാക്കാനോ ബോധപൂർവ്വം ചേർക്കുന്ന ഉപാധിയല്ല. മറിച്ച് പ്രകടിപ്പിക്കാനുദ്ദേശിക്കുന്ന മാനസികാവസ്ഥകൾക്കനുസരിച്ച് സ്വാഭാവികമായി അവ വന്നു ചേരുന്നു. ആധുനിക കവിതകളിൽ സാധാരണധർമ്മം പോലെയുള്ള വിശദാംശങ്ങൾ ഒഴിവാക്കിയതോടെ കല്പനകളുടെ സാംഗത്യം ക ുപിടിക്കാനുള്ള ബാദ്ധ്യത പൂർണ്ണമായും അനുവാചകനായി. തന്മൂലം ഉപമയേക്കാൾ ലുപ്തോപമയും പര്യായോക്തവുമെല്ലാം പ്രധാനമാവുകയും അതോടെ കവിത കൂടുതൽ ധ്വന്യാത്മകവും ദുർഗ്രഹവുമാവുകയും ചെയ്തു.

"മൂഢഗർഭങ്ങൾ മൂറ്റുന്നു
വയലിൽ, കർമ്മവാസന
ചാപിള്ള പെറ്റു ഞെട്ടുന്നു
ചുരത്തുന്നു നിണം പശു"[36]

"ഇളയനിൻ കൈകളാൽ
പൊക്കിയെറിഞ്ഞീടുകീ പെരും വാർപ്പ്
നൂറായി നുറുങ്ങട്ടേ
ക്ഷീരപഥത്തിൻ തിളപ്പുകൾ"[37]

എന്നീ വരികൾ ഉദാഹരണം. തന്മൂലം കാവ്യാസ്വാദനം അനുവാചകന് കൂടുതൽ സ്വാതന്ത്ര്യം നൽകുന്നതായി മാറി. ഉപമാനം ഉപമേയത്തേക്കാൾ ന്യൂനമാവുക, അവ തമ്മിലുള്ള സാദൃശ്യം സുവ്യക്തമാക്കാതിരിക്കുക, അവ തമ്മിൽ ലിംഗവചനഭേദം ഉ ായിരിക്കുക, അവ തമ്മിലുള്ള സാദൃശ്യം അസംഭവ്യമായിരിക്കുക തുടങ്ങിയവ പ്രാചീന ആലങ്കാരികന്മാർ ദോഷങ്ങളായാണ് ക ിരുന്നതെങ്കിൽ[38] ഇന്നവ ആധുനിക കവിതയുടെ സ്വഭാവം തന്നെയായി മാറി. ഉപമാനത്തിന്റെ പ്രസിദ്ധിയോ യുക്തിയോ കണക്കാക്കാതെ അമൂർത്തവസ്തുക്കളെ മൂർത്തമാക്കിയും നേരെ തിരിച്ചും അസാധാരണമായ അർത്ഥബന്ധത്താൽ വിശേഷണവിശേഷ്യങ്ങളെ ഘടിപ്പിക്കുന്ന രീതിയും ആധുനിക കവിതയിൽ സാധാരണമാണ്.

"ഓർമ പോലിഴഞ്ഞുപോയ് വ ി, നിശ്ചലമായ
താർമരുഭൂമിക്കൊപ്പം തലച്ചോർ മിഴിക്കുന്നു."[39]

---

36 എൻ.എൻ കക്കാട്, 'അഭയം' *സഫലമീയാത്ര* (വള്ളത്തോൾ വിദ്യാപീഠം, ശുകപുരം, 1985), പു. 47.

37 ആറ്റൂർ രവിവർമ്മ, 'ഉദാത്തം' *കലികാലകവിത* (തൃശ്ശൂർ, കേരളകവിത പ്രസിദ്ധീകരണം), പു. 62.

38 സുധാംശുചതുർവേദി, *ഭാരതീയകാവ്യശാസ്ത്രവിചിന്തനം* പു. 113.

39 അയ്യപ്പപ്പണിക്കർ, 'ഭാർഗ്ഗവി' *അയ്യപ്പപ്പണിക്കരുടെ കൃതികൾ,* ഒന്നാം ഭാഗം (ഡി.സി. ബുക്സ്, കോട്ടയം, 1992), പു. 45.

"മറയൂ മറയൂ കാരിരുമ്പൻ സ്മരണകൾ
മറവി മുത്തശ്ശിതൻ മാറത്തെച്ചുളിവുകൾ"[40]

"ഉണ്ണുമ്പോളുരുളയിൽ ചോര
ഞാനിടവഴി താ  ുമ്പോളിറച്ചിയിൽ
കാൽ തടഞ്ഞുളുക്കുന്നു
കണ്ണീരു പുളിക്കുന്നു വെള്ളത്തിൽ
കുഷായത്തിൻ പുള്ളിയിൽ ചോരഷാടാ -
ണെന്തൊരാളായ് പോയി ഞാൻ"[41]

തുടങ്ങിയ വരികൾ ഉദാഹരണം.

അമൂർത്തമോ നിർജ്ജീവമോ ആയ വസ്തുക്കൾക്ക് വ്യക്തിത്വാരോപം (Personification) നടത്തുകയാണ് ആധുനിക കവിതകളിലെ മറ്റൊരു പ്രവണത. നേരത്തെതന്നെ പി.കുഞ്ഞിരാമൻ നായരിലും വൈലോഷിള്ളിയിലുമെല്ലാം ഈ പ്രവണത കാണാം.

"വീ  ും വരൂ നീ വിഷാദമേ ദു:ഖമേ
വീ  ുവിചാരമില്ലാത്ത സന്താപമേ"[42]

എന്ന അയ്യഷഷണിക്കരുടെ വരികൾ ഉദാഹരണം. ചുരുക്കത്തിൽ കവിത തന്നെ രൂപകമോ രചനാതന്ത്രമോ ആയി മാറുന്നു. തന്മൂലം പഴയ അലങ്കാരങ്ങൾ കൃത്രിമകല്പനകളും നിയമബദ്ധസങ്കല്പങ്ങളുമെന്ന നിലയ്ക്ക് അവഗണിക്കപ്പെടുകയും ഭാവത്തിന്റെ സ്വാഭാവികാവിഷ്ക്കാരം എന്ന നിലയിൽ ഇമേജുകൾ തത്സ്ഥാനം കൈയ്യടക്കുകയും ചെയ്തു.

അനുഭൂതിയുടെ കലവറയാണ് ബിംബങ്ങൾ. ലളിതമായി പറഞ്ഞാൻ വാക്കുകൾ കൊ  ് മെനഞ്ഞെടുത്ത ചിത്രമാണവ.[43]

"പുക മൂടിയ മാനം മൗനമാചരിക്കുന്നു
തളം കെട്ടിയ രുധിരത്തിൽ
തർഷണം നടത്തുന്നു ഭൂസുരർ
കുറ്റിച്ചോട്ടിൽ വെട്ടി വീഴ്ത്തിയ

40 അയ്യഷഷണിക്കൽ - 'കുരുക്ഷേത്രം' ടി. പു. 157.

41 ആറ്റൂർ രവിവർമ്മ - 'ഭ്രാന്ത്' *ആറ്റൂർ രവിവർമ്മയുടെ കവിതകൾ (1957-94)* (ഡി.സി. ബുക്സ് കോട്ടയം, 1995), പു. 37.

42 അയ്യഷഷണിക്കർ 'പകലുകൾ രാത്രികൾ' *അയ്യഷഷണിക്കരുടെ കൃതികൾ* - പു. 26.

43 C.Day. Lewis, *The Poetic Image*, അനിൽ വള്ളത്തോൾ, *വള്ളത്തോളിന്റെ കാവ്യശൈലി*, പു. 70ൽ ഉദ്ധരിച്ചത്.

തലയോർത്തുറങ്ങുന്നു പശുക്കുട്ടികൾ
പദം തെറ്റിപ്പട്ടടത്തീയിൽ വീണ
പതംഗം കരിയുന്നു."[44]

എന്ന വരികൾ ഉദാഹരണം. അസാധാരണ മാനസികാനുഭവങ്ങളും അവസ്ഥകളും അവയിലൂടെ ഫലപ്രദ മായി സംവേദനം ചെയ്യാൻ കവിക്ക് കഴിയുന്നു.

"വേനലു വാറ്റിയെടുത്ത വിയർപ്പിൽ
ഉപ്പു ചവയ്ക്കും നീറ്റലിൽ
തൊ വര ു മലർന്നു കിടക്കും
നെൽപ്പാടത്തിൻ മൗനത്തിൽ
കൊന്നപ്പൂക്കണി കത്തിയെരിഞ്ഞ
മൗനത്തിൽ ചുടുചാരത്തിൽ "[45]

എന്ന വരികൾ ഉദാഹരണം. വ്യക്തിമിത്തുകളായി സി.ഡെ. ലെവിസ് (1904-1972, ബ്രിട്ടൻ, കവി എന്ന നില യിൽ പ്രസിദ്ധൻ) അവയെ കണക്കാക്കുന്നു.[46] ബിംബങ്ങൾ വികാരത്തിന് പ്രധാന്യമുള്ള വൈകാരികബിം ബങ്ങളോ ചിന്തയ്ക്ക് പ്രാധാന്യമുള്ള ധൈഷണിക ബിംബങ്ങളോ ആവാമെന്ന് എസ്രാപൗ ് (1885-1972, അമേരിക്ക) അഭിപ്രായപ്പെടുന്നു.[47] മഹാകാവ്യരചനയേക്കാൾ കാമ്യം പര്യാപ്തമായ ഒരൊറ്റബിംബം സൃഷ്ടിക്കലാണെന്നും അദ്ദേഹം തുടർന്ന് പറയുന്നു. പരമ്പരാഗത അലങ്കാരങ്ങളേക്കാൾ കൂടുതൽ ധ്വനന ശേഷി ബിംബങ്ങൾക്കു ്. അവ കൃത്യമായ ഒരർത്ഥത്തിൽ ഒതുങ്ങാതെ അർത്ഥതലങ്ങളിൽ നിന്നും അർത്ഥതലങ്ങളിലേക്ക് വികസിക്കുന്നു. സ്വകാര്യാനുഭവങ്ങൾ അതിലൂടെ സാധാരണീകരിക്കപ്പെടുന്നു (Universalization). ഒരാളുടെ വ്യക്തിപരമായ വികാരമോ, ചിന്തയോ സമൂഹത്തിന്റെ മൊത്തം അനുഭവമായി മാറുന്നതാണ് സാധാരണീകരണം. ഇത്രയും വിപുലമായ കാഴ്ചപ്പാടു ായിരുന്നില്ലെങ്കിലും ബിംബമായി വികാസം പ്രാപിക്കത്തക്ക വൈശദ്യതയും വൈകാരികതയും അലങ്കാരങ്ങൾക്കുമു ാവാം.[48]

---

44 കടമ്മനിട്ട രാമകൃഷ്ണൻ, 'ഉണരാൻ ഭയമാണ്', *കടമ്മനിട്ടയുടെ കവിതകൾ*, (ഡി.സി. ബുക്സ്, കോട്ടയം, 1996), പു. 119.

45 കടമ്മനിട്ട രാമകൃഷ്ണൻ, 'ഞാനും കിളിയും', *മഴ പെയ്യുന്നു മദ്ദളം കൊട്ടുന്നു* (ഡി. സി. ബുക്സ്, കോട്ടയം, 1993), പു. 106.

46 C. Day Lewis, *The Poetic Image,* അനിൽ വള്ളത്തോൾ, *വള്ളത്തോളിന്റെ കാവ്യശൈലി*, പു. 70ൽ ഉദ്ധരിച്ചത്.

47 C.Day, Lewis, poetic Image, 4th edn. (Jonathan cape. London, 1968), p.32.

48 അനിൽ വള്ളത്തോൾ, *വള്ളത്തോളിന്റെ കാവ്യശൈലി*, പു. 72.

പൗരസ്ത്യകാവ്യശാസ്ത്രകാരനായ ദണ്ഡി (ക്രി.പി. 600-750, മഹാരാഷ്ട്ര) അലങ്കാരങ്ങളെ മുഴുവൻ വക്രോക്തിയും സ്വഭാവോക്തിയുമായി തരം തിരിച്ചു.[49] വസ്തുസ്ഥിതികളുടെ യഥാതഥ ചിത്രീകരണം സ്വഭാവോക്തിയിലും വർണ്ണ്യാവർണ്ണ്യങ്ങളുടെ താരതമ്യത്താൽ അതിശയമൂലകവും ചമൽക്കാരപ്രധാനവുമായവ വക്രോക്തിയിലും പെടുത്തി. പാശ്ചാത്യരുടെ മെറ്റഫർ, മെറ്റോണിമി ഇവ പൗരസ്ത്യരുടെ വക്രോക്തിയും വാസ്തവോക്തിയും തന്നെ. ശ്ലേഷാദി ശബ്ദാലങ്കാരങ്ങൾ, സ്വഭാവോക്തി പോലുള്ള വസ്തുസ്ഥിതി പ്രസ്താവങ്ങൾ, ഐന്ദ്രിയബിംബങ്ങൾ, മിത്തുകൾ തുടങ്ങിയവയെല്ലാം അടങ്ങുന്ന വിപുലമായ മേഖലയാണ് വാസ്തവോക്തിയുടേത്. ഉപമാരൂപകാദി സാമ്യമൂലകവും അതിശയോക്തിപരവുമായ വർണ്ണനകൾ വക്രോക്തിയിൽ പെടുത്താം. മൂർത്തബിംബങ്ങൾ, അമൂർത്തബിംബങ്ങൾ, കാർഷികസംസ്കൃതിയുമായി ബന്ധപ്പെട്ട ബിംബങ്ങൾ, പ്രതീകബിംബങ്ങൾ, ആദിരൂപങ്ങൾ, ഐന്ദ്രിയബിംബങ്ങൾ, സ്ത്രൈണബിംബങ്ങൾ, പ്രകൃതി പ്രതിഭാസങ്ങളുമായി ബന്ധപ്പെട്ട ബിംബങ്ങൾ എന്നിങ്ങനെ ബിംബങ്ങൾ പലതരത്തിലു ്. ഉദാഹരണമായി

"ഗൂഢമാം വള്ളിക്കെട്ടി -
ന്നുള്ളിൽ നിന്നെഴുന്നേറ്റു
പേടമാനുകളുടെ
പേടിയെത്തി നോക്കുന്നു."[50]

പേടിയെപ്പോലും പേടിപ്പിക്കുന്ന സാമൂഹികാവസ്ഥ അസാധാരണ ബിംബകല്പനയിലൂടെ വ്യഞ്ജിപ്പിക്കുകയാണിവിടെ. പേടി എന്ന അമൂർത്തവികാരത്തെ സമർത്ഥമായി മൂർത്തവത്ക്കരിച്ചിരിക്കുന്നു ഈ ബിംബകല്പനയിലൂടെ. നീലനഭസ്സാം വയലിൽ നിന്ന് കതിർക്കറ്റ കെട്ടിപ്പോകുന്ന ആദിത്യൻ,[51] ലവകുശന്മാരുടെ ബാണങ്ങളെക്കൊ ുള്ള ബന്ധനമേറ്റ് കൂറ്റനായൊരു നെൽക്കറ്റയുടെ കൂട്ടുകാരനായി നിൽക്കുന്ന ഹനുമാൻ[52] എന്നിങ്ങനെയുള്ള വർണ്ണനകളിൽ കാർഷികസംസ്കാരവുമായി ബന്ധപ്പെട്ട ബിംബങ്ങൾ കാണാം.

"ഋതുദേവതയായി മാറി നീ, നിന്മാറിന്റെ
ഇടയിൽ തലചായ്ച്ചു ഞാനുമന്നാഹ്ലാദിച്ചു."[53]

49 ദണ്ഡി, *കാവ്യാദർശ,* എൻ.വി.പി. ഉണിത്തിരി, *സംസ്കൃതസാഹിത്യവിമർശനം,* പു. 61.

50 വൈലോപ്പിള്ളി ശ്രീധരമേനോൻ, 'സഹ്യന്റെ മകൻ', *വൈലോപ്പിള്ളിക്കവിതകൾ സമ്പൂ. സമാഹാരം* (സാഹിത്യപ്രവർത്തകസഹകരണസംഘം, എൻ.ബി.എസ്സ്, കോട്ടയം, 1984), പു. 77.

51 ഇടശ്ശേരി ഗോവിന്ദൻ നായർ, 'മദ്യമാരണം', ഇടശ്ശേരിക്കവിതകൾ സമ്പൂ: പു. 123.

52 ഇടശ്ശേരി ഗോവിന്ദൻ നായർ, 'ലവണാസുരവധത്തിലെ ഹനുമാൻ', ടി.പു. 165.

53 കടമ്മനിട്ട രാമകൃഷ്ണൻ, 'പുരുഷസൂക്തം' *കടമ്മനിട്ടയുടെ കവിതകൾ,* പു. 113.

ഇപ്രകാരം ഋതു, നദി എന്നിവയ്ക്കെല്ലാം സ്ത്രൈണത്വം ആരോപിക്കുന്നതാണ് സ്ത്രൈണബിംബങ്ങൾ. ഇടശ്ശേരിയുടെ കാവിലെ പാട്ട്, പൂതപ്പാട്ട് എന്നീ കവിതകളിൽ ആദിരൂപങ്ങളെ സമർത്ഥമായി ഉപയോഗപ്പെടുത്തിയിരിക്കുന്നു.

"ചൊക ചൊകച്ചുകപ്പുടുത്തു

വെള്ളിയരഞ്ഞാണി -

ട്ടര മുറുക്കിയുതിരഭൂവിൽ
നൃത്തമാടിയാടി
ചൊകചൊകച്ചുകപ്പുകൊ ദ്ദ
കാർകുഴലും മൂടി
ത്തിറമെഴും ശിരസ്ത്രമിട്ടു
നൃത്തമാടിയാടി"[54]

ഇവിടെ ദേവിയുടെ ഭീതിദമായ ചിത്രം ദൃശ്യബിംബമായി നിൽക്കുന്നു. ഇത്തരത്തിൽ ദൃശ്യ സ്പർശാദി അനുഭൂതികൾ പകരുന്നവയാണ് ഐന്ദ്രിയ ബിംബങ്ങൾ. ഇത്തരത്തിലുള്ള ബിംബങ്ങളുടെ യെല്ലാം ഭാഷാപരമായ അടിസ്ഥാനം പരിശോധിച്ച് അവ ഭാവവ്യഞ്ജകമായിത്തീരുന്നതെങ്ങനെ എന്നതോടൊപ്പം അവയിലൂടെ കവിവ്യക്തിത്വത്തെ അനാവരണം ചെയ്യാനും ശൈലീപഠനത്തിലൂടെ സാധി ക്കും.[55]

**5. വൃത്തം**

കാവ്യഭാഷയിലേക്കും അതുവഴി കാവ്യാത്മാവിലേക്കും പ്രവേശിക്കാനുള്ള ഉപാധിയെന്ന നിലയിൽ താളവൃത്തങ്ങളെക്കുറിച്ചുള്ള പഠനവും ശൈലീവിജ്ഞാനീയാപഗ്രഥനത്തിൽ പ്രധാനമാണ്. കാവ്യത്തിന്റെ ജീവനായ താളം വൃത്തത്തിന്റെ ആത്മാവാണ്. അത് കാവ്യത്തിന്റെ ഭാവാംശവുമായി പൂർണ്ണമായും ഐക്യപ്പെട്ടിരിക്കുന്നു. ഭാവത്തിനനുയോജ്യമായ താളം കവിതയിലൂടെ വാർന്നു വീഴുന്നതിനു പകരം നേരെ തിരിച്ചുമാകാമെന്ന് സി.ഡെ. ലെവിസ് പറയുന്നു,[56] അതായത് കവിമനസ്സിൽ അസ്ഫുടസ്ഫുരിത മായ താളമാകാം ആദ്യം ജനിക്കുന്നത്. ആശയപുരഃക്ഷിപ്തതയ്ക്ക് ഗദ്യത്തിലും താളം പ്രസക്തമാണ്. അനുവാചകന്റെ മനസ്സിലെ താളബോധത്തെ നന്നായി ഉപയോഗപ്പെടുത്തുകയാണ് എഴുത്തുകാർ ചെയ്യുന്നത്.[57] പ്രതിഫലിപ്പിക്കേ ഭാവത്തെ സംക്ഷിപ്തമാക്കി കാവ്യാത്മകത വരുത്താനും വൃത്തം സഹായിക്കുന്നു.

ചില വൃത്തങ്ങൾക്കും ചില വികാരങ്ങൾക്കും തമ്മിൽ പോഷ്യപോഷണ ബന്ധമുേ ന്ന് എം. ആർ. നായർ (1903 - 1943) പറയുന്നു.[58] ഭാഷയിലെ അടിസ്ഥാനപരമായ ശബ്ദഘടനകൾ അർത്ഥവുമായി ബന്ധ

---

54 ഇടശ്ശേരി ഗോവിന്ദൻനായർ, 'കാവിലെ പാട്ട്', *കാവിലെ പാട്ട്* (പൂർണ്ണ പബ്ലിക്കേഷൻസ്, കോഴിക്കോട്, 1992), പു. 71.

55 അനിൽ വള്ളത്തോൾ, *വള്ളത്തോളിന്റെ കാവ്യശൈലി,* പു. 69.

56 C. Day Lewis, *The Poetic Image,* p.67.

57 Dennys Thompson, *The use of poetry,* 3, 6. സി.പി. ബേബിഷീബ, "വൈലോപ്പിള്ളിക്കവിത - ശൈലീവിജ്ഞാനീയപരമായ അപഗ്രഥനം," പിഎച്ച്ഡി പ്രബന്ധം, പു. 137ൽ ഉദ്ധരിച്ചത്.

58 എം. ആർ നായർ, 'വൃത്തവും വികാരവും', *സാഹിത്യനികഷം* (മാതൃഭൂമി, കോഴിക്കോട്, 1988), പു. 120.

ഷെടുമ്പോഴാണ് പല മാതിരി വൃത്തങ്ങൾ ജന്മമെടുക്കുന്നത്.[59] ഓരോ ഭാവത്തിനും അനുയോജ്യമായ താളങ്ങൾ കണ്ടെത്തി ആവിഷ്ക്കരിക്കുന്നിടത്താണ് കവിയുടെ വിജയം.

"പറന്നുപോയ് പഞ്ചവർണ്ണ -
ക്കിളിക്കൂട്ടങ്ങൾ പോലവേ
കുന്നിൻചെരുവിലോണപ്പൂ
കുമ്പിളേന്തിയ സന്ധ്യകൾ"[60]

ഇവിടെ ഗൃഹാതുരത്വത്തിന്റെ വിഷാദം ജനിപ്പിക്കുന്നതിൽ താളത്തിന് നല്ല പ്രാധാന്യമുണ്ട്.

വൈലോപ്പിള്ളിയുടെ 'കണ്ണീർപ്പാട'ത്തിൽ കാർമേഘത്തിന്നിമ്പാച്ചി മുഖഭാവം
"മഴയായ് ചിരിയായ് -
ച്ചാലിട്ടു നൂറായിരം
വഴിയായ് പായും നീറ്റീൻ
കളഗാനമായ് മാറി"[61]

എന്നു പറയുന്നിടത്ത് മനസ്സിൽ പതഞ്ഞു പൊങ്ങുന്ന വികാരങ്ങൾ അടക്കിപ്പിടിച്ച ദമ്പതിമാരുടെ മനസ്സിന് പെട്ടെന്നുണ്ടാകുന്ന ലാഘവവും തന്മൂലമുണ്ടായ സന്തോഷവും തിമിർത്ത് പെയ്യുന്ന മഴയുടെ സാന്നിദ്ധ്യവും അനുയോജ്യമായ താളത്താൽ അനുഭവവേദ്യമാകുന്നു.

ഭാവാനുസൃതമായ താളവിന്യാസം പ്രത്യേകിച്ചും ആധുനികകവിതയിൽ വളരെ പ്രസക്തമാണ്. നവീന കവികൾ അക്ഷരക്ലിപ്തതയ്ക്ക് മാറ്റം വരുത്തി പലപ്പോഴും പുതുതാളങ്ങൾ സൃഷ്ടിക്കുന്നു. ഇപ്രകാരം നിയതവൃത്തമോ പ്രാസമോ ദീക്ഷിക്കാത്ത സ്വച്ഛന്ദരചനകളിലും ശരിയായ താളബോധം ഉണ്ടായേ തീരൂ. ആധുനിക കവിതയിൽ നൂതന ഭാവുകത്വത്തിന് വായ്ത്താരി വൃത്തങ്ങൾ ധാരാളം ഉപയോഗിക്കുന്നുണ്ട്. പദങ്ങൾ, വാക്യങ്ങൾ, വാക്യരചനയുടെ ഘടന എന്നിവയുടെ വിവിധതരം ആവർത്തനങ്ങൾ വഴി താളം സൃഷ്ടിക്കപ്പെടുന്നു. ഇപ്രകാരമുള്ള ശബ്ദാർത്ഥതാളങ്ങളിലൂടെ കവിതയുടെ അന്തഃസ്പന്ദിത നാദം മനസ്സിലാക്കാൻ താളവൃത്തപഠനം ശൈലീവിജ്ഞാനീയത്തിൽ വളരെ ഉപകരിക്കുന്നു.

ഇപ്രകാരം ഭാഷാശൈലിയുടെ സമസ്തതലങ്ങളിലുമുള്ള വൈചിത്ര്യങ്ങളാണ് കവിതയ്ക്ക് ആകർഷണീയതയും ഭാവസംവേദകത്വവും നൽകുന്നത്.

---

59 അനിൽ വള്ളത്തോൾ, *വള്ളത്തോളിന്റെ കാവ്യശൈലി,* പു. 101.

60 പി. കുഞ്ഞിരാമൻ നായർ, 'സൗന്ദര്യപൂജ', *തിരഞ്ഞെടുത്ത കവിതകൾ* (ഡി. സി.ബുക്സ്, കോട്ടയം, 2006), പു. 296.

61 വൈലോപ്പിള്ളി, 'കണ്ണീർപ്പാടം', *വൈലോപ്പിള്ളി സമ്പൂർണ്ണകൃതികൾ* (സാഹിത്യപ്രവർത്തകസഹകരണ സംഘം, എൻ.ബി.എസ്സ്, കോട്ടയം, 1984), പു. 293.

## അദ്ധ്യായം 3

# കുഞ്ഞുണ്ണിക്കവിതയിലെ രചനാതന്ത്രങ്ങൾ

മലയാളകവിതയിൽ സ്വന്തമായ രചനാശൈലി കൊ ് ശ്രദ്ധേയനായ കവിയാണ് കുഞ്ഞുണ്ണി. ഭാഷാശൈലീഘടകങ്ങളുടെ തലങ്ങളിലെല്ലാം കുഞ്ഞുണ്ണിക്കവിതയിൽ പ്രകടമാകുന്ന വക്രതകളെയും തന്മൂലമു ാകുന്ന ഭാവസന്നിവേശത്തെയും സാമാന്യമായി വിശകലനം ചെയ്യുകയാണ് ഈ അദ്ധ്യായത്തിൽ.

**വർണ്ണതലം**

വർണ്ണങ്ങളുടെ ഒറ്റയ്ക്കോ കൂട്ടമോ ആയ വിവിധതരം ആവർത്തനങ്ങളാൽ സമൃദ്ധമാണ് കുഞ്ഞുണ്ണിക്കവിത. കുഞ്ഞുണ്ണിക്കവിതയെ ഭാഷകൊ ുള്ള കളിയായിക്ക ് നിസ്സാരവത്ക്കരിക്കാൻ ശ്രമം നടന്നത് ഈ പ്രാസസമൃദ്ധി മൂലമാണ്. എന്നാൽ ഇത്തരം പ്രാസപ്രയോഗത്തിലൂടെ കവിതയുടെ ആദിമതാളവുമായി ബന്ധിപ്പിക്കുകയായിരുന്നു കുഞ്ഞുണ്ണി. കവിത വെറും വാക്കളിയല്ലെന്നും താൻ ആശയം കൊ േ കളിച്ചിട്ടുള്ളൂവെന്നും കവി പറയുന്നു.[1] ഭാഷയുടെ രൂപത്തിൽ മാത്രമേ വിഷയം മനസ്സിലു ാവൂ എന്നു പറഞ്ഞ കവി[2] സ്വാഭാവികതയോടേ അത് ആവിഷ്ക്കരിക്കുകയായിരുന്നു. വാക്കും, വാക്കും ചേർന്നിരിക്കുന്നതെവിടെയെന്ന് വായനക്കാരനറിയരുതെന്നും അതിലാണ് കലയെന്നും കവി വിശ്വസിക്കുന്നു. ഈ ലയനം കുഞ്ഞുണ്ണിക്കവിതയ്ക്ക് നൽകുന്നത് അതിലെ പ്രാസപ്രയോഗമാണ്. തന്മൂലം കുഞ്ഞുണ്ണിക്കവിതയിലെ പ്രാസപ്രയോഗങ്ങൾ കവിതയിലെ ആന്തരികഘടകം തന്നെയാണ്. ഈണത്തിന്റെ സുഗേയതയല്ല, പ്രാസത്തിന്റെ രസമാണ് അതിനെ ഓർമ്മയിൽ നിർത്തിയത്.[3]

വർണ്ണങ്ങളുടെ ദീർഘഹ്രസ്വഭേദത്താൽ ഭാവത്തെ വ്യഞ്ജിപ്പിക്കുന്ന രീതിയും കുഞ്ഞുണ്ണിക്കവിതയിലു ്.

"ജീവിതം കീ കൂ കൈ ക: " (കു.ക്ക. പു. 90)

ഇവിടെ ജീവിതത്തിന്റെ ജനനം മുതൽ മരണം വരെയുള്ള അവസ്ഥകളെ വർണ്ണങ്ങളുടെ ദീർഘഹ്രസ്വങ്ങൾ കൊ ് അനുഭവവേദ്യമാക്കുന്നു.

"പത്രോസു പാറ
പത്രാസു പീറ
പത്രമാപ്പീസോ" (കു.ക്ക.പു. 127)

---

1 കുഞ്ഞുണ്ണി, *നടത്തം* (പൂർണ പബ്ലിക്കേഷൻസ്, കോഴിക്കോട്, 2003), പു. 6

2 കുഞ്ഞുണ്ണി, *അടിയും പൊടിയും* (കറന്റ് ബുക്സ്, തൃശ്ശൂർ, 1999), പു. 42.

3 എം. എൻ. കാരശ്ശേരി. അവതാരിക. *കുഞ്ഞുണ്ണിക്കൃതികൾ* വാല്യം ക (ഡി.സി. ബുക്സ്, കോട്ടയം, 2006).

ഈ കവിതയിൽ ത്രോ, ത്രാ, ത്ര എന്നീ വർണ്ണങ്ങളുടെ ദീർഘഹ്രസ്വഭേദങ്ങളിലൂടെ അധഃപതനത്തിന്റെ ചരിത്രം വ്യക്തമാക്കുന്നു.

"കാലം കുറുക്കിയെടുപ്പതല്ലോ കല" (കു.ക്ക. പു. 91)

ഇവിടെ അനന്തമായ കാലത്തിൽ നിന്നും നിശ്ചലമായ കലയു ാകുന്നു എന്ന പ്രതീതി ഹ്രസ്വദീർഘാക്ഷര ങ്ങൾ കൊ ് പ്രതീതമാകുന്നു.

സൂക്ഷ്മമായി ചിന്തിച്ചാൽ വർണ്ണങ്ങൾക്കുപോലും അർത്ഥദ്യോതകശക്തിയുെ ന്ന് തെളിയിച്ചു തരുകയാണ്.

"രാക്ഷസനിൽ നിന്ന് - രാ
ദുഷ്ടിൽ നിന്ന് - ഷ്ട്
പീറയിൽ നിന്ന് - റ
ഈച്ചയിൽ നിന്ന് - ഈ
മായത്തിൽ നിന്ന് - യം" - രാഷ്ട്രീയം (കു.ക്ക. പു. 174)

എന്ന കവിതയിലൂടെ. ഓരോ വർണ്ണത്തിനും അനുയോജ്യമായ അർത്ഥങ്ങൾ ആരോപിച്ചെഴുതിയ ഈ കവിതയിലൂടെ സമകാലീന രാഷ്ട്രീയത്തെ പൊതുവെ ഗ്രസിച്ചിരിക്കുന്ന അക്രമവാസന, സ്വാർത്ഥത, അഴി മതി, അധികാരമോഹം, കാപട്യം തുടങ്ങിയ ദുർഗ്ഗുണങ്ങളിലേക്ക് വിരൽ ചൂ ുന്നു.

വർണ്ണങ്ങളുടെ കഠിനമൃദുലതകളും കവിതയിലെ ഭാവതലം അനുഭവവേദ്യമാക്കുന്നതിൽ നല്ല പങ്ക് വഹിക്കുന്നു.

"എനിക്കുെ ാരു ലോകം
നിനക്കുെ ാരു ലോകം
നമുക്കില്ലൊരു ലോകം" (കു.ക്ക. പു. 97)

ഇവിടെ ഇല്ലായ്മയുടെ ചെറുപ്പം ' ' കാരണം അപേക്ഷിച്ച് മൃദുവായ 'ല്ല' കാരത്തിൽ നിന്നും അനുഭവവേ ദ്യമാകുന്നു.

"ആറുമലയാളിക്ക് നൂറു മലയാളം
അര മലയാളിക്കുമൊരു മലയാളം
ഒരു മലയാളിക്കും മലയാളമില്ല" (കു. ക്ക. പു. 51.)

ഈ കവിതയിൽ 'റ' കാര 'ര' കാരങ്ങൾ യഥാക്രമം വികാസസങ്കോചങ്ങളെ അനുഭവവേദ്യമാക്കുന്നു.

"അനുകൂലിയാകാ ഞാൻ
പ്രതികൂലിയാകാ ഞാൻ
ര ും വെറും കൂലിയാകയാലേ" (കു. ക്ക. പു. 92)

ഭരണപ്രതിപക്ഷ ഭാഗത്ത് മാറി മാറി നിന്ന് വശം കെട്ട് ഒടുവിൽ നിഷ്പക്ഷരാവാൻ തീരുമാനിച്ച പൊതുജന ങ്ങളുടെ നിസ്സഹായത അനുകൂലി, പ്രതികൂലി, കൂലി എന്നീ പ്രത്യയവ്യതിയാനങ്ങളിലൂടെ അനുഭവവേദ്യമാകുന്നു.

ധാരാളം സ്വനവ്യത്യയങ്ങൾ ഉപയോഗിക്കുന്ന കവിയാണ് കുഞ്ഞുണ്ണി.

"ഇത്തിരിയുള്ളൊരു കുന്നിക്കുരുവു
ത്തറയുള്ളൊരു കുന്നുമ
എത്തറയുള്ളവനെന്നറിയാത്തൊരു
കുഞ്ഞുണ്ണിയുമു ീ മണ്ണിൽ" (കു.ക. പു. 125)

ഇവിടെ അ, ഇ, എ എന്നീ ചുട്ടെഴുത്തുകൾ വഴിയുള്ള വ്യത്യയത്തിലൂടെ സ്ഥലകാലങ്ങളെയും സൂക്ഷ്മസ്ഥൂലങ്ങളെയും പ്രത്യക്ഷമാക്കുകയാണ് കവി.

വൈരുദ്ധ്യങ്ങളും വൈചിത്ര്യങ്ങളും ചേർന്നതാണ് ജീവിതമെന്നും ഈ സ്വഭാവം തന്നെയാണ് അതിനെ ആസ്വാദ്യമാക്കുന്നതെന്നും കവി കരുതുന്നു. ഈ ദർശനം സമർത്ഥമായി പ്രതിഫലിപ്പിക്കാനുതകുന്നവയാണ് കവിതയിലുടനീളം പ്രത്യക്ഷപ്പെടുന്ന സ്വനവ്യത്യയങ്ങൾ. പ്രത്യക്ഷത്തിൽ പരസ്പരബന്ധമൊന്നും ഇല്ലാത്ത സ്വനവ്യത്യയങ്ങൾ കവിതയിലൂടെ പുറത്തുവരുമ്പോൾ പരസ്പര ബന്ധിതമാകുന്നു. ഉദാഹരണമായി

"കോളേജെല്ലാം കുന്നിന്മേൽ
കുട്ടികളെല്ലാം കൂനിന്മേൽ" (കു.ക. പു. 110)

ഇവിടെ കുന്ന്, കൂന് എന്നീ സ്വനവ്യത്യയങ്ങൾ താങ്ങാനാവാത്ത സിലബസ്സ് കുട്ടികളെ അടിച്ചേല്പിക്കുന്ന വിദ്യാഭ്യാസ സമ്പ്രദായത്തിനെതിരെയുള്ള വിമർശനമായി മാറുന്നു.

ഭാവതലത്തെ അനുഭവവേദ്യമാക്കാനുള്ള മറ്റൊരു ഉപാധി കൂട്ടക്ഷരങ്ങളുടെ ആധിക്യമാണ്.

"ഇഞ്ഞാനിങ്ങനെയില്ലാതായാ
ലിബ്ബ്രഹ്മാണ്ഡവുമിങ്ങനെയല്ലാതായിടും!
അമ്പട ഞാനേ!! " (കു.ക.പു. 44)

ഇവിടെ ഇഞ്ഞാൻ, ഇബ്ബ്രഹ്മാണ്ഡം എന്നീ പദങ്ങളിലെ കൂട്ടക്ഷരങ്ങൾ ഭൗതികമായ വലുപ്പത്തെ പ്രതീയമാനമാക്കുന്നു. ഈ വലുപ്പത്തിൽ നിന്നും എളിമയിലേക്കെത്തേ തിന്റെ ആവശ്യമാണ് കവി പറയുന്നത്.

സംസാരഭാഷയേ സാഹിത്യത്തിനു പറ്റൂ എന്ന് വിശ്വസിക്കുന്ന കവി[4] തന്റെ നാടൻ വലപ്പാടൻ മലയാളത്തിലാണ് ഈ ബ്രഹ്മാണ്ഡത്തെ ദർശിക്കുന്നതെന്ന് പറയുകയു ായി.[5] തന്റെ ഈ നാടൻ മനോഭാ

4 കുഞ്ഞുണ്ണി, അടിയും പൊടിയും. പു. 45.

വത്തെ പ്രകടിഷിക്കുവാൻ കവി ഉപയോഗിക്കുന്ന പ്രധാന ഉപാധിയാണ് സംസാരഭാഷ പ്രതിഫലിഷിക്കുന്ന ആനയ്ക്കാനടെ ഭാവം, ചക്കടെ മടല് തുടങ്ങിയ വർണ്ണലോപ പ്രയോഗങ്ങൾ.

ഇങ്ങനെ വർണ്ണങ്ങളുടെ ആവർത്തനം, ലോപം, ഇരട്ടിഷ്, ഹ്രസ്വദീർഘങ്ങൾ, വ്യത്യയങ്ങൾ തുടങ്ങിയ വയെല്ലാം ഭാവപ്രകാശനത്തിന് അനുയോജ്യമായി കവി ഉപയോഗിക്കുന്നു.

**പദതലം**

കവിതയിൽ വാക്കുകൾ എങ്ങനെ ആയിരിക്കണം എന്നതിനെക്കുറിച്ച് ഗാഢമായി ചിന്തിച്ചിട്ടു [5] കുഞ്ഞുണ്ണി. വാക്കിനെഷറ്റിയുള്ള കുഞ്ഞുണ്ണിയുടെ അഭിപ്രായങ്ങൾ ഇത് തെളിയിക്കുന്നു.

"ഞാനൊരു വാക്ക് നിങ്ങളിലാഴ്ത്തുന്നു. വാക്ക് നിങ്ങളിലും മറ്റുള്ളവരിലും വേരോടി വളർന്ന് കായ്ക്കുന്നു" (അ. പൊ. പു. 7)

"തേടിയെടുത്ത വാക്കിന് തെളിച്ചം കുറയും" (അ.പൊ. പു. 10)

"ഉപയോഗിച്ചാൽ വാക്കുകൾ തേയില്ല, ഉപയോഗിക്കുന്തോറും തിളങ്ങുകയാണ് ചെയ്യുക" (അ. പൊ. പു. 10).

"വാക്കും വാക്കും ചേർന്നിരിക്കുന്നതെവിടെയെന്ന് വായനക്കാരനറിയരുത്. വാക്യത്തിൽ വാക്കുകൾ തമ്മിൽ അങ്ങനെ ചേർന്നിരിക്കണം" (അ. പൊ. പു. 46).

ഇതു കൂടാതെ പഴഞ്ചൊൽ പ്രായത്തിൽ വാക്കിനെക്കുറിച്ച് നൂതനമായ കാഴ്ചഷാടുകൾ കവി അവതരിഷിക്കുകയു ായി.

"ഓരോ വാക്കും ഓരോ ആകാശമാണ്" (കു.ക്ക. പു. 104)
"വക്കില്ലാത്തതേ വാക്ക്" (കു.ക്ക. പു. 117)

5 കുഞ്ഞുണ്ണി, ടി.പു. 19.

"വാക്കിനോളം തൂക്കമില്ലീ -
യൂക്കൻ ഭൂമിക്കു പോലുമേ" (കു.ക്ക. പു. 139)

"വാക്കല്ലോ വസ്തുവാകുന്നൂ" (കു.ക്ക.പു. 130)

സംഭാഷണത്തിലെന്നപോലെ കവിതയിലും വാക്കുകൾ സ്വാഭാവികമായി വരണമെന്നും വാക്ക് അത് പ്രയോഗിക്കുന്നവരുടെ മനസ്സിന്റെ പ്രതിഫലനമാണെന്നും ഉള്ള വിശ്വാസവും വാക്കിന്റെ അപാരശക്തിയെക്കുറിച്ചുള്ള വിസ്മയവും ഇവിടെ കാണാം. കുഞ്ഞിണ്ണിക്കവിതയിൽ സൂക്ഷ്മതയോടെ പ്രയോഗിക്കപ്പെട്ട പദങ്ങൾ അതിലെ ഭാവതലം സമർത്ഥമായി അനുഭവവേദ്യമാക്കുന്നു.

"ഓട്ടുചെയ്തോട്ടുചെയ്തോട്ടുചെയ്തോട്ടു ചെ
യ്തോട്ടക്കലമായി നമ്മൾ" (കു.ക്ക. പു. 109)

ഇവിടെ 'ഓട്ടുചെയ്ത്' എന്ന പദത്തിന്റെ ആവർത്തനം മാറി മാറി ഓരോരോ രാഷ്ട്രീയ കക്ഷികളെ പിന്തുണയ്ക്കാൻ വിധിക്കപ്പെട്ട പൊതുജനത്തിന്റെ നിസ്സഹായത തീവ്രമായി അഭിവ്യക്തമാക്കുന്നു.

"പീലിക്കോലെങ്ങ്
കാലിക്കോലെങ്ങ്
കോലക്കോലെങ്ങ്
കണ്ണാ, നിന്നെയും കാണുന്നില്ലല്ലോ!
ഇല്ല, കൊതിയൻ ഭക്തന്മാർ എല്ലാം
ഇരന്നു വാങ്ങിക്കൊ ുപോയി" (കു.ക്ക. പു. 164)

ഭക്തിയിൽ കലരുന്ന സ്വാർത്ഥത ചിത്രീകരിക്കുന്ന ഈ കവിതയിൽ നഷ്ടബോധത്തിന്റെ ശൂന്യത അനുഭവപ്പെടുത്തിത്തരുന്നതിൽ 'എങ്ങ് എന്ന പദത്തിന്റെ ആവർത്തനം നല്ല പങ്ക് വഹിക്കുന്നു.

കുഞ്ഞുണ്ണിക്കവിതയിൽ ധാരാളം കാണുന്ന പദങ്ങളാണ് ഞാൻ, എന്റെ, എനിക്ക് തുടങ്ങിയ ഉത്തമപുരുഷ സർവ്വനാമങ്ങൾ. സമഷ്ട്യർത്ഥത്തിൽ മാത്രമേ ഇത്തരം പദങ്ങൾ അർത്ഥപൂർണ്ണമാകൂ.

"കപടലോകത്തിലെന്നുടെ കാപട്യം
സകലരും കാണ്മതാണെൻ പരാജയം" (കു.ക്ക. പു. 83)

"അയ്യോ, എനിക്കെന്നെ വല്ലാതെ നാറുന്നുവല്ലോ!" (കു.ക്ക. പു. 186)

കാപട്യം ജീവിതശൈലിയായി മാറ്റുന്ന നമുക്കു വേ ി ശൈശവത്തിന്റെ മുഗ്ദ്ധത കാത്തുപോരുന്ന കവി നടത്തുന്ന കുമ്പസാരങ്ങളാണ് ഇത്തരം 'ഞാൻ' കവിതകൾ എന്ന് ഡോ. ഡി. ബഞ്ചമിൻ വിലയിരുത്തുന്നു.[6]

മറ്റു ചില 'ഞാൻ കവിത'കളിൽ സ്വയം ക ത്തിയ ഒരുവന്റെ ശാന്തിയാണ് കാണുന്നത്.

---

6 ഡോ. ഡി. ബഞ്ചമിൻ, 'കുഞ്ഞുണ്ണിക്കവിതയ്ക്കൊരാമുഖം', *വിമർശനപ്രബന്ധങ്ങൾ* (കറന്റ് ബുക്സ്, തൃശ്ശൂർ, 1993), പു. 24.

"എന്നിലൂടെ നടക്കാനേ എന്റെ
കാലിനറിഞ്ഞിടൂ" (കു.ക്ക. പു. 79)

"എന്നെഷെറ്റതു ഞാൻ തന്നെ" (കു.ക്ക. പു. 85)

തുടങ്ങിയ കവിതകൾ ഉദാഹരണം. ഇങ്ങനെ വാസ്തവത്തിൽ നിർവൈയക്തികമെങ്കിലും ഞാൻ, എന്റെ തുടങ്ങിയ ഉത്തമപുരുഷസർവ്വനാമങ്ങൾ കുഞ്ഞുണ്ണിക്കവിതയിൽ ധാരാളം കാണുന്നു.

സമഗ്രസത്യത്തിലേക്കുള്ള വഴിയാണ് വൈരുദ്ധ്യങ്ങളുടെ സമായോജനവും സന്തുലനവും. പ്രപഞ്ചത്തെ സൂക്ഷ്മനിരീക്ഷണം ചെയ്തതിന്റെ ഫലമായി ഇരുട്ട്, വെളിച്ചം, ജീവിതം, മരണം, കറുപ്പ്, വെളുപ്പ് എന്നിങ്ങനെ ധാരാളം ദ്വന്ദ്വപദങ്ങൾ കുഞ്ഞുണ്ണിക്കവിതയിൽ കാണാം. പൊക്കമുള്ളതിൽ പൊക്കമില്ലായ്മയും പൊക്കമില്ലായ്മയിൽ പൊക്കവും ക കവിയാണ് കുഞ്ഞുണ്ണി. ആ കവിതകളിൽ ധാരാളമായി കാണുന്ന വിപരീത പദങ്ങളെയും ഈ നിലയിലാണ് നോക്കിക്കാണേ ത്.

"ഇരുട്ടിനൊന്നേ നിറം
വെട്ടത്തിന്നനേകവും" (കു.ക്ക. പു. 72)

"കൊള്ളാത്തതാണീ പ്രപഞ്ചം
എല്ലാം കൊള്ളുന്നതാണീ പ്രപഞ്ചം" (കു.ക്ക. പു. 90)

തുടങ്ങിയ വരികൾ ഉദാഹരണം

ക്രിയാപദങ്ങൾ ധാരാളം ഉപയോഗിക്കുന്ന കവിയാണ് കുഞ്ഞുണ്ണി.

"എനിക്കു വിശക്കുമ്പോളുണ്ണും ഞാൻ
ദാഹിക്കുമ്പോൾ കുടിക്കും
ക്ഷീണിക്കുമ്പോളുറങ്ങും
ഉറങ്ങുമ്പോളെഴുതും കവിതകൾ" (കു.ക്ക. പു. 43)

എന്ന കവിത ഉദാഹരണം. "വായനക്കാരനെ കർമ്മോന്മുഖനാക്കുക; ജീവിതത്തെ ചലനാത്മകമാക്കുക; ആത്മവിമർശനത്തിലൂടെ കർമ്മപഥം നവീകരിക്കാൻ അവനെ പ്രാപ്തനാക്കുക; കെട്ടിയ കുളത്തിലേക്കെറ്റിയ കല്ലിനെഷോലെ ജീവിതത്തിന്റെ ഇടിഞ്ഞുപൊളിഞ്ഞ പടവുകളിൽ വന്ന് മുട്ടിത്തിരിയുന്ന അലകൾ സൃഷ്ടിക്കുക; ഒരു നിമിഷം അനുവാചകൻ അപ്രതീക്ഷിതമായ ആ കാഴ്ചയുടെ വിഭ്രമത്തിൽ കമ്പിതമാനസനാകുക; ആ ദർശനവിശേഷത്തെ ഓർത്തോർത്ത് അയവിറക്കുക; മനസ്സിലെ ഏതോ അജ്ഞാത ഭാഗത്തെ ഉപരിചിന്ത കൊ ് തർഷണം ചെയ്ത് ശമിഷിക്കുക - ഇത്രയുമാണ് കുഞ്ഞുണ്ണിക്കവിതയിലെ ക്രിയാപദങ്ങളുടെ ധർമ്മം" എന്ന് രാഘവൻ ഇയ്യത്തുകാട് നിരീക്ഷിക്കുന്നു.[7]

7 രാഘവൻ ഇയ്യത്തുകാട്, *കവിതയിൽ ഒരു വെളിപാട് പുസ്തകം* (ബ്ലും, കോഴിക്കോട് വ?), പു. 6-7.

ഉദ്ദേശിക്കുന്ന ഭാവത്തെ സ്പഷ്ടമാക്കുന്നതിന് കുഞ്ഞുണ്ണി ഉപയോഗിക്കുന്ന മറ്റൊരു തന്ത്രമാണ് നൂതനപദസൃഷ്ടി. നൂതനപദസൃഷ്ടിയിലൂടെ കാവ്യരചനയക്ക് തുല്യമായ അനുഭൂതി തനിക്ക് ലഭിക്കുന്നുവെന്ന് കവി പറഞ്ഞിട്ടു [8].

"അമ്മിയെന്നാലരകല്ല്
അമ്മയെന്നാലമ്മിഞ്ഞക്കല്ല്" (കു.ക്ക. പു. 43)

ഇവിടെ 'അമ്മിഞ്ഞക്കല്ല്' എന്ന പദം അമ്മയെന്ന ആർദ്രസത്തയ്ക്കുള്ള അപദാനമായി മാറുന്നു. കേരളീയരുടെ നിത്യജീവിതവുമായി ബന്ധപ്പെട്ടതും നിത്യവും അരഞ്ഞ് തീരുന്നതുമായ അമ്മിയോട് ബന്ധപ്പെടുത്തി മക്കൾക്കുവേ ി ജന്മം അലിഞ്ഞു തീരുന്ന സ്നേഹാർദ്രയായ ജീവനുള്ള ശിലയായി അമ്മയെ വിഭാവനം ചെയ്യുകയാണിവിടെ.

"ഞാൻ ആധുനികോത്തരനല്ല
അത്യന്താധുനികനല്ല
ആധുനികനുമല്ല
വെറും ധുനികനാണ്!
തനി ധുനികൻ!!" (കു.ക്ക. പു. 56)

ഇവിടെ 'ധുനികൻ' എന്ന നൂതനപദസൃഷ്ടിയിലൂടെ സാഹിത്യത്തെ കള്ളികളായി തരം തിരിക്കുന്നതിന്റെ അസഹിഷ്ണുത വ്യക്തമാക്കുകയാണ് കവി.

പഴകുന്തോറും വാക്കുകളുടെ തെളിച്ചം കൂടുകയേയുള്ളൂ എന്നു വിശ്വസിക്കുന്ന കവി[9] നാടൻ പദങ്ങൾ പുതുസന്ദർഭത്തിൽ ധാരാളം ഉപയോഗിക്കുന്നു. പഷ്ണി, ചീരാപ്പ്, നൊസ്സ്, പത്തൽ തുടങ്ങിയ നാടൻ പദങ്ങൾ കുഞ്ഞുണ്ണിക്കവിതയിലുടനീളം കാണാം. സംഭാഷണ ഭാഷയുടെ ചൈതന്യം കവിതയിലാവാഹിക്കാനുള്ള ഉപാധിയാണ് ഇത്തരം നാടൻ പദങ്ങൾ.

പദതലത്തിൽ കുഞ്ഞുണ്ണിക്കവിതയിൽ ശ്രദ്ധേയമായ മറ്റൊന്നാണ് ഇംഗ്ലീഷ് - മലയാളം - സംസ്കൃതം പദചേരുവകൾ. ആശയവ്യക്തതയ്ക്ക് ഏതു പദവും അന്യമല്ലെന്നും മലയാളത്തിനോട് മറ്റു പദങ്ങൾ ചേരുമ്പോൾ അത് മലയാളീകരിക്കപ്പെടുകയാണ്[10] എന്നുമുള്ള വിശ്വാസത്തിന്റെ പ്രതിഫലനമാണ് ഇത്തരം വിചിത്രപദസങ്കരങ്ങൾ.

"പേനയെടുത്തല്ല 'പെയിനെ'ടുത്താണെഴുതേ ത്" (അ. പൊ. പു. 54)

"എൻമനസ്സിന്റെ കോലായി
ലൊരു ചാരുകസേരയിൽ

8 കുഞ്ഞുണ്ണി, അടിയും പൊടിയും, പു. 41.

9 കുഞ്ഞുണ്ണി. അടിയും പൊടിയും, പു. 10.

10 കുഞ്ഞുണ്ണി - അഭിമുഖം, രാജശ്രീ. എം. അനുബന്ധം.

ഓരോന്നോർത്തു കിടപ്പു ഞാൻ:

ലോകത്തിന്നൊരു റിഷേറി

ന്നുള്ള കാലമടുത്തുപോയ്" (കു.ക്ക. പു. 106)

എന്നീ വരികൾ ഉദാഹരണം. എന്നാൽ കേവലം പൊങ്ങച്ചത്തിനായി ഇംഗ്ലീഷ് പദചേരുവകൾ ഉപയോഗിക്കുന്നതിനെ അത്തരം ഭാഷ കൊ ുതന്നെ പരിഹസിക്കുന്നതും കാണാം.

"അമ്മ മമ്മിയായന്നേ മരിച്ചൂ മലയാളം

ഇന്നുള്ളതതിൻ ഡാഡീ ജഡമാം മലയാലം" (കു.ക്ക. പു. 153)

"മാവിൻ ചോട്ടിലിരുന്നാരും

മേംഗോവിനു കൊതിക്കൊലാ" (കു.ക്ക. പു. 130)

എന്നീ വരികൾ ഉദാഹരണം

"വാനിറ്റി ബാഗും ഹൈഹീലും

ലിപ്സ്റ്റിക്കും ബ്രായുമാണവൾ

എൽ.ഡി. ക്ലർക്കിന്റെ വൈഫവൾ" (കു.ക്ക. പു. 68)

"ബെഡ്ടീയില്ലാതൊക്കില്ല

ബ്രേക്ഫാസ്റ്റില്ലാതൊക്കില്ല

ബൂട്ടും പേന്റും സ്ലേക്കും പൂട്ടി

നടക്കാനല്ലാതറിയില്ല" (കു.ക്ക. പു. 104)

ഇവിടെ ഇംഗ്ലീഷ് പദങ്ങൾ നിറവേറ്റുന്ന ധർമ്മം മലയാളികളുടെ അനുകരണഭ്രമത്തെയും പൊങ്ങച്ചം നിറഞ്ഞ ജീവിതശൈലിയേയും പരിഹസിക്കുക എന്നതാണ്.

ഒരു പദത്തെ സൂക്ഷ്മമായി വിഘടിപ്പിച്ചും സംയോജിപ്പിച്ചും അതിലെ അനന്ത സാധ്യതകൾ തുറന്നിട്ട് കവിതയാക്കി മാറ്റുന്നതും കാണാം.

"കാലിന്മേൽ കാലുള്ളോൻ കാക്കാലൻ

കാലിനും കാലുള്ളോൻ കാക്കാലൻ

കാലത്തിൽ കാലായോൻ കാക്കാലൻ

കാക്കുന്ന കാലുള്ളോൻ കാക്കാലൻ

കാലമില്ലാത്തവൻ കാക്കാലൻ

കാക്കാലത്തിക്കുള്ളോൻ കാക്കാലൻ" (കു.ക്ക. പു. 86)

ഈ കവിതയിൽ കാക്കാലൻ എന്ന പദത്തിന്റെ അനന്തസാധ്യതകളിലൂടെ കാക്കാലന്റെ നൃത്തപാടവം, ഭൂതഭാവിപ്രവചനം എന്നിവ വെളിപ്പെടുത്തുന്നു.

നൂതന ഭാവപ്രകാശനത്തിനായി കവി ഉപയോഗിക്കുന്ന മറ്റൊരു തന്ത്രമാണ് പദവിഭേദനം. ഓരോ വാക്കിന്റെയും അർത്ഥം അതിൽത്തന്നെ നിലീനമാണെന്ന് കാണിച്ചു തരുകയാണ് ഇതിലൂടെ കവി ചെയ്യുന്നത്.

"കവിതയിലൊരു വിതയു ്" (കു.ക്ക. പു. 91)

ഇവിടെ 'കവിത' എന്ന പദത്തെ ക+വിത = കവിത എന്നു വിഘടിപ്പിച്ചതിലൂടെ പുതുജീവിതത്തിനും പുതുചിന്തകൾക്കും പ്രേരിതമാകണം കവിത എന്നു പറയുന്നു.

"ആദ്യമെഴ്
പിന്നെയെത്ത്
പിന്നെമതിയെഴുത്ത്" (കു.ക്ക. പു. 124)

ഇവിടെ എഴുത്ത് എന്ന പദത്തെ എഴ് + ത്ത് = എഴുത്ത് എന്നു വിഘടിപ്പിച്ചതിലൂടെ അനുഭൂതി ഉ ാകൽ, അതു മനനം ചെയ്യൽ, ഒടുക്കം സൃഷ്ടിയിലേർപ്പെടൽ എന്നീ സർഗ്ഗാത്മകതയുടെ ഘട്ടങ്ങളെ എടുത്തു കാണിക്കാൻ കഴിയുന്നു.

"ഇങ്കുലാബിലും
സിന്ദബാദിലും
ഇന്ത്യ തോട്ടിലും" (കു.ക്ക. പു. 105)

കമ്യൂണിസ്റ്റ് പാർട്ടിയുടെ പിളർപ്പിന്റെ പശ്ചാത്തലത്തിൽ രചിച്ച ഈ കവിത ആദ്യമായി അണുവിഭജനം നടത്തിയ ശാസ്ത്രജ്ഞന്റെ ആനന്ദമാണ് തനിക്ക് നൽകിയതെന്ന് കുഞ്ഞുണ്ണി അനുസ്മരിച്ചിട്ടു ്.[11] 'ഇങ്കുലാബ് സിന്ദാബാദ്' എന്ന മുദ്രാവാക്യത്തിന്റെ വിഭേദനം രാഷ്ട്രീയപ്പാർട്ടികളുടെ അവസരത്തിനൊത്തുള്ള ചേരിതിരിയലുകളിലേക്കും ജനത്തിന്റെ നിസ്സഹായാവസ്ഥയിലേക്കും വികസിക്കുന്നു. കുഞ്ഞുണ്ണിക്കവിതയിൽ ഭാഷ തന്നെ ദർശനമായി രൂപപ്പെടുകയാണെന്നതിന് തെളിവാണ് ഇത്തരം കവിതകൾ. ഇത്തരത്തിൽ വാക്കുകളെ പൊളിച്ചു ചികയുന്നതിലൂടെ ജീവിതത്തിന്റെ പൊരുൾ തന്നെയാണ് ഈ കവി തിരയുന്നതെന്ന് എം. എൻ കാരശ്ശേരി വിലയിരുത്തുകയു ായി.[12]

ഭക്ഷണവുമായി ബന്ധപ്പെട്ട ധാരാളം പദങ്ങൾ ഉപയോഗിക്കുന്നു ് കുഞ്ഞുണ്ണി. ഈ കവിക്ക് ജീവിതം ഒരിക്കലും തേട്ടാത്ത സദ്യയും[13] വേളിയില്ലാത്ത ജന്മം പപ്പടമില്ലാത്ത പുട്ടുതീറ്റയുമാണ്.[14] ഉണ്ണായി

11 കുഞ്ഞുണ്ണി, 'എന്നിലൂടെ', *കുഞ്ഞുണ്ണികൃതികൾ* വാല്യം കക (ഡി.സി. ബുക്സ്, കോട്ടയം 2006), പു. 466.

12 എം. എൻ കാരശ്ശേരി, അവതാരിക. *കുഞ്ഞുണ്ണിക്കൃതികൾ,* വാല്യം ക.

13 "ജീവിതമൊരു നല്ല സദ്യയാ
ണിലവെച്ചു ഞാനതുണ്ണുന്നു നന്നായ്
എന്നിട്ടുമെന്താണാവോ
തേട്ടുന്നില്ലൊരിക്കലും" - കുഞ്ഞുണ്ണി, *കുഞ്ഞുണ്ണിക്കവിതകൾ* (കറന്റ് ബുക്സ്, കോട്ടയം, 2004), പു. 160.

14 "ഒരു കഷ്ണം പിട്ടു തിന്നാൻ
പപ്പടം വേ നിക്കെടോ
ഒരു ജന്മം കഴിച്ചീടാൻ
വേളി വേ ന്ന പോലവെ" - കുഞ്ഞുണ്ണി, *കുഞ്ഞുണ്ണിക്കവിതകൾ,* പു. 159.

വാര്യരെക്കുറിച്ചുള്ള കവിതയിൽ ഉണ്ണൽ, ഊട്ടൽ തുടങ്ങിയ പദങ്ങളിലൂടെ സർഗ്ഗാത്മകതയുടെ ഘട്ടങ്ങളെ കാണിക്കുന്നു.

"നല്ല വാക്കിന്റെ മധുരമുണ്ണുന്നോൻ
അതോതിയോൻ തന്നെയാണാദ്യം" (കു.ക്ക. പു. 63)

"ഇത്തിരിയെന്തെങ്കിലും നക്കുവാൻ കിട്ടിഷോയാ -
ലഷോഴേ തീരുമിന്ത്യൻ വിപ്ലവം ജയിക്കുന്നു" (കു.ക്ക. പു. 92)

ഇവിടെയെല്ലാം അനുഭവാർത്ഥത്തിൽ ഭക്ഷണവുമായി ബന്ധപ്പെട്ട ക്രിയകൾ ഉപയോഗിക്കുന്നു. സ്വയം ഒരു നല്ല പാചകക്കാരനും ഭക്ഷണാസ്വാദകനുമായ കവിയെ സംബന്ധിച്ച് ഇത് സ്വാഭാവികം തന്നെ.

**വാക്യതലം**

സമകാലിക കാവ്യരചനാരീതികളിൽ നിന്നും വിഭിന്നമായി ഒറ്റവരികൊ ുപോലും ഭാവാവിഷ്ക്കാരം നടത്താമെന്നും അതും കവിതയാകുമെന്നും കവിതയ്ക്ക് പേരു പോലും അനാവശ്യമെന്നും തെളിയിച്ചു തന്ന കവിയാണ് കുഞ്ഞുണ്ണി. കവിതയിൽ വൈചിത്ര്യത്തിനു വേ ി പലതരം വാക്യഘടനാ വൈവിദ്ധ്യങ്ങൾ കവി പ്രയോഗിക്കുന്നു.

"പള്ളിക്കച്ചവടക്കാരെ
ചാട്ടവാർകൊ ടിച്ചോടി
ച്ചരുളും ക്രിസ്തുവെന്നുള്ളിൽ
പള്ളികൊള്ളുക സർവ്വദാ " (കു.ക്ക. പു. 51)

മതവിശ്വാസത്തെ ഗ്രസിച്ച അഴിമതി തുറന്നു കാട്ടുന്ന ഈ കവിതയിൽ 'സർവ്വദാ പള്ളികൊള്ളുക' എന്ന സാധാരണ വാക്യക്രമം തെറ്റിച്ച് 'പള്ളികൊള്ളുക സർവ്വദാ' എന്ന കാവ്യപരമായ രചനാന്തരണത്തിലൂടെ ക്രിയയ്ക്ക് പ്രാധാന്യം ലഭിച്ചു.

ഭാവപ്രകാശനത്തിനായി കവി ഉപയോഗിക്കുന്ന സ്ഥിരം രചനാന്തരണരീതിയാണ് ഉപവാക്യങ്ങൾ ആദ്യം പ്രയോഗിച്ച് അവസാനം മൂലവാക്യത്തിലെത്തിക്കുക എന്നത്. ഇതുവഴി ആകാംക്ഷ നിലനിർത്തി മൂലവാക്യത്തിന് കൂടുതൽ മിഴിവും ശക്തിയും ലഭിക്കുന്നു.

"മലം പോക്കണമഷഷോൾ
മല പോക്കല്ലൊരിക്കലും" (കു.ക്ക.പു. 129)

"തട്ടാൻ തൊട്ടാൻ പത്തിനെട്ട്
സർക്കാരു തൊട്ടാൽ പത്തിനൊന്ന് "(കു.ക്ക. പു. 130)

എന്നീ വരികൾ ഉദാഹരണം

"വാക്കൊതുക്കുന്നോനൂക്കൻ" (കു.ക്ക. പു. 44)

ഒതുക്കിഷറയുന്നതിന്റെ മേന്മ ഒതുക്കിഷറഞ്ഞ് ഫലിഷിച്ചിരിക്കുകയാണിവിടെ.

"ഞാനെന്റെ വാലിന്മേൽ തൂങ്ങുന്നു
വാലെന്റെ പിന്നിലോ തൂങ്ങുന്നു" (കു. ക. പു. 50)

ഭാവത്തിനുചിതമായി പരസ്പരാശ്രിതത്വമുള്ള വാക്യഘടന ഇവിടെ അവലംബിച്ചിരിക്കുന്നു.

പാദാർദ്ധങ്ങൾ മറിച്ചിടുകയാണ് വാക്യരചനയുടെ വൈചിത്ര്യത്തിന് കവി അവലംബിക്കുന്ന മറ്റൊരു രീതി.

"ലോകം മറിച്ചിട്ട് കോലമാക്കൂ
കോലം മറിച്ചിട്ട് ലോകമാക്കൂ" (കവിത പു. 36)

"ആണാവാൻ കൊതിക്കാത്ത
പെണ്ണുങ്ങളില്ലുലകിൽ
പെണ്ണാവാൻ കൊതിക്കുന്നൊ
രാണുങ്ങളു ാ ആവോ" (കു.ക്ക. പു. 201)

എന്നീ കവിതകൾ ഉദാഹരണം

"ഉറുമ്പിൻ തല ആനയ്ക്കും
ആനത്തല ഉറുമ്പിനും
മാറ്റിവെച്ചു കൊടുത്തീടിൽ
മലയാളം മനോഹരം" (കു. ക്ക. പു. 49)

എന്ന വിശ്വാസമാണ് ഇതിനു പിന്നിൽ

ജീവിതത്തിന്റെ അപൂർണ്ണതകളെഷറ്റി ഓർമ്മഷെടുത്തുന്നതിന് കവി ഉപയോഗിക്കുന്ന രീതിയാണ് നിഷേധവാക്യങ്ങൾ

"ഞാനൊരു കടലു ാക്കി
ഞാനൊരു കരയു ാക്കി
കഴിയുന്നില്ല കടഷുറമു ാക്കീടാൻ" (കു.ക്ക. പു. 46)

"കിട്ടുന്നതാണ് കീർത്തി നേടുന്നതല്ല" (കു.ക്ക. പു. 202)

എന്നിങ്ങനെ ധാരാളം നിഷേധവാക്യങ്ങൾ കവി ഉപയോഗിക്കുന്നതു കാണാം.

പ്രത്യക്ഷത്തിൽ അർത്ഥപരമായി അയുക്തികത തോന്നുന്ന വാക്യരചന കുഞ്ഞുണ്ണി പലഷോഴും അനുവർത്തിക്കുന്നതായി കാണാം. ഇതിനു കാരണം 'കുറുമ്പനാന പറക്കുന്നു' എന്നതുപോലെ

സഹോപസ്ഥിതി ലംഘനമാണ്. പ്രത്യേകിച്ചും ആത്മീയദർശനം അവതരിപ്പിക്കുന്നതിന് കവി ഇത്തരം വാക്യ രചനാരീതി അനുവർത്തിക്കുന്നതായി കാണാം. പ്രത്യക്ഷത്തിലുള്ള അയുക്തികതയും അസംബന്ധവു മാണ് അതിനു പിന്നിലെ യുക്തി ക ത്താൻ പ്രചോദനമാകുന്നത്.

"ആരാണപ്പോകുന്നത്
പൊയ്ക്കോട്ടെ, വിളിക്ക
ഞാനറിഞ്ഞീടു, മവ
നിന്നില്ക്കുമിഞ്ഞാൻ തന്നെ" (കു.ക്ക. പു. 147)

"ഗുരുവായൂരിലേയ്ക്കുള്ള
വഴിവായിച്ചു കേൾക്കവേ
എന്നിൽ നിന്നെന്നിലേയ്ക്കുള്ള
ദൂരം ക മ്പരന്നു ഞാൻ" (കു.ക്ക. പു. 71)

അഹം ബ്രഹ്മസ്മി, തത്ത്വമസി തുടങ്ങിയ ദാർശനിക സത്യങ്ങളുടെ വെളിച്ചത്തിൽ കവിയുടെ ആത്മാന്വേഷ ണകൗതുകം പ്രകടമാക്കുന്ന വരികളാണിവ.

"ഒരു തീപ്പെട്ടിക്കൊള്ളി തരൂ
കൂടു തരൂ
ഒരു ബീഡി തരൂ
വിരലു തരൂ
ചു ു തരൂ
ഞാനൊരു ബീഡി വലിച്ചു രസിച്ചോട്ടെ" (കു. ക്ക. പു. 101)

കൊള്ളിതരൂ, കൂടുതരൂ, ബീഡി തരൂ എന്നിവയ്ക്കു ശേഷം വിരലു തരൂ, ചു ു തരൂ എന്നു കൂടി ആവശ്യപ്പെടുന്നതു വഴി വ്യക്തിയുടെ പടിപടിയായുള്ള ജഡതയും കർമ്മവൈമുഖ്യവും തീക്ഷ്ണ മായി അനുഭവവേദ്യമാകുന്നു.

കുറുകിക്കുറുകിയ വാക്യഘടനയാണ് പലപ്പോഴും കവി അനുവർത്തിച്ചിരിക്കുന്നതെങ്കിലും അപൂർവ്വമായി വിസ്തരിച്ചുള്ള വാക്യഘടനാരീതിയും കാണാം.

"എനിക്കുെ ാരു മണിഹർമ്മ്യ -
മെൻ മനോഹർമ്യം
എന്നിട്ടെന്തതിലെന്റെ
ശത്രുക്കളാണാവാസം" (കു.ക്ക. പു. 70)

ഇവിടെ 'എൻ മനോഹർമ്യത്തിൽ ശത്രുക്കളാണാവാസം' എന്ന വസ്തുതയെ വിശദീകരിച്ചു പറഞ്ഞതുവഴി ആകാംക്ഷ നിലനിർത്തി അർത്ഥ പൂരണം സാധ്യമായിരിക്കുന്നു.

കവിത പെട്ടെന്ന് രസിക്കാനും ഗ്രഹിക്കാനും ഉതകും വിധം ജനതയുടെ നിത്യജീവിതവുമായി വളരെ അടുത്ത് ബന്ധപ്പെട്ടു നിൽക്കുന്ന പഴഞ്ചൊല്ല്, കടംകഥ, നാടൻ പാട്ട്, തുടങ്ങിയ നാടൻ വാങ്മയ ശൈലി കവി പലപ്പോഴും ഉപയോഗിക്കുന്നു ്.

"ഓരോവാക്കും ഓരോ ആകാശമാണ്" (കു. ക്ക. പു. 104)

ഇവിടെ വാക്കിന്റെ അപാരസാധ്യതകളും

"നാടിന്നകം നാടകം" (കു.ക്ക. പു. 112)

"നാടു നാകമാക്കുന്നതേ നാടകം" (കു. ക്ക. പു. 71)

ഇവിടെ കലയുടെ സാമൂഹിക പ്രതിഫലനം, സാമൂഹ്യ പ്രയോജനക്ഷമത എന്നിവയും പഴഞ്ചൊല്ലിന്റെ ശൈലിയിലൂടെ ചു ിക്കാട്ടുന്നു.

"ആന കേറാമലേലാടു കേറും
ആടു കേറാമലേലാളു കേറും
ആളു കേറും മലയങ്ങനെയങ്ങനെ
യമ്മയല്ലാമുലയായി മാറും" (കു.ക്ക. പു. 66)

പ്രകൃതി നശീകരണത്തിന്റെ ദുരന്തം പഴയ ഗ്രാമീണ നന്മകളുടെ പശ്ചാത്തലത്തിൽ ഓർമ്മിപ്പിക്കാൻ ഇവിടെ കടംകഥാശൈലി ഉപയുക്തമായിരിക്കുന്നു.

ര ് സന്ദർഭങ്ങളെ കൂട്ടിയിണക്കാനും താരതമ്യപ്പെടുത്താനും കവിയെ പ്രാപ്തനാക്കുന്നത് പ്രഖ്യാത കാവ്യശൈലിയുടെ അനുകരണമാണ്.

"സ്വാതന്ത്ര്യം തന്നെയമൃതം
സ്വാതന്ത്ര്യം തന്നെ ജീവിതം
പാരതന്ത്ര്യം മാനികൾക്ക്
മൃതിയെക്കാൾ ഭയാനകം"

എന്ന കുമാരനാശാന്റെ പ്രസിദ്ധ വരികൾ [15]

"സ്വാതന്ത്ര്യം തന്നെ സൗകര്യം
എന്തും ചെയ്യാം നമുക്കെടോ
ഒന്നും ചെയ്യാതിരുന്നിടാം
എന്തും നന്നായ് നശിപ്പിക്കാം
നശിപ്പിച്ചു നശിച്ചിടാം" (കു.ക്ക. പു. 165)

---

15 കുമാരനാശാൻ, 'ഒരു ഉദ്ബോധനം', *ആശാന്റെ പദ്യകൃതികൾ* (ഡി.സി. ബുക്സ്, കോട്ടയം, 2001), പു. 590.

എന്ന് പുതുരീതിയിൽ അവതരിപ്പിച്ചപ്പോൾ ഇന്ന് 'സ്വാതന്ത്ര്യം' എന്ന പദത്തിനു വന്ന അർത്ഥഭേദം തീക്ഷ്ണ മായി പ്രകാശിപ്പിക്കാൻ കഴിഞ്ഞു.

"ഉത്തമം കാർഷികം വൃത്തി
മധ്യമം വ്യാവസായികം
അധമം ശമ്പളം ജോലി
വിഷമം അല്ല നീചം
പോര
നിന്ദ്യം താൻ ഭരണപ്പണി" (കു.ക്ക. പു. 131)

ആധുനിക ലോകത്തിനനുസരിച്ച് പുതിയ സൂക്തം സൃഷ്ടിച്ചിരിക്കുകയാണ് കവി ഇവിടെ.

"കാർകൊ ു മി ാത്തൊരു കൊ ൽ പോലെ
കല്ലോലമില്ലാതെഴുമാഴിപോലെ
കാറ്റിൽപ്പെടാദീപവുമെന്നപോലെ
നിഷ്പന്ദമായ് പ്രാണനടക്കിവെച്ചും"

എന്ന ഏ.ആർ. രാജരാജവർമ്മയുടെ (1863-1918) പ്രസിദ്ധമായ വിവർത്തന ശ്ലോകത്തെ[16]

"പഞ്ചാരയില്ലാത്തൊരു ചായപോലെ
പൂഞ്ചായലില്ലാത്തൊരു പെണ്ണുപോലെ
പാസൊന്നുമില്ലാത്ത പഠിപ്പുപോലെ
പാവം മഹാജ്ഞാനുലകിൽ ചരിപ്പൂ" (കു.ക്ക. പു. 117)

എന്ന് അനുകരിച്ചതു വഴി അലങ്കാരബദ്ധമായ പ്രാചീന കാവ്യശൈലിക്ക് എതിരായ പരിഹാസമായി മാറു ന്നു.

ഇടയ്ക്ക് പ്രാഖ്യാതകവിതകളിലെ വരികൾ ഉദ്ധരിച്ച് കാവ്യത്തിന് വൈചിത്ര്യം നൽകുന്നു.

---

16 ഏ.ആർ രാജരാജവർമ്മ, *ഭാഷാഭൂഷണം* (എൻ.ബി.എസ്സ്, കോട്ടയം, 1992), പു. 23.

"കലം കയിലിനോടെന്തു പറയുന്നു
കയിൽ കലത്തോടെന്തു പറയുന്നു
കറിക്കറിഞ്ഞുകൂട
കവിക്കുമറിഞ്ഞുകൂട
തിരിയാ, ലോകരഹസ്യമാർക്കുമേ" (കു. ക. പു. 137)

കുമാരനാശാന്റെ പ്രസിദ്ധമായ വരിയുടെ പശ്ചാത്തലത്തിൽ നിസ്സാരകാര്യങ്ങൾ പോലും പ്രവചിക്കാനാവാത്ത ജീവിതത്തിന്റെ അസംബന്ധത വെളിപ്പെടുത്തുകയാണ് കവി.

"ചായപ്പീടികയിൽ
ഈച്ചഗ്ലാസുകളൊട്ടിയിരിക്കും മേശയ്ക്കരികിൽ
കുത്തിയിരിപ്പൂ കാലത്തിൻ ശബ്ദം
നാട്ടിൽ ചെങ്കോൽ
ധാർമ്മിക രോഷം
റ്റ്വിങ്ക്ൾ റ്റ്വിങ്ക്ൾ ലിറ്റിൽ സ്റ്റാർ" (കു.ക. പു. 81).

ജനങ്ങളുടെ ധാർമ്മികരോഷം പ്രകടിപ്പിക്കുന്ന മുദ്രാവാക്യങ്ങൾ നഴ്സറി റൈം പോലെ ആലാപനത്തിന്റെ രസത്തിൽ ഒതുങ്ങുന്നതിന്റെ നിരർത്ഥകത 'റ്റ്വിങ്ക്ൾ റ്റ്വിങ്ക്ൾ ലിറ്റിൽ സ്റ്റാർ' എന്ന വരിയിലൂടെ സുവ്യക്തമാകുന്നു.

ആശയവിനിമയം സുഗമമായി നടക്കുന്നുവെങ്കിൽ യാതൊരു ചിഹ്നവും ആവശ്യമില്ല എന്നു കരുതുന്നതിനാൽ പൊതുവെ ചിഹ്നങ്ങൾ കുറഞ്ഞ വാക്യരീതിയാണ് കുഞ്ഞുണ്ണിയുടേത്. പതിവുരീതിയനുസരിച്ച് വ്യാക്ഷേപകങ്ങൾക്ക് ശേഷം വിക്ഷേപിണിയോ, വാക്യം മുറിയുന്നിടത്ത് രേഖയോ, ചോദ്യവാക്യങ്ങൾക്ക് ശേഷം ചോദ്യചിഹ്നമോ, ആശയപൂർത്തിക്കുശേഷം പൂർണ്ണവിരാമമോ കവി മിക്കപ്പോഴും ഉപയോഗിക്കുന്നില്ല. എങ്കിലും അത്യാവശ്യമുള്ളിടത്ത് അല്പഅർദ്ധവിരാമങ്ങളും വിസർഗ്ഗങ്ങളും വിക്ഷേപിണിയുമെല്ലാം ഉപയോഗിക്കുന്നുമു ്.

"വാസ്തവജീവിതം മുഴുവൻ നിരീക്ഷണക്ഷമമല്ലെന്നും നിരീക്ഷണക്ഷമമായതു മുഴുവൻ ആവിഷ്ക്കാരക്ഷമമല്ലെന്നും വസ്തുതകളുടെയും സംഭവങ്ങളുടെയും നീ വർണ്ണനയല്ല, പ്രത്യുത അവയുടെ ഇഫക്ടാണ്; ആ സംഭവങ്ങൾ നൽകുന്ന സ്വാകാര്യാനുഭവത്തെ ഏവർക്കും സ്വീകാര്യമായ ആസ്വാദ്യമായ പരസ്യാനുഭവമായി പരിവർത്തിക്കുന്നതെന്ന"[17] ദർശനമാണ് കുഞ്ഞുണ്ണിക്കവിതയുടെ സംക്ഷിപ്തതയ്ക്കു പിന്നിൽ. അത്യഗാധപ്രശ്നങ്ങൾക്ക് മുന്നിൽപോലും ലാഘവം കാണിക്കുന്ന പുതുതലമുറയെ പിടിച്ചിരുത്തി കേൾപ്പിക്കാൻ ഗൗരവത്തെ അതിലംഘിക്കുന്ന വിധം ലളിതമായ കാവ്യരചനാശൈലി അവലംബിച്ചിരിക്കുന്നു കവി.

**അലങ്കാരങ്ങൾ**

---

17 രാഘവൻ ഇയ്യത്തുങ്കാട്, *കവിതയിൽ ഒരു വെളിപാടുപുസ്തകം, പു. 34.*

ആവിഷ്ക്കരിക്കുന്ന ഭാവത്തെ സുവ്യക്തമാക്കാനും കാവ്യരചന ആസ്വാദ്യമാക്കാനും കവികൾ ഉപ യോഗിക്കുന്ന പ്രധാന രചനാതന്ത്രമാണ് അലങ്കാരപ്രയോഗങ്ങൾ.

"നദി കടലിന്റെ കാമുകി
കടൽ സൂര്യന്റെ കാമുകി
സൂര്യൻ സ്വർഗ്ഗ കാമുകൻ" (കു.ക്ക. പു. 64)

എന്നിങ്ങനെ കവിതയിലെ വേരുറച്ച സങ്കേതങ്ങളെ ചോദ്യം ചെയ്യുകയും

"അലങ്കാരമലങ്കോല -
മെനി,യ്ക്കെൻ കവിതയ്ക്കുമേ" (കു.ക്ക.പു. 115)

"ഉടുത്ത ഭാഷ ഒന്നിനും കൊള്ളില്ല" (കു.ക്ക. പു. 50)

എന്ന് കാവ്യാവിഷ്ക്കരണത്തിലെ ബാഹ്യമോടികളെ നിഷേധിക്കുകയും ചെയ്തിട്ടു ് കുഞ്ഞുണ്ണി. ഉപ മാനോപമേയങ്ങൾ തമ്മിലുള്ള സാമ്യത്തിന്റെ ഏറ്റക്കുറച്ചിലുകളാണ് അലങ്കാരപ്രയോഗങ്ങൾക്ക് പിന്നിൽ. എന്നാൽ ശരിയായ ദർശനം ഉപമാനോപമേയങ്ങളുടെ ഇത്തരം വേർതിരിവുകളെ മറികടന്ന് 'അഹംബ്ര ഹ്മാസ്മി'യിലെത്തി നിൽക്കുന്നു എന്ന തിരിച്ചറിവാണ് ഈ അലങ്കാരനിഷേധത്തിനു കാരണം. എന്നാൽ പ്രത്യക്ഷത്തിൽ അലങ്കാരപ്രയോഗത്തെ നിഷേധിക്കുന്നുവെങ്കിലും സൂക്ഷ്മമായ വിശകലനത്തിൽ *ഭാഷാ ഭൂഷണാ*ദി അലങ്കാരലക്ഷണഗ്രന്ഥങ്ങൾ കൊ ് നിർവചിക്കാവുന്നതും എന്നാൽ ഭാവപരമായി നവീനത്വം പുലർത്തുന്നതുമായ ധാരാളം അലങ്കാരപ്രയോഗങ്ങൾ കുഞ്ഞുണ്ണിക്കവിതയിൽ കാണാം. സാരം/നിസ്സാരം, ലൗകികം/അലൗകികം, വലുപ്പം/ ചെറുപ്പം, വിശേഷം/ സാമാന്യം, മഹത്വം/ലഘുത്വം എന്നി ങ്ങനെ ഉപമാനോപമേയ സ്വഭാവങ്ങളുടെ എല്ലാ അതിർവരമ്പുകളും അത്തരം അലങ്കാരപ്രയോഗങ്ങളി ലൂടെ ലംഘിക്കപ്പെടുന്നു. അതുവഴി കൈവരുന്ന ഭാവഭംഗിയും ദാർശനികഗരിമയും കുഞ്ഞുണ്ണിക്കവി തകളെ ആകർഷണീയമാക്കുന്നു.

"ഒരു കഷണം പിട്ടു തിന്നാൻ
പപ്പടം വേ നിക്കെടോ
ഒരു ജന്മം കഴിച്ചീടാൻ
വേളി വേ ന്ന പോലവെ" (കു.ക്ക. പു. 159)

"ചോദിച്ചു സമ്മതം വാങ്ങി
ചുംബിക്കും പോലെയല്ലയോ
നാണം കെട്ടോ ു ചോദിച്ചു
വാങ്ങിക്കൊ ു ഭരിപ്പത്" (കു.ക്ക.പു. 109)

ഇവിടെയെല്ലാം ഉപമാനം, ഉപമേയം, ഉപമാവാചകം, സാധാരണധർമ്മം എന്നീ ഉപമാലങ്കാരത്തിന്റെ ഘടകങ്ങളെല്ലാം ഒത്തിരിക്കുന്നു. എന്നാൽ പ്രത്യക്ഷത്തിൽ കടകവിരുദ്ധമായ ഇത്തരം അലങ്കാരപ്രയോഗ ത്തിലൂടെ രാഷ്ട്രീയ പ്രചരണത്തിലെ അസംബന്ധതയെ നിഷേധിക്കുകയും ജീവിതത്തിൽ വിവാഹത്തിനു

കൊടുത്ത അപ്രാധാന്യത്തെ വ്യക്തമാക്കുകയുമാണ് ചെയ്യുന്നത്. കവി ഇവിടെ പ്രകടമായി ഒന്നും പറയുന്നില്ല, അലങ്കാരങ്ങൾ സംസാരിക്കുന്നു. ആധുനിക കവിതയിൽ നിന്നും വ്യത്യസ്തമായി രൂപപരമായി ലക്ഷണഗ്രന്ഥങ്ങളുടെ പതിവു രീതിക്ക് ഇണങ്ങുന്ന രീതിയിലാണ് കുഞ്ഞുണ്ണിയുടെ അലങ്കാരപ്രയോഗങ്ങളെങ്കിലും അതിൽ നിന്നും സ്ഫുരിക്കുന്ന ഭാവത്തിന്റെ വൈപുല്യവും നവീനതയും കുഞ്ഞുണ്ണിക്കവിതകളെ ശ്രദ്ധേയമാക്കുന്നു. യാഥാസ്ഥിതിക രീതികളിൽ നിന്നും വ്യത്യസ്തമായി ഉപമേയത്തിന്റെ മഹത്വമല്ല, പരിമിതി വ്യക്തമാക്കുകയാണ് ഇവിടെ അലങ്കാരത്തിന്റ ധർമ്മം. ഏ. ആർ. രാജരാജവർമ്മ പറയുന്നതുപോലെ അതിശയോക്തിയല്ല,[18] മറിച്ച് ന്യൂനോക്തിയാണ് ഇത്തരം അലങ്കാരങ്ങളുടെ അടിത്തറ. ഇങ്ങനെ കവിതയിലും ജീവിതത്തിലുമുള്ള യാഥാസ്ഥിതിക രീതികളെ യാഥാസ്ഥിതിക രീതികൾ കൊ ് ബന്ധിച്ച് നൂതനഭാവസംവേദനം നിർവഹിക്കുന്നതിൽ കുഞ്ഞുണ്ണിക്കവിതയിലെ അലങ്കാരപ്രയോഗങ്ങൾ പ്രധാന പങ്കു വഹിക്കുന്നു.

> "താന്താൻ നിരന്തരം ചെയ്യുന്ന കർമ്മങ്ങൾ
> താന്താനനുഭവിച്ചീടുകെന്നേ വരൂ"[19]

എന്ന ആത്മീയദർശനം

> "എനിക്കുതന്നെ കിട്ടുന്നു
> ഞാനയക്കുന്നതൊക്കെയും
> ആരിൽ നിന്നെന്നതേ നോക്കൂ
> വിഡ്ഢിശിഷ്ടായിയീശ്വരൻ" (കു.ക്ക. പു. 168)

ഇങ്ങനെ ആവിഷ്ക്കരിക്കപ്പെടുമ്പോൾ അമൂർത്തത/ മൂർത്തത, സാരം/നിസ്സാരം തുടങ്ങിയ അതിർവരമ്പുകൾ മറികടന്ന് യഥാർത്ഥ ആത്മീയദർശനത്തിന്റെ വെളിപ്പെടുത്തലായി മാറുന്നു. വിരുദ്ധവസ്തുതകളുടെ സന്തുലനമാണ് കവിതയ്ക്ക് വൈചിത്ര്യം പകരുന്നത്.

---

18 'ചൊല്ലുള്ളതിൽ കവിഞ്ഞുള്ള
തെല്ലാമതിശയോക്തിയാം
തെല്ലിതിൻ സ്പർശമില്ലാതെ -
യില്ലലങ്കാരമൊന്നുമേ"

ഏ.ആർ. രാജരാജവർമ്മ, *ഭാഷാഭൂഷണം* (സാഹിത്യപ്രവർത്തക സഹകരണസംഘം, എൻ. ബി. എസ്സ്, കോട്ടയം, 1992), പു. 38.

19 എഴുത്തച്ഛൻ, അയോദ്ധ്യാകാണ്ഡം, *അദ്ധ്യാത്മരാമായണം കിളിപ്പാട്ട്* (തിരു: ഹൈടെക് പബ്ലിക്കേഷൻസ്, 2003), പു. 108.

"ഞാനാം പൂവിലെ
ഞാനാം തേനും തേടി നടക്കും
ഞാനാം വ  ിനെ മാടിവിളിച്ചീടുന്ന
വിളക്കായ് കത്തുകയാകുന്നൂ ഞാൻ" (കു.ക്ക.പു. 147)

പൂവും തേനും വ  ും വിളക്കും എല്ലാം താൻ തന്നെയായി കാണുന്ന ഈ മാലാരൂപകത്തിലൂടെ തനിക്കു താൻ പോരിമ വെളിപ്പെടുത്തുകയാണ് കവി. 'അഹം ബ്രഹ്മസ്മി' എന്ന ദർശനത്തിൽ നിന്നാണ് ഈ അലങ്കാരത്തിന്റെ പിറവി.

"പൂവു പോലുള്ളതാകേണം
പുഴ പോലുള്ളതാകേണം
ആഴി പോലുള്ളതാകേണം
കാവ്യമെന്നേ വിളങ്ങിടു" (കു.ക്ക. പു. 197)

ഈ മാലോപമയിലൂടെ ഉത്തമ കാവ്യത്തെ സംബന്ധിച്ച തന്റെ ദർശനമാണ് കവി അവതരിപ്പിക്കുന്നത്. പൂവിന്റെ സൗന്ദര്യവും പുഴയുടെ ആർദ്രതയും ആഴിയുടെ ആഴവും കവിതയ്ക്ക് വേണമെന്നാണ് അർത്ഥ മാക്കുന്നത്. സാധാരണധർമ്മം ഗൂഢമാക്കി, ഉപമാനത്തിന്റെ ഔചിത്യത്തെക്കുറിച്ച് ചിന്തിപ്പിക്കുകയാണ് കവി ഇവിടെ.

"മഹാന്മാരമ്മയെപ്പോലെ" (കു.ക്ക.പു. 129)

ഈ ഉപമാപ്രയോഗത്തിലൂടെ അനുകമ്പ എന്ന ഗുണം ലുപ്തമാക്കിക്കൊ  ് അമ്മയുടെ ആർദ്രത, അനുകമ്പാദി ഗുണങ്ങൾ മഹാന്മാർക്ക് വേണമെന്ന് പറയുന്നു.

"പുഴ പോലൊഴുകും പുഴയും
പുഴു പോലിഴയും പുഴുവും
ഞാൻ പോലലയും ഞാനും
അത്ഭുതമല്ലേ ലോകം" (കു.ക്ക.പു. 45)

തനിക്ക് താൻ തന്നെ സമമെന്ന് പറയുന്ന ഈ അനന്വയാലങ്കാരത്തിലൂടെ ഒന്നിന് മറ്റൊന്ന് പകരം വയ്ക്കാനാവാത്ത പ്രപഞ്ചസൃഷ്ടി ക  ് അദ്ഭുതപ്പെടുകയാണ് കവി. പ്രപഞ്ചത്തിന്റെ സൂക്ഷ്മനിരീക്ഷണത്തിൽ നിന്നാണ് ഈ അലങ്കാരത്തിന്റെ ഉത്ഭവം. പുഴയേയും പുഴുവിനെയുമെല്ലാം ഒരുപോലെ കാണുന്ന സമത്വദർശനമാണ് ഈ അലങ്കാരത്തിന്റെ പിറകിലുള്ളത്.

"തീയിന്നെന്തേ പൂവിൻ നിറം
പൂവിന്നെന്തേ തീയിൻ നിറം" (കു.ക്ക.പു. 62)

"സൂര്യൻ കിഴക്കുദിക്കുന്നി
തെന്നിൽ നീയെന്ന പോലവെ

പടിഞ്ഞാറസ്തമിക്കുന്നു

നിന്നിൽ ഞാനെന്നപോലെയും" (കു.ക്ക.പു. 76)

ഉപമാനോപമേയങ്ങളെ തിരിച്ചും മറിച്ചും പരസ്പരം ഉപമിക്കുന്ന ഇവിടുത്തെ ഉപമേയോപമ വഴി വർണ്ണ്യാവർണ്ണ്യങ്ങളുടെ ഭേദത്തെ മറികടക്കുകയാണ് കവി. തീയിലും പൂവിലും ഒരേ സൗന്ദര്യം കാണുന്ന കവിയുടെ വീക്ഷണം 'അഹം ബ്രഹ്മസ്മി' എന്ന ആത്മീയദർശനത്തോട് പൊരുത്തപ്പെടുന്നു.

"ഇങ്ങനെ കടിപിടികൂടുന്നതെന്തേ - നായ്ക്ക-

ളയ്യയ്യേ നരന്മാരെപ്പോലെ ഭൗ - ഭൗ - ഭൗ - ഭൗ - ഭൗ " (കു.ക്ക.പു. 74)

ഉപമാനോപമേയങ്ങൾ മറിച്ചിട്ട ഈ പ്രതീപാലങ്കാരത്തിലൂടെ മനുഷ്യരുടെ ഇടയിലുള്ള മതരാഷ്ട്രീയ കലഹങ്ങളെ ശക്തമായി വിമർശിക്കുകയാണ് കവി. പൊതുവെ ഉപമേയത്തിന്റെ വൈശിഷ്ട്യം ആവിഷ്ക്കരിക്കാനുള്ള ഈ രീതി ഉപമേയത്തിന്റെ ന്യൂനതയെ പൊക്കിക്കാട്ടാൻ ഉപയോഗിച്ചിരിക്കുന്നു കവി.

"എലിയുടെ വാലോ

വലിയൊരു മലയുടെ വയറോ

വാലില്ലാത്ത മനുഷ്യൻ കെട്ടിയ വലയുടെ നൂലോ

നീലാകാശമനസ്സിൻ നിഴലോ

ഞാനാലോചിക്കുകയാണെൻ

തലമുടിയിഴയുടെയുള്ളിൽ കാണ്മതിതെന്തു വെളിച്ചം" (കു.ക്ക.പു. 78)

ഒന്നിനെ പലതായി സന്ദേഹിക്കുന്ന ഈ സസന്ദേഹാലങ്കാരത്തിലൂടെ മൂർത്താമൂർത്തബിംബങ്ങളുടെ സമന്വയം കൂടി സാധിച്ചിരിക്കുന്നു കവി. "നീലാകാശമനസ്സിൻ നിഴൽ' എന്ന അമൂർത്ത ബിംബത്തിലൂടെ മനസ്സിന്റെ പക്വത വാർദ്ധക്യത്തിലാണെന്ന് സമർത്ഥിക്കുകയും എലിയുടെ വാല്, മലയുടെ വയറ് തുടങ്ങിയ മൂർത്തബിംബങ്ങളിലൂടെ ഹാസ്യാത്മകമായി സമീപിച്ച് ലാഘവത്തോടെ വാർദ്ധക്യഭീതിയെ മറികടക്കുകയും ചെയ്യുന്നു.

"പാലിൻ വെളുപ്പോ വെളുപ്പ് - മുല്ല

പ്പൂവിൻ വെളുപ്പോ വെളുപ്പ്

സാക്ഷാൽ വെളുപ്പാരു ക ദ്" (കു.ക്ക. പു. 45)

ഇവിടെയും സസന്ദേഹാലങ്കാരത്തിലൂടെ പ്രപഞ്ചത്തിലെ യഥാർത്ഥസത്യം ക ത്തുക എത്ര ദുഷ്ക്കരമാണെന്ന് കവി ഓർമ്മിപ്പിക്കുന്നു.

വർണ്ണ്യാവർണ്ണ്യങ്ങളുടെ ബിംബപ്രതിബിംബഭാവത്തിലൂടെ വസ്തുതകൾ ആവിഷ്ക്കരിക്കുന്ന ദൃഷ്ടാന്താലങ്കാരം കുഞ്ഞുണ്ണി പലപ്പോഴും ഉപയോഗിക്കുന്നു ്.

"ചേരയെക്കൊന്നൂ കോരൻ

ഗാന്ധിയെക്കൊന്നൂ ഗോഡ്സെ" (കു.ക്ക.പു. 79)

നിരുപദ്രവിയും സാധുജീവിയുമായ ചേരയെക്കൊന്ന കോരന്റെ ക്രൂരതയും അഹിംസാവാദിയും സത്യ സന്ധനുമായ ഗാന്ധിജിയെക്കൊന്ന ഗോഡ്സെയുടെ നിഷ്ഠൂരപ്രവൃത്തിയും തമ്മിൽ താരതമ്യപ്പെടുത്തി യിരിക്കയാണിവിടെ. ഗോഡ്സെ യുടെ പ്രവൃത്തിയിലെ അല്പത്വത്തെ പരിഹാസത്തിന്റെ ഭാഷയിൽ വിമർശിക്കുന്നതിന് ഈ അലങ്കാരപ്രയോഗം ഉപയുക്തമാവുന്നു.

"അങ്ങനെയിങ്ങനെ നാത്തൂനേ
ചക്കടെ മടലോ ദുഷേരീം
സർക്കാരിന്നോ സോഷ്യലിസോം" (കു.ക്ക.പു. 93)

സോഷ്യലിസ്റ്റ് സങ്കല്പത്തിന്റെ അധഃപതനമാണ് ഈ കവിതയിലൂടെ വിമർശിക്കപ്പെടുന്നത്. വർണ്ണ്യാവർണ്ണ്യ ങ്ങളുടെ ഗുണവിശേഷപ്രകടനത്തിനല്ല, മറിച്ച് അവയുടെ ന്യൂനതയുടെ ആവിഷ്ക്കാരത്തിനാണ് കുഞ്ഞുണ്ണി അലങ്കാരപ്രയോഗങ്ങൾ ഉപയോഗിക്കുന്നതെന്നതിന് തെളിവാണ് ഈ വരികളും.

അനേക വസ്തുതകൾ ഓരേ ധർമ്മത്തിൽ അന്വയിക്കുന്ന ദീപകാലങ്കാരവും ചിലപ്പോൾ കവി പ്രയോഗിക്കുന്നു.

"പ്രധാനമന്ത്രിയും ശിപായിയുമൊരേ
തരക്കാരായിടുമുറക്കം തൂങ്ങുമ്പോൾ" (കു.ക്ക.പു. 92)

ഒരു ജനതയെ പൊതുവെ ഗ്രസിച്ച ആലസ്യത്തെ രൂക്ഷമായി വിമർശിക്കുകയാണ് ഇവിടെ.

"കാലമില്ലാതാകുന്നു
ദേശമില്ലാതാകുന്നു
കവിതേ, നീയെത്തുമ്പോൾ
ഞാനുമില്ലാതാകുന്നു" (കു.ക്ക. പു. 93)

ദേശകാലാതീതമായി ആത്മവിസ്മൃതിയിൽ ലയിപ്പിക്കാൻ സർഗ്ഗാത്മകശക്തിക്കുള്ള കഴിവിനെ പ്രകീർത്തി ക്കുകയാണ് ഈ അലങ്കാരപ്രയോഗത്തിലൂടെ കവി.

വസ്തുതകളുടെ നിഗീരണം വഴി ചിന്തിപ്പിച്ച് യഥാർത്ഥവസ്തുതയെ ക ത്താനുള്ള ഉപാധി യായ രൂപകാതിശയോക്തി അലങ്കാരം ബുദ്ധിപരമായ വിനോദത്തിനായി കടങ്കഥയിലും പ്രാചീന കാവ്യ ങ്ങളിലുമെല്ലാം ഉപയോഗിച്ചിരിക്കുന്നു. കുഞ്ഞുണ്ണിയാകട്ടെ കൺമുന്നിൽ കാണുന്ന സാധാരണകാര്യങ്ങളി ലൂടെ ജീവിതത്തെ സംബന്ധിച്ച ഗഹനമായ ദാർശനിക സത്യത്തിന്റെ ആവിഷ്കാരത്തിനാണ് ഈ അല ങ്കാരം സമർത്ഥമായി ഉപയോഗപ്പെടുത്തിയിരിക്കുന്നത്.

"പിന്നോട്ടു മാത്രം മടങ്ങുന്ന കാലുകൊ-
ല്ലയോ മുന്നോട്ടു പായുന്നിതാളുകൾ" (കു.ക്ക. പു. 44)

ഭൂതകാലം വർത്തമാനത്തിലാണ് ജീവിക്കുന്നതെന്ന യാഥാർത്ഥ്യമാണ് ഈ വരികളിലൂടെ കവി ആവിഷ്ക്കരി ക്കുന്നത്.

"എന്നിലൊരെലിയു ്
എന്നെക്കരളുന്നൊരെലി
എന്നിട്ടും ഞാനൊരു പൂച്ചയാകുന്നില്ല" (കു.ക്ക. പു. 59)

"ഞാനാകും കുരിശിന്മേൽ തറഞ്ഞു കിടക്കുകയാണു ഞാൻ
എന്നിട്ടും ഹാ ക്രിസ്തുവായ്ത്തീരുന്നില്ല" (കു.ക്ക. പു. 50)

ഹേതുവു ായിട്ടും കാര്യമു ാകുന്നില്ല എന്ന വിശേഷോക്തി അലങ്കാരത്തിന്റെ സഹായ ത്തോടെ തന്നെ നശിപ്പിക്കുന്ന വികാരങ്ങളിൽ നിന്നും ചിന്തയിൽ നിന്നും വിമുക്തനാകാൻ കഴിയാത്ത തിന്റെ സങ്കടം അവതരിപ്പിക്കുകയാണ് കവി. അഹങ്കാരത്തിൽ തട്ടി അഹംബോധം നിഷ്ഫലമാകുന്നതാണ് കുരിശിൽ കയറിയ ക്രിസ്തുവിന്റെ രൂപത്തിലൂടെ ആവിഷ്ക്കരിച്ചിരിക്കുന്നത്.

കുഞ്ഞുണ്ണിക്കവിതയിൽ ധാരാളം ഉപയോഗിച്ചിരിക്കുന്ന അലങ്കാരമാണ് പ്രത്യക്ഷത്തിൽ വിരുദ്ധ മായ വാക്പ്രയോഗമായ വിരോധാഭാസം.

"സ്വർഗ്ഗമുള്ളതുകൊ ല്ലോ
നരകിക്കുന്നു മാനുഷർ" (കു.ക്ക. പു., 118)

നാളത്തെ സ്വർഗ്ഗത്തിനു വേ ി ഇന്നത്തെ സ്വർഗ്ഗം നഷ്ടപ്പെടുത്തി നരകയാതന അനുഭവിക്കുന്ന മനുഷ്യ രുടെ ഗതികേടാണ് ഇതിലൂടെ ആവിഷ്ക്കരിച്ചിരിക്കുന്നത്.

"നിന്നെത്തേടി നടന്നൂ ഞാ-
നെന്നെനേടിയടങ്ങീ ഞാൻ" (കു.ക്ക. പു. 184)

ഈ വിരുദ്ധോക്തിയിലൂടെ 'തത്ത്വമസി' (അതു നീ തന്നെയാകുന്നു) എന്ന തത്ത്വത്തെ രസകരമായി ആവിഷ്ക്കരിച്ചിരിക്കുന്നു.

"പ്രപഞ്ചമൊരു പറ
അതിലീശ്വരനൊന്നേകാപ്പറയോ
ഇതെന്തു കൃഷി
ഇതെന്തു കച്ചവടം" (കു.ക്കൃ. വാല്യം ക. പു. 168)

വർണ്ണ്യാവർണ്ണ്യങ്ങൾ തമ്മിലുള്ള ആധാരാധേയബന്ധത്തെ അടിസ്ഥാനമാക്കിയ 'അധികം' എന്ന അലങ്കാര മാണിത്. പ്രപഞ്ചത്തിലെങ്ങും നിറഞ്ഞു നിൽക്കുന്ന ഈശ്വരന്റെ അമൂർത്ത സാന്നിദ്ധ്യത്തെ മൂർത്തവ സ്തുതകളുടെ സഹായത്തോടെ വാഴ്ത്തുകയാണ് കവി.

"ബസ്സു ീ ലോകത്തിൽ നൊസ്സൂ ീ ലോകത്തി
ലസ്സലാണീ ലോകം വന്നു കാണ്മിൻ
ആമയു ീ ലോകത്താറ്റം ബോംബു ല്ലോ
ഞാനുമുമ ല്ലാരും ക ു പോവിൻ" (കു.ക്ക. പു. 109)

ഈ സ്വഭാവോക്ത്യലങ്കാരത്തിലൂടെ വൈരുദ്ധ്യങ്ങളും വൈവിദ്ധ്യങ്ങളും നിറഞ്ഞ ലോകത്തിന്റെ സ്വഭാവത്തെ സൂക്ഷ്മമായി അവലോകനം ചെയ്യുകയാണ് കവി.

നന്മ/തിന്മ, വലുപ്പ/ചെറുപ്പ, സാര/ നിസ്സാരഭേദങ്ങളൊന്നുമില്ലാതെ ആമയേയും ആറ്റം ബോംബിനെയും ഒരേ കണ്ണുകൊ   ു കാണുന്ന കവിയുടെ സമത്വാധിഷ്ഠിതമായ ജീവിതദർശനം പക്വത നിറഞ്ഞതാണ്.

"എന്നെയെൻ തലയിൽപ്പേറി
നടക്കുക നിമിത്തമായ്
എനിക്കു വീഴ്ച പറ്റുന്നി
തെല്ലാദിക്കിലുമെപ്പൊഴും" (കു.ക്ക. പു. 73)

കാര്യത്താൽ കാരണം ഊഹിക്കുന്ന ഈ അനുമാനാലങ്കാരത്തിലൂടെ അഹംഭാവം വ്യക്തിത്വം നശിപ്പിക്കുന്നതിന്റെ ചിത്രമാണ് കവി മിഴിവോടെ ആവിഷ്ക്കരിക്കുന്നത്.

"ഒറ്റക്കു നിൽക്കും കുന്നിന്റെ
യൗന്നത്യം പത്തിരട്ടിയാം

ഒറ്റക്കു നിൽക്കും പെണ്ണിന്റെ
സൗന്ദര്യം നൂറിരട്ടിയാം" (കു.ക്ക. പു. 96)

സാമാന്യകാര്യത്താൽ വിശേഷവസ്തുതയെ സമർത്ഥിക്കുന്ന ഈ അർത്ഥാന്തരന്യാസത്തിലൂടെ മറ്റുള്ളവരിൽ നിന്നും വേറിട്ട് വ്യത്യസ്തനായി നിൽക്കുന്നതിലുള്ള സൗന്ദര്യവും മഹത്വവും കവി ആവിഷ്ക്കരിക്കുന്നു.

"ഡ്രൈവറും ക കട്ടറുമാരെന്നു നോക്കീടാതെ
യല്ലയോ ബസ്സിൽക്കേറി യാത്ര ചെയ്യുന്നൂ നമ്മൾ
അച്ഛനാരമ്മയാരെന്നേതുമേ നോക്കീടാതീ
മന്നിലേക്കിറങ്ങിയ വിഡ്ഢികളല്ലോ നാം" (കു.ക്ക.പു. 47)

വിധിവിപര്യയത്തിനുമുന്നിൽ കീഴടങ്ങേ ി വരുന്ന ജീവിതത്തിന്റെ നിസ്സഹായതയേയാണ് കവി ഈ അർത്ഥാന്തരന്യാസ അലങ്കാരത്തിലൂടെ ആവിഷ്ക്കരിക്കുന്നത്.

"എന്റെ കൊടുങ്ങല്ലൂരമ്മേ
എനിക്കു പച്ചത്തെറി പറയാനിത്തിരി
കരുത്തു നൽകേണമേ
നീയതു നൽകില്ലെങ്കിൽ
ഞാനൊരു കോഴിച്ചാത്തനായി
ഗൗതമശാപം നേടി
സഹസ്രഭഗനാകുമേ പറഞ്ഞേക്കാം" (കു.ക്ക. പു. 84)

പുരാവൃത്തപരാമർശത്തോടു കൂടിയ ഈ ഉദാത്തലങ്കാരത്തിന്റെ സഹായത്തോടെ നിയന്ത്രിതവികാരങ്ങൾ തുറന്നു വിടേ തിന്റെ ആവശ്യകതയെക്കുറിച്ചാണ് കവി പറയുന്നത്.

"കേരളം നന്നാകാനെന്തു നല്ലൂ
പേരൊന്നു മാറ്റിക്കൊടുക്ക നല്ലൂ

പോരളമെന്നായാൽ പോരുകില്ലേ
പോരുമേ പോരുമേ പോരും പോരും" (കു. ക. പു. 146)

ചോദ്യത്തിന് ആരും ഓർക്കാത്ത ഉത്തരം നൽകുക എന്ന 'ഉത്തരം' എന്ന അലങ്കാരത്തിലൂടെ കേരള ത്തിലെ മതരാഷ്ട്രീയ കലഹങ്ങളെ ശക്തമായി പരിഹസിക്കുകയാണ് കവി.

"പൊയ്മുഖവും പൊയ്ക്കാലും
പൊക്കക്കാരേ നിങ്ങൾക്കെൻ നമസ്കാരം" (കു.ക. പു. 110)

ഇവിടെ വ്യാജസ്തുതിയിലൂടെ മനുഷ്യരുടെ പൊങ്ങച്ചത്തെ വിമർശിക്കുന്നു.

"രകാരമില്ലാത്തൊരു നായരല്ലേ
വളഞ്ഞ വാലാട്ടി വരുന്നു നേരെ
കുരച്ചിടാത്തെന്തിത് പാർട്ടിവിട്ടോ
തിരഞ്ഞെടുപ്പിന്നൊരു കേൻഡിഡേറ്റോ" (കു.ക. പു. 60)

വാച്യത്തെ വ്യംഗ്യഭംഗിയിലൂടെ ആവിഷ്ക്കരിക്കുന്ന ഈ പര്യായോക്താലങ്കാരത്തിലൂടെ അവസരസമീപനം വെച്ചു പുലർത്തുന്ന രാഷ്ട്രീയക്കാരെ കഠിനമായി ആക്ഷേപിച്ചിരിക്കുകയാണ്.

ഈ അലങ്കാരപ്രയോഗങ്ങളിലെല്ലാമുള്ള പൊതുസ്വഭാവം അതിലെ ഹാസ്യാത്മകതയാണ്. അതാണ് ഈ കവിതകളെ ആകർഷണീയമാക്കുന്നത്. കവിയുടെ ജീവിതദർശനം അതിൽ പ്രതിഫലിക്കു കയും ചെയ്യുന്നു. പഴയ മട്ടിലുള്ള അലങ്കാരപ്രയോഗങ്ങൾ കൊ ുതന്നെ അവയുടെ പരിമിതി മറികട ന്നിരിക്കുകയാണ് കവി. ഫലത്തിൽ അലങ്കാരപ്രയോഗങ്ങൾ കൊ ് തന്നെ അലങ്കാരപ്രയോഗങ്ങളെ നിഷേധിക്കുന്ന രചനാകൗശലമാണിത്. അതുകൊ ാണ് പഴയ മട്ടിൽ സമൃദ്ധമായ പ്രാസ അലങ്കാരപ്ര യോഗങ്ങൾ കൊ ാന്നും ആ കള്ളിയിലൊതുങ്ങാതെ അതിന്റെ സ്വഭാവം ആധുനികമാകുന്നത്. എന്നാൽ ആധുനികകവിതയിലെന്നപോലെ ശക്തമായ ഭാവാനുഭൂതി പകരുന്ന വാങ്മയചിത്രങ്ങളായി-ബിംബങ്ങളായൊന്നും ഇത്തരം അലങ്കാരങ്ങൾ വികസിക്കുന്നുമില്ല. കവിയുടെ പൊതുവെയുള്ള നിസ്സംഗമ നസ്ഥിതിയാണ് ഇതിനു കാരണം. എന്നാൽ ധൈഷണികത, വൈകാരികത, ശ്ലഥത, പ്രതീകാത്മകത എന്നിവ സ്ഫുരിക്കുന്ന ചില ബിംബങ്ങൾ കുഞ്ഞുണ്ണിക്കവിതയിൽ അവിടവിടെയായി കാണാം.

കുഞ്ഞുണ്ണിക്കവിതയിൽ കാണുന്ന കടൽ, ആകാശം, മഴ, പുഷ്പം, മണ്ണ് തുടങ്ങിയ പ്രകൃതി പ്രതി ഭാസങ്ങൾ, എലി, പൂച്ച, ആന, ഉറുമ്പ്, നായ തുടങ്ങിയ ജീവജാലങ്ങൾ, ഇരുളും വെളിച്ചവും, രാപകലുകൾ തുടങ്ങിയ ദ്വന്ദ്വങ്ങൾ എന്നിവയെല്ലാം ചിലപ്പോൾ ധൈഷണികമോ പ്രതീകാത്മകമോ ആയ ബിംബങ്ങളായി വികസിക്കുന്നു.

"ഇരുളിന്നൊളിക്കാൻ
വെളിച്ചമൊന്നാന്തരം" (കു.ക. പു. 59)

"ആകാശത്തിന്നായിരം കണ്ണ് പുറത്ത്

ആഴിക്കായിരം കണ്ണു   കത്ത്" (കു.ക്ക. പു. 106)

"പിന്നെ ഞാൻ സന്ധ്യയായി

പിന്നെയോ രാത്രിയായ്

പിന്നെഷകലാകുവാൻ

കഴിയുന്നില്ലെന്തു ചെയ്തിട്ടുമേ" (കു.ക്ക. പു. 97)

എന്നീ വരികൾ ഉദാഹരണം

ആന, ഉറുമ്പ്, പൂച്ച, എലി തുടങ്ങിയ ജീലജാലങ്ങൾ യഥാക്രമം വലുഷച്ചെറുഷങ്ങൾ കൊ   ും പരസ്പരശത്രുത്വം കൊ   ും ധൈഷണികത കൈവരിക്കുമ്പോൾ നക്കുവാൻ തരുന്നവനാരായാലും വാലു മാട്ടി പിന്നാലെ പോകുന്ന പട്ടി അവസരവാദികളായ രാഷ്ട്രീയക്കാരുടെ പ്രതീകമാകുന്നു.

"എന്തിനു നിങ്ങളെലിയായ് നടക്കുന്നു

പൂച്ചക്ക് തീനായിത്തീരുവാനോ" (കു.ക്ക. പു. 75)

"ഇന്നലെച്ചത്തൊരു നായ
യ്ക്കിന്നൊരു പട്ടിയെക്ക   ഷോൾ ജീവൻ വെച്ചു." (കു.ക്ക. പു. 123)

"കുഞ്ഞിയുറുമ്പുെ   ാരാനത്തലയോള
മാനത്തലയപ്പോളെത്രത്തോളം
ആനത്തലയൊരു കുന്നോളം
എന്നാകിലാനയോ
ആനയിബ്ഭൂമിയോളം
ആനിയിബ്ഭൂമിയോളം പോരുമെന്നാകിൽ
ഭൂമിയോ
ഭൂമിയക്കുഞ്ഞിയുറുമ്പിന്റെ കണ്ണിനോളം" (കു.ക്ക. പു. 126)

എന്നീ കവിതകൾ ഉദാഹരണം.

ഉമ്മറവാതിലടച്ചിട്ടില്ല
വിളക്കണച്ചിട്ടില്ല
കിടക്കുവാനൊരുങ്ങിയിട്ടേയില്ല
അപ്പോഴേയ്ക്കുമേ കള്ള; നീയെത്തിപ്പോയോ! നിന
ക്കിത്ര ബദ്ധപ്പാടായാൽ വിഷമിക്കയേയുള്ളൂ
കരുക്കളില്ലേ കൈയിൽ
ഇരുട്ടിൽക്കാണും കണ്ണും നിനക്കു   ല്ലോ
പൂച്ചക്കാലും
എന്തിനീ വെമ്പൽ
നീ കാത്തുനില്ക്കുന്നു‌െ   ന്നതിനാലെനിക്കെന്റെ
നിത്യജോലികൾ തീർക്കാ
തുറങ്ങാനൊരുങ്ങാമോ" (കു.ക്ക. പു. 78)

ഇവിടെ പൂച്ച മരണത്തിന്റെ പ്രതീകമാണ്. ഒടുങ്ങാത്ത ജീവിതമോഹം, അതിനെതിരായി കടന്നുവരുന്ന തണുത്തു മരവിച്ച മരണത്തിന്റെ ഭീകരമായ നിശ്ശബ്ദത എന്നിവ ഈ പ്രതീകത്തിലൂടെ സമർത്ഥമായി വ്യഞ്ജിപ്പിക്കുന്നു.

കുഞ്ഞുണ്ണിക്കവിതയിൽ ഉടനീളം പ്രത്യക്ഷപ്പെടുന്ന പൂക്കൾ നന്മയുടെ, സ്നേഹത്തിന്റെ, സൗന്ദര്യത്തിന്റെ പ്രതീകമാണ്.

"തുമ്പപ്പൂവാണു കവിത
തുമ്പത്തിന്റെ പൂവ്
തുമ്പം തീർക്കുന്ന പൂവ്" (കു.ക്ക. പു. 133)

"ഞാനുമൊരു പൂവ്
ചെറിയ പൂവ്
എല്ലാവർക്കുമുള്ള പൂവ്" (കു.ക്ക. പു. 138)

തുടങ്ങിയ കവിതകൾ ഉദാഹരണം.

സ്ത്രൈണബിംബങ്ങളിൽ 'അമ്മ' എന്ന സങ്കല്പമാണ് പ്രധാനം. നന്മയുടെ, സ്നേഹത്തിന്റെ, ആർദ്രതയുടെ പ്രതീകമാണ് അമ്മ.

"ഒരു തുള്ളിയമ്മിഞ്ഞപ്പാലിൻ പരപ്പാണീയാകാശം" (കു.ക്ക. പു. 136)

ആകാശം പോലെ വിശാലമായ അമ്മമനസ്സിന്റെ ആർദ്രതയ്ക്കുള്ള സ്തുതിയാണിത്.

കൃഷ്ണൻ, കൊടുങ്ങല്ലൂരമ്മ എന്നീ ഹൈന്ദവദൈവങ്ങൾ, ക്രിസ്തു, ബുദ്ധൻ, ഗാന്ധിജി എന്നീ ചരിത്ര പുരുഷന്മാർ, നാറാണത്തുഭ്രാന്തൻ എന്ന ഐതിഹ്യകഥാപാത്രം ഇവരെല്ലാം മിത്തിക്കൽ സ്പർശത്തോടെ കവിതയിൽ ആവിഷ്ക്കരിക്കപ്പെടുന്നു.

"കുരിശേശുവിലേശുമോ" (കു.ക്ക. പു. 118)

"~ഒറ്റിക്കൊടുക്കാനാളായി
ചൂടിക്കാൻ മുൾക്കിരീടവും
തറയ്ക്കാൻ കുരിശും
ക്രിസ്തുനിർമ്മാണം ക്ഷണമാമിനി" (കു. ക്ക. പു. 121)

ഇവിടെയെല്ലാം യേശുവിന്റെ കുരിശാരോഹണം, മുൾക്കിരീടം ചൂടൽ എന്നിവ പുതിയ സന്ദർഭത്തിൽ പുതുരീതിയിൽ ആവിഷ്ക്കരിക്കപ്പെടുന്നു. കണ്ണനെക്കുറിച്ചുള്ള കവിതയിൽ ഉമിക്കരിയീർക്കില വിറ്റു നടന്ന് കണ്ണനെ തൊഴാൻ കഴിയാതെ പോകുന്ന ഭക്തന്റെ സങ്കടം കവി ആവിഷ്ക്കരിച്ചിട്ടു ്.

"കാലത്തിന്നാലിലയിൽ
കാലിൻ വിരലു കുടിച്ചുകിടക്കും
കോടക്കാറിനു ഞാനെൻ
കൈവിരൽ നൽകാത്തെന്തേ' (കു.ക്ക.പു. 100)

കല്പാന്തജലത്തിന്മേൽ കാൽവിരൽ കുടിച്ചു ശയിക്കുന്ന കണ്ണന്റെ രൂപമാണ് ഈ കവിത മനസ്സിലുണർത്തുന്നത്. കാലത്തിന്റെ ഒഴുക്കിന്മേൽ നിശ്ചലനായി, ശാന്തനായി കിടക്കാനുള്ള തന്റെ മോഹം പ്രകടിപ്പിക്കുകയാണ് കവി ഇവിടെ.

നന്മയുടെയും ത്യാഗത്തിന്റെയും മൂർത്തികളായ ബുദ്ധനെയും ഗാന്ധിജിയെയുമെല്ലാം അനുയായികളുടെ അഹങ്കാരവും സ്വാർത്ഥതയും ചിത്രീകരിക്കാനാണ് ഉപയോഗിച്ചിരിക്കുന്നത്

"ബുദ്ധനൊന്ന് ബുദ്ധൂസുകളൊരുപാട്" (കു.ക്ക. പു. 110)

"തലമൊട്ടയായതിൽ പിന്നെ
ഗാന്ധി തൊപ്പിയിട്ടിട്ടില്ല
ഗാന്ധി ഭക്തന്മാരാകട്ടെ
ചത്താലും തൊപ്പിയൂരില്ല
എത്രകാലം തൊപ്പിയിട്ടാലും
മൊട്ടയാകുന്നതല്ലല്ലോ അവരുടെ തല" (കു.ക്ക.പു. 45)

എന്നീ കവിതകൾ ഉദാഹരണം

"എനിക്കൊരു കുപ്പായം തുന്നിത്തരികെന്റെ തുന്നക്കാരാ
എന്നെത്തിന്നരുതക്കുപ്പായം
ഞാനും തിന്നരുതക്കുപ്പായം
മുന്നരുതക്കുപ്പായത്തിനു
പിന്നരുതക്കുപ്പായത്തിനു
ഞാനിട്ടാൽ പിന്നെയൊരിക്കലു
മൂരേ ൭രിടയു ൭യീടരുതക്കുപ്പായം
എനിക്കിങ്ങനെയൊരു കുപ്പായം
തുന്നിത്തരികെൻ തുന്നക്കാരാ" (കു.ക്ക. പു. 100)

"ഇപ്പെരും ബ്രഹ്മാണ്ഡമെന്റെ മനസ്സിന്റെ
കാലുറക്കീശയിൽ കോട്ടിക്കായായിക്കിടക്കുന്നു" (കു.ക്ക. പു. 153)

ഇവിടെ കാലമെന്ന അമൂർത്തസങ്കല്പം മുന്നും പിന്നും കയ്യും കാലുമില്ലാത്ത കുപ്പായമായും ബ്രഹ്മാണ്ഡം കോട്ടിന്റെ പോക്കറ്റിൽ തൂങ്ങിക്കിടക്കുന്ന ഗോട്ടിയായും മൂർത്തവത്കരിച്ചിരിക്കുന്നു.

"കടലൊരു കലം
അടുപ്പു മാമല
കയറ്റി വയ്ക്കണമടുപ്പത്തിക്കലം' (കു.ക്ക. പു. 72)

അമൂർത്തത്തെ മൂർത്തമാക്കി പ്രപഞ്ചത്തെ ഉള്ളംകയ്യിലൊതുക്കാനുള്ള തൃഷ്ണയാണ് കവി ഇവിടെ പ്രകടിപ്പിക്കുന്നത്.

"വാക്കിനോളം തൂക്കമില്ലീ -
യൂക്കൻ ഭൂമിക്കുപോലുമേ" (കുക്ക. പു. 139)

"മണ്ണിന്റെ മനസ്സല്ലോ
മലരിൻ മന്ദസ്മിതം" (കു.ക്ക. പു. 128)

"ശബ്ദത്തിൽ സ്പർശം പോലെ

സ്പർശത്തിൽ രൂപം പോലെ

രൂപത്തിൽ രസം പോലെ

രസത്തിൽ ഗന്ധം പോലെ

ഞാനെന്നിലുറങ്ങുന്നു
ഞാനെന്നിലുണരുന്നു" (കു.ക്ക. പു. 109)

ഇവിടെയെല്ലാം അമൂർത്തവസ്തുതകളെ അമൂർത്ത വസ്തുതകളുമായി താരതമ്യപ്പെടുത്തുക വഴി വാക്യത്തിന്റെ ശക്തിയും ജീവിതത്തിന്റെയും പ്രപഞ്ചത്തിന്റെയും സൗന്ദര്യവും അതിലുള്ള ആനന്ദവും തന്നിൽ സ്വയം ലയിച്ചാലുള്ള ബ്രഹ്മാനന്ദതുല്യമായ അനുഭൂതിയുമെല്ലാം കവി അനുഭവപ്പെടുത്തിത്തരുന്നു.

കവിതയിൽ അമ്മി, പറ, എന്നിവയെല്ലാം നഷ്ടമാകുന്ന ഗ്രാമീണനന്മയുടെ പ്രതീകമായി മാറുന്നു.

"അമ്മിയില്ലാത്തതാണമ്മയില്ലാത്തതാ
ണിന്നത്തെ വീടുകളങ്ങാടി വീടുകൾ" (കു. ക്ക. പു. 85)

"പാലക്കാടൻ പറയും പോയി
കോഴിക്കോടൻ സേറും പോയി
പാട്ടും പോയി
പതം പോയി. . ." (കു. ക്ക. പു. 99)

തുടങ്ങിയ വരികൾ ഉദാഹരണം.

അമ്മ, ഏകാന്തത എന്നിവയെപ്പറ്റി പരാമർശിക്കുമ്പോൾ കവിത വൈകാരികമാവുന്നു.

"അമ്മ എന്ന ഒരൊറ്റക്ഷരമാണ്
മണ്ണ് എന്ന ഒരൊറ്റക്ഷരമാണെന്റെ മലയാളം!" (കു.ക്ക. പു. 153)

"നീ വഴി
മഴക്കാലമൂവന്തി
ഞാനേകൻ" (കു.ക്ക. പു. 157)

തുടങ്ങിയ വരികൾ ഉദാഹരണം

"പുറത്തു കാറ്റുമിരുട്ടും
അകത്തിടിയും മഴയും
അവയ്ക്കിടയ്ക്കൊരു ചിമ്മിനിയും
    കണക്കുമ്പുക്കും
    പെൺകുഞ്ഞും" (കു.ക്ക. പു. 58)

ഇവിടെ ശ്ലേഷബിംബങ്ങളാൽ കവിത മുഴുവൻ ധ്വന്യാത്മകമാവുന്നു. പെൺകുട്ടി വളർന്നു വരേ സാഹചര്യങ്ങളാണ് ഇതിലൂടെ സൂചിപ്പിക്കുന്നത്.

ഇങ്ങനെ ഉപമാനോപമേയങ്ങളുടെ സാരനിസ്സാരതകൾ, മൂർത്താമൂർത്തതകൾ, വലുപ്പച്ചെറുപ്പങ്ങൾ എന്നീ ഭേദങ്ങളെ മറികടക്കൽ, ധ്വന്യാത്മകത, വൈയക്തികത എന്നീ സവിശേഷതകൾ ഒത്തിണങ്ങിയ കുഞ്ഞുണ്ണിക്കവിതയിലെ അലങ്കാരങ്ങൾ അതിലെ ഭാവതലത്തെ സമർത്ഥമായി അനുഭവപ്പെടുത്തിത്തരുന്നതിൽ നല്ല പങ്കു വഹിക്കുന്നു.

**വൃത്തം**

കവിതയിലെ ഭാവതലത്തെ അനുഭവവേദ്യമാക്കുന്നതിൽ അതിലെ താളത്തിന് സുപ്രധാനമായ പങ്കു ്. അതിനാൽ കവിയുടെ രചനാകൗശലത്തിന്റെ സുപ്രധാനമായ ഉരകല്ലാണ് അനുയോജ്യമായ താളപ്രകടനം. അനുയോജ്യമായ താളത്തിലൂടെ കവിതയുടെ ആന്തരികതലം താനേ അനാവൃതമാകുന്നു.

കുറിയ ശരീരം, കനത്ത ശബ്ദം, ലളിതമായ രചന, നാടൻ ആലാപനം, സൂക്ഷ്മമായ നർമ്മം, ഗ്രാമീണവേഷം, അനൗപചാരികമായ ശരീരഭാഷ തുടങ്ങിയ വ്യത്യസ്തകളാൽ കവിയരങ്ങുകളിൽ ശ്രദ്ധ നേടിയ കവിയാണ് കുഞ്ഞുണ്ണി എന്ന് എം. എൻ കാരശ്ശേരി വിലയിരുത്തുന്നു.[20] പുറമേയ്ക്ക് വളരെ ലളിതമായ കുഞ്ഞുണ്ണിക്കവിതകളിൽ ആംഗ്യം, ചൊല്ലുന്ന രീതി ഇവ പ്രധാനമാണ്. കടമ്മനിട്ട രാമകൃഷ്ണനെ പ്പോലെ (1934-2008) തന്റെ സവിശേഷമായ ആലാപനരീതി കൊ ് കവിതയ്ക്ക് കൂടുതൽ മിഴിവും കരുത്തും പകരാൻ കുഞ്ഞുണ്ണിക്ക് സാധിച്ചു. കുഞ്ഞുണ്ണിക്കവിതകൾ കൂടുതൽ ആസ്വാദ്യവും അർത്ഥവത്തുമായിത്തീരുന്നത് അനുയോജ്യമായ അംഗചലനങ്ങളോടെയും താളഭേദങ്ങളോടെയും കവി തന്നെ ആലപിക്കുമ്പോഴാണ്.

"ആ വരുന്നതൊരാന
ഈ വരുന്നതൊരീച്ച
ആനയുമീച്ചയുമങ്ങനെയങ്ങനെ
യടുത്തടുത്തു വരുന്നു
ആനയ്ക്കു ോ പേടി
ഈച്ചയ്ക്കു ോ പേടി

20 എം. എൻ കാരശ്ശേരി, 'അവതാരിക', *കുഞ്ഞുണ്ണിക്കൃതികൾ* വാല്യം ക.

ര   ിനുമില്ലൊരു പേടി

ആന താഴേ പോയ്

ഈച്ച മേലേ പോയ്" (കു. ക. പു. 142)

ഈ കവിതയിൽ വലുപ്പച്ചെറുപ്പങ്ങളുടെ വ്യത്യാസം ആ, ഈ എന്നീ വർണ്ണങ്ങളിലും മേലേ, താഴേ എന്നിവയിലും നൽകുന്ന ഊന്നലിലെ താളഭേദങ്ങളിൽ നിന്നും അനുഭവവേദ്യമാകുന്നു.

"പെണ്ണരികെ വാഴണം

മണ്ണറികെ വാഴണം

വിണ്ണകലെ വാഴണം

കണ്ണൊഴികെ വാഴണം (കു.ക. പു. 202)

ഇവിടെയും അരികെ:അറികെ, അകലെ:ഒഴികെ തുടങ്ങിയവയ്ക്കു നൽകുന്ന ഊന്നലിലെ താളഭേദങ്ങളിലൂടെ ഭാവതലം അനാവൃതമാകുന്നു.

"ഉണ്ണായിവാരരു   ായി

ഉ   ായതേതൊരു വാരിയത്തോ

അകത്തൂട്ടു വാരിയത്താകാ, മതല്ലെന്നാൽ

പുറത്തൂട്ടു വാരിയത്താകാ, മതല്ലെന്നാൽ

മറ്റേതോ വാരിയത്താകാം . . . ' (കു.ക. പു. 116)

എന്നു തുടങ്ങുന്ന കവിതയിൽ

"ഒന്നേ പുറത്തൂട്ടിയുള്ളൂ

പോരേ, നളപാകക്കാരനു വാരിയും

കോരിയുമൂട്ടുവാനാമോ"

എന്ന് അവസാനഭാഗത്ത് ഗദ്യശൈലിയുടെ താളം പ്രയോഗിച്ചതിലൂടെ കവിത മൊത്തം ചിന്താപരമാകുന്നു.

പൊതുവെ ശിശുഗാനത്തിന്റെ താളമാണ് കുഞ്ഞുണ്ണി ഉപയോഗിച്ചിരിക്കുന്നത്. കവിതയിൽ പുറമേയുള്ള ലാളിത്യം നിലനിർത്തുന്നതിൽ ഇതിന് നല്ല പങ്കു  ്.

കല്യാണി, ഓമനക്കുട്ടൻ, മഞ്ജരി പോലുള്ള നാടൻ ഭാഷാവൃത്തങ്ങളാണ് നാടോടിസംസ്കാരത്തിൽ വിശ്വസിക്കുന്ന കവി ഉപയോഗിക്കുന്നത്. അതിൽ തന്നെ മാത്രയും അക്ഷരക്ലിപ്തയുമൊന്നും നിയതവുമല്ല. ഈ സ്വാതന്ത്ര്യം നിലനിർത്താൻ സംസ്കൃതവൃത്തങ്ങളിൽവെച്ച് നല്ല അയവുള്ള അനുഷ്ടുപ് വൃത്തം പലപ്പോഴും ഉപയോഗിക്കുന്നതു കാണാം. എന്നാൽ ചിലപ്പോൾ സന്ദർഭത്തിനുചിതമായി അയവില്ലാത്ത സംസ്കൃതവൃത്തത്തെ തന്നെ ഉപയോഗിക്കുന്നു.

"ക   ീടാനുറ   ളുപ്പം കളകമലദള

ക്കണ്ണനാമുണ്ണിയേ നാം

തെ ാ നാടുതോറും ഗുരപവന പുര

ത്തികലും ചെന്നിടേ . . ." (കു.ക്ക. പു. 176)

എന്നു തുടങ്ങുന്ന കവിതയിൽ പുരാണകഥാസന്ദർഭത്തിനനുസരിച്ച് മുക്തകശൈലി സ്വീകരിച്ചിരിക്കുന്നു.

"തൃക്കാലിൽ താലികെട്ടിത്തരിവളകടകം

കൊ ു പൂഞ്ചോല ചുറ്റി

തൃക്കയ്യിൽ കുമ്പയേന്തിത്തിരുരസികമഹാ

മുക്കു മുമ്മന്നിലൂന്നി

തക്കം പാർക്കാതെയയ്യാ ചെറിയൊരു വെടിയായ്

നില്ക്കുവോരിക്കുശേവൻ

ഞാനാണെന്നുള്ള സത്യം കവിതയിതുളവാ

യഷോഴെ തേറിയുള്ളൂ " (കു.ക്ക. പു. 152)

ഇവിടെ

"മിന്നും പൊന്നും കിരീടം

തരിവളകടകം കാഞ്ചിപൂഞ്ചോലമാലാ . . ."

എന്നു തുടങ്ങുന്ന പ്രസിദ്ധമായ സ്തോത്രത്തിന്റെ ശൈലി നൂതന സന്ദർഭത്തിൽ സ്വീകരിച്ച് വൈചിത്ര്യം വരുത്തിയിരിക്കുന്നു.

ആദ്യം ശ്രാവ്യസൗന്ദര്യം പിന്നീട് ദൃശ്യസൗന്ദര്യം, പിന്നീട് ചിന്താസൗന്ദര്യം ഈ ക്രമത്തിലാണ് കുഞ്ഞുണ്ണിക്കവിത മുന്നോട്ടുപോകുന്നത്. ഈ അനുഭൂതി തലങ്ങളെല്ലാം കുഞ്ഞുണ്ണിക്കവിതക്ക് നൽകുന്നത് പ്രാഥമികമായി അതിലെ ശ്രാവ്യസൗന്ദര്യമാണ്.

ഇങ്ങനെ വർണ്ണതലം, പദതലം, വാക്യതലം, അലങ്കാരതലം, വൃത്തതലം എന്നീ തലങ്ങളിലെല്ലാമുള്ള പ്രയോഗവ്യതിരിക്തകൾ കുഞ്ഞുണ്ണിക്കവിതകളെ ആകർഷണീയവും ഭാവസമ്പന്നവുമാക്കുന്നു.

## അദ്ധ്യായം 4

# കുഞ്ഞുണ്ണിക്കവിതയിലെ ഹാസ്യം

കുഞ്ഞുണ്ണിക്കവിതയിലെ മുഖ്യസവിശേഷതയാണ് ഹാസ്യം. ര ് മൂന്ന് വരികളിൽ കവിത രചിച്ചു എന്നതല്ല, ആ വരികളിൽ മുഴുവൻ ഹാസ്യം നിറച്ചു എന്നതാണ് കുഞ്ഞുണ്ണിക്കവിതയെ വ്യത്യസ്തമാക്കുന്നത്. കുഞ്ഞുണ്ണിയെ ആധുനിക കവികളിൽ ജനകീയനാക്കിയതിലും ഹാസ്യത്തിന് മുഖ്യപങ്കു ്. ശൈലീവിജ്ഞാനീയത്തിന്റെ സഹായത്തോടെ ഭാഷപരമായ അപഗ്രഥനത്തിലൂടെ കുഞ്ഞുണ്ണിക്കവിതയിലെ ഹാസ്യത്തെ വിശകലനം ചെയ്യുകയാണ് ഈ അദ്ധ്യായത്തിൽ.

### ഹാസ്യം

ഫലിക്കുന്നത് ഫലിതം. വക്താവിലും ശ്രോതാവിലും ഒരേ അളവിൽ ഫലിക്കുമ്പോഴേ അത് ആസ്വാദ്യമാകൂ. മറ്റു രസങ്ങളിൽ നിന്നും വ്യത്യസ്തമായി വക്താവിനേറ്റ അതേ തീക്ഷ്ണതയിൽ ഹാസ്യം ശ്രോതാവിലേല്ക്കുന്നതിനു കാരണം അതിന്റെ നിർവൈയക്തികതയാണെന്ന് സുകുമാർ അഴീക്കോട് (ജ. 1926) വിലയിരുത്തുന്നു.[1] മനസ്സിന് സത്വരോന്മേഷം പകർന്നുതന്ന് നമ്മെ നാമറിയാതെ ചിന്തിപ്പിക്കാനും സാമൂഹികബോധം കൈവരുത്താനും ഫലിതബോധം നമ്മെ പ്രാപ്തരാക്കുന്നു. പരിപക്വമനസ്സിന്റെ പ്രതിഫലനമായ അത് ആകസ്മികവും സംക്ഷിപ്തവുമാണ്. മന:ശാസ്ത്രം, ശരീരശാസ്ത്രം, ശബ്ദശാസ്ത്രം തുടങ്ങിയ വിവിധ മേഖലകളുമായി ഹാസ്യം ബന്ധപ്പെട്ടിരിക്കുന്നു.

---

1 സുകുമാർ അഴിക്കോട്, 'ഹാസ്യരഹസ്യം', *മലയാള വിമർശം* (3, ജൂലൈ-ഡിസംബർ, കാലിക്കറ്റ് യൂണിവേഴ്സിറ്റി, 1985), പു. 10-11.

**ഹാസ്യം പൗരസ്ത്യവീക്ഷണത്തിൽ**

നാട്യശാസ്ത്രകാരനായ ഭരതമുനിയുടെ അഭിപ്രായത്തിൽ ശൃംഗാരരസത്തിൽ നിന്നാണ് ഹാസ്യം ഉൽപന്നമാകുന്നത്.[2] ഹാസ്യത്തിന് ര ാം സ്ഥാനം നൽകുന്ന ഭരതൻ വികൃതമായ വേഷം, വികൃതമായ അലങ്കാരം, ധാർഷ്ട്യം, ചഞ്ചലത, അംഗസ്പർശം, വികൃതശബ്ദം, അംഗവൈകല്യങ്ങൾ ദോഷസ്വഭാവം എന്നിവയെ അതിന്റെ വിഭാവങ്ങളായി കണക്കാക്കുന്നു.[3] സ്ത്രീകളിലും നീചപ്രകൃതികളിലും ഹാസ്യം ധാരാളമായി കാണപ്പെടുന്നുവെന്ന് അഭിപ്രായപ്പെട്ട ഭരതൻ പ്രസ്തുത രസത്തിന് നൽകിയ അപ്രധാനതയാണ് ഇത് വെളിപ്പെടുത്തുന്നത്. അഭിനവഗുപ്തന്റെ (ക്രി. പി. 950-1025) അഭിപ്രായത്തിൽ അനൗചിത്യമാണ് ഹാസ്യത്തിന്റെ വിഭാവം.[4] ലോകജീവിതത്തിൽ ഹാസ്യത്തിനു കാരണമാകുന്ന വിഭാവങ്ങൾ തന്നെയാണ് കാവ്യലോകത്തിലും ഹാസ്യത്തിന് കാരണമാകുന്നത് എന്നദ്ദേഹം പറയുന്നു.[5] അലൗകികഭാവത്തിലേക്ക് പ്രത്യക്ഷത്തിൽ ഹാസ്യം നമ്മെ ഉയർത്തുന്നില്ലെന്നും അതിനാൽ അത് സ്ഥായീപ്രഭവം മാത്രമല്ല സ്ഥായീഭാവാത്മകം കൂടിയാണെന്നുമാണ് അദ്ദേഹത്തിന്റെ അഭിപ്രായം. തികച്ചും ലൗകികമായ രസമാണ് ഹാസ്യം എന്നാണ് അഭിനവഗുപ്തൻ ഇതുകൊ ർത്ഥമാക്കുന്നത്. ഉണങ്ങിയ വിറകിൽ തീ എന്നപോലെ ഹാസ്യം ഒരാളിൽ നിന്ന് മറ്റൊരാളിലേക്ക് ആളിപ്പടരുന്നു എന്നും അഭിനവഗുപ്തൻ അഭിപ്രായപ്പെടുന്നു.[6] ഹാസ്യത്തെ സാമുദായികതിന്മകൾക്കെതിരെയുള്ള ആയുധമായാണ് ക്ഷേമചന്ദ്രൻ (ക്രി. പി. 1000 - 1080) കാണുന്നത്. ഹാസം നിമിത്തം ജനങ്ങൾ ലജ്ജിതരായാൽ അവർ ദോഷങ്ങൾ പ്രവർത്തിക്കുകയില്ല എന്നദ്ദേഹം പറയുന്നു.[7]

ഹാസ്യത്തെ ഭരതൻ അത് പ്രയോഗിക്കുന്ന കഥാപാത്രത്തിന്റെ സ്വഭാവം ആധാരമാക്കി സ്മിതം, ഹസിതം, വികസിതം, ഉപഹസിതം, അപഹസിതം, അതിഹസിതം എന്ന് ആറായി തരം തിരിച്ചു.[8] ഇവയിൽ

---

2 "അത്ര ശൃംഗാരാദ്ധി ഭവേദ്ധാസ്യോ
രൗദ്രാച്ച കരുണോ രസ: " - 44
ഭരതൻ. *നാട്യശാസ്ത്രം.* വിവ: കെ.പി. നാരായണപ്പിഷാരടി (കേരളസാഹിത്യഅക്കാദമി, തൃശ്ശൂർ : 1997), പു. 248.

3 "സ ച വികൃതവേഷാലങ്കാരധാർഷ്ട്യലൗല്യകു
ഹകാസത് പ്രലാപവ്യംഗ്യദർശന ദോഷോ-
ദാഹരണാദിഭിർ വിഭാതവൈരുത്പാദ്യതേ" - 60
ടി, പു. 25.

4 എസ്. വി. വേണുഗോപൻനായർ, *ഹാസ്യം നോവൽ ശില്പത്തിൽ* (മാളുവൻ പബ്ലിക്കേഷൻസ്, തിരു : 1997), പു. 10.

5 വേദബന്ധു, *രസഭാരതി* ( കേരളസാഹിത്യ അക്കാദമി, തൃശ്ശൂർ: 1985), പു. 219.

6 ടി.പു. 219.

7 ഏവൂർ പരമേശ്വരൻ, *നമ്പ്യാരും തുള്ളൽ സാഹിത്യവും* (കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരു: 200), പു. 232.

8 "സ്മിതമഥ ഹസിതം വിഹസിത -
മുഹസിതം ചാപഹസിതമതിഹസിതം
ദ്വൌ ദ്വൌ ഭേദൌ സ്യാതാ -

സ്മിതഹസിതങ്ങൾ ഉത്തമന്മാർക്കും വിഹസിതവും അപഹസിതവും മദ്ധ്യമന്മാർക്കും അപഹസിതവും അതിഹസിതവും അധമന്മാർക്കും ചേർന്നതാണെന്ന് ഭരതൻ പറയുന്നു.[9] അല്പം നയന വികാസത്തോടും അധരസ്പന്ദനത്തോടും കൂടിയത് സ്മിതം. കുറച്ചു ദന്തപ്രകാശനസഹിതമായത് ഹസിതം. മധുരസ്വരത്തോടു കൂടിയത് വിഹസിതം. അംസ ശിര: കമ്പനത്തോടു കൂടിയത് അപഹസിതം. നയനങ്ങളിൽ കണ്ണീർ നിറയുന്നത് അപഹസിതം. ശരീരം കുടഞ്ഞു ചിരിക്കുന്നത് അതിഹസിതം. ഹാസ്യത്തെ ഭരതൻ ആത്മസ്ഥം, പരസ്ഥം എന്ന് ര ായി തിരിക്കുന്നു. [10] സ്വയം ചിരിക്കാൻ കാരണമാകുന്നത് ആത്മസ്ഥം. അന്യരെ ചിരിപ്പിക്കുന്നത് പരസ്ഥം.

ചു ും കവിളും സ്പന്ദിക്കുക, കണ്ണുകൾ കൂമ്പുകയും കുനിയുകയും ചെയ്യുക, വിയർക്കുക, മുഖം തുടയ്ക്കുക, പാർശ്വം പിടിക്കുക എന്നിവ ഹാസ്യത്തിന്റെ അനുഭാവങ്ങൾ. അവഹിത്ഥം, ആലസ്യം, തന്ദ്ര, നിദ്ര, സ്വപ്നം, പ്രബോധം, അസൂയ ഇവ വ്യഭിചാരീഭാവങ്ങൾ എന്ന് ഭരതൻ.[11] ഓർത്തോത്തു ചിരിക്കാവുന്ന ഫലിതം രസധ്വനിയുടെ തലത്തിലേക്കുയരുന്നുവെന്ന് ആനന്ദവർദ്ധനൻ[12] (ക്രി. പി. 840-890). ഏതു രസവും ലക്ഷ്യം പിഴച്ച് ആഭാസരൂപമായി ഹാസ്യം ജനിപ്പിക്കാമെന്ന് അഭിവനഗുപ്തൻ.[13] വാസ്തവത്തിൽ ഹാസ്യത്തിന്റെ വിഭാവത്വം അനൗചിത്യമാണ്. അനൗചിത്യത്താൽ കരുണവീരാദി രസങ്ങൾ പോലും ഹാസ്യജനകമാകാം.

ഭാരതീയ ഹാസചിന്തയുടെ മർമ്മപദം വൈകൃതം ആണെന്ന് സുകുമാർ അഴീക്കോട് അഭിപ്രായപ്പെടുന്നു.[14] വ്യക്തിയുടെ, സമുദായത്തിന്റെ വൈകൃതത്തിൽ നിന്നുമാണ് ഹാസ്യമു ാകുന്നത്. കുട്ടികൃ

---

മുത്തമമദ്ധ്യാധമപ്രകൃതൗ" - 63.
ഭരതമുനി, *നാട്യശാസ്ത്രം,* വിവ: കെ. പി. നാരായണപ്പിഷാരടി, പു. 254.

9 ടി.

10 . . . ദ്വിവിധശ്ചായാമാത്മഥ:
പരസ്ഥാശ്ച. യ യദാ സ്വയം ഹസതി, തദാ -
ബന്ധ: യദാ തു പരം ഹാസയതി, തദാ
പരസ്ഥ" - 60. ടി. പു. 253.

11 "തസ്യൗഷ്ഠനാസാകപോലസ്പന്ദനദൃഷ്ടി
വ്യാ കോ ചാ കുഞ്ചന സ്വേദാസ്വരാഗപാർ
ശ്വഗ്രഹണാദിഭിരനുഭാവൈരഭിനയ: പ്രയോ -
ക്തവ്യ: വ്യഭിചാരിണശ്ചോസ്യാവഹി
ത്ഥാലസ്യതന്ദ്രാ നിദ്രാ സ്വപ്ന പ്രബോധാ -
സൂയാ ദയ": - 60.
ഭരതൻ. *നാട്യശാസ്ത്രം,* വിവ: കെ. പി. നാരായണപ്പിഷാരടി, പു. 253.

12 എസ്. വി. വേണുഗാപൻനായർ, ഹാസ്യം നോവൽ ശില്പത്തിൽ, പു. 10.

13 വേദബന്ധു, *രസഭാരതി,* പു. 152.

14 ഗീത, ജി. നായർ, *ഹാസ്യം മലയാളകവിതയിൽ. അയ്യപ്പപ്പണിക്കർ, കടമ്മനിട്ട രാമകൃഷ്ണൻ എന്നിവരുടെ കവിതകളെ ആസ്പദമാക്കി ഒരു പഠനം,* പിഎച്ച്.ഡി. പ്രബന്ധം, പു. 6.

ഷ്ണമാരാർ (1900 - 1973) *ഹാസസാഹിത്യ*ത്തിൽ സാഹിത്യകൃതിയിലെ ഹാസഭാവത്തെ കവിഗതമെന്നും ഇതിവൃത്തഗതമെന്നും ര ായി തിരിക്കുന്നു.[15] കവിക്ക് ഇതിവൃത്തത്തോടുള്ള ഹാസഭാവം കവിഗതം. ഇതി വൃത്തത്തിലെ കഥാപാത്രങ്ങൾ തമ്മിലുള്ള ഹാസം ഇതിവൃത്തഗതം. ഇവയിൽ ശ്രേഷ്ഠമായി കവിഗതഹാസ ത്തെ മാരാർ കാണുന്നു. ഒരു വസ്തുവിനെ, വ്യക്തിയെ എല്ലാ സ്നേഹപക്ഷപാതങ്ങളോടും തന്നെ അകന്ന് നോക്കിക്കാണാനുള്ള കഴിവാണ് ഉൽകൃഷ്ടനർമ്മബോധമെന്നും ഉത്തമഹാസ്യം ഹസിക്കപ്പെടുന്ന വന്റെ മേൽ മാത്രമല്ല, മറ്റെല്ലാവരുടെ മേലും മുള്ളുകൾ ഏൽപിക്കുന്നുവെന്നും മാരാർ പറയുന്നു.[16] മഹാ ഭാരതത്തിലും രാമായണത്തിലുമെല്ലാം ഹാസ്യം കാണുന്ന മാരാർ അതിനെ ഭാരതീയ വേദാന്തവുമായി ബന്ധപ്പെടുത്തി ആത്മീയാനുഭൂതിയായി ഉയർത്തുകയാണ് ചെയ്യുന്നത്. ആഡംബരം, ആചാരം, സന്മാർഗ്ഗ നിയമം, വികാരം എന്നിവയാണ് എം. പി. പോളിന്റെ (1904-1952) അഭിപ്രായത്തിൽ ഹാസ്യവിഷയ ങ്ങൾ.[17] ഇവയിൽ വികാരവൈകൃതം പ്രതിപാദിക്കുന്ന കൃതികൾക്കാണ് ശാശ്വതത്വമുള്ളതെന്നും മറ്റു ള്ളവ കാലികമാണെന്നും പോൾ പറയുന്നു.[18]

**ഹാസ്യം പാശ്ചാത്യവീക്ഷണത്തിൽ**

സ്ത്രീകളിലും നീചന്മാരിലും കാണുന്ന രസമായി ഹാസ്യത്തെ ക ഭരതമുനിയെപ്പോലെ അക്ഷ രാഭ്യാസമില്ലാത്ത തരംതാണ മനുഷ്യരുടെ ജീവിതത്തിന്റെ അനുകരണമായി യവനചിന്തകനായ പ്ലാറ്റോയും (ക്രി.മു. 407-347) കോമഡിയെ ക ു. ഏതുവിധ ഹാസ്യത്തിന്റെയും അടിവേരുകൾ വിദ്വേഷ ത്തിലോ പകയിലോ അസൂയയിലോ ആയിരിക്കാമെന്ന് പ്ലാറ്റോ കരുതി.[19] വൈരുദ്ധ്യവും (Ugliness) അധഃപതനവും (Debasement) ആയി ബന്ധപ്പെട്ടാണ് ഹാസ്യത്തെ അരിസ്റ്റോട്ടിൽ (ക്രി. മു. 384-322) മന സ്സിലാക്കിയത്. തരംതാണ ജീവിതത്തിന്റെ അനുകരണമായി കോമഡിയെ അദ്ദേഹവും വിലയിരുത്തി. എങ്കിലും മാനസികോല്ലാസഹേതുവായി ഐറണിയെ(പ്രച്ഛന്നഹാസ്യം) ക ് നല്ല സ്ഥാനം നൽകി. ആഹ്ലാ ദം, ചിരി ഇവയിലൂടെ കോമഡി (ശുഭാന്തഹാസ്യം) സമാനവികാരങ്ങളുടെ വിരേചനം സാധിക്കുന്നതായി അരിസ്റ്റോട്ടിൽ പറയുന്നു.[20] ഭരതൻ ശൃംഗാരവുമായി ഹാസ്യത്തെ ബന്ധപ്പെടുത്തിയതിനു സമാനമായി ഹാസത്തിന് രതിയുമായുള്ള ബന്ധത്തെക്കുറിച്ച് അരിസ്റ്റോട്ടിൽ സൂചിപ്പിക്കുന്നു.[21] വിലക്കപ്പെട്ട വികാരങ്ങ ളുടെ അടിച്ചമർത്തലിലൂടെയുള്ള അസന്തുലിതത്തിന്റെ നിവാരണത്തെ ഹാസ്യത്തിനു നിദാനമായി

---

15 കുട്ടികൃഷ്ണമാരാർ, *ഹാസസാഹിത്യം* (മാരാർ സാഹിത്യപ്രകാശം, കോഴിക്കോട്: 1990), പു. 14.

16 ടി.പു. 28.

17 എം. പി. പോൾ. *നോവൽ സാഹിത്യം,* പു. 151-154.

18 ടി. പു.

19 മേക്കൊല്ല പരമേശ്വരൻ, *ഹാസ്യദർശനം.* (എൻ. ബി. എസ്സ്, കോട്ടയം: 1969), പു. 35

20 ഗീത ജി. നായർ, *ഹാസ്യം മലയാളകവിതയിൽ,* പി എച്ച്. ഡി പ്രബന്ധം, പു. 9.

21 ടി.പു. 9

ഫ്രോയ്ഡ് (1856-1939) കാണുന്നു.[22] രതിയോ അതിനു വിപരീതമായ ദ്വേഷമോ ഫലിത പരിഹാസങ്ങൾക്ക് കാരണമാകാമെന്ന് ഫ്രോയ്ഡ് പറയുന്നു . ഉദ്ദേശ്യത്തെ ആസ്പദമാക്കി ഫ്രോയ്ഡ് ഹാസ്യത്തെ നിർദ്ദോഷഹാസ്യമെന്നും സോദ്ദേശ്യ ഹാസ്യമെന്നും തരം തിരിക്കുന്നു. കേവലാനന്ദത്തെ ലക്ഷ്യമാക്കുന്നത് നിർദ്ദോഷഹാസ്യവും വ്യക്തിയുടെയോ സമൂഹത്തിന്റെയോ നേർക്ക് ഉന്നം വയ്ക്കുന്നത് സോദ്ദേശ്യഹാസ്യ വുമാണ്.[23]

പരിഹാസത്തിന്റെ പിന്നിലുള്ള ആനന്ദത്തിന്റെ അടിസ്ഥാനം വിദ്വേഷമാണെന്ന് ഡ്രൈഡൻ (1631 -1700) പറയുന്നു.[24] മറ്റുള്ളവരുമായി താരതമ്യപ്പെടുത്തുമ്പോഴുള്ള ഉൽക്കർഷത്തിൽ നിന്നാണ് ഹാസ്യ ത്തിന്റെ പിറവിയെന്ന് തോമസ് ഹോബ്സ്[25] (1588-1679). ഈ സിദ്ധാന്തത്തോട് ദെക്കാർത്തെയും (1596 -1650) ഫ്രോയ്ഡും യോജിക്കുന്നു. പൊരുത്തക്കേടോ അനൗചിത്യമോ ഹാസ്യത്തിനു കാരണമാകാമെന്ന് വില്യം മക്ഡൂഗൽ[26] (1871-1938). വൈരുദ്ധ്യങ്ങളുടെ പരസ്പര ബന്ധത്തിൽ നിന്നാണ് ഹാസ്യത്തിന്റെ ഉല്പ ത്തിയെന്ന് സ്പാനിഷ് ചിന്തകനായ ജയിംസ് ബീട്ടി (1735-1803) യും അഭിപ്രായപ്പെടുന്നു.[27] വസ്തുസ്ഥിതി കളുടെ യഥാർത്ഥസ്ഥിതിയും അതേപ്പറ്റി നമ്മിലുള്ള സങ്കല്പവും തമ്മിലുള്ള ചേർച്ചയില്ലായ്മയാണ് ഹാസ്യ ത്തിന് കാരണമെന്ന് ഷോപ്പനോവർ[28] (19-ാം നൂറ്റാ ്). ജീവിതത്തിലെ വൈരുദ്ധ്യങ്ങളാണ് ഹാസ്യത്തിന് കാരണമെന്ന് സ്പെൻസർ[29] (1820-1903). പൊരുത്തമില്ലായ്മ അങ്ങനെത്തന്നെ വിവരിക്കുന്നത് ഉത്തമഹാ സ്യമാണെന്നും മറ്റേതെങ്കിലുമായി ഒത്തുനോക്കിയോ വ്യത്യാസപ്പെടുത്തിയോ ചേർച്ചയില്ലായ്മ വെളിവാ ക്കുന്നത് ഉക്തിഹാസമാണെന്നും ഹാസ്ലിറ്റ്[30] (1778-1830).

സിസറോ (ക്രി. മു. 106-143) യും ഫ്രാൻസിസ് ബേക്ക (1561-1626) നും വൈരൂപ്യത്തിൽ ഹാസ്യ ത്തിന്റെ മർമ്മം ക ത്തുന്നു.[31] എന്നാൽ പാസ്ക്കൽ (17-ാം നൂറ്റാ ്, ഫ്രഞ്ചുചിന്തകൻ) സാദൃശ്യമാണ് ഹാസ്യത്തിനു നിദാനം എന്ന പക്ഷക്കാരനാണ്.[32] ഹെർബർട്ട് സ്പെൻസർ (1820-1904), ചാൾസ് ഡാർവിൻ

---

22 Sigmound Freud, *Joke and Unconscious*. Trans. James Strachely and Angela Rechards (Penguin books, London: 1976), p. 167.

23 Ibid., p. 76-77.

24 മേക്കൊല്ല പരമേശ്വരൻപിള്ള, *ഹാസ്യദർശനം*. പു. 42

25 വേളൂർ കൃഷ്ണൻകുട്ടി. *ചിരിയുടെ ചരിത്രം* (സാംസ്കാരിക പ്രസിദ്ധീകരണ വകുപ്പ്, തിരു: 2004), പു. 10

26 എസ്. വി. വേണുഗോപൻ നായർ. ഹാസ്യം നോവൽ ശില്പത്തിൽ. പു. 8

27 സർദാർകുട്ടി, *ഹാസ്യസാഹിത്യനിരൂപണം* (സാംസ്കാരിക പ്രസിദ്ധീകരണവകുപ്പ്, തിരു: 2003), പു. 13

28 ടി. പു. 13.

29 ടി.

30 ടി. പു. 12.

31 ബാബുരാജൻ, കെ, *ഹാസ്യം മലയാളചെറുകഥയിൽ.* പിഎച്ച് .ഡി. പ്രിലിമിനറി പ്രബന്ധം (കോഴിക്കോട് സർവ്വക ലാശാല, 1995), പു. 39

32 ഗീത. ജി. നായർ. *ഹാസ്യം മലയാളകവിതയിൽ.* പിഎച്ച്. ഡി. പ്രബന്ധം. പു. 31

(1809-1882) എന്നിവർ ശാരീരികാനുഭവമായാണ് ഹാസ്യത്തെ കാണുന്നത്.[33] ശാരീരികവും മാനസികവുമായ ഊർജ്ജത്തിന്റെ മിതവ്യയം ഹാസ്യത്തിലൂടെ സംഭവിക്കുന്നുവെന്ന് ഫ്രോയ്ഡും പറയുന്നു.[34] നിരാശതകളെയും തീക്ഷ്ണാനുഭവങ്ങളേയും സഹിക്കാനും ഉല്ലാസപൂർവ്വം മറികടക്കാനും പ്രകൃതി വിന്യസിച്ച ജന്മവാസനയായി മാക്സ് ഈസ്റ്റ്മേൻ (1883-1969) ഹാസ്യത്തെ കാണുന്നു.[35] ദാർശനികമായി പിന്നാക്കം നോക്കിയാൽ ചിരിയും കണ്ണീരും ഒന്നു തന്നെയാണെന്ന് ജി.കെ. ചെസ്റ്റർട്ടൻ.[36] കണ്ണീരിന്റെ നനവുള്ള ഹാസ്യത്തെ ഉത്തമമായി സ്റ്റീഫൻ ലീകോക്ക് (1867-1944) കരുതുന്നു.[37] ചിരിയിൽ ദു:ഖാത്മകതയുടെ കവിതയുണ്ടെന്ന് മെരിഡിത്ത് (1818-1909).[38] ക്രീഡമനോഭാവവും അനുകമ്പയും മേളിച്ചാണ് ഹാസ്യം ജനിക്കുന്നതെന്ന് മന:ശാസ്ത്രജ്ഞനായ ജയിംസ് സള്ളി (182-1908).[39] ആർതർ കോയ്സ്ലറുടെ (1905-1983) അഭിപ്രായത്തിൽ ചിരി ഒരേ സമയം ലളിതവും സങ്കീർണ്ണവുമായ പ്രക്രിയയാണ്.[40] അത് ശാരീരികം എന്നതോടൊഷം തന്നെ ബുദ്ധിപരവുമാണ്. പരസ്പരവിരുദ്ധമായ രണ്ട് തലങ്ങളുടെ, സന്ദർഭങ്ങളുടെ ഏറ്റുമുട്ടലാണ് ഹാസ്യമുണ്ടാക്കുന്നതെന്ന് കോയ്സ്ലർ.[41] മൗലികത (Originality), ഊന്നൽ (Emphasis), മിതവ്യയം (Economy) ഇവ ഉത്തമഹാസ്യത്തിന്റെ ലക്ഷണങ്ങളായി കോയ്സ്ലർ കാണുന്നു.[42] സാമുദായികമായ ഒന്നായി ഹാസ്യത്തെ ജോർജ്ജ് മെറിഡിത്തും (1818-1909) ഹാസ്യം ഒരു സംഘസ്വഭാവമാണെന്ന് കോയ്സ്ലറും പറയുന്നു. ബർഗ്സൺ ചിരിയെക്കുറിച്ച് വിശദമായി ചിന്തിച്ചു. മാനുഷികമായ എന്തെങ്കിലുമേ ഹാസ്യം സൃഷ്ടിക്കൂ, ഹാസ്യം വികാരപരമല്ല, ഹാസ്യം സാമുദായികമാണ്, മനുഷ്യൻ യാന്ത്രികത പ്രാപിക്കുമ്പോഴാണ് ഹാസ്യത്തിന്റെ ഉദ്ഭവം ഇവയാണ് ബെർഗ്സൺന്റെ സിദ്ധാന്തങ്ങൾ.[43]

---

33 ബാബുരാജൻ. കെ, *ഹാസ്യം മലയാളചെറുകഥയിൽ,* പിഎച്ച്. ഡി. പ്രിലിമിനറി പ്രബന്ധം, പു. 39

34 Sigmound Freud, *Jokes and their relation to unconscious*, p. 167

35 Max Eastman, *The sense of Humour* (Scridners, Newyork: 1921), p. 45.

36 സി.ആർ. കേരളവർമ്മ. 'ചിരി ചില സിദ്ധാന്തങ്ങൾ' മാതൃഭൂമി ആഴ്ചപ്പതിപ്പ്, മെയ് 1955, 33,3 പു. 37. ഗീത. ജി. നായർ *ഹാസ്യം മലയാളകവിതയിൽ,* പിഎച്ച്. ഡി. പ്രബന്ധം, പു. 17.

37 Stephen Leakuck, *Humour its theory and technique*, എസ്. വി. വേണുഗോപൻ നായർ, *ഹാസ്യം നോവൽശില്പത്തിൽ.* പു. 8

38 Meredith, *An Essay on Comedy.* ( Charles Schridners sons, Newyork: 1919), p. 83-84.

39 സർദാർ കുട്ടി. *ഹാസ്യസാഹിത്യനിരൂപണം,* പു. 16.

40 Arther Koestler, *The Act of creation*, (Dell Publishing Co-Newyork: 1964), p. 750

41 *Ibid.*

42 *Ibid*. p. 82-86.

43 മേക്കൊല്ല പരമേശ്വരൻപിള്ള. *ഹാസ്യദർശനം.* പു. 464 - 477

ഇങ്ങനെ ചിരിയുടെ ഉറവിടം തേടിയ പാശ്ചാത്യ ചിന്തകർ മനുഷ്യന്റെ ശാരീരിക വൈകല്യങ്ങൾ, വിദ്വേഷാദിവികാരങ്ങൾ,. ജീവിതത്തിലെ വൈരുദ്ധ്യങ്ങൾ, ചലനങ്ങളിലെ യാന്ത്രികത്വം, ഔന്നത്യബോധം, ക്രീഡാവാസന എന്നിവയെയെല്ലാം ഹാസ്യത്തിനു നിദാനമായി ക ു.

**ഹാസ്യവിഭാഗങ്ങൾ**

ഉത്തമഹാസ്യം (Humour), ഉക്തിഹാസ്യം (Wit), ആക്ഷേപഹാസ്യം (Satire) എന്നിങ്ങനെ പാശ്ചാത്യരുടെ കാഴ്ചപ്പാടിൽ ഹാസ്യത്തിന് പ്രധാനമായും മൂന്ന് വിഭാഗങ്ങൾ. അതിൽ ആക്ഷേപഹാസ്യത്തെ ബർലസ്ക്, ഐറണി, എപ്പിഗ്രാം, പാരഡി, കാരിക്കേച്ചർ, ലാംപൂൺ എന്നിങ്ങനെ ആവിഷ്ക്കരണ രീതി മുൻനിർത്തി പല ഹാസ്യരൂപങ്ങളായി വിഭജിക്കാം. മലയാളത്തിനും ഇതിനു തുല്യമായി നർമ്മം (ചിന്താനർമ്മം - Humour, ഉദാ: ഭാസ്കരൻ നായർ - *നർമ്മലേഖനങ്ങൾ*) നേരമ്പോക്ക് (ശുദ്ധഹാസ്യം - ണശള, ഉദാ: എം. എൻ ഗണേശ് - *വാനരന്മാർ എന്തറിഞ്ഞു വിഭോ!*) പരിഹാസം (പരിഹാസം കലർന്ന ചിരി - ടമശ്യേല, ഉദാ: എം. ആർ. നായർ - *സഞ്ജയൻ*) എന്നിങ്ങനെ ഹാസ്യവിഭാഗങ്ങളു ്.

ജീവിതത്തിന്റെ പൊരുത്തക്കേടുകളേയും വൈരുദ്ധ്യങ്ങളേയും പുരസ്കരിച്ചുള്ളതാണ് ഉത്തമ ഹാസ്യം. ഇത് മനസ്സിനെ ഉല്ലാസപൂർണ്ണമാക്കുകയും യഥാർത്ഥജ്ഞാനത്തിലേക്ക് എത്തിക്കുകയും ചെയ്യുന്നു. വിചിത്രമായ പ്രതിപാദനരീതിയാൽ അപ്രതീക്ഷിതവും അവിചാരിതവുമായ അർത്ഥത്തെ പ്രദാനം ചെയ്ത് ആസ്വാദകനെ ആശ്ചര്യാനന്ദങ്ങൾക്ക് വിധേയനാക്കുകയാണ് ഉക്തിഹാസത്തിന്റെ രീതി.[44] ഒരു പ്രസ്ഥാനത്തിലോ, വ്യക്തിയിലോ, സമൂഹത്തിലോ ഉള്ള ദോഷങ്ങളെ പരിഹാസരൂപേണ വിമിർശിക്കുന്നതാണ് ആക്ഷേപഹാസ്യം. ലക്ഷ്യമനുസരിച്ച് ആക്ഷേപഹാസ്യത്തെ വ്യക്തിവിമർശനപരം (Personal), സാഹിത്യവിമർശനപരം (Literary), സാന്മാർഗ്ഗിക വിമർശനപരം (Moral), സാമൂഹികവിമർശനപരം (Social), രാഷ്ട്രീയവിമർശനപരം (Political), ശകാരം (Invective) എന്നിങ്ങനെ തരം തിരിക്കാം.

മൂലകൃതിയുടെ ശൈലീസവിശേഷതകൾ, അലങ്കാരപ്രയോഗങ്ങൾ, വൃത്തനിബന്ധനം, ശബ്ദസവിശേഷതകൾ, അസംബന്ധപ്രയോഗം, തീവ്രമായ വൈകാരികത തുടങ്ങിയ സവിശേഷതകളെ ആസ്പദമാക്കി രചിക്കുന്നവയാണ് പാരഡികൾ (ഹാസ്യാനുകരണം). ഒരു സാഹിത്യപ്രവണതയുടെയോ പ്രസ്ഥാപനത്തിന്റെയോ ന്യൂനതകളെയും ബലഹീനതയെയും ആക്ഷേപിക്കാൻ വേ ി രചിക്കപ്പെടുന്ന ആക്ഷേപഹാസ്യകൃതികളാണ് ബർലസ്ക്കുകൾ. പാരഡി ഒരു പ്രത്യേകകൃതിയെ വിമർശിക്കുമ്പോൾ ഇത് ഒരു വർഗ്ഗമാതൃകയെ ആക്ഷേപിക്കുന്നു. പാരഡി അധികവും മണ്ഡനാത്മകമെങ്കിൽ ഇത് ഖണ്ഡനാത്മകമാണ്. ശൈലിയും പ്രതിപാദ്യവും തമ്മിലുള്ള വൈരുദ്ധ്യമാണ് ഇതിന്റെ പ്രത്യേകത. അതിശയീകരണമാണ് ഇതിന്റെ വഴി. ഒന്ന് പറഞ്ഞ് മറ്റൊന്ന് അർത്ഥമാക്കുന്നതാണ് ഐറണി. വക്താവിന്റെ വാക്കുകൾക്കും വിവക്ഷിതത്തിനും തമ്മിൽ വൈജാത്യമു ാക്കുകയാണിതിന്റെ രീതി. രൂക്ഷമായ ആഭാസവാക്കുകൾ ഉപയോഗിച്ച് വ്യക്തിയെയോ സമൂഹത്തെയോ വേദനിക്കും മട്ടിൽ പുച്ഛിക്കുന്ന രീതിയാണ് ശകാരഹാസ്യ (ലാംപൂൺ)ത്തിൽ. പൊതുവെ ഹ്രസ്വമാണ് ഇതിന്റെ ഘടന. നിഷ്ഠൂരമായ ആക്ഷേപമാണ് സർക്കാസത്തിൽ

---

44 ബാബുരാജൻ, കെ., *ഹാസ്യം മലയാളചെറുകഥയിൽ*, പിഎച്ച്. ഡി പ്രിലിമിനറി പ്രബന്ധം, പു. 60

(രൂക്ഷാക്ഷേപം). അറുത്തുമുറിച്ച അഭിപ്രായവും വ്യക്തിപരമായ പരിഹാസവും കൊ ്അത് വേദനാജന കമാണ്. ഒരു വ്യക്തിയുടെ സ്വഭാവത്തെയോ വസ്തുവിന്റെ പ്രത്യേകതകളെയോ അതിശയീകരിച്ച് ചിത്രീ കരിക്കുന്നതാണ് തൂലികാചിത്രം (കാരിക്കേച്ചർ, നഖചിത്രം). പ്രശസ്തമായ മൂലകൃതികളെ പരിഹസിക്കു കയോ വിമർശിക്കുകയോ ചെയ്യുന്നവ, അല്ലെങ്കിൽ കവികൾ തങ്ങളുടെ കൃതികൾക്ക് മാതൃകാരൂപം നൽകാൻ വേ ി മാത്രം പ്രഖ്യാതകൃതികളുടെ തണലിനെ ആശ്രയിക്കുന്നവ എന്ന് പാരഡി ര ുതരം. പരിഹാസത്തിന്റെ മുന ചേർത്ത ഹ്രസ്വതരമായ തീക്ഷ്ണപരിഹാസകവിതയാണ് എപ്പിഗ്രാം.

**ഹാസ്യാവിഷ്ക്കരണതന്ത്രങ്ങൾ**

ഹാസ്യം ആസ്വാദനീയമാക്കുന്നതിൽ മുഖ്യ പങ്ക് അതിന്റെ അവതരണകൗശലത്തിനാണ്. സാരൂപ്യ പ്രയോജനകരമായ ആക്ഷേപഹാസ്യത്തിൽപോലും അവതരിപ്പിക്കുന്ന ചിന്തയേക്കാൾ നമ്മെ ആകർഷി ക്കുക അതിന്റെ അവതരണരീതിയാണ്. ഏതുതരം ഹാസ്യത്തിന്റെയും അവിഭാജ്യഘടകവും ആസ്വാദ്യരഹ സ്യവും അതിലെ സംക്ഷിപ്തതയാണ്. വിട്ടുപോയ ഭാഗം പൂരിപ്പിക്കുന്നതിലൂടെയാണ് ഹാസ്യാസ്വാദന ത്തിൽ ആനന്ദം കൈവരുന്നത്.

ശൈലീവിജ്ഞാനീയം ഭാഷാശൈലിയുടെ ഘടകങ്ങളായ വർണ്ണം, പദം, വാക്യം, ബിംബസന്നിവേശം, താളം എന്നിവയിലെല്ലാമുള്ള വൈചിത്ര്യങ്ങൾ സൂക്ഷ്മപഠനത്തിന് വിധേയമാക്കുന്നു. ഈ തലങ്ങളിലെല്ലാ മുള്ള വക്രതകൾ ഹാസ്യത്തിന് കാരണമാകുന്നു.

വർണ്ണതലത്തിൽ വർണ്ണങ്ങളുടെ പലതരത്തിലുള്ള ആവർത്തനങ്ങൾ, അവയുടെ വിചിത്രമായ വിന്യാസം, വർണ്ണാധിക്യം, വർണ്ണലോപം എന്നിവയും പദതലത്തിൽ പദങ്ങളുടെ ആവർത്തനം കൊ ു ായ സംസക്തി (Cohesion), നൂതന പദങ്ങളുടെ ഉപയോഗം, അന്യഭാഷാപദപ്രയോഗങ്ങൾ, ഗ്രാമ്യം (വെച്ചടിക്കുക പോലുള്ള നാടൻപ്രയോഗങ്ങൾ), ച്യുതം (അഹോവൃത്തിപോലെ വ്യാകരണപരമായി തെറ്റായ പദപ്രയോഗങ്ങൾ) ഇത്യാദി പദദോഷങ്ങൾ നൂതനസന്ദർഭത്തിൽ ഗുണകരമായി ഉപയോഗപ്പെടുത്തൽ, വിരുദ്ധാർത്ഥപദങ്ങൾ ഒന്നിച്ച് അണിനിരത്തൽ, പദവിഭജനം, പദങ്ങളെ തിരിച്ചും മറിച്ചുമിട്ട് ഉപയോഗിക്കൽ എന്നിവയും വാക്യതലത്തിൽ പദങ്ങളുടെ അസാധാരണ ബന്ധം മൂലമു ാകുന്ന സഹഭാവം (സഹോപസ്ഥി തിലംഘനങ്ങൾ), പ്രസിദ്ധകവികളുടെയോ കവിതകളുടെയോ കാവ്യശൈലി നൂതനരീതിയിൽ അനുകരി ക്കൽ, വ്യാകരണഘടന മറികടക്കൽ, ഗാംഭീര്യത്തിനു പകരം ലാളിത്യം, ലാളിത്യത്തിനു പകരം ഗാംഭീര്യം തുട ങ്ങിയവയിലൂടെയും അലങ്കാരതലത്തിൽ അതിശയോക്തി, വിരോധോക്തി, ന്യൂനോക്തി ഇത്യാദി അലങ്കാ രപ്രയോഗങ്ങൾ, വർണ്ണ്യത്തിന് ഒട്ടും ചേരാത്ത വർണ്ണനകൾ ഉപയോഗിക്കൽ, മൂർത്തത്തെ അമൂർത്തത്തി നോടും അമൂർത്തത്തെ മൂർത്തത്തിനോടും താരതമ്യപ്പെടുത്തൽ, ആവർത്തിച്ച വർണ്ണാവർത്തനങ്ങൾ വഴി ഇന്ദ്രിയബിംബങ്ങൾ വിരചിക്കൽ, വൃത്തതലത്തിൽ സന്ദർഭത്തിനനുയോജ്യമായ താളം ഉപയോഗിക്കൽ, പ്രഖ്യാതകൃതികളുടെ താളം അനുകരിക്കൽ, സന്ദർഭത്തിന് ഒട്ടും ഉചിതമല്ലാത്ത താളം ഉപയോഗിക്കൽ ഇവ വഴിയെല്ലാം കാവ്യത്തിൽ ഹാസ്യം സൃഷ്ടിക്കാം. ഇത്തരത്തിലുള്ള ഹാസ്യാവിഷ്ക്കരണ തന്ത്രങ്ങൾ നാടൻ വാമൊഴികളിലും പ്രാചീനവും ആധുനികവുമായ കവിതകളിലും എപ്രകാരം വിനിയോഗിക്കപ്പെട്ടു എന്ന് വരും ഭാഗങ്ങളിൽ വിശദമാക്കിയിട്ടു ്.

**മലയാളിയുടെ ഹാസ്യപാരമ്പര്യം വാമൊഴിയിൽ**

മലയാളത്തിൽ കടങ്കഥ, പഴഞ്ചൊല്ല്, നാടൻപാട്ട്, നമ്പൂതിരി-മാപ്പിള ഫലിതങ്ങൾ, നാടൻ കഥകൾ, പുരാവൃത്തങ്ങൾ, ഐതിഹ്യങ്ങൾ തുടങ്ങിയവയെല്ലാം ചേർന്ന വാമൊഴിപാരമ്പര്യത്തിലാണ് ഹാസ്യത്തിന്റെ തുടക്കം. അസംബന്ധപ്രയോഗങ്ങൾ, നാടൻഭാഷ, വിവിധതരം വർണ്ണാവർത്തനങ്ങൾ കൊ ുള്ള പ്രാസ ഭംഗി, വിചിത്രമായ അലങ്കാരപ്രയോഗങ്ങൾ, അതിശയോക്തി, താളത്തിന്റെ ഏറ്റക്കുറച്ചിലുകൾ തുടങ്ങിയവ യെല്ലാം അവയിൽ ഹാസ്യകാരണമാകുന്നു.

"ചങ്കരൻ ചേട്ടന് മക്കളില്ലാഞ്ഞിട്ട്
ചക്കക്കുരുവിനെ ദത്തെടുത്തു
ചങ്കരൻ ചേട്ടന് മക്കളു ായപ്പോൾ
ചക്കക്കുരുവിനെ ചുട്ടുതിന്നു".

ഈ നാടൻപാട്ടിൽ കണ്ണീരിൽ കുതിർന്ന ജീവിതയാഥാർത്ഥ്യവും വിമർശനവും നമ്മെ ചിരിപ്പിക്കു ന്നത് 'ച'കാരങ്ങളുടെ ആവർത്തനം മൂലമു ായ പ്രാസഭംഗി, ചുട്ടുതിന്നുക, ദത്തെടുക്കുക എന്നീ പദ ങ്ങൾ തമ്മിലുള്ള വൈരുദ്ധ്യം, സമസ്ഥാനീയമായ പദാവർത്തനങ്ങൾ മൂലമു ായ സമാന്തരത, ഭാവത്തിന നുയോജ്യമായ താളം ഇവ മൂലമാണ്.

വടക്കൻപാട്ടുകളിൽ അലങ്കാരപ്രയോഗങ്ങളാണ് ഹാസ്യത്തിന് പ്രധാന കാരണം. ചതുരക്കുപ്പിയി ലിട്ട കൂറപോലെ ഒതേനന്റെ കണ്ണുകൾ, പീറ്റത്തെങ്ങാടി വരുന്ന പോലെയുള്ള ചന്തുവിന്റെ വരവ്, ചക്കച്ചൊ ളപ്പല്ലും പേന്തലയുമുള്ള ചീരു - ഇവിടെയെല്ലാം വർണ്ണനകളാണ് ഹാസ്യത്തിന് കാരണം. ഇതിനു കഴിയും വിധം മൂർത്തമായ അലങ്കാരപ്രയോഗങ്ങളാണതിൽ ഉപയോഗിച്ചിരിക്കുന്നത്. ഈറ്റപുലിപോലെ ചാടിവരു ക, ഇളമുളപോലെ പൊട്ടിക്കരയുക, മഴവെള്ളം പോലെ നെയ്യ് വിളമ്പുക തുടങ്ങിയ വടക്കൻപാട്ടിലെ വർണ്ണ നകൾ പ്രത്യക്ഷത്തിലുള്ള ആകർഷണീയതക്കൊപ്പം ഭാവവ്യഞ്ജനത്തിനും സമർത്ഥമാണ്. ചിലപ്പോൾ വാക്കുകളുടെ അഭിധയ്ക്കപ്പുറം ലക്ഷണകൊ ാണ് അവർ ഹാസ്യം സൃഷ്ടിക്കുന്നത്. ചെറിയ അരോമലു ണ്ണിയോട് ചന്തുവിനെപ്പറ്റി അമ്മയായ ഉണ്ണിയാർച്ച ചോദിക്കുന്നത്

"കൊമ്പില്ലി മോഴ കുത്ത്യോമോനേ
പല്ലില്ലാ പട്ടി കടിച്ചോ മോനേ"[45]

എന്നാണ്. വർണ്ണനയിലെ അതിശയോക്തികൊ ് ഹാസ്യം സൃഷ്ടിക്കാനും അവർക്ക് നല്ല വശമാണ്. മതി ലേരികന്നിയുടെ തലമുടിയിൽ നാല് ആനകളെ നടയിരുത്താമെന്നും ഒറ്റ മുടിച്ചുരുൾ കൊ ് കോലത്തു നാട് വളച്ചുകെട്ടാമെന്നും പറയുന്നത് ഉദാഹരണം.

പലപ്പോഴും ചിന്തിച്ചിട്ടു ്. എങ്കിലും ഇത്ര ഭംഗിയായി ഇതുവരെ ആരും പ്രകടിപ്പിച്ചിട്ടില്ല എന്നു തോന്നുന്ന ആവിഷ്കാരമാണ് പഴഞ്ചൊല്ലിനെ വ്യത്യസ്തമാക്കുന്നതെന്ന് കെ. എം. ജോർജ്ജ് (1914-2002) പറയുന്നു.[46]

---

45 'ചെറിയ ആരോമുണ്ണിയുടെ പാട്ടുകഥ'. *24 വടക്കൻപാട്ടുകൾ* (എച്ച് & സി. സ്റ്റോഴ്സ്, തൃശ്ശൂർ: 1981), പു. 145.

"ആനക്കാര്യത്തിനെടേലോ ചേനക്കാര്യം"

"കാട്ടിലെ മരം തേവരുടെ ആന
വലിയെടാ വലി"

"കൊതിയൻ ഇലയ്ക്ക് പോയി, എനിക്കിങ്ങ്
തറയിൽ തന്നാട്ടെ"

"പുത്തനച്ചി പുരപ്പുറം തൂക്കും"

എന്നിങ്ങനെ നർമ്മഭാവം പ്രകടിപ്പിക്കുന്ന അനേകം നാടൻ ശൈലികളും പഴഞ്ചൊല്ലുകളുമു ്. അഭിധയ്ക്കപ്പുറം ലക്ഷണയിലേയ്ക്കുള്ള വികാസം, പ്രാസഭംഗി, അതിശയോക്തി ഇവ നിമിത്തമാണ് ഇവിടെ ഹാസ്യം ജനിക്കുന്നത്

"ചൊല്ലിക്കൊട് നുള്ളിക്കൊട്, തല്ലിക്കൊട്, തള്ളിക്കള"

പ്രാസം താളം ഇവയാണ് ഇവിടെ ഹാസ്യത്തിന് നിദാനം.

കുരുക്ക് കെട്ടുന്നതിലും അത് അഴിച്ചുകളയുന്നതിലുമുള്ള ആനന്ദമാണ് കടംകഥാരചനയ്ക്ക് നിമിത്തം തന്നെ. കുരുക്ക് ആവുന്നത്ര ദൃഢമാകാൻ ഭാഷ വളരെ ധ്വന്യാത്മകമാവുന്നു. മുക്കീട്ടും നനയാത്ത പട്ട് (ചേമ്പില), ഉ ിട്ടും തീരാത്ത ഉരുള (ആട്ടുകല്ല്, അമ്മിക്കുഴ) ഇവിടെയെല്ലാം ഭാഷയിലെ വൈരുദ്ധ്യമാണ് ഹാസ്യത്തിന് കാരണമാകുന്നത്.

"കറുത്തുരുമ ൊരു വാല്യക്കാരൻ
എടുത്തു ര ു മലകൂത്തം" (കടുക് വറുക്കൽ)

ഇവിടെ ഹാസ്യത്തിന് കാരണമാകുന്നതിൽ പ്രധാനം അതിലെ താളമാണ്. അതിശയോക്തി തുടങ്ങിയ അലങ്കാരപ്രയോഗങ്ങൾ, പ്രാസഭംഗി എന്നിവയും കടംകഥയിൽ ഹാസ്യകാരണമാകുന്നു.

വാമൊഴിയിലെ ഹാസ്യപാരമ്പര്യത്തിൽ പ്രധാനമാണ് നമ്പൂതിരിഫലിതങ്ങൾ. പറയുന്നവർ നന്നായി ആസ്വദിച്ചു പറയുന്നതാണിവ. സുഖജീവിതത്തിന്റെ പ്രതിഫലനമായ അവയിൽ കഥകളി,. ലൈംഗികത, സദ്യ ഇവയുമായി ബന്ധപ്പെട്ട ധാരാളം സന്ദർഭങ്ങൾ കാണാം. ദ്വയാർത്ഥത, ഹായ്, ഹായ്, ഏഭ്യൻ, നോം, ശ്ശി, ക്ഷ ഇത്യാദി പ്രയോഗങ്ങൾ, പറച്ചിലിന്റെ താളം ഇവ നമ്പൂതിരി ഫലിതത്തിൽ പ്രധാന പങ്കുവഹിക്കുന്നു. ജനനം, മരണം, വേളി, രോഗം, ദാരിദ്ര്യം തുടങ്ങി ജീവിതത്തിലെ ഏതു സന്ദർഭത്തെയും അവസ്ഥയെയും ഹാസ്യാത്മകമാക്കി അവർ ലാഘവഭാവം നൽകുന്നതു കാണാം.

**ഹാസ്യം വരമൊഴിയിൽ**

---

46 കെ. എം. ജോർജ്ജ്, 'പഴഞ്ചൊല്ലുകൾ', *കെ. എം. ജോർജ്ജിന്റെ പ്രബന്ധങ്ങൾ* (ഡി. സി. ബുക്സ്, കോട്ടയം: 1987), പു. 395

അതിശയോക്തി, പ്രാസം, ശ്ലേഷം, വർണ്ണനകളുടെ ആധിക്യം ഇവയാൽ പൊട്ടിച്ചിരിപ്പിക്കുകയാണ് ചമ്പൂകാരന്മാർ ചെയ്തത്.

"ചഞ്ചലാക്ഷിമാർ വീടുകളിൽ പുക്കു
കുഞ്ചിരാമനായാടുന്നിതു ചിലർ"[47]

തുടങ്ങിയ വരികളിലൂടെ പൂന്താനം കണ്ണീരിന്റെ നനവുള്ള ഹാസ്യം സൃഷ്ടിച്ചു. ശ്ലേഷം, അത്യുക്തി, യമകം തുടങ്ങിയവയാണ് ചെറുശ്ശേരിയുടെ കൃതികളിൽ ഹാസ്യകാരണമായത്. സമൂഹത്തിലെ തിന്മകളെ ഭക്തി മാർഗ്ഗത്തിലൂടെ
കരകയറ്റാൻ ശ്രമിച്ച എഴുത്തച്ഛന്റെ കൃതികളിൽ സ്വാഭാവികമായി ഹാസ്യരസം കുറവാണ്. എങ്കിലും അപൂർവ്വമായി സൂക്ഷ്മമായ ഭാഷാപ്രയോഗങ്ങളിലൂടെ ചിന്താപരമായ ഹാസ്യം സൃഷ്ടിക്കാൻ എഴുത്തച്ഛനു കഴിഞ്ഞു. ഹാസ്യത്തെ ആദ്യമായി പ്രധാന രസമായി തന്റെ കൃതികളിലുടനീളം കൊ ുവരാൻ ധൈര്യം കാണിച്ച കുഞ്ചൻ നമ്പ്യാർ പല കഥാപാത്രങ്ങൾക്കും ജാതിദേശഭേദമനുസരിച്ച് വ്യത്യസ്തഭാഷകൾ സങ്കലനം ചെയ്തും, പൂശകൻ ഇത്യാദി പുതുപ്രയോഗങ്ങൾ (ഘോഷയാത്ര), കൂവെ തുടങ്ങിയ ഗ്രാമ്യപ്രയോഗങ്ങൾ (ഘോഷയാത്ര), ഉടനീളം അനുവർത്തിച്ച പ്രാസപ്രയോഗങ്ങൾ, ഉദാ:

"കർണ്ണാ! നീയിതു കേൾക്കുന്നില്ലേ
കർണ്ണാരുന്തുദമിവനുടെ വചനം
കർണ്ണാകൃഷ്ടമതാക്കുക ചാപം
കീർണ്ണമതാക്കണമിവനുടെ ഗാത്രം"[48]

അതിശയോക്തി ('കല്യാണസൗഗന്ധിക'ത്തിൽ കല്യാണസൗഗന്ധികം തേടിയുള്ള പരാക്രമശാലിയായ ഭീമന്റെ യാത്ര, 'ഘോഷയാത്ര'യിൽ ചിത്രസേനന്റെ സൈന്യത്തോട് തോറ്റോടുന്ന കൗരവസേനയുടെ വർണ്ണന എന്നിവ ഉദാഹരണം), വിശദമായ വർണ്ണനകൾ, 'ഓടിപ്പോം വഴി അറിയാറാക്കി' പോലുള്ള ഗൂഢപ്രയോഗങ്ങൾ എന്നിവ വഴിയെല്ലാം ഹാസ്യം സൃഷ്ടിച്ചു. വെൺമണിക്കവികളാവട്ടെ, കു ാമ ി, ഉലയ്ക്കേടെ മൂട്, കുന്തമാവുക ഇത്യാദി ശൈലികൾ, ഗ്രാമ്യപ്രയോഗങ്ങൾ, കത്തെഴുത്ത്, സംഭാഷണം എന്നിവയുടെ രീതികൾ കവിതയിൽ സ്വീകരിക്കൽ, യമകം, പ്രാസം മുതലായ ഭാഷാവൈചിത്ര്യങ്ങൾ എന്നിവയിലൂടെയെല്ലാം ഹാസ്യം സൃഷ്ടിച്ചു. ജീവിതത്തിലെ ഏതു കാര്യവും ഹാസ്യത്തിലൂടെ പറയാമെന്ന് അവർ തെളിയിച്ചു. കവിത്രയത്തിന്റെ കാലത്ത് ദേശാഭിമാനത്തിന്റെയും ജാതിവിരോധത്തിന്റെയും തിരത്തള്ളലിൽ വീരരൗദ്രരസങ്ങൾക്ക് മുൻതൂക്കം കിട്ടിയപ്പോൾ ഹാസ്യം അപ്രധാനമായി.[49]

**ഹാസ്യം ആധുനികകവിതയിൽ**

---

47 പൂന്താനം, *ജ്ഞാനപ്പാന*, പു. 16.

48 കുഞ്ചൻനമ്പ്യാർ, 'ഘോഷയാത്ര', *കുഞ്ചൻനമ്പ്യാരുടെ തുള്ളൽ കൃതികൾ* (കറന്റ് ബുക്സ്, കോട്ടയം, 1997), പു. 262.

49 അയ്യപ്പപ്പണിക്കർ, 'കടമ്മനിട്ടക്കവിതയിലെ ഹാസ്യം', *കടമ്മനിട്ടയിലെ കവി.* പു. 58

സന്ദേഹത്തിന്റെയും വ്യഥയുടെയും ക്രോധത്തിന്റെയും ആത്മാവുള്ള കറുത്ത ചിരി ആധുനിക കവിയെ ഒരേ സമയം വിദൂഷകനും അവധൂതനും കോമാളിയും പ്രവാചകനുമാക്കി എന്ന് സച്ചിദാനന്ദൻ (ജ. 1946) നിരീക്ഷിക്കുന്നു.[50] പഴയ വരികൾ, പഴഞ്ചൊല്ലുകൾ, മംഗളപത്രം ഇവയുടെ ഭാഷാശൈലികൾ പുതിയ സന്ദർഭത്തിൽ പ്രയോഗിക്കുക ഉദാ:

"ദൈവമേ കൈതൊഴാം കേൾക്കുമാറാകണം
ബോറാനമെന്നെ നീ കാക്കുമാറാകണം
കള്ളം പറയുവാൻ ത്രാണിയു ാക്കണം
കള്ളഷണത്തിന് മാർഗമു ാക്കണം"[51]

"മോഹനചന്ദ്രകുമാരൻ ബി.ഏ.
പുണ്യം ചേർന്ന ചിരംജീവിക്കൊരു
മോഹിനി വന്നൂ നല്ല മുഹൂർത്തേ
സൗഭാഗ്യവതീ. സൗശീല്യവതീ"[52]

ഭാവത്തിനു യോജിക്കാത്ത നാടൻ താളങ്ങൾ സ്വീകരിക്കൽ (രാമായണം കളി, വഴിവെട്ടുന്നവരോട് എന്നീ കക്കാടിന്റെ കവിതകൾ ഉദാ:), അസംബന്ധപ്രയോഗങ്ങൾ, ഇംഗ്ലീഷ്-മലയാളം-സംസ്കൃതം സങ്കരഭാഷ ഉപയോഗിക്കൽ,

"സ്വാഗതമതിഥേ താ-
നെക്സ്ക്യൂസാക്കുക, പച്ച-
ഷായ്യാരം പറഞ്ഞുപോയ്"[53]

എന്ന വരികൾ ഉദാഹരണം. വിചിത്രമായ അലങ്കാരപ്രയോഗങ്ങൾ

ഉദാ: "പുള്ളിയുള്ളാകാശമെൻകൂടെ

നാലുകാലിന്മേൽ നടക്കുന്നു"[54] എന്ന വരികൾ,

---

50 സച്ചിദാനന്ദൻ, 'ലവണദേവതമാരും കാഞ്ഞിരവിഗ്രഹങ്ങളും', *മുഹൂർത്തങ്ങൾ.* പു. 115

51 അയ്യപ്പപ്പണിക്കർ, 'ദൈവമേ കൈതൊഴാം കേൾക്കുമാറാകണം', *അയ്യപ്പപ്പണിക്കരുടെ കൃതികൾ (1981 -89).*(ഡി. സി. ബുക്സ്, കോട്ടയം, 1996), പു.100

52 അയ്യപ്പപ്പണിക്കർ, 'കുട്ടനാടൻ ദൃശ്യങ്ങൾ', *അയ്യപ്പപ്പണിക്കരുടെ കൃതികൾ.* (നവധാരകോഷറേറ്റീവ് സൊസേറ്റി, തിരു: 1974), പു. 132.

53 എം. ഗോവിന്ദൻ. 'ഒരു പൊന്നാനിക്കാരന്റെ മനോരാജ്യം' *ഒരു പൊന്നാനിക്കാരന്റെ മനോരാജ്യം.* (സമീക്ഷ, പരഷനങ്ങാടി, 1978), പു. 34.

54 ആറ്റൂർ രവിവർമ്മ, 'പിറവി', *ആറ്റൂർ രവിവർമ്മയുടെ കവിതകൾ (1957 - 94).* (ഡി.സി.ബുക്സ്, കോട്ടയം: 1995), പു. 78

വൃത്തപരീക്ഷണങ്ങൾ (കക്കാടിന്റെ 'അധോലോകം' എന്ന കവിതയിലെ വായ്ത്താരിപ്രയോഗങ്ങൾ, കടമ്മനിട്ടക്കവിതകളിലെ പടയണിയുടെ താളം, അയ്യപ്പപ്പണിക്കരുടെ പ്രിയതമേ പ്രഭാതമേ, മൃത്യുപൂജ എന്നീ കവിതകളിൽ മന്ത്രങ്ങൾ, കീർത്തനങ്ങൾ എന്നിവയുടെ താളം ഉപയോഗിച്ചത് ഇവ ഉദാ:) തുടങ്ങിയ വിവിധ തന്ത്രങ്ങൾ ആധുനിക കവി ഉപയോഗിച്ചു. കാല്പനികതയുടെ അതിഭാവുകത്വം, അതിനു ചേരാത്ത നിലവിലുള്ള സമകാലിക രാഷ്ട്രീയാനുഭവങ്ങൾ സൃഷ്ടിച്ച ആഘാതം ഇവ എൻ. വി. കൃഷ്ണവാരിയരുടെ കവിതയെ ഹാസ്യാത്മകമാക്കി. മുയലിൻറഡാർച്ചെവി (നായാട്ട്), കൂന്തക്രൂരനക്ഷത്രബിഭീഷിക(ചന്ദ്രിക) തുടങ്ങിയ വിചിത്രസങ്കരമായ സമസ്ത പ്രയോഗങ്ങൾ, ആവശ്യത്തിലധികം വിശദാംശങ്ങളോടെയുള്ള വർണ്ണന, ദീർഘവർണ്ണങ്ങളുടെ ഉപയോഗം ഇവയിലൂടെ എൻ.വി. ഹാസ്യം സൃഷ്ടിച്ചു. ആദ്യവായനയ്ക്ക് പൂർവാപരബന്ധമില്ലെന്ന് തോന്നിക്കുന്ന പദഘടന, ഉപയോഗിക്കപ്പെടുന്ന സന്ദർഭത്തിൽ മാത്രം നിലനില്പുള്ള പുതിയ പദങ്ങൾ, ഒരേ സമയം ഭിന്നങ്ങളും വിരുദ്ധങ്ങളുമായുള്ള അർത്ഥങ്ങൾ തോന്നിപ്പിക്കുന്ന പദഘടന, അതിഭാവുകത്വത്തെ അകറ്റി നിർത്തുന്ന നർമ്മബോധം, ഹാസ്യാനുകരണം തുടങ്ങിയ പല സവിശേഷതകളും ആധുനിക കാലഘട്ടത്തിൽ കാണാം.

അയ്യപ്പപ്പണിക്കരുടെ കവിതയിൽ

"എൻ ഭിത്തിമേൽ എൻ കൈ വരച്ച
ചിത്രം നോക്കൂ"[55]

ഇത്യാദി ഉക്തിവൈചിത്രങ്ങൾ, വിപ്ലവപ്ലവം, കം തകം, കിശു -കിശു -കിഷ്ക്കിന്ധ ഇത്യാദി ശബ്ദങ്ങൾ

"ഞാൻ വയസ്സറിയിക്കാതിരുന്നാൽ
സാൽവയുള്ളതും കിട്ടാതെ പോകും"[56]

"ഞാനൊരു ത്യാഗി -
യെനിക്കീലോകം മുഴുവനുമെൻ തറവാ -
ടീപ്പുല്ലും പുഴുവും സമ്മതിദായകരായ
കുടുംബക്കാർ മാത്രം"[57]

എന്നതുപോലെ പ്രഖ്യാത കവിതകളുടെ നൂതന സന്ദർഭത്തിലുള്ള അനുകരണം,

"സിറ്റിങ്ങു ശരിയാക്കാം
സ്റ്റാൻഡിങ് ശരിയാക്കാം
സ്ലീപ്പിങ്ങും ശരിപ്പെടുത്താം"[58]

55 അയ്യപ്പപ്പണിക്കർ,'എന്റെ ഭിത്തിമേൽ', *അയ്യപ്പപ്പണിക്കരുടെ കൃതികൾ (1951 - 69).* (ഡി.സി. ബുക്സ്, കോട്ടയം: 1992), പു. 25

56 അയ്യപ്പപ്പണിക്കർ, ഷഷ്ടിപൂർത്തി, *അയ്യപ്പപ്പണിക്കരുടെ കൃതികൾ(1951 - 69).* (ഡി. സി. ബുക്സ്, കോട്ടയം, 1992), പു. 101

57 അയ്യപ്പപ്പണിക്കർ, 'ഞാനൊരു ത്യാഗി', *അയ്യപ്പപ്പണിക്കരുടെ കൃതികൾ (1981 - 89).* (ഡി.സി. ബുക്സ്, കോട്ടയം, 1989), പു. 32

തുടങ്ങിയ ഇംഗ്ലീഷ് പദപ്രയോഗങ്ങൾ,

"പിന്നേം ചങ്കരൻ തെങ്ങേല് - പിന്നെ
പിന്നേം ചങ്കരൻ തെങ്ങേല്"[59]

എന്നിങ്ങനെ പഴഞ്ചൊല്ലുകളുടെ ഉപയോഗം

"ബിരുദം പൂർത്തിയാക്കാത്ത കണ്ണുകൾ"

തുടങ്ങിയ വിചിത്രവിശേഷണങ്ങൾ,

"ഇവിടെ ഞങ്ങൾ ചോളവും ജഘ480 ഉം വളർത്തുന്നു".[60] തുടങ്ങിയ വ്യത്യസ്ത നാമങ്ങളുടെ സംയോജനം.

"ജാതി ചോദിക്കരുത്
ജാതി പറയരുത് പക്ഷേ
ജാതിയെ മറന്നൊന്നും ചെയ്യരുത്"[61]

എന്നതുപോലെ മഹദ്വചനങ്ങളെ പുതുരൂപത്തിൽ പുനഃസൃഷ്ടിക്കൽ, പഷബ്ഭ, ഞ ഞ്ഞ ഞ്ഞ തുടങ്ങിയ നിരർത്ഥക പദങ്ങൾ, ദൈവത്തൊന്ന്, ചെമ്മുന്തിരിസ്കി തുടങ്ങിയ വിചിത്ര പദസംയോജനം

"പൂജ്യങ്ങൾ കൊ ാരു പൂന്തോപ്പുനെയ്തതിൽ
പൂജ്യം കൊരുത്തോരു പുൽക്കുടിൽ വെച്ചതിൽ
പൂജ്യത്തരുണിയെ പുജിച്ചു വെച്ചൊരു
പൂജ്യമായ് ഞാനും കഴിഞ്ഞു"[62]

ഇത്യാദി യമക പ്രയോഗങ്ങൾ

"മനുഷ്യൻ മറ വിൽക്കുന്നു
മനുഷ്യൻ മറവിൽ കൂന്നു."[63]

---

58 അയ്യപ്പപ്പണിക്കർ, 'സത്യശീലൻ', *മൊഴിയും വഴിയും* (റെയിൻബോ ബുക്ക് പബ്ലിഷേഴ്സ്, ചെങ്ങന്നൂർ, 2003), പു. 46

59 അയ്യപ്പപ്പണിക്കർ, 'പിന്നേം ചങ്കരൻ', *അയ്യപ്പപ്പണിക്കരുടെ കൃതികൾ (*1951 - 69) പു. 59

60 അയ്യപ്പപ്പണിക്കർ, 'പാസ്സേജ് റ്റൂ അമേരിക്ക', *പകലുകൾ രാത്രികൾ*(മാതൃഭൂമി ബുക്സ്, കോഴിക്കോട് 2005), പു. 38

61 അയ്യപ്പപണിക്കർ, 'പഞ്ചതന്ത്രം പരമതന്ത്രം'. അയ്യപ്പപ്പണിക്കരുടെ കൃതികൾ (1969 - 81), പു. 71.

62 അയ്യപ്പപ്പണിക്കർ, 'പൂജ്യം'. ടി. പു. 97.

63 അയ്യപ്പപ്പണിക്കർ, 'ദൈവത്തൊന്ന്'. *മൊഴിയും വഴിയും.* പു. 15.

"മാർജ്ജാരൻ വെറും ജാരനല്ലയാൾ"[64]

"വാസുകി - വാ സുഖി"[65]

"എന്തെല്ലാം സമാചാരം - എല്ലാം നമുക്കുചാരം" [66]

മുതലായ പദവിഭേദങ്ങൾ വഴിയെല്ലാം ഹാസ്യം സൃഷ്ടിക്കുന്നു.

കടമ്മനിട്ട രാമകൃഷ്ണനാകട്ടെ, പോക്രി(ഞാൻ), മൂപ്പീന്ന്(ചാക്കാല), പുലയാടി(ചാക്കാല), കുശുമ്പ്(ഉണരാൻ ഭയമാണ്) ഇത്യാദി ഗ്രാമീണപദപ്രയോഗങ്ങൾ ഉപയോഗിച്ച് യാഥാസ്ഥിതികതയെയും സംസ്കൃതകാവ്യമീമാംസയെയും എതിരിടുക വഴിയും

"ലിപ്സ്റ്റിക്കിട്ട ചു  ത്ത്
ചുരുട്ടിൻ കറ മുത്തവേ
ചൊടിപ്പൂ ബ്യൂട്ടിയാം സന്ധ്യ
ചുളം കുത്തുന്നു സസ്മിതം" [67]

എന്നതുപോലെ ഇംഗ്ലീഷ്-മലയാള സമന്വയം ഉപയോഗിക്കുക വഴിയുമാണ് ഹാസ്യം സൃഷ്ടിക്കുന്നത്. "കണ്ണീരു പ്രതീക്ഷിക്കുന്നിടത്ത് നിർമ്മമമായ ചിരി, ലളിതമായ വാക്കുകൾക്ക് പകരം ഉദാത്തമായ പ്രസംഗ ശൈലി, ലഘുവായ വസ്തുതയെ ഗുരുവാക്കി വർണ്ണിക്കൽ ഇങ്ങനെയുള്ള വൈരുദ്ധ്യങ്ങളിലൂടെ അപ്രതീ ക്ഷിതത്വത്തെ ആഞ്ഞെറിയുന്ന മട്ട് എന്നിവയാണ് കടമ്മനിട്ടയുടെ ഐറണിയുടെ സ്വഭാവങ്ങൾ എന്ന് എം. ലീലാവതി (ജ. 1929) വിലയിരുത്തുന്നു.[68] എൻ. എൻ. കക്കാടാ(1927 - 87) കട്ടെ ദ്രാവിഡബിംബങ്ങളുടെ പ്രയോഗം, പൗരാണിക ബിംബങ്ങൾ പുതുസന്ദർഭത്തിൽ ഉപയോഗിച്ച് വൈചിത്ര്യം സൃഷ്ടിക്കൽ ഇവ വഴി യാണ് പ്രധാനമായും ഹാസ്യം സൃഷ്ടിച്ചത്. കീചകനോട് നന്ദി പറയുന്ന സൈരന്ധ്രി, എക്സെന്റ് ചെയ്യാൻ ലീവില്ലാതെ ക്രെഡിറ്റിൽ സാന്ദീപനിക്ക് ഫോൺ ചെയ്യാൻ വിചാരിക്കുന്ന നഗരത്തിലെ കണ്വൻ, ഓഫീസിലേക്ക് പരിവാരസമേതനായി അണയുന്ന ഭഗവാൻ ശകുനി, കാളത്തോലും പുതച്ചു കിടക്കുന്ന ക  ഷൻ, കഴുവേറിപ്പാച്ചൻ തുടങ്ങിയ ആര്യദ്രാവിഡ ബിംബങ്ങൾ കക്കാടിൽ അണിനിരക്കുന്നു.

"ചീങ്കണ്ണിക്ക് ചെങ്കണ്ണ്
ചെങ്കണ്ണിൽ ചെമ്പരുത്തി
ചെമ്പരുത്തിയിലൊരുത്തി

---

64 അയ്യപ്പപ്പണിക്കർ, 'മാൻഹട്ടനിൽ മട്ടാഞ്ചേരി', *അയ്യപ്പപ്പണിക്കരുടെ കൃതികൾ* (1969 - 81), പു. 58.

65 അയ്യപ്പപ്പണിക്കർ, ' കിംവദന്തി', *അയ്യപ്പപ്പണിക്കരുടെ കൃതികൾ* (1969 - 81), പു. 98.

66 അയ്യപ്പപ്പണിക്കർ, 'സമാചാരം', *അയ്യപ്പപ്പണിക്കരുടെ ഏഴ് കവിതകൾ, പഠനങ്ങളും* (ഡി.സി. ബുക്സ്, കോട്ടയം: 1983), പു. 125.

67 കടമ്മനിട്ട രാമകൃഷ്ണൻ, ' മാമ്പൂക്കൾ', *കടമ്മനിട്ടയുടെ കൃതികൾ* (ഡി.സി.ബുക്സ്, കോട്ടയം: 1993), പു. 64.

68 എം. ലീലാവതി, ' കവിതയിലെ നവസർഗ്ഗം', *കടമ്മനിട്ടയിലെ കവി*, പു. 28.

ജമ്പരിട്ട പാഷാത്തി"[69]

എന്നിങ്ങനെ കടംകഥ, പഴഞ്ചൊല്ല്, നാടൻപാട്ട് തുടങ്ങിയ നാടൻ വാങ്മയങ്ങളുടെ ശൈലി സ്വീകരിക്കൽ, അസംബന്ധപ്രയോഗങ്ങൾ തുടങ്ങിയവ കൊ ാണ് എം. ഗോവിന്ദൻ (1919 - 1989) ഹാസ്യം സൃഷ്ടിച്ചത്. ആറ്റൂർ രവിവർമ്മ (ജ. 1911)യുടെ കവിതകളാവട്ടെ, 'ഓട്ടോവിൽ പാട്ട് പോലെ നാടൻപാട്ടിന്റെ ശൈലി സ്വീകരിക്കൽ,

"വാതിൽക്കൽ കുളമ്പടി
ച്ചെത്തുന്നൂ വഴിക്കെങ്ങോ
മേഞ്ഞു നിൽക്കയാൽ നേരം
വൈകിയൊരാണും പെണ്ണും
ഏട്ടിലെ പുല്ലാണിങ്ങു
തിന്നുവാൻ കൊതിയെങ്കിൽ
സ്വാഗതം! മഹിഷമേ!
നിനക്കും ചങ്ങാതിക്കും"[70]

ഇത്യാദി ഐറണി നിറഞ്ഞ വക്രോക്തി പ്രയോഗങ്ങൾ, "ഹിസ്റ്റീരിയാരോഗിയാമെൻ ഷോണിൽ ഞെട്ടലുകൾ" (നിത്യവിരഹം - ആറ്റൂർ) പോലുള്ള സഹോപസ്ഥിതലംഘനം.

"കാണാത്ത ചാലുകളൂടേ ഞാൻ
കോലായിലെങ്ങും നടക്കുന്നു
എന്നെത്തിരഞ്ഞു നടക്കുന്നു'[71]

എന്നതുപോലുള്ള വിചിത്രപ്രയോഗങ്ങൾ എന്നിവ വഴിയാണ് കാവ്യം ആകർഷണീയമാകുന്നത്.

**കുഞ്ഞുണ്ണിക്കവിതയിലെ ഹാസ്യം**

അപ്രതീക്ഷിതമായ വിസ്മയം, ആകസ്മികമായ അന്തർജ്ഞാനം കൊ ുള്ള വിപുലത, ചില അസംബന്ധങ്ങളിലേക്ക് മിഴി വിടരുന്നതിന്റെ വിഹസനം എന്നിങ്ങനെ കുഞ്ഞുണ്ണിക്കവിത നൽകുന്ന അനുഭൂതിയെ കെ.പി. ശങ്കരൻ വിലയിരുത്തുന്നു.[72] ഈ അനുഭൂതി പിന്നീട് ആത്മവിമർശനപരവും സാമൂഹ്യവിമർശനപരവുമായി നമ്മെയും നമ്മുടെ ചുറ്റുപാടുകളെക്കുറിച്ചുമുള്ള ബോധത്തിലേക്ക് വികസിക്കുകയാണ് ചെയ്യുന്നത്. ഇക്കാര്യത്തിൽ കുഞ്ഞുണ്ണിക്കവിതയിലെ ഹാസ്യത്തിന് പ്രധാന പങ്കു ്.

69 എം. ഗോവിന്ദൻ, 'കന്നിഷൂതി', *എം. ഗോവിന്ദന്റെ കവിതകൾ - 1-ാം ഭാഗം.* (രഞ്ജിമ പബ്ലിക്കേഷൻസ്, ചങ്ങനാശ്ശേരി, 1986), പു. 150.

70 ആറ്റൂർ രവിവർമ്മ, 'ക്ലാസ്സിൽ', *ആറ്റൂർ രവിവർമ്മയുടെ കവിതകൾ.* (1957 - 94), പു. 51

71 ആറ്റൂർ രവിവർമ്മ, 'അർക്കം', ടി. പു. 59

72 കെ.പി. ശങ്കരൻ, 'കുഞ്ഞുണ്ണിക്കവിതയിലെ ചില ഭാഷാസൂക്ഷ്മതകൾ', *ഗ്രന്ഥാലോകം* (വാല്യം 55, ലക്കം 8, തിരു: ആഗസ്റ്റ് 2003), പു. 29.

"ഗുരുവായൂരിലേയ്ക്കുള്ള
വഴിവായിച്ചുകേൾക്കവെ
എന്നിൽ നിന്നെന്നിലേയ്ക്കുള്ള
ദൂരം ക  മ്പരന്നു ഞാൻ" (കു.ക്ക.പു. 71)

എന്നതുപോലെ ചിന്താപരമായ നർമ്മം (Humour)

"ര ാന്തിയതിതൊട്ടേ ഞാ
നെണ്ണുമൊന്നാന്തിയാകുവാ
നെത്രനാളുകളുദെ ന്ന
തമ്മട്ടാണെന്റെ ഭാരതം" (കു.ക്ക. പു. 121).

പോലുള്ള ആക്ഷേപഹാസ്യവും (Satire)

"അച്ചെടിയിച്ചെടി
പിച്ചിപ്പൂച്ചെടി
കൊച്ചിനു വേണോ പിച്ചിപ്പൂ
കൊച്ചിനു വേ ാ പിച്ചിപ്പൂ
പിച്ചാനല്ലേ കൊച്ചേച്ചി?" (കു.ക്കൃ. വാല്യം ക, പു. 270).

പോലുള്ള കുട്ടിക്കവിതകളിൽ ഉക്തിഹാസവും (Wit) കാണാം. കുട്ടിക്കവിതകളിലൊഴികെ കുഞ്ഞുണ്ണിക്കവിതയിൽ ശുദ്ധമായ ഉക്തിഹാസം കാണില്ല. ആക്ഷേപഹാസ്യത്തോടും ചിന്താപരമായ നർമ്മത്തോടും ബന്ധപ്പെട്ടാണ് കവിതയിലുടനീളം ഉക്തിഹാസം കാണുന്നത്.

**കുഞ്ഞുണ്ണിക്കവിതയിലെ ഹാസ്യതന്ത്രങ്ങൾ**

വർണ്ണതലം, പദതലം, വാക്യതലം, അലങ്കാരതലം, വൃത്തതലം എന്നീ ഭാഷാശൈലിയിലൂടെ സമസ്തഘടകങ്ങളിലും അനുവർത്തിച്ച വക്രതാഭേദങ്ങളാണ് കുഞ്ഞുണ്ണിക്കവിതയിലെ ഹാസ്യത്തിന് കാരണമാകുന്നത്.

**വർണ്ണതലം**

വർണ്ണങ്ങളുടെ വിവിധ തരത്തിലുള്ള ആവർത്തനം കൊ ് സൃഷ്ടിക്കുന്ന വൈചിത്രമാണ് ഇതിൽ പ്രധാനം. ഇത്തരത്തിലുള്ള ആവർത്തനങ്ങൾ ശ്രവണസുഖവും ഹാസ്യരസവും പകരുന്നു. അനുപ്രാസം, ദ്വിതീയാക്ഷരപ്രാസം, ആദ്യാക്ഷരപ്രാസം എന്നിങ്ങനെയുള്ള വിവിധതരം വർണ്ണാവർത്തനങ്ങൾ കുഞ്ഞുണ്ണിക്കവിതയിലു ്.

"ഒരു കുന്തം
ഒരന്തവും കുന്തവുമില്ലാത്ത കുന്തം
ഇതെന്തൊരു കുന്തം" (കു.ക്ക. പു. 64) - അനുപ്രാസം

"ചക്കടെ മടലും ചക്കച്ചുളയും
ചക്കക്കുരുവും ചക്കക്കൂഞ്ഞും
ചമ്മന്തിക്കിവയൊന്നും കൊള്ളി -
ല്ലെന്തൊരു ദുരിതമിതെന്തൊരു ലോകം" (ആദ്യാക്ഷരപ്രാസം)

"അന്തിക്കു പുഷ്പങ്ങൾക്കു
ചന്തമൊന്നിരട്ടിക്കും" (കു.ക. പു. 111) (ദ്വിതീയാക്ഷരപ്രാസം)

എന്നീ വരികൾ ഉദാഹരണം. ഇത്തരത്തിലുള്ള വർണ്ണാവർത്തനങ്ങൾ ഇന്ദ്രിയാനുഭൂതി ഉളവാക്കി ശബ്ദ സ്പർശബിംബങ്ങളായൊന്നും വികസിക്കുന്നത് കുഞ്ഞുണ്ണിക്കവിതയിൽ കാണില്ല. എന്നാൽ ചില വർണ്ണാ വർത്തനങ്ങൾ കൊ ് ഭാവാനുഭൂതി പകർന്ന് ചിരിപ്പിക്കാൻ കവിക്ക് കഴിയുന്നു ്.

"അച്ചിങ്ങ മച്ചിങ്ങ പീച്ചിങ്ങ
പിച്ചുന്നു നുള്ളുന്നു ഞാനെന്നെ
കുഞ്ഞായിരുന്നു കളിക്കുന്നു ഞാനെന്നെ
യിക്കിളിയാക്കിക്കളിക്കുന്നു" (കു.ക. പു. 192)

ഇവിടെ അച്ചിങ്ങ, മച്ചിങ്ങ, പീച്ചിങ്ങ എന്നിവയിലെ സ്വനവ്യത്യയം കൊ ് സംഭവങ്ങളുടെ ദ്രുതഗതി അനുഭവ വേദ്യമാകുന്നതാണ് ഹാസ്യത്തിന് കാരണം.

കുഞ്ഞുണ്ണിയുടെ കുട്ടിക്കവിതകളിലധികവും ബാലമനസ്സിനെ ആകർഷി ക്കുന്നതിന് പ്രധാന കാരണം വർണ്ണാവർത്തനം കൊ ് സൃഷ്ടിക്കുന്ന അനുഭൂതിയാണ്.

"തത്തേ തത്തേ തത്തമ്മേ
തത്തിത്തത്തി നടക്കമ്മേ

വിത്തും കൊത്തിത്തത്തിത്തത്തി
തത്തുക തത്തുക തത്തമ്മേ" (കു.കൃ. വാല്യം ക, പു. 271)

"പരാപരാ പമ്പരം
പിരി പിരീ പമ്പരം
തിരി തിരീ പമ്പരം
പമ്പരം തിരി തിരി
തരി തരീ
തിരി തിരീ
തിത്തിരി പമ്പരം
തിരി തിരി പമ്പരം
തിരി തിരീ പമ്പരം
തിരി തിരീ തിരി തിരീ
തിരി തിരീ തിരി തിരി" (കു. കൃ. വാല്യം ക, പു. 273)

ഇത്തരം വരികളിലെ രസാത്മകതയ്ക്ക് കാരണം വർണ്ണങ്ങളുടെ ആവർത്തനം കൊ ് തത്തമ്മ തത്തി നടക്കുന്നതിന്റേയും പമ്പരം കറങ്ങുന്നതിന്റേയുമെല്ലാം പ്രതീതി ഉ ാകുന്നതാണ്.

"ഇങ്ങനെ കടിപിടികൂടുന്നതെന്തേ - നായ്ക്ക
ളയ്യയ്യേ നരന്മാരെപ്പോലെ - ഭൗ - ഭൗ - ഭൗ- ഭൗ - ഭൗ" (കു.ക്ക.പു. 74)

മനുഷ്യർക്കിടയിലുള്ള മതവർഗ്ഗരാഷ്ട്രീയകലാപങ്ങളെ വിമർശിക്കുന്ന ഈ കവിതയിൽ ആക്ഷേപഹാസ്യം തീവ്രമാകുന്നത് ഭൗ - ഭൗ - ഭൗ- ഭൗ - ഭൗ എന്ന ശബ്ദാവർത്തനം മൂലമാണ്. കലഹം നിരർത്ഥകമാണെന്ന് ഇത് ശബ്ദം കൊ ് നമ്മെ ഓർമ്മിപ്പിക്കുന്നു.

"അക്ഷരമേ
നിന്നെയെനിക്കി'ക്ഷ' പിടിച്ചു
നിന്നിലരമുള്ളതിനാൽ" (കു.ക്ക. പു. 97)

ഇവിടെ 'ക്ഷ' പിടിക്കുക എന്ന നാടൻ പ്രയോഗത്തിലെ 'ക്ഷ' ഒരു വാചകത്തിന്റെ സ്ഥാനം ഏറ്റെടുത്തുകൊ ് രസിപ്പിക്കുന്നതോടൊപ്പം അക്ഷരത്തിൽ എന്തെല്ലാം ഉ ് എന്ന വിസ്മയം ജനിപ്പിച്ചു ഹാസ്യകാരണമാകുന്നു.

ഒന്നോ ര ാ സ്വനങ്ങളിൽ വ്യത്യാസമുള്ള വ്യത്യയങ്ങൾ ഒരുമിച്ചു ചേർത്ത് പൊരുത്തമോ, പൊരുത്തക്കേടോ സൃഷ്ടിക്കുക എന്നത് കുഞ്ഞുണ്ണി എല്ലായ്പോഴും ഉപയോഗിക്കുന്ന ഹാസ്യതന്ത്രമാണ്.

"തള്ളയ്ക്കില്ലാ മുലയെങ്കിൽ
പിള്ളയ്ക്കില്ലേ തള്ളവിരല്" (കു.ക്ക. പു. 90) (തള്ള/പിള്ള)

മുല കൊടുക്കാത്ത തള്ളമാർ. പകരം തള്ളവിരൽ കുടിക്കുന്ന കുഞ്ഞുങ്ങൾ. ഇത് ഇന്നത്തെ ചിത്രം. പ ും ഇങ്ങനെ ഉ ായിരുന്നതിനാലാണ് 'തള്ളവിരൽ' എന്ന പദം ഉ ായത്. ആ സാമൂഹ്യയാഥാർത്ഥ്യത്തിന്റെ പശ്ചാത്തലത്തിലാണ് ഈ ഹാസ്യം ആസ്വാദ്യമാകുന്നത്. അതോടൊപ്പം തള്ള/പിള്ള എന്നീ നാടൻപദങ്ങൾ ഉപയോഗിച്ചതിലും കുഞ്ഞുണ്ണിത്തമു ്.

"മടിയൻ കുട്ടിക്കൊരടി
മടിയൻ മാഷക്കൊരിടി
മുടിയൻ മന്ത്രിക്കൊരു വെടി" (കു.ക്ക. പു. 132) (അടി/ഇടി/വെടി)

"എശുവിലാണെൻ വിശ്വാസം
കീശയിലാണെന്നാശ്വാസം" (കു.ക്ക. പു. 72)

(യേശു/കീശ, വിശ്വാസം/ആശ്വാസം)

യഥാക്രമം വാക്യാദിയിലും, വാക്യാന്ത്യത്തിലും ആദിയിലും അന്ത്യത്തിലും ഒരു പോലെയും വരുന്ന വ്യത്യയങ്ങളാണ് ഇവിടെ ഹാസ്യകാരണമാകുന്നത്. ലംബതലത്തിൽ മാത്രമല്ല തിരശ്ചീനതലത്തിലും ഇത്തരം വ്യത്യയങ്ങൾ സ്ഥാനം പിടിച്ച് ഹാസ്യകാരണമാകുന്നു.

"കാലവും ലോകവും ക ു
കളിക്കാൻ കഴിവേറിയോൻ
ജീവിതക്കഴുവേറീട്ടു
കുഴങ്ങില്ലൊരുകാലവും" (കു. ക്ക. പു. 165)

എന്ന കവിത ഉദാഹരണം.

ചിലപ്പോൾ വ്യത്യയങ്ങൾ മാത്രം ഉപയോഗിച്ച് കവിത രചിക്കുന്നു.

"മണ്ണിൽ വിണ്ണോ
വിണ്ണിൽ മണ്ണോ
പെണ്ണ്" (കു.ക്ക. പു. 127)

എന്നീ കവിത ഉദാഹരണം

ഇപ്രകാരം വ്യത്യയങ്ങൾ സൃഷ്ടിക്കാൻ ചില വർണ്ണങ്ങൾ രൂപാന്തരം ചെയ്യാനും കവി തയ്യാറാകുന്നു.

"ഓടിന്റെ വട്ടത്തിൽ ചറ്റിക്കറങ്ങുന്ന
രാഷ്ട്രീയം നാടോട്ടയാക്കിടുന്നു" (രാഷ്ട്രീയം പു. 18)

"പ്ലേഗു പരന്നാലു ു നിവൃത്തി
ഫ്ളേഗു പരന്നാലില്ല നിവൃത്തി" (കു.ക്ക. പു. 96)

ഇവിടെ ഓട്ടയോട് പൊരുത്തപ്പെടുത്താൻ വോട്ടിനെ ഓട്ടും, പ്ലേഗിനോട് പൊരുത്തപ്പെടുത്താൻ ഫ്ളാഗിനെ ഫ്ളേഗുമാക്കി മാറ്റിയിരിക്കുന്നു. ഈ കവിതകളിലൂടെ രാഷ്ട്രീയത്തിലെ അഴിമതിയെയും ചേരിതിരിവുകളെയും രൂക്ഷമായി വിമർശിക്കുന്നു.

ചിലപ്പോൾ ചില വർണ്ണങ്ങൾ ചുരുക്കി രസനീയമാക്കുന്നു. സംഭാഷണഭാഷയുടെ പ്രതിഫലനമാണ് അവയുടെ രസാത്മകതയ്ക്ക് കാരണം. കുഞ്ഞുണ്ണിക്കവിതയിൽ കാണുന്ന ഓപ്പ്, പാക്കലം, പാച്ചോറ്, കൃക്കൻ, കാപ്പൊരുത്തൻ തീരായ്‌വാൻ തുടങ്ങിയ പദങ്ങൾ ഉദാഹരണം.

സംഭാഷണഭാഷയിലെന്നപോലെ ദേശ്യസമുദയാഭേദം പ്രതിഫലിക്കുമാറ് ചില പ്രത്യയങ്ങളേയും ഇപ്രകാരം ലോപിപ്പിച്ച് ഹാസ്യാത്മകമാക്കുന്നതു കാണാം. ആമടെ തല, ആനടെ ചെവി, ധൈര്യല്ല്യ തുടങ്ങിയ പ്രയോഗങ്ങൾ ഉദാഹരണം.

വർണ്ണാധിക്യവും ചിലപ്പോൾ ഹാസ്യത്തിന് കാരണമാകുന്നു.

"ഉടുത്ത മു ഴിച്ചിട്ടു
പുതച്ചങ്ങു കിടക്കുകിൽ
മരിച്ചങ്ങു കിടക്കുമ്പോ
ഴുള്ളതാം സുഖമു ിടാം" (കു.ക്ക. പു. 53)

ഇവിടെ പ്രത്യക്ഷത്തിൽ അനാവശ്യമായി തോന്നുന്ന 'ങ്ങ' കാരം ഒഴിവാക്കിയാൽ അനുഭവപ്പെടുന്ന രസഭംഗം ഉദാഹരണം. കാവ്യത്തിന് സമാന്തരത നൽകുന്നതിലും ഇത്തരം വർണ്ണാധിക്യങ്ങൾക്ക് വലിയ പങ്കു ്.

"എലിക്കെണികളാണെന്റെ
യുള്ളിലും പുറമെയുമേ
അവയിൽച്ചെന്നുചാടീടാ
നെലിയായ് ഞാനൊരാളുമേ" (കു. ക്ക. പു. 66)

എന്ന കവിതയിലെ പുറമെയുമേ, ഞാനൊരാളുമേ തുടങ്ങിയവയിലെ വർണ്ണാധിക്യം ഉദാഹരണം.

ചില വിചിത്രരൂപിമങ്ങളും ഹാസ്യത്തിനു കാരണമാകുന്നു.

"കൊതുവിനെക്കൊല്ലുവാനെന്തു നല്ലൂ
ഗരുഡരേയെന്നു വിളിച്ചുനോക്കൂ" (കു.ക്ക. പു. 105)

ഇവിടെ ഗരുഡൻ എന്ന ഏകവചനത്തിനു പകരം 'ഗരുഡർ' എന്ന ബഹുവചനം ചേർത്തത് ഹാസ്യകാരണമാകുന്നു. നിസ്സാരനെ ഏറ്റവുമധികം ബഹുമാനിച്ചതുവഴി സമ്മാനിക്കാവുന്ന ഗർവ്വും അതുമൂലമു ാകുന്ന സ്വത്വനാശവും ഇതിലൂടെ വിവക്ഷിക്കുന്നു. 'മുഖസ്തുതി ആളെക്കൊല്ലും' എന്ന് പാഠം.

കൂട്ടക്ഷരങ്ങളുടെ ആധിക്യമാണ് കുഞ്ഞുണ്ണിക്കവിതയിലെ രസനീയതയ്ക്ക് മറ്റൊരു കാരണം. സമസ്തപദപ്രയോഗത്തിൽ അഭിരമിക്കുന്ന കവിയാണ് കുഞ്ഞുണ്ണി. അതുകൊ ാണ് കൂട്ടക്ഷരങ്ങൾ കവിതയിലുടനീളം കാണുന്നത്.

"നിന്നെക്ക ാലെന്നെക്ക ു
എന്നെക്ക ാലെല്ലാം ക ു" (കു.ക്ക. പു. 153)

എന്ന വരികൾ ഉദാഹരണം.

ചിലപ്പോൾ ചില വിചിത്രമായ സംബോധനകൾ വഴി ഹാസ്യം സൃഷ്ടിക്കുന്നു.

"നാവേ നീ കാതുള്ളവരോടു മി രുതേ
എൻ കാതേ നീ കാതുള്ളവരുടെയരികത്തെങ്ങും ചെല്ലരുതേ"
(കു.ക്ക.പു.59)

ഇവിടെ സ്വന്തം നാവിനെയും കാതിനെയുമെല്ലാം സംബോധന പ്രത്യയങ്ങൾ ചേർത്ത് താൻ തന്നെ അഭിസംബോധന ചെയ്തതു വഴിയാണ് ഹാസ്യം ജനിക്കുന്നത്. അവനവന്റെ നാവും കാതും അവനവൻ നിയന്ത്രിക്കണമെന്ന തത്ത്വം വ്യഞ്ജിപ്പിക്കാനും ഇതിലൂടെ സാധിച്ചു.

ഇങ്ങനെ വർണ്ണതലത്തിൽ വർണ്ണങ്ങളുടെ ആവർത്തനം, ഭാവവ്യഞ്ജകത്വം, വ്യത്യയങ്ങളുടെ പ്രയോഗം, വർണ്ണലോപം, വർണ്ണാധിക്യം, വിചിത്രമായ രൂപിമസന്നിവേശം (പ്രത്യയ വൈചിത്ര്യം) എന്നിവ വഴിയെല്ലാം കുഞ്ഞുണ്ണിക്കവിതയിൽ ഹാസ്യം ജനിക്കുന്നതായി കാണാം.

**പദതലം**

കുഞ്ഞുണ്ണിക്കവിതയിലെ ഹാസ്യാവിഷ്ക്കാരത്തിൽ പദങ്ങൾക്കുള്ള പങ്ക് പ്രധാനമാണ്.

പദങ്ങളുടെ ആവർത്തനമാണ് ഹാസ്യ സൃഷ്ടിക്കുള്ള പ്രധാന ഉപായം.

"നല്ലോണമൊന്നുറങ്ങാൻ
നല്ലോണമൊന്നുണരാൻ
നല്ലോണമൊന്നു വിശക്കാൻ പോലും
വശമില്ലാത്തതാണെന്റെയീ വാർദ്ധക്യം" (കു.ക്ക. പു. 199)

"മുതലാളരുതാരും
തൊഴിലാളരുതാരും
ഭരണവുമാളരുതാരും" (കു.ക്ക. പു. 120)

'പഴയ തലമുറക്ക് തലയില്ല
പുതിയ തലമുറക്ക് മുറയില്ല" (കു. ക്ക. പു. 78)

ഇങ്ങനെ യഥാക്രമം പാദാദി, പാദാന്ത്യം പാദമദ്ധ്യം എന്നിവയിൽ പദങ്ങൾ ആവർത്തിക്കുന്നതു കാണാം. കാവ്യത്തിന് സമാന്തരത നൽകുന്നതിൽ പദാവർത്തനത്തിന് വളരെ പ്രാധാന്യമു ്.

ചിലപ്പോൾ പാദങ്ങൾ തമ്മിൽ പദങ്ങൾ പരസ്പരം വെച്ചു മാറുന്നതു കാണാം.

"നന്നാകുക ഒന്നാകുക
ഒന്നാകുക നന്നാകുക" (കു. ക്ക. പു. 29)

"ഞാനെന്ന കുഞ്ഞുണ്ണിയോ
കുഞ്ഞുണ്ണി എന്ന ഞാനോ" (കു. ക്ക. പു. 83)

പദാവർത്തനം മാത്രം ഉപയോഗിച്ച് കവിത രചിക്കുന്നതും കാണാം.

"വയ്യ വയ്യ വയ്യ വയ്യ
വയ്യ വയ്യ വയ്യ വയ്യ
വയ്യ വയ്യ വയ്യ വയ്യ
വയ്യ വയ്യ വയ്യായ വയ്യ" (കി. മൊ. പു. 35)

എന്ന കവിത ഉദാഹരണം. വയ്യായ എന്നത് എന്തൊരു വലിയ 'വയ്യായ്ക' ആണെന്ന് അത് ഓർമ്മിപ്പിക്കുന്നു.

ആവർത്തനം ലംബതലത്തിൽ മാത്രമല്ല തിരശ്ചീനതലത്തിലും വരുന്നു.

"അരുതരുതരുതരുതരുതരുതരുതരുതു രതി
പേരിൽ പെരുമയിലരുതു രതി" (കു.ക്ക.പു. 163)

"അവനവനെവനെവനോ

അവനവനിവനിവനേ" (കു.ക്ക. പു. 53)

തുടങ്ങിയ കവിതകൾ ഉദാഹരണം. 'അരുത്' എന്ന പദത്തിന്റെ ആവർത്തനം കവിത ഹാസ്യത്മകമാക്കുന്ന തോടൊപ്പം പേരിലും പെരുമയിലുമുള്ള രതി എത്രമാത്രം വർജ്ജനീയമാണെന്ന് ഓർമ്മിപ്പിക്കുകയും ചെയ്യുന്നു.

വിപരീതപദങ്ങൾ ഒത്തു ചേർത്ത് ഹാസ്യം സൃഷ്ടിക്കലാണ് മറ്റൊരു രീതി. ഇതും കാവ്യത്തിൽ പാദാദ്യം, പാദാന്ത്യം, മധ്യം എന്നിവയിലെല്ലാം കാണാം.

"അകത്തോ ഞാൻ
പുറത്തോ ഞാൻ
ഇരുട്ടും വെട്ടവുമില്ലാതായാലറിയാം
അതുവരെയെവിടെയായാലുമിവിടെയാവില്ല" (കു.ക്ക. പു. 95)

"മഴ താഴോട്ട്
മിഴി മേലോട്ട്" (കു.ക്ക. പു. 129)

എന്നിവ ഉദാഹരണം. വിപരീതപദങ്ങൾ മാത്രം ചേർത്ത് കവിത രചിക്കുന്നതും കാണാം.

"ബുദ്ധനൊന്ന്
ബുദ്ധൂസുകളൊരുപാട്" (കു.ക്ക. പു. 110)

(ബുദ്ധൻ/ബുദ്ധൂസ്, ഒന്ന് / ഒരുപാട്)

ഇവിടെ ബുദ്ധിയുള്ളവൻ എന്ന അർത്ഥംകൂടി 'ബുദ്ധൻ' എന്ന പദത്തിന് ലഭിക്കുന്നു. എവിടെയും ഒരുപാട് ബുദ്ധൂസുകൾ ഉ ങ്കിലും ബുദ്ധനൊന്നേയുള്ളൂ എന്ന് ഹാസ്യാത്മകമായി അത് ഓർമ്മിപ്പിക്കുന്നു. വിപരീതപദങ്ങളും ലംബതലത്തിൽ മാത്രമല്ല തിരശ്ചീനതലത്തിലും വരുന്നു.

"അകത്തുള്ളതു പുറത്താകും
പുറത്തുള്ളതകത്താകും
അകത്തും പുറത്തുമില്ലാത്തത്
കവിതയിലാകും" (കു.ക്ക. പു. 138)

എന്ന കവിത ഉദാഹരണം

നൂതനപദങ്ങളാണ് ഹാസ്യസൃഷ്ടിക്കുള്ള മറ്റൊരുപായം.

"പശുത്വം ചത്താലെ
പശിയടങ്ങിടു" (കു.ക്ക. പു. 191)

ഇവിടെ അങ്ങുമിങ്ങും മേഞ്ഞു നടക്കുന്ന മനസ്സിന്റെ സ്വഭാവത്തെ കാണിക്കാൻ 'പശുത്വം' എന്ന പദമുപയോഗിച്ചതാണ് ഹാസ്യകാരണമായത്.

"തെക്കെന്ന ദിക്കിന്റെ
തെക്കു ഞാനെത്തിയാൽ
തെക്കിന്റെ തെക്കത്തം കുന്തമാകും" (കി.മൊ.പു. 25)

ഇവിടെ 'തെക്കത്തം' എന്ന പുതുപദം ഹാസ്യകാരണമാകുന്നു.

പദവിഭേദനമാണ് ഹാസ്യസൃഷ്ടിക്ക് ഉപയോഗിക്കുന്ന മറ്റൊരു രീതി.

"മിഠായിയിൽ ബുദ്ധിവച്ചെന്നാൽ
ബുദ്ധിമുട്ടായി നിശ്ചയം!" (കു. ലോകം, പു. 12)

ബുദ്ധിമുട്ടായി എന്ന പദത്തെ വിഘടിപ്പിച്ചാണ് ഇവിടെ ഹാസ്യം സൃഷ്ടിച്ചിരിക്കുന്നത്.

ഇംഗ്ലീഷ്, സംസ്കൃതം തുടങ്ങിയ വ്യത്യസ്ത ഭാഷാപദങ്ങളുടെ സങ്കലനം വഴിയും പ്രാചീനപദങ്ങളുടെ ഉപയോഗം വഴിയും ഹാസ്യം സൃഷ്ടിക്കുകയാണ് മറ്റൊരുപായം.

"നക്സലേറ്റുപോലുമി
ക്കേരളനാട്ടിൽ കഷ്ടം
എക്സലൈറ്റായിത്തീർന്നു" (കു.ക്ക. പു. 51)

ഇവിടെ നക്സലേറ്റ് എന്ന മലയാളത്തിൽ സുപരിചിതമായ ഇംഗ്ലീഷ് വാക്കിനോടു പൊരുത്തപ്പെടുത്തുവാനാണ് 'എക്സലൈറ്റ്' എന്ന നൂതനമായ ആംഗലേയപദം വ്യത്യയസ്ഥാനത്ത് ഉപയോഗിച്ചത്.

"കണ്ണടവെച്ചിട്ടു ു ഞാനിപ്പോൾ നിങ്ങൾക്കെന്നെ
ക്ലിയറായ് ക ീടുവാൻ കഴിയുന്നില്ലേ ചൊല്ലൂ" (കു. ക്ക. പു. 146)

ഇവിടെ 'ക്ലിയറായ്' എന്ന ഇംഗ്ലീഷ് വാക്കുപയോഗിച്ചത് പ്രാസപ്പൊരുത്തത്തിനു വേ ിയാണ്. പെയിൻ, ബെഡ് ടീ, ബ്രേക്ഫാസ്റ്റ്, ഡിസ്മിസ്സ് തുടങ്ങിയ ധാരാളം പാശ്ചാത്യപദങ്ങൾ കുഞ്ഞുണ്ണിക്കവിതയിലു ്.

ആംഗലപദങ്ങൾക്കൊപ്പം തന്നെ ആഴക്ക്, ഒഴക്ക്, ഭള്ള്, പള്ള, തൂശി, കീറ്, തൊള്ള, പിള്ള, ചീരാപ്പ്, അച്ചി, കൃക്ക്, നൊസ്സ് തുടങ്ങിയ നാടൻ പദങ്ങളും യഥാ, തഥാ, ബ്രഹ്മാണ്ഡം തുടങ്ങിയ സംസ്കൃതപദങ്ങളും ചേർന്ന രസകരമായ പദചേരുവയാണ് കുഞ്ഞുണ്ണിക്കവിതയെ ആകർഷണീയമാക്കുന്നത്.

സമസ്തപദങ്ങളാണ് കുഞ്ഞുണ്ണിക്കവിതയിൽ ഹാസ്യകാരണമാവുന്ന മറ്റൊരു വൈജാത്യം. ഇബ്രഹ്മാണ്ഡം, ഇഞ്ഞാൻ, മേഷ്ഠ, ഞാനൊരാളുമേ എന്നിങ്ങനെ സമസ്തപദങ്ങൾ ധാരാളം ഉപയോഗിക്കുന്ന കവിയാണ് കുഞ്ഞുണ്ണി.

ചിലപ്പോൾ മനഃപൂർവ്വം ചില പദങ്ങൾ തെറ്റായി ഉപയോഗിച്ച് ഹാസ്യം സൃഷ്ടിക്കുന്നു. ഭാരതീയാലങ്കാരികന്മാർ ചൂ ിക്കാട്ടിയ പദദോഷങ്ങളിൽ പെട്ട 'ച്യുതസംസ്കാര'ത്തിന്റെ ഗുണകരമായ ഉപയോഗമാണിത്.

"നാരായണനെന്ന പദം

നാരായവാണനെന്നു പറയുമ്പോഴുള്ള രസം

കാവ്യപരമോ

ക റിഞ്ഞു തെറ്റിപ്പറവതുപരമോ" (കു.ക്ക. പു. 67)

"നാസേ നീ ചെല്ലീടേണം നവമൊരു നവ

നീതത്തിനുള്ളോരു ഗന്ധം" (കു.ക്ക.പു. 176)

ഇവിടെ തെറ്റിപ്പറവതുപരം, നാസേ എന്ന സംബോധന എന്നീ പ്രയോഗങ്ങൾ ഉദാഹരണം.

ഭാരതീയാലങ്കാരികന്മാർ യമകാലങ്കാരം എന്നു വിളിച്ച പദങ്ങളുടെ അർത്ഥവ്യത്യാസത്തോടു കൂടിയ ആവർത്തനമാണ് ഹാസ്യത്തിനുള്ള മറ്റൊരുപാധി.

"നാമം വിട്ടേ നാമാകൂ" (കു. ക്ക. പു. 159)

"എൻ മനമെൻമന" (കു.ക്ക. പു. 138)

എന്നീ വരികൾ ഉദാഹരണം.

ഭാരതീയലങ്കാരികന്മാർ ശ്ലേഷാലങ്കാരമായി പറഞ്ഞ ഒരു പദത്തിന്റെ വ്യത്യസ്താർത്ഥങ്ങളിൽ കൂടി ഹാസ്യം ജനിപ്പിക്കുന്ന രീതിയും കുഞ്ഞുണ്ണിക്കവിതയിലു ്.

'ഞാനൊരു കാക്കവി

പെണ്ണര ക ിട്ടില്ലാത്തതിനാലാവാം

ക ു കഴിഞ്ഞാൽ

ഞാനൊരരക്കവിയാമോ

അഥവാ വെറുമൊരരയ്ക്കാക്കവിയാമോ" (കു.ക്ക. പു. 58)

'അര' എന്ന പദത്തിന്റെ വിഭിന്നാർത്ഥങ്ങളാണ് ഇവിടെ ഹാസ്യഹേതു.

"കുപ്പായക്കുടുക്കു രe ണ്ണം

പോരെന്നാകിൽ

കുപ്പായമില്ലെന്നൊരു കുടുക്കുമെനിക്കുe " (കു. ക്ക. പു. 24)

ഇവിടെ 'കുടുക്ക്' എന്ന പദത്തിന്റെ ദ്വയാർത്ഥമാണ് ഹാസ്യം സൃഷ്ടിക്കുന്നത്.

"കഴുക, നീ മുഖം കഴുകാത്തതെന്തേ

ശവം തിന്നോർമുഖം കഴുകുന്നതെന്തിന്. . ." (കു.ക്ക. പു. 53)

ഈ കവിതയിൽ 'കഴുകുന്നവൻ - കഴുകൻ' എന്ന അർത്ഥം കൂടി ഉള്ളിൽ വെച്ചാണ് കവിത രചിച്ച ത്. ഇപ്രകാരം ദ്വയാർത്ഥങ്ങളിൽ കൂടി ഹാസ്യം സൃഷ്ടിക്കുന്നതിൽ നമ്പൂതിരി ഫലിതങ്ങൾ കവിക്ക് മാതൃക യായിട്ടു ്.

പദങ്ങളെ കീഴ്മേൽ മറിച്ചിട്ടും ചിലപ്പോൾ ഹാസ്യം സൃഷ്ടിക്കുന്നു.

"പൂച്ചക്ക് പുറമു ്
പുറം പൂച്ചിനകമില്ല"

എന്ന കവിത ഉദാഹരണം. 'പുറംപൂച്ച്' എന്നത്, 'പൂച്ചപ്പുറം' എന്ന് മറിച്ചിട്ടാണ് ഇവിടെ ഹാസ്യം സൃഷ്ടിക്കുന്ന ത്.

ഇങ്ങനെ പദങ്ങളുടെ വ്യത്യസ്തതരത്തിലുള്ള ആവർത്തനങ്ങൾ, നൂതന പദപ്രയോഗങ്ങൾ, വിപരീ തപദങ്ങൾ, പദവിഭേദനം, വിവിധ ഭാഷയിലുള്ള പദങ്ങളുടെ സങ്കലനം, ഗ്രാമ്യപദങ്ങൾ, സമസ്തപദങ്ങൾ, ശ്ലേഷം, യമകം തുടങ്ങിയവ മൂലമുള്ള പദവക്രതകൾ ഇവയിലൂടെയെല്ലാം കുഞ്ഞുണ്ണിക്കവിതയിൽ ഹാസ്യം സൃഷ്ടിക്കപ്പെടുന്നു.

**വാക്യതലം**

വാക്യതലത്തിൽ ഒരേ രീതിയിലുള്ള വാക്യങ്ങളുടെ ആവർത്തനമായ സമാന്തരത കൊ ് കാവ്യ ത്തിനു വൈചിത്ര്യം വരുത്തുകയും രസിപ്പിക്കുകയും ചെയ്യുകയാണ് പ്രധാന രീതി. തുല്യസ്ഥാനീയമായ വർണ്ണപദവാക്യങ്ങളുടെ ആവർത്തനംകൊ ് കാവ്യത്തിൽ സമാന്തരത കൈവരുത്താം.

"സ്പർശനസുഖത്തേക്കാൾ
ദർശനസുഖം നല്ലൂ
ദർശനസുഖത്തേക്കാൾ
സ്മരണസുഖം നല്ലൂ
സ്മരണസുഖത്തേക്കാൾ
സങ്കല്പസുഖം നല്ലൂ" (കു.ക്ക. പു. 197)

എന്ന കവിത ഇത്തരത്തിലുള്ള സമാന്തരതയ്ക്ക് ഉദാഹരണമാണ്.

തുല്യസ്ഥാനീയമായ വർണ്ണപദവാക്യ ആവർത്തനമില്ലാതെയും കാവ്യത്തിൽ സമാന്തരത കൈവരിക്കാം.

"തീയിൽ ദഹിക്കാം
പൂവിൽ ലയിക്കാം" (കു.ക്ക. പു. 134)

എന്ന വരികൾ ഉദാഹരണം

വാക്യാവർത്തനം കൊ ുള്ള സമാന്തരതയും കാവ്യത്തിൽ അപൂർവ്വമല്ല.

"കണ്ണിലൊരു കരട്
നല്ലതോ ചീത്തയോ
കാട്ടിലൊരു കരടി
നല്ലതോ ചീത്തയോ" (കു.ക്ക. പു. 135)

"കാലം കൊ ു കളിക്കുന്നോൻ
കല കൊ ന്തു കാട്ടുവാൻ
കാലം കൊ ു കളിക്കാത്തോൻ
കല കൊ ന്തു കാട്ടുവാൻ" (കു.ക്ക. പു. 155)

എന്നീ കവിതകൾ ഉദാഹരണം

കർത്തൃക്രിയാബന്ധത്തിലെ സഹോപസ്ഥിതനിയമങ്ങൾ ലംഘിക്കുകയാണ് ഹാസ്യം സൃഷ്ടിക്കാനുള്ള മറ്റൊരുപാധി. ചേതനാചേതന ബന്ധങ്ങൾ ഇതിൽ ലംഘിക്കപ്പെടുന്നു.

"കണ്ണെടുത്ത് കുപ്പായക്കീശയിലിട്ട്
കാതെടുത്തു കമിഴ്ത്തിവെച്ച്
തലയെടുത്ത് വയറ്റിൽത്തിരുകി
നാക്കെടുത്ത് പുറിത്തിട്ട്
നാടെല്ലാം നടക്കുന്നു
അവനവനെവനെവനോ

അവനവനിവനിവവനേ!" (കു.ക്ക. പൂ. 53)

ഇവിടെ സ്വന്തം കണ്ണ് കുപ്പായക്കീശയിലിടുക, കാതെടുത്ത് കമഴ്ത്തിവയ്ക്കുക, തലയെടുത്ത് വയറ്റിൽ തിരുകുക മുതലായ വിചിത്ര പ്രയോഗങ്ങളിലൂടെയാണ് ഹാസ്യം ജനിച്ചിരിക്കുന്നത്. കണ്ണും കാതുമില്ലാതെ അലയുന്ന പേനായയുടെ ചിത്രം കാണേ തും കേൾക്കേ തും ചിന്തിക്കേ തും അവഗണിച്ച് പരക്കം പായുന്ന സമൂഹത്തിന്റെ ചിത്രം തന്നെ.

മഞ്ഞച്ചെങ്കൊടി, ടർലിൻ പുരുഷൻ, നൈലോൺ പെണ്ണ്, അമ്മിഞ്ഞക്കല്ല് തുടങ്ങിയ പുതുപദച്ചേരുവകളും ഹാസ്യം ജനിപ്പിക്കുന്നത് സാഹോപസ്ഥിത നിയമങ്ങളുടെ ലംഘനം മൂലമാണ്.

ചിലപ്പോൾ പദഘടനാവൈചിത്ര്യം തന്നെ കവിതയാക്കി ഹാസ്യം ജനിപ്പിക്കുന്നു.

"ഫലിതം പലതും പലരും പറയും
പലതും ഫലിതം പറയും പലരും
പലരും പറയും ഫലിതം പലതും
പറയും പലരും പലതും ഫലിതം" (കു.ക്കൃ, വാല്യം ക, പുറം 240)

എന്ന കവിത ഉദാഹരണം.

വ്യാക്ഷേപകങ്ങളാണ് ഹാസ്യ സൃഷ്ടിക്കുള്ള മറ്റൊരുപാധി. അയ്യേ, അയ്യയ്യേ, അയ്യാ തുടങ്ങിയ വ്യാക്ഷേപകങ്ങൾ ധാരാളമായി കുഞ്ഞുണ്ണിക്കവിതയിൽ കാണാം.

"എന്തൊരത്ഭുതമയ്യാ
പഞ്ചാര മധുരിപ്പൂ' (കു.ക്ക. പു. 73)

"അഴകുള്ള പെണ്ണുങ്ങൾക്കഞ്ഞൂറു മോഹം
അഴകില്ലാ പെണ്ണുങ്ങൾക്കായിരം മോഹം
ആണത്തമില്ലാത്തൊരാണുങ്ങൾക്കയ്യയ്യോ
അറുപതിനായിരം മോഹം" (കു.ക്ക. പു. 196)

ഇവിടെയെല്ലാം അത്ഭുതവും വിമർശനവുമെല്ലാം ഹാസ്യത്തിലൂടെ ആവിഷ്ക്കരിക്കുന്നതിൽ വ്യാക്ഷേപകങ്ങൾ നല്ല പങ്കു വഹിക്കുന്നു.

സംഭാഷണശൈലിയാണ് ഹാസ്യസൃഷ്ടിക്കുള്ള മറ്റൊരുപാധി.

"അപ്പോഴേയിന്നലെ വാങ്ങിക്കൊ ന്നൊരു
സോപ്പിന്നു തേക്കാനെടുത്തു കൂടേ
പാടില്ല സോപ്പുതേപ്പുദ്ഘാടനം ചെയ്യാൻ
നായതൻ മന്ത്രിയിങ്ങെത്തും നാളെ" (കു.ക്ക. പു. 188)

"കചടതപാ - കചടതപാ

കുറച്ചെനിക്കേട്ടാ കദളിപ്പഴം
ഖ ഛ ഠ ഥ ഷാ - ഖ ഛ ഠ ഥ ഷാ
കയ്ക്കുന്നിതനിയാ കദളിപ്പഴം" (കു.ക്ക.പു. 170)

കടംകഥ, പഴഞ്ചൊല്ല് തുടങ്ങിയ നാടൻ വാങ്മയങ്ങളുടെ ശൈലി സ്വീകരിക്കലാണ് ഹാസ്യത്തിനു സ്വീകരിച്ച മറ്റൊരു മാർഗ്ഗം.

"പത്താള് ഭരിപ്പേലും
പട്ടാളം ഭരിക്കുക" (കു.ക്ക. പു. 126)

"നന്നാക്കിയാൽ നന്നായിടാത്ത
തൊന്നുമില്ലീ ധരിത്രിയിൽ" (കു.ക്ക. പു. 203)

പ്രാസനിബന്ധത, പ്രസ്താവനാരൂപം, സംക്ഷിപ്തത എന്നിവയിലൂടെ പഴഞ്ചൊല്ലിന്റെ ശൈലി സ്വീകരിച്ചതാണ് ഇതിലെ രസനീയതയ്ക്ക് കാരണം.

"ഉ ാരു പക്ഷി പറക്കാപ്പക്ഷി
പിറക്കാപ്പക്ഷിയിതയ്യയ്യാ
മുട്ടയിടാതെ പൊരുന്നിനിരുന്നിത
വിരിയിക്കുന്നൂ കുഞ്ഞുങ്ങളെ" (കു.ക്ക. പു. 154)

"മാനം പോലൊരു മോന്ത
മണ്ണുപോലൊരു മേനി
ഇവനാരിവനാരാരപ്പാ" (നടത്തം പു. 44)

കടങ്കഥാശൈലിയാണ് ഈ വരികളുടെയെല്ലാം രസനീയതയ്ക്ക് നിദാനം.

പ്രഖ്യാതകൃതികളുടെ അനുകരണമാണ് കുഞ്ഞുണ്ണിക്കവിതയിലെ ഹാസ്യരസത്തിന് മറ്റൊരുപാധി. എഴുത്തച്ഛന്, കുമാരനാശാൻ, ചങ്ങമ്പുഴ, ഇടശ്ശേരി എന്നിവരുടെയെല്ലാം പ്രസിദ്ധവരികൾക്ക് പാരഡി രചിച്ചിട്ടു ് കുഞ്ഞുണ്ണി. എഴുത്തച്ഛന്റെ ഹരിനാമകീർത്തനത്തിലെ

"ഒന്നായ നിന്നെയിഹ രെ ന്നു ക ളവി
ലു ായൊരിെ ൽ ബത മി ാവതല്ല മമ
പ ക്കണക്കെ വരുവാൻ നിൻ കൃപാവലിക
ളു ായെങ്കലിഹ നാരായണായ നമഃ "[73]

എന്ന വരികൾ

[73] എഴുത്തച്ഛൻ. *ഹരിനാമകീർത്തനം,* ശ്ലോകം, 2.

ഒന്നായ നിന്നെയിഹ രെ ന്നു ക ളവി

ലു ായൊരി ലഹ പെട്ടെന്നു തീർന്നു മമ

പ േ ക്കണക്കിലവയൊന്നായിടുന്നളവി

ലു ാമൊരൊന്നു വലിയോരൊന്നതാമഹഹ!" (കു.ക്ക. പു. 188)

എന്നാക്കി

'തന്നതില്ല പരനുള്ളു കാട്ടുവാ -

നൊന്നുമേ നരനുപായമീശ്വരൻ

ഇന്നു ഭാഷയതപൂർണ്ണമിങ്ങഹോ!

വന്നു പോം പിഴയുമർത്ഥശങ്കയാൽ"[74]

എന്ന കുമാരനാശാന്റെ വരികൾ

"തന്നതില്ല പരനുള്ളു കാട്ടുവാ-

നൊന്നുമേ നരനുപായമീശ്വരൻ

ഉള്ളവന്നുലവലേശമില്ലയെ-

ന്നുള്ളതാകുമിതിനുള്ള കാരണം" (കു.ക്ക. പു. 183)

എന്നാക്കി മാറ്റി. ഭൗതികലോകത്തിന്റെ വൈവിധ്യവും ജീവിതത്തിലെ നഗ്നയാഥാർത്ഥ്യവുമെല്ലാം കുഞ്ഞുണ്ണിയുടെ ഇത്തരം അനുകരണകവിതകളിൽ പ്രതിഫലിക്കുന്നു.

ശ്രീനാരായണവചനങ്ങൾ, ബൈബിൾ വചനങ്ങൾ തുടങ്ങിയ മഹദ്വചനങ്ങളുടെ നൂതനസന്ദർഭത്തിലുള്ള ആവിഷ്ക്കാരമാണ് ഹാസ്യത്തിന് മറ്റൊരുപാധി.

യേശുവിന്റെ 'നിന്നെപ്പോലെ നിന്റെ അയൽക്കാരേയും സ്നേഹിക്കുക' എന്ന ഉദ്ബോധനത്തിൽ നിന്നാണ്.

"യേശു മലമുകളിൽ നിന്നിറങ്ങിവന്ന്

മനുഷ്യനോടു പറയുവതെന്തെന്നാൽ

മനുഷ്യ! നീ നിന്നെയെങ്കിലും സ്നേഹിക്കുക" (കു.ക്ക. പു. 158)

എന്ന വരികളുടെ രചന. 'മനുഷ്യാ നീ മണ്ണാകുന്നു' എന്ന ബൈബിൾ വചനമാണ്

"പ ് - മനുഷ്യാ നീ മണ്ണാകുന്നു

ഇന്ന് - മനുഷ്യാ നീ ഒന്നുമല്ലാതാകുന്നു" (കു.ക്ക. പു. 136)

എന്ന കവിതയ്ക്ക് നിദാനം.

---

74 കുമാരനാശാൻ, *നളിനി,* ശ്ലോകം 76 (പ്രഭാത് ബുക്ക് ഹൗസ്, തിരു: 1990), പു. 45.

സംക്ഷിപ്തതയാണ് ഹാസ്യസൃഷ്ടിക്കുള്ള പ്രധാനോപാധി. ശൈലീവിജ്ഞാനികൾ പറയുന്ന ലോപരചനാന്തരണമാണിത്.

"പ ്വിഷ്ണു
ഇന്ന് വിഷാണു" (കു.ക്ക. പു. 63)

"പ ്പേറ്
ഇന്ന് കീറ്" (കു.ക്ക. പു. 157)

ഇവിടെയെല്ലാം ര ്വാക്കുകൾ ഒരു വാചകത്തിന് പകരം നിന്ന് ഹാസ്യകാരണമാകുന്നു.

വിപരീതപദങ്ങൾ + വ്യത്യയങ്ങൾ ഇതാണ് ഇവിടുത്തെ ഘടന.

വിപരീതപദങ്ങൾ + ആവർത്തന പദങ്ങൾ + വ്യത്യയം എന്നിവ മൂന്നും ഒരുമിച്ചു ചേർന്ന ഘടനയും വൈചിത്ര്യം പ്രദാനം ചെയ്യുന്നു.

"അകത്തു മുഴുവനുമാവേശം
പുറത്തു മുഴുവനുമാകാശം"

എന്ന വരികളിലെ ഘടന ഈ രീതിയിലാണ്.

ഹാസ്യപ്രയോഗത്തിനു പലപ്പോഴും ലാളിത്യം അനിവാര്യമാണ്. ലളിതമായ വാക്യഘടനയും ഭാഷാശൈലിയും കുഞ്ഞുണ്ണിക്കവിത പകരുന്ന സത്വരോന്മേഷത്തിന് കാരണമാണ്.

ഇങ്ങനെ വാക്യതലത്തിൽ വാക്യഘടനയിലെ സമാന്തരത, സംക്ഷിപ്തത, ലാളിത്യം, പ്രഖ്യാതവരികളുടെ അനുകരണം, പഴഞ്ചൊല്ല്, കടംകഥ എന്നിവയുടെ ശൈലി, വ്യാക്ഷേപകങ്ങളുടെ ഉപയോഗം, സഹോപസ്ഥിത ലംഘനങ്ങൾ എന്നിവയെല്ലാം ഹാസ്യത്തിന് കാരണമാകുന്നു.

**അലങ്കാരങ്ങൾ**

ഹാസ്യസൃഷ്ടിക്കുള്ള പ്രധാന ഉപാധിയാണ് വർണ്ണ്യാവർണ്ണ്യബന്ധത്തിലെ ഔചിത്യാനൗചിത്യങ്ങൾ. അതിശയോക്തി, ന്യൂനോക്തി, വിരോധോക്തി മുതലായ അലങ്കാരങ്ങളിലെ ഉക്തിവൈചിത്രങ്ങൾ, അവയിലൂടെ സാദ്ധ്യമാകുന്ന വിചിത്രബിംബ സന്നിവേശം ഇവയെല്ലാം ഹാസ്യത്തിന് കാരണമാകുന്നു.

ബ്രഹ്മസത്യം ജഗന്മിഥ്യ
ബ്രായും ബ്രസ്റ്റും കണക്കിനെ" (കു.ക്ക. പു. 32)

ഈ സാമ്യോക്തിപ്രയോഗം ഹാസ്യത്തിനു കാരണമാകുന്നത് വർണ്ണ്യാവർണ്ണ്യങ്ങൾ തമ്മിൽ പ്രത്യക്ഷത്തിലുള്ള പൊരുത്തക്കേടുകൊ ാണ്. ഗഹനമായ ആത്മീയസത്യത്തെ ലൗകികോപമാനങ്ങൾ ഉപയോഗിച്ച് വർണ്ണിച്ചതാണ് ഇവിടെ ഹാസ്യകാരണം. അതോടൊപ്പം ജഗത് മിഥ്യയാണെന്ന ജീവിതനിഷേധിയായ ആത്മീയവാദത്തിനെതിരായ രൂക്ഷമായ വിമർശനമായി ഇത് മാറുകയും ചെയ്യുന്നു.

യഥാർത്ഥ വസ്തുതകളെ നിഗീരണം ചെയ്ത് ധ്വന്യാത്മകമാക്കുന്ന രീതി പലപ്പോഴും ഹാസ്യ കാരണമാകുന്നു. ഭാരതീയാലങ്കാരികന്മാരുടെ രൂപകാതിശയോക്തി തന്നെ ഇത്.

'ഹോട്ടലിൽ കേറും നേരം
പതിവുപലഹാരമല്ലാതെയെന്തെങ്കിലും
തിന്നണമെന്നോർക്കും ഞാനെന്നും
എന്നിട്ടോ
വേ   തെന്തെന്നു ചോദിപ്പോനോ
ടോതും ഞാൻ
ഒരു നെയ്റോസ്റ്റ്
അല്ലെങ്കിൽ ര   ിഡ്ഢലി" (കു.ക്ക. പു. 44)

ഈ വരികൾ ആദ്യം നമ്മെ ചിരിപ്പിക്കുന്നത് പ്രത്യക്ഷത്തിൽ കാണുന്ന ഭൗതികത കൊ   ാണ്.

വിരോധോക്തിയാണ് ഹാസ്യസൃഷ്ടിക്കുള്ള മറ്റൊരു മാർഗ്ഗം.

"ഇന്ത്യക്കാരില്ലാത്തൊരു രാജ്യമു   ുലകത്തിൽ
ഇന്ത്യയെന്നൊരു രാജ്യം" (കു.ക്ക. പു. 32)

"മഴുകൊ   ു   ായൊരു നാടിത്
മഴുകൊ   ില്ലാതാവുന്നു" (കു.ക്ക. പു. 136)

തുടങ്ങിയ വരികളുടെ പ്രത്യക്ഷത്തിലുള്ള രസാത്മകതയ്ക്കു കാരണം അതിലെ വിരോധോക്തിയാണ്. നമ്മുടെ ആഡംബരഭ്രമവും മതരാഷ്ട്രീയകലഹങ്ങളുമെല്ലാം ശക്തമായി വിമർശിക്കാൻ ഇതുവഴി കഴിയുകയും ചെയ്തു.

ന്യൂനോക്തിയാണ് ഹാസ്യകാരണമായ മറ്റൊരു വൈജാത്യം

"ചടഞ്ഞിരുന്നു കൊ   ു ജീരകം തൊലിക്കുന്ന പണി ചെയ്യുവാൻ
നന്നായ് കോട്ടുവായിടാൻ
ബഹുകേമനാണിന്ത്യക്കാരൻ" (രാഷ്ട്രീയം പു. 32)

"ഓന്തിനെകൊന്നാലൊഴക്കു പുണ്യം
ഓന്താണെന്നിന്ത്യക്കു ഞാനുമയ്യാ" (കു.ക്ക. പു. 33)

ഇവിടെ അന്തർലീനമായ ന്യൂനോക്തിയാണ് ഹാസ്യകാരണം.

അതോടൊപ്പം മനുഷ്യരുടെ അലസത, സ്വാർത്ഥത തുടങ്ങിയ ദോഷങ്ങളെ ശക്തമായി വിമർശിക്കാനും ഇതുവഴി സാധിച്ചു.

അതിശയോക്തിയും പലപ്പോഴും ഹാസ്യകാരണമാകുന്നു.

"തുഷലിൽ കഷലോടിക്കാൻ

കെല്പുള്ളോർ ബഹുമന്ത്രിമാർ" (കു.ക്ക. പു. 59)

എന്ന വരികൾ ഉദാഹരണം.

അവിടവിടെ ധൈഷണിക ബിംബങ്ങളും പ്രതീകബിംബങ്ങളുമെല്ലാം കുഞ്ഞുണ്ണിക്കവിതയിൽ കാണാമെങ്കിലും പൊതുവെ ഉക്തിവൈചിത്ര്യങ്ങൾ ഇന്ദ്രിയാനുഭൂതി പകർന്ന് ദൃശ്യസ്പർശാദി ബിംബങ്ങളായി വികസിച്ച് ഹാസ്യം പകരുന്ന രീതി കുഞ്ഞുണ്ണിക്കവിതയിൽ കുറവാണ്. ഇതിനു കാരണം അത്തരം ഉക്തിവൈചിത്രങ്ങൾക്ക് പിന്നിലുള്ള ദാർശനിക അടിത്തറയാണ്.

**വൃത്തം**

താളത്തിന്റെ ഉപാധിയായ വൃത്തത്തിനും ഹാസ്യോല്പത്തിയിൽ പ്രധാന സ്ഥാനമു ്.

ഭാവത്തിനുയോജ്യമായ വൃത്തത്തോടൊഷം ഭാവവിരുദ്ധമായ വൃത്തപ്രയോഗവും ഹാസ്യം ജനിഷിക്കാം. ഗദ്യപദ്യങ്ങൾ ഇടകലർത്തൽ, താളത്തിന്റെ ഏറ്റക്കുറച്ചിലുകൾ എന്നിവയെല്ലാം ഹാസ്യകാരണമാകുന്നു.

കുഞ്ഞുണ്ണിക്കവിതയിൽ ഹാസ്യത്തിന് ഉപയുക്തമായ തുള്ളൽ, വടക്കൻ പാട്ട്, പോലുള്ള ലളിതമായ ഭാഷാവൃത്തങ്ങളാണ് ഉപയോഗിച്ചിരിക്കുന്നത്. സംസ്കൃതവൃത്തങ്ങളിൽ വെച്ച് ഭാഷാവൃത്തങ്ങളെഷോലെ പ്രയോഗ സ്വാതന്ത്ര്യമുള്ളതും എട്ടക്ഷരം മാത്രമുള്ളതുമായ അനുഷ്ടൂഷ് വൃത്തം പലഷോഴും ഉപയോഗിക്കുന്നു.

"കു/ട്ടി/ക്കി/ന്നുമ/രു/ന്നിനു/ പോ/ദേ

കേട്ടോ നേരം വൈകുന്നു" (കു. ക്ക. പു. 172)

"വി/ഡ്ഢി/കൾ/ ന/ന്നായ/് സദ്യ/ നട/ത്തും

നല്ല സമർത്ഥരതുണ്ണും നന്നായ്" (കു. ക്ക. പു. 142)

തരംഗിണീവൃത്തമാണ് ഈ കവിത രസാത്മകമാക്കുന്നത്.

"ര കാര/മില്ലാത്തൊ/രു നായ/രല്ലേ

വളഞ്ഞ/ വാലാട്ടി/ വരുന്നു/ നേരെ

കുരഷിടാത്തെന്തിത്, പാർട്ടിവിട്ടോ

തിരഞ്ഞെടുഷിന്നൊരു കേൻഡിഡേറ്റോ" (കു.ക്ക. പു. 60)

ഇവിടെ കാകളിയുടെ ര ു പാദത്തിലും ഓരോ അക്ഷരം വീതം കുറഞ്ഞ കല്യാണി വൃത്തവും

"എഷോഴും/ ജനി/ഷൂ ഞാ/നെഷോഴും/ മരി/ഷൂ ഞാ

നാകയാൽ ജീവിക്കുന്നുവെന്നുള്ളതൊരു നുണ" (കു.ക്ക. പു. 184)

ഇവിടുത്തെ കേകാവൃത്തവും

"ഞാനാകും/ കുന്നിന്മേ/ലാരു കേ/റും
താനാകും/ കുന്നിന്മേ/ലാരും കേ/റും
ഞാനാം കുഴിയിങ്കലാരിറങ്ങും
താനാം കുഴിയിങ്കൽ താനിറങ്ങും" (കു.ക്ക.പു. 50)

എന്നീ വരികളിലെ വടക്കൻ പാട്ടുവൃത്തവുമെല്ലാം കവിതയെ ആകർഷണീയമാക്കുന്നതിൽ പ്രധാന പങ്കു വഹിക്കുന്നു. അവയിൽ അന്തഃസ്ഥിതമായ താളം ഇത്തരം ഭാഷാവൃത്തങ്ങളുടെ പുതിയ സാദ്ധ്യതകൾ തുറന്നു തരുന്നു.

പൂന്താനം കരുണരസം കരകവിയുന്നതിൽ ഉപയോഗിച്ചു വിജയിച്ച പാനവൃത്തം ഹാസ്യത്തിനും ഉപയുക്തമാണെന്ന് തെളിയിച്ചിരിക്കുകയാണ്.

" അമ്പല/ത്തിൽ പ്രദ/ക്ഷിണം വെ/ക്കുമ്പോ -
ളാറ്റില/ങ്ങേക്കട/വിൽ കുളി/ക്കുമ്പോൾ" (കു. ക്ക. പു. 122)

എന്നീ വരികളിലൂടെ കുഞ്ഞുണ്ണി.

താളവൈജാത്യങ്ങൾ ഇടകലർത്തി പ്രയോഗിക്കലാണ് ചിലപ്പോൾ ഹാസ്യത്തിന് കാരണമാകുന്നത്.

"ഒരു തീപ്പെട്ടിക്കൊള്ളി തരൂ
കൂടു തരൂ
ഒരു ബീഡി തരൂ
വിരലു തരൂ
ചു ു തരൂ
ഞാനൊരു ബീഡി വലിച്ചു രസിക്കട്ടെ" (കു.ക്ക. പു. 101)

എന്ന വരികളെ രസാത്മകമാക്കുന്നതിൽ അവസാന വരിയിലെ താളവൈജാത്യത്തിന് നല്ല പങ്കു ്.

ഗദ്യപദ്യങ്ങൾ ഇടകലർത്തി പ്രയോഗിക്കുന്നതും ഹാസ്യത്തിന് കാരണമാകുന്നു.

"മൂക്കുറ്റിപ്പൂന്തൊപ്പി
തുമ്പപ്പൂ മെതിയടി
മതി മതി
ഇങ്ങനെയങ്ങു നടക്കണമെങ്ങുമെനിക്കൊരു
തുളസിപ്പൂമ്പാട്ടും പാടി' (കു.ക്ക. പു. 131)

എന്ന വരികൾ ഉദാഹരണം.

കുഞ്ഞുണ്ണിയുടെ പാരഡിക്കവിതകളും വലിയൊരളവിൽ ആസ്വാദ്യമാകുന്നത് മൂലകവിതകളുടെ വൃത്താനുകരണം മൂലമാണ്.

ഇങ്ങനെ വർണ്ണതലം, പദതലം, വാക്യതലം, അലങ്കാരതലം, വൃത്തതലം എന്നീ ഭാഷാശൈലിയുടെ ഘടകങ്ങളിലുള്ള വക്രതകളെല്ലാം തന്നെ കുഞ്ഞുണ്ണിക്കവിതയിൽ ഹാസ്യത്തിനു കാരണമാവുന്നതായി കാണാം. ഇത്തരം ഉക്തിവൈചിത്ര്യത്തിലൂടെ ആക്ഷേപഹാസ്യവും നർമ്മവും ജനിപ്പിച്ച് കവി ചിരിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്യുന്നു.

## അദ്ധ്യായം 5

# കുഞ്ഞുണ്ണിക്കവിതയിലെ നാടോടിത്തം

വാമൊഴിപാരമ്പര്യം, സാമൂഹികത, അജ്ഞാതകർതൃത്വം ഇവയാണ് നാടോടിസാഹിത്യത്തിന്റെ പൊതുസവിശേഷതകൾ. സ്വീകരിക്കപ്പെട്ട പെരുമാറ്റങ്ങളുടെ നിലനില്പ് ഉറപ്പുവരുത്തൽ, വിദ്യാഭ്യാസോപാധി, അടിച്ചമർത്തപ്പെട്ട വികാരവിചാരങ്ങളുടെ പ്രതിഫലനം, അവയിൽ നിന്ന് രക്ഷപ്പെടാനുള്ള ഉപാധി ഇവയാണ് നാടോടി ജീവിതത്തിന്റെ ധർമ്മങ്ങൾ.[1] നാടോടിപാരമ്പര്യത്തെ കവിതയിലേക്ക് കൊ ുവന്നപ്പോൾ അതിന്റെ പിന്നിലുള്ള സാമൂഹികോർജ്ജത്തെയും ചലനാത്മകതയെയും കൂട്ടായ്മാ ജീവിതത്തെയും പ്രസ്തുത കൃതിയിലേക്ക് സന്നിവേശിപ്പിക്കുകയാണ് എഴുത്തുകാരൻ ചെയ്തത്.[2] സാഹിത്യത്തിന്റെ പ്രാഗ്രൂപങ്ങളായ നാടോടിപ്പാട്ടുകളും നാടോടിക്കഥകളും വികസിതരൂപത്തിൽ നവ്യമായ ആഖ്യാനസവിശേഷതകളോടെ ആധുനിക സാഹിത്യത്തിൽ ഉപയോഗിച്ചിരിക്കുന്നതു കാണാം. നാടോടിസാഹിത്യത്തിൽ നിന്നും വ്യത്യസ്തമായി ആധുനികസാഹിത്യത്തിൽ വരമൊഴിയാണ് പ്രധാനം. ആധുനിക സാഹിത്യത്തിന് നാടോടിസാഹിത്യത്തിൽ നിന്നും വിഭിന്നമായി ആചാരാനുഷ്ഠാനബന്ധങ്ങളും ഇല്ല. ആഖ്യാനത്തിലെ നവത്വം കവിതയിൽ പ്രധാനമാണ്. എന്നാൽ ഈ പുതുമ നാടോടിസാഹിത്യത്തിനില്ല. എന്നാൽ പുതുസാഹചര്യത്തിൽ ആഖ്യാനത്തിന് നവത്വം നൽകാൻ ആധുനികസാഹിത്യകാരൻ വാങ്മയങ്ങളുടെ ശൈലി സ്വീകരിക്കുകയും ചെയ്യുന്നു. നാടോടിസാഹിത്യം അജ്ഞാതകർത്തൃകമാണ്. നാടോടി സാഹിത്യത്തിന്റെ സാമൂഹികസ്വഭാവം കർത്താവിനെ അപ്രസക്തമാക്കുന്നു. എന്നാൽ ആധുനികസാഹിത്യം വൈയക്തികതയ്ക്ക് പ്രാധാന്യം നൽകുന്നതും ജ്ഞാതകർത്തൃകവുമാണ്. നാടോടിസാഹിത്യത്തിൽ പാഠഭേദങ്ങൾ ധാരാളം കാണാം. എന്നാൽ ആധുനിക സാഹിത്യത്തിൽ വായനയിൽ ധാരാളം പാഠഭേദങ്ങൾ ക ക്കാമെങ്കിലും എഴുത്തിൽ പാഠഭേദങ്ങളില്ല. ഭാഷാപരമായി നാടോടിവാങ്മയങ്ങൾ സാഹിത്യത്തിൽ ര ് രീതിയിൽ പ്രത്യക്ഷപ്പെടാം.

1. വാങ്മയ സാഹിത്യത്തെ അതേ പടി ഉപയോഗിക്കൽ - എഴുത്തച്ഛന്റെ കൃതികളിൽ ധാരാളം പഴഞ്ചൊല്ലുകൾ ഉപയോഗിച്ചിരിക്കുന്നത് ഉദാഹരണം.
2. നാടോടിവാങ്മയശൈലി കടം കൊ ് അനുകരണങ്ങൾ ഉ ാക്കൽ. നാടോടിത്ത രീതിയിൽ പുതുഞ്ചൊല്ലുകൾ, പാട്ടുകൾ, തുടങ്ങിയവ ആധുനികസാഹിത്യത്തിൽ ക ുവരുന്നത് ഉദാഹരണം.

ഉദാ: 'ഒന്നാം കുന്നിലെ പപ്പടപ്പുല്ലുകൾ
പറ്റിപ്പിടിച്ചു കരയുന്നു

---

[1] മോഹനൻ, എം. വി, *പഴഞ്ചൊല്ലിലെ പഴമ,* എം. ഫിൽ പ്രബന്ധം (കാലിക്കറ്റ് യൂണിവേഴ്സിറ്റി, 1989), പു. 8.

[2] ദീപ്തിമേന, ജി, *കവിതയിലെ ഫോക്‌ലോർ, ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ കവിതകളെ മുൻനിർത്തിയുള്ള അന്വേഷണം.* എം. ഫിൽ പ്രബന്ധം (കാലിക്കറ്റ് യൂണിവേഴ്സിറ്റി, 2005), ആമുഖം.

ര ാം കുന്നിലെ തൊട്ടാവാടികൾ
ഒന്നിച്ചു വാടിച്ചുരുളുന്നു
മൂന്നാം കുന്നിലെ ഇല്ലിമുൾക്കൂട്ടങ്ങൾ
ഇല്ലെന്നു ചൊല്ലിയിരുത്തുന്നു[3]"

എന്ന കടമ്മനിട്ടയുടെ(1934-2008) വരികളിൽ നാടോടിപ്പാട്ടിന്റെ രീതിയാണ് കാണുന്നത്.

"ഉണക്കച്ചുള്ളിയൊന്നൊന്നായ്
ഒടിക്കാമേതു ബാലനും
ഒന്നിച്ചൊരു കെട്ടായാൽ
ആനയ്ക്കും സാധ്യമായിടാ
അതിനാലാദ്യമെല്ലാരും
ഉണച്ചുള്ളിയാകുവിൻ
അത്തൽ വിട്ടിട്ടൊരേ കെട്ടിൽ
അമർന്നോർത്തു കിടക്കുവിൻ" [4]

ഇവിടെ പഴഞ്ചൊല്ലിനെ പുതുരീതിയിൽ അവതരിപ്പിക്കുന്നു.

ആധുനിക എഴുത്തുകാരിൽ മിക്കവരും കൃതിയുടെ നവീനതയ്ക്ക് വേ ി നാടോടിവാങ്മയ ശൈലി സ്വീകരിക്കുന്നത് കാണാം. ആറ്റൂരിന്റെ (ജ. 1930) ഓട്ടോവിൻ പാട്ട്, കക്കാടിന്റെ കൌണ്ഡിന്യചരിതം, രാമായണം കളി തുടങ്ങിയ കവിതകൾ ഉദാഹരണം.

**നാടോടിത്തവും മലയാളകവിതയും**

മലയാളത്തിൽ ചെറുശ്ശേരി, എഴുത്തച്ഛൻ, കുഞ്ചൻനമ്പ്യാർ എന്നീ പ്രാചീനകവിത്രയത്തെ നാടോടിസാഹിത്യം ശക്തമായി സ്വാധീനിച്ചതു കാണാം.

"താൻതാൻ നിരന്തരം ചെയ്യുന്ന കർമ്മങ്ങൾ
താൻതാനനുഭവിച്ചീടുകെന്നേ വരൂ"[5]

"പ്രത്യുപകാരം മറക്കുന്ന പൂരുഷൻ
ചത്തതിനൊക്കുമേ ജീവിച്ചിരിക്കിലും"[6]

---

3 കടമ്മനിട്ട രാമകൃഷ്ണൻ, 'പൂവുതേടിപ്പോയ അഞ്ചുകുട്ടികളുടെ കഥ', *കടമ്മനിട്ടയുടെ കവിതകൾ* (ഡി.സി.ബുക്സ്, കോട്ടയം, 1996), പു. 166.

4 കടമ്മനിട്ട രാമകൃഷ്ണൻ, 'ഐകമത്യം', ടി.പു. 179.

5 എഴുത്തച്ഛൻ, 'അയോദ്ധ്യാകാണ്ഡം', *അദ്ധ്യാത്മരാമായണം കിളിപ്പാട്ട്* (ഹൈടെക് പബ്ലിക്കേഷൻസ്, തിരു: 2003), പു. 108.

6 എഴുത്തച്ഛൻ, 'കിഷ്ക്കിന്ധാകാണ്ഡം', ടി. പു. 223.

"കജ്ജളം പറ്റിയാൽ സ്വർണ്ണവും നിഷ്പ്രഭം" [7]

തുടങ്ങി ധാരാളം പഴഞ്ചൊൽ രൂപത്തിലുള്ള സാരോപദേശങ്ങൾ എഴുത്തച്ഛൻ കൃതികളിൽ കാണാം. കോഷ്, തുഷ്ടി, പുക്കുക, പൈതങ്ങൾ തുടങ്ങിയ ധാരാളം നാടൻ പദങ്ങൾ എഴുത്തച്ഛന്റെ കൃതികളിലു ്.

7 എഴുത്തച്ഛൻ, 'ബാലകാണ്ഡം', ടി. പു. 70.

"തെറ്റെന്നു ചീന്തിനാൻ മാരുതപുത്രനും
ക്ഷുത്തു കൊ ടേ റ്റവുമാർത്തനായ് മേവിന
ഹസ്തിവരൻ പനചീന്തുന്നതുപോലെ"[8]

ഇവിടെ നാടൻ അലങ്കാരപ്രയോഗമാണ് കാണുന്നത്.

'തത്തേ വരികരികത്തങ്ങിരി . . . ഇവിടെ 'ഇരി' തനിനാടൻ പ്രയോഗമാണ്. എഴുത്തച്ഛൻ ഉപയോഗിച്ച കാകളി, കേക തുടങ്ങിയ ഭാഷാവൃത്തങ്ങൾ നാടൻ വൃത്തങ്ങളിൽ പ്രധാനമാണ്.

"മുല്ലപ്പൂമ്പൊടിയേറ്റു കിടക്കും
കല്ലിനുമു ണ്ടൊരു സൗരഭ്യം"[9]

"ഗതികെട്ടാൽ പുലി പുല്ലും തിന്നും"[10]

ഇത്യാദി ധാരാളം പഴഞ്ചൊല്ലുകൾ കുഞ്ചൻ നമ്പ്യാരുടെ കവിതകളിൽ കാണാം. കുഞ്ചൻ നമ്പ്യാർ തുള്ളലുകളിൽ ഉപയോഗിച്ച കാരിക, പഞ്ചകാരിക, വർണ്ണം, കുംഭം, കു നാച്ചി, കുമ്മി എന്നിവ നാടൻ കലാരൂപാവതരണത്തിൽ ഉപയോഗിച്ച വൃത്തങ്ങളാണ്. സാധാരണക്കാർക്ക് മനസ്സിലാവുന്ന ലളിതമായ ഭാഷ വേണം ഉപയോഗിക്കാൻ എന്ന ദർശനവും നാടോടിത്തവുമായി ബന്ധപ്പെട്ടതാണ്. ചെറുശ്ശേരിയുടെ 'കൃഷ്ണഗാഥ'യിലും

"പോക്കറ്റ വൻപുലി പുല്ലും മേയും" [11]

"കാളയു ങ്ങൂട്ടു പെറ്റു കിടക്കുന്നു
നീളമു ണ്ടയൊരു പാശം കൊ ണ്ട" [12]

തുടങ്ങിയ പഴഞ്ചൊല്ലുകൾ കാണാം. നണ്ണി, ആച്ചി, കാരിയം, തിണ്ണം, വാട്ടം, ഞായം, പൈതൽ തുടങ്ങിയ ധാരാളം നാടൻ പദങ്ങൾ ചെറുശ്ശേരിക്കവിതയിൽ കാണാം. കൃഷ്ണഗാഥയിലെ സംഗീതസാന്ദ്രമായ മഞ്ജരിവൃത്തവും നാടൻ പാട്ടുകളിൽ കാണുന്നു.

"കാരകാരപ്പഴം കസ്തൂരി മാമ്പഴം
കൈകൊ ണ്ടു തൊട്ടാൽ പഴമ്പുളിങ്ങ"

എന്ന നാടൻപാട്ട് ഉദാഹരണം.

---

8 എഴുത്തച്ഛൻ, 'സഭാപർവ്വം', *മഹാഭാരതം കിളിപ്പാട്ട്* (വിദ്യാരംഭം പബ്ലിഷേഴ്സ്, ആലുവ: 1992), പു. 161.

9 കുഞ്ചൻ നമ്പ്യാർ, 'കിരാതം തുള്ളൽ', *കുഞ്ചൻ നമ്പ്യാരുടെ കൃതികൾ* (കറന്റ് ബുക്സ്, കോട്ടയം: 1997), പു. 286.

10 കുഞ്ചൻ നമ്പ്യാർ,'സത്യാസ്വയംവരം', ടി. പു. 124.

11 ചെറുശ്ശേരി, 'രുക്മിണീസ്വയംവരം', *കൃഷ്ണഗാഥ* (സാഹിത്യപ്രവർത്തകസഹകരണസംഘം, എൻ.ബി.എസ്സ്. കോട്ടയം: 1953), പു. 315.

12 ടി. പു. 120.

ആധുനികകവിത്രയത്തിൽ പെട്ട കുമാരനാശാന്റെ ലീല, നളിനി, കരുണ തുടങ്ങിയ കാവ്യങ്ങളിൽ ഒരിക്കൽ, ഒരിടത്ത് എന്ന് കഥാസൂചന തന്ന് കഥ തുടങ്ങുന്ന രീതി നാടോടിസമ്പ്രദായമാണ്. ഉള്ളൂരിന്റെ അമ്പിളിയമ്മാവൻ, കുട്ടിയും പ്രാവും തുടങ്ങിയ കുട്ടിക്കവിതകളിൽ പാട്ട് കെട്ടിപ്പോകുന്ന നാടൻ രീതി കാണാം.

"മന്നിലാർക്കറിയാം, കാരിരുമ്പിൻ തു   ല്ലെന്നായ്
മിന്നുന്നതെല്ലാം പൊന്നല്ലെ
ന്നുമു   ല്ലോ കേൾപ്പൂ"[13]

എന്നിങ്ങനെ പഴഞ്ചൊല്ലുകൾ വള്ളത്തോൾ കവിതയിൽ കാണാം. ആഴക്ക്, ഒഴക്ക്, തുടങ്ങിയ പ്രാചീന പദപ്രയോഗവും വള്ളത്തോൾ കവിതയിലു  . ഓമനക്കുട്ടൻ, മാവേലി, തിരുവാതിര, കുറത്തി, കല്യാണി, വഞ്ചിപ്പാട്ട്, താരാട്ട് തുടങ്ങിയ അനേകം നാടൻ വൃത്തങ്ങൾ ചങ്ങമ്പുഴ കൃതികളിൽ കാണാം. അരിവാൾ തലമുറകളിലൂടെ, പ്രളയം തുടങ്ങിയ കവിതകളിൽ വയലാറും ധാരളം നാടൻവൃത്തങ്ങൾ ഉപയോഗിച്ചു. ഇടശ്ശേരിയുടെ കാവിലെ പാട്ട്, പൂതപ്പാട്ട് എന്നീ കവിതകളിൽ നാടോടിത്തം വളരെ പ്രകടമാണ്. നാടൻ വിശ്വാസത്തെ ആധാരമാക്കി എഴുതിയ കവിതയാണ് 'പൊട്ടിപുറത്ത് ശീവോതി അകത്ത്'. നടാടെ, ഈഷൽ, പയ്യ്, വ്രാന്ത, മൊച്ച തുടങ്ങിയ ധാരാളം നാടൻ പദങ്ങൾ ഇടശ്ശേരിയുടെ കവിതയിലു  . വൈലോപ്പിള്ളിയുടെ തച്ചന്റെ മകൻ, ജി.യുടെ പെരുന്തച്ചൻ തുടങ്ങിയ കവിതകളിൽ നാടോടി ഇതിവൃത്തമാണ് ആസ്പദം. വൈലോപ്പിള്ളിയുടെ കന്നിക്കൊയ്ത്ത്, മകരക്കൊയ്ത്ത്, എന്നീ കവിതകളിൽ വടക്കൻ പാട്ടിന്റെ ഈണമാണുള്ളത്. സഹ്യന്റെ മകൻ, കന്നിക്കൊയ്ത്ത്, മാമ്പഴം തുടങ്ങിയ വൈലോപ്പിള്ളിക്കവിതകളിൽ ഗ്രാമീണവും കാർഷികവുമായ അന്തരീക്ഷം കാണാം.

**നാടോടിത്തം ആധുനിക കവിതയിൽ**

ജീവിതത്തെ ലാഘവത്തോടെ സമീപിക്കുന്നവരെ ലാഘവത്തോടെ ആസ്വദിച്ച് ചിന്തിപ്പിക്കുന്നതിന് ആധുനിക കവിതയിലെ നാടോടിത്തം സഹായിക്കുന്നു.

"ഏഴുമലയുടെ മുകളിലല്ലോ
ഭദ്രകാളീദേവി കുടികൊള്ളുന്നു"[14]

എന്ന എൻ.വി.യുടെ വരികളിൽ നാടോടിവാങ്മയ സ്വാധീനം കാണാം. ആറ്റൂരിന്റെ (ജ. 1930)കവിതയിൽ പഴഞ്ചൊല്ലിന്റെ ശൈലി പുതുരീതിയിൽ ആവിഷ്ക്കരിക്കുന്നതു കാണാം.

"അലക്കു മറന്നു നാം
കാശിയിലെത്തപ്പെട്ടോർ"[15]

---

13 വള്ളത്തോൾ നാരായണമേനോൻ, 'മിന്നുന്നതെല്ലാം പൊന്നല്ല', *വള്ളത്തോളിന്റെ കവിതകൾ* (ഡി. സി. ബുക്സ്, കോട്ടയം, 2003), പു. 823.

14 എൻ. വി. കൃഷ്ണവാരിയർ, 'ഒരു പഴയ പാട്ട്' *എൻ.വി.യുടെ കവിതകൾ* (സാഹിത്യപ്രവർത്തകസഹകരണസംഘം, നാഷണൽ ബുക്ക്സ്റ്റാൾ, കോട്ടയം: 1928), പു. 59.

എന്ന വരികളിൽ 'അലക്കൊഴിഞ്ഞിട്ട് കാശിക്കു പോവാൻ നേരമില്ല എന്ന ചൊല്ല് തിരിച്ചിട്ടിരിക്കുന്നു.

"എല്ലാ നിലങ്ങളും പോയാലും
അങ്ങാടിയിലൊക്കെ തോറ്റാലും"[16]

'അങ്ങാടിയിൽ തോറ്റാൽ അമ്മയോട് എന്ന ചൊല്ലാണ് ഈ വരികൾക്കാധാരം. നഷ്ടപ്പെടലുകളുടെ വലിയ ലോകത്തെ ഇത് കാണിക്കുന്നു.

"ഒന്നര നാഴിക പോയപ്പോൾ നീ വന്നെ -
ന്നുമ്മറ വാതിലിൽ മുട്ടുന്നൂ
ര ര നാഴിക പോയപ്പോഴെന്നൂടെ
ത ിട്ട വാതിൽ തുറക്കുന്നൂ
ഏഴര നാഴിക രാച്ചെന്നപ്പോൾ
ഏഴുമതിലും തകർക്കുന്നൂ." [17]

ആറ്റൂരിന്റെ ഈ വരികളിൽ നാടൻ പാട്ടിലെ സംഖ്യാരൂപിയായ ആവർത്തനം, താളഘടന, വാക്യരചനയുടെ ആവർത്തനം കൊ ു ായ സമാന്തരത എന്നീ ഗുണങ്ങളെല്ലാം കലർന്നിരിക്കുന്നു. ആറ്റൂരിന്റെ 'ഓട്ടോവിൽ പാട്ട് തികച്ചും നാടോടിമട്ടിൽ എഴുതിയ കവിതയാണ്.

"കൊടും കാടു പൂത്തിടും പോലെ
തിരമതിൽ മറയുന്നപോലെ"[18]

ഇവിടെ

"കുന്നത്തു കൊന്നയും പൂത്തപോലെ
ഇളമാവിൻ തയ്യു തളിർത്തപോലെ
കുരുത്തോലയായതിൻ വർണ്ണമ്പോലെ
കുന്നിക്കുരുവിന്റെ വർണ്ണമ്പോലെ"

തുടങ്ങിയ വടക്കൻപാട്ടിന്റെ ഔപമ്യരീതിയാണുള്ളത്. എം. ഗോവിന്ദന്റെ (1919-1989) കവിതകളിലും നാടോടി മട്ടിൽ പാട്ടു കെട്ടിക്കൊ ുപോകുന്ന രീതി പലപ്പോഴും കാണാം.

"ചേലക്കര മു ുടുത്തു ഞാത്തി
ചേലിൽ കസവണിപ്പട്ടു ചാർത്തി

---

15 ആറ്റൂർ രവിവർമ്മ, 'യാത്ര', *ആറ്റൂർ രവിവർമ്മയുടെ കവിതകൾ (1957-94)* (ഡി.സി. ബുക്സ്, കോട്ടയം: 1995), പു. 124.

16 ആറ്റൂർ രവിവർമ്മ, 'മടക്കം', *ആറ്റൂർ രവിവർമ്മയുടെ കവിതകൾ (1957-94)* പു. 106.

17 ആറ്റൂർ രവിവർമ്മ, 'അർക്കം', ടി. പു. 59.

18 ആറ്റൂർ രവിവർമ്മ, 'നാട്ടിൽ പാർക്കാത്ത ഇന്ത്യക്കാരൻ', ടി.പു. 143.

ശീലക്കുടക്കീഴിൽ മുടിയൊതുക്കി
ശീമച്ചെരുപ്പിലടികളൂന്നി"[19]

എന്ന വരികൾ ഉദാഹരണം.

എം. ഗോവിന്ദന്റെ 'കണ്ണന്റെ കഥ' എന്ന കവിതയിൽ വടക്കൻ പാട്ടിലെ യാത്രാവർണ്ണനരീതി കാണാം.

"കുന്നിന്റെ മുടിയിലിറങ്ങി കണ്ണൻ
കുറുവഴി നോക്കിനടന്നു കണ്ണൻ
കു നിടവഴി താ ി കണ്ണൻ
പടിയും പടിപ്പുര കേറി കണ്ണൻ"[20]

എന്ന വരികൾ ഉദാഹരണം

നാടൻ വായ്ത്താരികൾ, ചൊൽവടിവുകൾ, പ്രാസരീതി, ചോദ്യോത്തരരീതി, ഈരടികളെ ആവർത്തിക്കൽ എന്നിവയെല്ലാം നാടൻ വാങ്മയങ്ങളുടെ സ്വഭാവമാണ്. എം. ഗോവിന്ദന്റെ 'കുഞ്ഞാലിമരയ്ക്കാര്' എന്ന കവിതയിൽ

"കുഞ്ഞായി, കുഞ്ഞാലിയായ്, കുഞ്ഞാലി മരയ്ക്കാരായ്"[21]

എന്ന വരി പത്തൊമ്പത് തവണ ആവർത്തിക്കുന്നു. 'വായുള്ള പിള്ള പിഴയ്ക്കും' എന്ന ഐതിഹ്യസംബന്ധിയായ പഴഞ്ചൊല്ലാണ്.

"വായുള്ള പിള്ള പിഴയ്ക്കും പന്തിര -
 ാളുകൾക്കും തന്തതന്ന പ ാരം"[22]

എന്നാക്കിയത്.

'ഉള്ളതു ചൊന്നാലുറിയും ചിരിക്കും' എന്ന പഴഞ്ചൊല്ല്
"കള്ളം പറഞ്ഞാൽ ചിറിയും ചെരുക്കും"[23]

എന്നാക്കി. 'ഏട്ടിലെ പശു പുല്ലുതിന്നില്ല' എന്ന പഴഞ്ചൊല്ലിൽനിന്നാണ്

---

19 എം. ഗോവിന്ദൻ, 'നാട്ടുവെളിച്ചം', *നാട്ടുവെളിച്ചം* (സമീക്ഷ, പരപ്പനങ്ങാടി, 1978), പു. 37.

20 എം. ഗോവിന്ദൻ, 'കണ്ണന്റെ കഥ', ടി. പു. 75.

21 എം. ഗോവിന്ദൻ, 'കുഞ്ഞാലിമരയ്ക്കാര്', *ഒരു പൊന്നാനിക്കാരന്റെ മനോരാജ്യം* (സമീക്ഷ, പരപ്പനങ്ങാടി : 1978), പു. 71.

22 എം. ഗോവിന്ദൻ, 'ഒരു പകലുമൊരിരവും പാക്കനാരും', എം. ഗോവിന്ദന്റെ കവിതകൾ, 1-ാം ഭാഗം, (രഞ്ജിമ പബ്ലിക്കേഷൻസ്. ചങ്ങനാശ്ശേരി, 1986), പു. 248.

23 എം. ഗോവിന്ദൻ, ടി.പു. 248.

"ഏട്ടിലെ പശുക്കളെ മേയ്ക്കുന്നു ഗോവിന്ദൻ ഞാൻ
നാട്ടിലെ പശുക്കളെ നോക്കുന്നു പത്മാവതി"[24]

എന്ന വരികൾ രചിച്ചത്.

നമ്പൂരി, സാമൂരിപ്പാട്, പട്ടേരി, മൂപ്പർ, മുതുക്കൻ, വാദ്ധ്യാർ, പടച്ചോൻ. ആപ്പു ചായ, ഏകാശി തുടങ്ങിയ നാടൻ പദങ്ങൾ എം. ഗോവിന്ദന്റെ കവിതയിൽ ധാരാളം.

"മാവേലി നാടുവാണീടും കാലം
മാനുഷരെല്ലാരുമൊന്നു പോലെ"

എന്ന നാടൻ പാട്ടാണ്.

"വെള്ളക്കാർ നാടുവാണീടും കാലം
വെള്ളിപ്പണത്തിന്റെ വേദകാലം"[25]

എന്നാക്കിയത്. താളവും ആദ്യപാദവും ഒരു പോലെ. ര ാം പാദം മൂലത്തിൽ നിന്നും വ്യത്യസ്തം.

"കാക്കേ കാക്കേ കൂടെവിടെ
വളരുന്ന മാമരക്കൊമ്പത്ത്

[24] എം. ഗോവിന്ദൻ, 'പരസ്യമല്ല രഹസ്യവുമല്ല', ടി.പു. 270.

[25] എം. ഗോവിന്ദൻ, 'മരണത്തിൽ ജീവിതത്തിൽ', ടി. പു. 153.

കാക്കേ കാക്കേ കൂടെവിടെ
ഒളിതിങ്ങും പൂമരകൊമ്പത്ത്"

എന്ന നാടൻ പാട്ടാണ്

"വാക്കേ വാക്കേ കൂടെവിടെ
വളരുന്ന നാവിന്റെ കൊമ്പത്ത്
വാക്കേ വാക്കേ കൂടെവിടെ
ഒളിതിങ്ങും തൂവലിൽ തുമ്പത്ത്"[26]

എന്ന് നൂതനരൂപത്തിൽ ആവിഷ്ക്കരിക്കപ്പെട്ടത്.

കടമ്മനിട്ട രാമകൃഷ്ണന്റെ 'മഴ പെയ്യുന്നു മദ്ദളം കൊട്ടുന്നു'. എന്ന കവിതയിൽ നാടോടിച്ചൊല്ലുകൾ ധാരാളം ഇടകലർത്തിയതുകാണാം. കാക്ക മലർന്നു പറക്കും, അങ്കം കാണാം താളീമൊടിക്കാം, പിന്നേം ചങ്കരൻ തുടങ്ങിയ പഴഞ്ചൊല്ലുകൾ ഈ കവിതയിൽ പല ഭാഗത്തും പ്രത്യക്ഷപ്പെടുന്നു. ധാരാളം ഗ്രാമ്യപദങ്ങൾ കടമ്മനിട്ടക്കവിതകളിൽ കാണാം. കുറത്തിപ്പാട്ട്, പടയണി എന്നിവയുടെ നാടൻ താളമാണ് കടമ്മനിട്ട പലപ്പോഴും ഉപയോഗിക്കുന്നത്. നാടൻ പാട്ടിന്റെ വരികൾ ചെറിയ ഭേദങ്ങൾ വരുത്തിയോ അതുപോലെയോ ഉപയോഗിക്കുന്നതു കാണാം.

"അയ്യപ്പന്റമ്മ നെയ്യപ്പം ചുട്ടു
കാക്ക കൊത്തി കടലിലിട്ടു
മുങ്ങാപ്പിള്ളേര് മുങ്ങിയെടുത്തു.
തട്ടാപ്പിള്ളേര് തട്ടിയെടുത്തു
വാണിയപ്പിള്ളേര് വായിലുമിട്ടു"

ഈ നാടൻ പാട്ടാണ് കടമ്മനിട്ട രാമകൃഷ്ണൻ

"അയ്യപ്പൻറമ്മച്ചി നെയ്യപ്പം ചുട്ടപ്പം
അയ്യപ്പൻമാർക്കൊക്കെ സന്തോഷം അയ്യോ
തട്ടാപ്പിള്ളേരു തട്ടിയെടുക്കുന്നു.
മാപ്പിളപ്പിള്ളേര് പിന്നാലെ കൂടുന്നു.[27]

എന്നാക്കിയത്

കക്കാടിന്റെ (1 927-87) കവിതയിൽ പോത്ത്, ക ഷൻ തുടങ്ങിയ നാടൻ ബിംബങ്ങൾ ധാരാളം.

[26] എം. ഗോവിന്ദൻ, 'വാക്കേ വാക്കേ കൂടെവിടെ', ടി.പു. 280.

[27] കടമ്മനിട്ട രാമകൃഷ്ണൻ, 'മഴപെയ്യുന്നു മദ്ദളം കൊട്ടുന്നു', *മഴപെയ്യുന്നു മദ്ദളം കൊട്ടുന്നു,* (ഡി.സി.ബുക്സ്, കോട്ടയം : 1993),പു. 82.

"ഗോപുരം തിങ്ങിര  ീച്ച ചത്തു
കേട്ടാൽ പൊളിയൊന്നും തോന്നരുതേ"

എന്ന നാടൻ പാട്ടിൽ തുടങ്ങുന്ന കവിതയിൽ[28] നാടൻ പാട്ടിന്റെ അസംബന്ധത, ഭാഷാശൈലി എന്നിവ ഒത്തിണിങ്ങിയിരിക്കുന്നു.

"ഇടം ചുറ്റിത്തിരിഞ്ഞാടുക
തക ത്തിന്ത ത ധിത്ത
വലം ചുറ്റിത്തിരിഞ്ഞാടുക
തകിട ധക ധിമിം ധിം തേ"[29]

ഇവിടെ നാടൻ പാട്ടിന്റെ വായ്ത്താരിയാണ് ഉപയോഗിച്ചിരിക്കുന്നത്.

അയ്യപ്പപ്പണിക്കരുടെ (1930-2006) കവിതയിൽ

"തമ്മിൽ തമ്മിലടുത്തല്ലോ
തങ്ങളിലിണങ്ങി വരുമണല്ലോ
മധുരം വഴിയും കോലാടിൽ
മാംസത്തിൽ നഖമാണല്ലോ

28 എൻ. എൻ കക്കാട്, 'കൗണ്ഡിന്യചരിതം', *കക്കാടിന്റെ കൃതികൾ* (കറന്റ് ബുക്സ്, തൃശ്ശൂർ : 2002), പു. 325.

29 എൻ. എൻ. കക്കാട്, 'കാരാഗൃഹം', ടി. പു. 206.

തമ്മിൽ തമ്മിലടുത്തല്ലോ

തങ്ങളിലവരുമണത്തല്ലോ"[30]

ഇവിടെ അന്ത്യഭാഗത്തിലെ ആവർത്തനം വഴിയുള്ള സമാന്തരത നാടൻ പാട്ടിന്റെ ശൈലിയിൽ നിന്നാണ് കടം കൊ  ത്. കാകളിച്ചിന്ത് തുടങ്ങിയ നാടൻ വൃത്തങ്ങളാണ് പണിക്കരുടെ മിക്ക കവിതകളിലും.

"കാലമതീവ വിശാലം കാമിനി

കളയുക കരയും ശീലം നാമിനി"[31]

എന്നപോലെ നാടൻ മട്ടിലുള്ള നിരവധി പ്രാസപ്രയോഗങ്ങൾ അയ്യപ്പപ്പണിക്കരുടെ കവിതയിൽ കാണാം.

"വെറുമൊരു മോഷ്ടാവായോരെന്നെ

കള്ളനെന്നു വിളിച്ചില്ലേ താൻ

കള്ളനെന്നു വിളിച്ചില്ലേ"[32]

നാടൻ പാട്ടുശൈലിയിലെന്നപോലെ ആവർത്തന പാദങ്ങൾ ഈകവിതയിൽ കാണാം. 'നാണം കാട്ടാനെന്തുള്ളൂ' എന്ന കവിതയിൽ

"നാടൻ പെണ്ണേ നീയിത്രയ്ക്കൊരു

നാണം കാട്ടാനെന്തുള്ളൂ"[33]

എന്ന വരികൾ ആവർത്തിക്കുന്നതും നാടൻ ശൈലിയാണ്.

---

30 അയ്യപ്പപ്പണിക്കർ, 'പനിനീർപ്പൂവും ചെന്നായും', *അയ്യപ്പപ്പണിക്കരുടെ കൃതികൾ* (1951-69) (ഡി.സി.ബുക്സ്, കോട്ടയം, 1992), പു. 38

31 അയ്യപ്പപ്പണിക്കർ, 'കുടുംബപുരാണം', *പകലുകൾ രാത്രികൾ* (മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2005), പു. 26.

32 അയ്യപ്പപ്പണിക്കർ, 'മോഷണം', *മൊഴിയും വഴിയും* (റെയിൻബോ ബുക്ക് പബ്ലിഷേഴ്സ്, ചെങ്ങന്നൂർ, 2003), പു. 35.

33 അയ്യപ്പപ്പപണിക്കർ, 'നാണം കാട്ടാനെന്തുള്ളൂ', അയ്യപ്പപ്പണിക്കരുടെ കൃതികൾ (നവധാര കോ-ഓപ്പറേറ്റീവ് സൊസൈറ്റി, തിരു : 1974), പു. 27.

"കടിച്ചല്ലേ പിടിച്ചല്ലേ കടുപ്പം കാട്ടല്ലേ
കടുക്ക ഞാൻ കുടിച്ചോളാം അമ്മച്ചീ ഇ -
ക്കടുക്ക ഞാൻ കുടിച്ചോളാം"[34]

ഇവിടെ അടിച്ചല്ലേ, പിടിച്ചല്ലേ എന്നീ പദങ്ങൾ നാടൻ ഭാഷയാണ്. 'അയ്യർകളി' എന്ന കവിതപോലെ നാടോടി പ്പാട്ടുമട്ടിൽ സംഭാഷണരീതിയിലെഴുതിയ പല കവിതകളും അയ്യപ്പപ്പണിക്കർ എഴുതിയിട്ടു ്. ചുരുക്കത്തിൽ ആധുനിക കവിത നാടൻ വാങ്മയ പാരമ്പര്യത്തെ കാവ്യരചനയിൽ വളരെ പ്രയോജനപ്പെടുത്തിയിട്ടു ്.

**കുഞ്ഞുണ്ണിക്കവിതയിലെ നാടോടിപാരമ്പര്യം**

ചിരിയും ചിന്തയും വിരുദ്ധോക്തികളും അസംബന്ധതയുമൊക്കെ ചടുലനടനം നടത്തുന്ന കുഞ്ഞുണ്ണിക്കവിതയ്ക്ക് അതിരുകളില്ലാത്ത വിനിമയസാദ്ധ്യത നൽകിയത് നാടോടി സാഹിത്യപാരമ്പര്യമാണെന്ന് സോമൻ കടലൂർ നിരീക്ഷിക്കുന്നു. [35] നാടൻ പാട്ടുകൾ, കടംകഥകൾ പഴഞ്ചൊല്ലുകൾ, നാടൻ കളികൾ ഇവയുടെ സമാഹരണത്തിൽ തത്പരനായ കവി തന്റെ കാവ്യരചനയിൽ ഇവ ഫലപ്രദമായ വിധം ഉപയോഗിച്ചിട്ടു ്. അമ്മയും പെങ്ങന്മാരും പാടിക്കേട്ട തിരുവാതിരപ്പാട്ടുകൾ, പാടത്തു പണിയെടുക്കുന്ന സ്ത്രീകൾ ചൊല്ലിക്കേട്ട വടക്കൻ പാട്ടുകൾ, അച്ഛനിൽ നിന്നും അമ്മയിൽ നിന്നും കേട്ടറിഞ്ഞ പഴഞ്ചൊല്ലുകൾ ഇവയെല്ലാം ചേർന്ന സാംസ്കാരിക പശ്ചാത്തലം കാവ്യരചനയിൽ തന്നെ വളരെ സ്വാധീനിച്ചിട്ടു െ ന്ന് കവി അനുസ്മരിച്ചിട്ടു ്.[36] പഴഞ്ചൊല്ലിന്റെ കുറുക്കലും ഉപദേശസ്വഭാവവും കടങ്കഥയുടെ ലയഭംഗിയും നാടൻ പാട്ടിന്റെ ലാളിത്യവും അസംബന്ധതയുമെല്ലാം ചേർന്ന കവിതകളാണ് കുഞ്ഞുണ്ണിയുടേത്. നാടോടിസാഹിത്യം പോലെ ശ്രാവ്യഗുണം നിറഞ്ഞ കവിതകളാണവ. നാടോടിപ്പാട്ടുകൾ പോലെ ഏതു പ്രായത്തിലുള്ളവരെയും അത് ആകർഷിക്കുന്നു. നാടോടിവാങ്മയം പോലെ ചൊല്ലിക്കേൾക്കുമ്പോൾ ധാരാളം പാഠഭേദങ്ങൾ കുഞ്ഞുണ്ണിക്കവിതയിൽ കാണാം. ഭാഷാശൈലിയുടെ സമസ്തഘടകങ്ങളിലും നാടോടിത്തം കുഞ്ഞുണ്ണിക്കവിതയിൽ എങ്ങനെ പ്രത്യക്ഷപ്പെടുന്നുവെന്നാണ് ഈ അദ്ധ്യായത്തിൽ വിശകലനം ചെയ്യുന്നത്.

**വർണ്ണതലം**

വർണ്ണതലത്തിൽ വിവിധ സ്ഥാനങ്ങളിലെ വർണ്ണാവർത്തനം കൊ ു ാകുന്ന സമാന്തരത നാടൻ വാങ്മയങ്ങളിലു ്. കുഞ്ഞുണ്ണിക്കവിതയിലും പ്രഥമാക്ഷരപ്രാസം, ദ്വിതീയാക്ഷരപ്രാസം, അനുപ്രാസം, അന്ത്യപ്രാസം എന്നൊക്കെ പറയാവുന്ന വർണ്ണാവർത്തനങ്ങൾ കാണാം.

"ഉ വന്നില കിട്ടാഞ്ഞിട്ട്
ഉണ്ണാത്തോന് പാ കിട്ടാഞ്ഞിട്ട്" - പ്രഥമാക്ഷരപ്രാസം

---

34 അയ്യപ്പപ്പണിക്കർ, 'കടുക്ക', *അയ്യപ്പപണിക്കരുടെ കൃതികൾ - ര ാം ഭാഗം,* (ഡി.സി. ബുക്സ്, കോട്ടയം, 1982), പു. 160.

35 സോമൻ കടലൂർ, 'കുഞ്ഞുണ്ണിക്കവിതയിലെ ഫോക്‌ലോർ', *സമയം മാസിക (*കണ്ണൂർ, ലക്കം 21, ഫെബ്രു. 2004), പു. 22.

36 കുഞ്ഞുണ്ണി, 'എന്നിലൂടെ', *കുഞ്ഞുണ്ണികൃതികൾ - വാല്യം* കക.(ഡി.സി.ബുക്സ്, കോട്ടയം, 2006), പു. 448-449.

"ഇന്നേയ്ക്കുള്ളത് കുന്നോളം

എന്നേയ്ക്കുള്ളത് കുന്നിയോളം" - ദ്വിതീയാക്ഷരപ്രാസം.

"തന്നതു തന്നതു തിന്നോ   ിരുന്നാ

പിന്നേം തമ്പുരാൻ തന്നോ   ിരിക്കും" - അനുപ്രാസം

"മാരാർ നിറുത്തുമ്പം മാക്കാൻ തൊടങ്ങും

മാക്കാൻ നിറുത്തുമ്പം മാരാർ തൊടങ്ങും" - ലാടാനുപ്രാസം

"പത്തു പെറ്റതിനോടാ പേറ്റുനോവ് പറയുന്നത്" - അന്താദിപ്രാസം

എന്നിങ്ങനെ പഴഞ്ചൊല്ലിലും

"പച്ചപ്ലകകൊട്ടാരത്തിൽ

പത്തും നൂറും കൊട്ടത്തേങ്ങ" - പ്രഥമാക്ഷരപ്രാസം

"നാലുകാലുള്ളൊരു നങ്ങേലിപ്പെണ്ണിനെ

കോലുനാരായാണൻ കട്ടോ   ു പോയ്" - ദ്വിതീയാക്ഷരപ്രാസം.

"തത്തക്കം പിത്തക്കം നാലുകാല്

താനേ നടക്കുമ്പോൾ ര   ു കാല്

ചുക്കിച്ചുളുങ്ങുമ്പോൾ മൂന്നേ കാല്

ഊരീന്നു പോരുമ്പോൾ നാലേകാല്" - അന്ത്യപ്രാസം.

"ഞാൻ പെറ്റകാലം  മീൻപെറ്റപോലെ

വാലറ്റ കാലം ഞാൻ പെറ്റകാലം" - അനുപ്രാസം

"ചെറുപ്പത്തിൽ ചുവന്നിട്ടും വലുപ്പത്തിൽ കറുത്തിട്ടും

വലുപ്പത്തിൽ ചുവന്നിട്ടും ചെറുപ്പത്തിൽ കറുത്തിട്ടും " - ലാടാനുപ്രാസം

എന്നിങ്ങനെ കടംകഥയിലും

"അമ്മിണികുമ്മിണിയാലോലം

മത്തങ്ങപ്പയറോ   ാലോലം" അന്ത്യപ്രാസം

"ചക്കിക്കൊച്ചമ്മേ

ചക്കയ്ക്കുപ്പു   ാ" - ദ്വിതീയാക്ഷരപ്രാസം.

"അപ്പുകുട്ടാ തൊപ്പക്കണ്ണാ

എപ്പോക്കല്യാണം" - അനുപ്രാസം

"കല്ലിന്റിടുക്കിലെ ഞര
കല്യാണത്തിനു പോര " - പ്രഥമാക്ഷരപ്രാസം.

എന്നിങ്ങനെ നാടൻ പാട്ടിലും വിവിധ തരം വർണ്ണാവർത്തനങ്ങൾ കാണാം. കുഞ്ഞുണ്ണിക്കവിതയിലും തത്തുല്യമായി.

"അച്ചെടിയിച്ചെടി പിച്ചിപ്പൂച്ചെടി
കൊച്ചിനു വേണോ പിച്ചിപ്പൂ
കൊച്ചിനു വേ ാ പിച്ചിപ്പൂ
പിച്ചാനല്ലേ കൊച്ചേച്ചീ?" - (കു.ക്ക. വാല്യം ക, പു. 270) - അനുപ്രാസം

"മുക്കത്തൊരുത്തനു ായിരുന്നു
മുക്കിലിരിക്കുന്നോനായിരുന്നു
മുക്കത്തു നിന്നവൻ മക്കത്തു ചെയ്യുവാൻ
മൂക്കിന്റെ മുന്നിൽ നടന്നുപോയി" -(കു.ക്ക. പു. 57) - ദ്വിതീയാക്ഷരപ്രാസം

"ആയീഠായീ മിഠായി
തിന്നുമ്പോളെന്തിഷ്ടായി
തിന്നുകഴിഞ്ഞു, കഷ്ടായി" (കുട്ടിക്കവിതകൾ, പു. 267) - അന്ത്യപ്രാസം

എന്നിങ്ങനെ ഇത്തരം വർണ്ണാവർത്തനങ്ങൾ കാണാം. നാടോടിവാങ്മയങ്ങളിൽ ശ്രാവ്യസുഭഗതയ്ക്കും ഓർമ്മയിൽ സൂക്ഷിക്കാനും താളാത്മകതയ്ക്കും ഉള്ള ഉപാധിയായിരുന്നു ഇത്തരം വർണ്ണാവർത്തനങ്ങളെ ങ്കിൽ കുഞ്ഞുണ്ണിക്കവിതയിൽ ഈ ഗുണങ്ങളോടൊപ്പം ആധുനിക പശ്ചാത്തലത്തിൽ കവിതയിൽ വൈചിത്രം പകർന്ന് കാവ്യം രസാത്മകമാക്കുകകൂടി ചെയ്യുന്നു ഇത്തരം വർണ്ണാവർത്തനങ്ങൾ.

വർണ്ണങ്ങളിലൂടെ ധ്വനിക്കുന്ന ശബ്ദങ്ങളുടെ സമർത്ഥമായ ഉപയോഗത്താൽ ഭാവത്തെ മൂർത്തമാക്കുന്ന സ്വഭാവം നാടൻ വാങ്മയങ്ങളിൽ കാണാം.

"കട കടാ കുടു കുടു നടുവിലൊരു പാതാളം" (ആട്ടുകല്ല്)

"കാ കച്ച പിച്ച പൂ മഞ്ഞക്ക പിഞ്ഞക്ക
ഇല പച്ചക്ക പിച്ചക്ക" (കയ്പ)

"കിക്കിലുക്കും കിലുകിലുക്കും
ഉത്തരത്തിൽ ചത്തിരിക്കും" (താക്കോൽ)

ഈ കടംകഥകളിൽ നിരർത്ഥകശബ്ദങ്ങൾ മൂലം ഉളവായ ഭാവവ്യഞ്ജകത്വം ഉദാഹരണം. നാടൻ പാട്ടിലെ അസംബന്ധപ്രയോഗങ്ങൾ നമ്മെ ചിരിപ്പിക്കുന്നതും ഇത്തരം സവിശേഷത കൊ ാണ്.

കുഞ്ഞുണ്ണിയുടെ കുട്ടിക്കവിതകളധികവും കുട്ടികളെ ചിരിപ്പിക്കുന്നത് വർണ്ണാവർത്തനങ്ങളുടെ ഭാവവ്യഞ്ജകത്വം കൊ ാണ്.

"പാളേം കയറും
പാളേം കയറും
വെള്ളം കയറും കിണറീന്ന്" (കു.കൃ.വാല്യം ക, പു. 268)

"കട കട കട കട കടകോലേ
കലമാം കടലിൽ കടകോലേ
തിരി തിരി തിരി തിരി തിരി കോലേ
തയിരിൻ തിരയിൽ തിരികോലേ . . ." (കു.കൃ.വാല്യം ക, പു. 280)

ഇവിടെ കിണറിൽ നിന്നും വെള്ളം കയറിയെടുക്കുന്നതിന്റെയും കടകോൽ തൈരിൽ തിരിയുന്നതിന്റേയും പ്രതീതി വർണ്ണാവർത്തനങ്ങൾ മൂലമു ാകുന്നു.

സംഭാഷണഭാഷ പ്രതിഫലിക്കും മട്ടിൽ വർണ്ണങ്ങൾ ചുരുക്കിയോ പരത്തിയോ ഉപയോഗിക്കുന്നത് നാടോടി വാങ്മയങ്ങളുടെ സ്വഭാവമാണ്. അവിടെ സൂര്യൻ സൂരിയനും കാര്യം കാരിയവുമാകുന്നു.

"സൂരിയന്റെ ഒളിവുപോലെ" - വടക്കൻപാട്ട്

"അത്തം ചിത്തറ ചോതി" - നാടൻ പാട്ട്

"ഇത്തിരിപ്പൂവേ ചുവന്നപൂവേ
ഇത്തറനാളും നീയെങ്ങുപോയി" - നാടൻപാട്ട്

കുഞ്ഞുണ്ണിക്കവിതയിലും

"ഇത്തിരി നേരമിരിക്കൂ
എത്തറ നേരം നില്ക്കാം
ഇത്തിരിയൊന്നു കിടക്കൂ
എത്തറ നേരം കാക്കാം" (കു.ക. പു.180).

എന്നിങ്ങനെ 'എത്തറ' പോലുള്ള രൂപങ്ങൾ കാണാം.

സംഭാഷണഭാഷ പ്രതിഫലിക്കുന്ന വിധം വർണ്ണങ്ങൾ ചുരുക്കിപ്പറയലും നാടോടിസാഹിത്യത്തിന്റെ സ്വഭാവമാണ്.

"മഴേം വെയ്ലും പെണ്ണ്ട്ടി
പെണ്ണ്ങ്ങളെല്ലാം *കല്ല്യാട്ടി* " - നാടൻപാട്ട്

"ചക്ക്യേ പനവെട്ടാൻ വാ
ന്റേല് കുട്ട്യാണേ" - നാടൻ പാട്ട്

"കാറ്റതാ അടിക്ക്ന്ന്
മാങ്ങ്യതാ വീഴ്ന്ന്
കാമാച്ചീന്റോളതാ
മത്തിക്ക് പായ്ന്ന്" - നാടൻപാട്ട്

എന്നീ നാടൻപാട്ടുകൾ ഉദാഹരണം.

കുഞ്ഞുണ്ണിക്കവിതയിലും

"ആമയാം ചിലകാലം

മുയലാം ചില കാലം" (കു.ക്ക. പു. 148)

"ആലേം ചക്കും ആരാന്റെ
എള്ളും കാളേം ആരാന്റേ" (കു.ക്ക. പു. 52)

"ആനയ്ക്കാനടെ ഭാവ
മുറുമ്പിനുറുമ്പിന്റെയും
കഷ്ട്, മെനിക്കോ" (കു.ക്കു പി. 115)

എന്നിങ്ങനെ സംഭാഷണത്തിലെ ചുരുക്കുരൂപങ്ങൾ കാണാം. കുഞ്ഞുണ്ണിക്കവിതയിൽ കാണുന്ന കൃക്ക്, പാക്കലം തുടങ്ങിയ വർണ്ണലോപങ്ങളും സംഭാഷണഭാഷയുടെ പ്രതിഫലനമാണ്. വാമൊഴിസാഹിത്യത്തിൽ അതു സ്വഭാവികമെങ്കിൽ വരമൊഴിയിൽ കവി വൈചിത്ര്യത്തിനായി ബോധപൂർവ്വം വിനിയോഗിച്ചു എന്ന വ്യത്യാസം മാത്രം.

ഒന്നോ രണ്ടോ സ്വനങ്ങളിൽ വ്യത്യാസമുള്ള വ്യത്യയങ്ങൾ താളഭംഗിയ്ക്കായി ഇടകലർത്തി പ്രയോഗിക്കുന്നതും നാടോടിസ്വഭാവമാണ്.

"അച്ചാണില്ലാത്ത തേര് മുച്ചാണോടില്ല" (അച്ചാൺ/മുച്ചാൺ)

"അത്താഴമുണ്ടാലരക്കാതം നടക്കണം
മുത്താഴമുണ്ടാൽ മുള്ളിന്മേലും കിടക്കണം" (അത്താഴം/മുത്താഴം)

"അച്ചിക്ക് കൊഞ്ചുപക്ഷം നായർക്കിഞ്ചി പക്ഷം" (കൊഞ്ച്/ ഇഞ്ചി)

എന്നീ പഴഞ്ചൊല്ലുകൾ ഉദാഹരണം

കുഞ്ഞുണ്ണിക്കവിതയിലും

"തടി വലുതായാലെന്തു വരും
തടി വലുതായാൽ താടി വരും" (തടി/താടി) (കു.ക്ക. പു. 148)

"അറുപതു വരെയും തെറിപറയും
അറുപതു വിട്ടാൽ ചൊറി പറയും
നെറി പറയുന്ന വയസ്സേതോ" (തെറി/ചൊറി/നെറി) (കു.ക്ക. പു. 154)

എന്നിങ്ങനെ വ്യത്യയങ്ങൾ ധാരാളം

ചുട്ടക്ഷരങ്ങൾ കൊണ്ട് വ്യത്യയങ്ങൾ സൃഷ്ടിച്ച് സ്ഥലകാലഭേദം സൃഷ്ടിക്കൽ നാടൻ വാങ്മയങ്ങളിൽ കാണുന്ന സവിശേഷതയാണ്.

"അക്കരെ നിൽക്കും കൊക്കമ്പി

ഇക്കരെ നിൽക്കും കൊക്കമ്പി" (അക്കരെ/ഇക്കരെ)

"അങ്ങേലെ മുത്തീം മുക്കിലിരിക്കും
ഇങ്ങേലെ മുത്തീം മുക്കിലിരിക്കും" (അങ്ങേലെ/ഇങ്ങേലെ)

എന്നീ കടംകഥകൾ

"അങ്ങുമിങ്ങും നടന്നാൽ എങ്ങുമെത്താ" (അങ്ങ്/ഇങ്ങ്/എങ്ങ്)

"അക്കരെ ശാന്തി ഇക്കര സമുദായം" (അക്കര/ഇക്കര)

"അങ്ങനെ ചത്താലിങ്ങനെ മൂടും" (അങ്ങനെ/ഇങ്ങനെ)

എന്നീ പഴഞ്ചൊല്ലുകൾ തുടങ്ങിയവ ഉദാഹരണം.

കുഞ്ഞുണ്ണിക്കവിതയിൽ ഇപ്രകാരം ചുട്ടെഴുത്തുകൾകൊ ് വ്യത്യയം സൃഷ്ടിച്ച് ധാരാളം കവിതകളു ്.

"അക്കാര്യമിക്കാര്യം മറ്റേക്കാര്യം
മറ്റൊരുകാര്യവും ചേരുമ്പോൾ
ഒക്കെയുമൊരുകാര്യമായിത്തീരും
അക്കാര്യമാണു ഞാൻ - ഞാനം - ജ്ഞാനം" (കു.ക്ക. പു. 203)

"അപ്ളിപ്ളായാ
ലിപ്ളപ്ളായാ
ലെപ്ളെപ്ളാവും" (കു.ക്ക. പു. 138)

എന്നീ കവിതകൾ ഉദാഹരണം

ഇപ്രകാരം വർണ്ണതലത്തിൽ കുഞ്ഞുണ്ണിക്കവിതയിൽ നാടോടിത്തം പ്രകടമായി കാണാം.

**പദതലം**

പദാവർത്തനം കൊ ് കൈവരിക്കുന്ന സമാന്തരത നാടൻ വാങ്മയങ്ങളുടെ സ്വഭാവമാണ്.

"അമ്മാവനു വെള്ളം കൊടുപ്പതിന്നു
അമ്മാവനരികത്തുചെന്നുനിന്നു
അമ്മാവൻ തന്നെ മരിച്ചുപോയി" - വടക്കൻപാട്ട്

"ക ം ക ം ക ിക്കും
ക ം പോലും തിന്നില്ല" - കടംകഥ

"കാടുകൊത്തി പാറ ക   ു
പാറ കൊത്തി വെള്ള ക   ു
വെള്ള കൊത്തി വെള്ളം ക   ു" - കടംകഥ

കുഞ്ഞുണ്ണിക്കവിതയിൽ

"ഉള്ളൂരോ കവിയെന്നു ചിലർ
ഉള്ളൂരേ കവിയെന്നു ചിലർ
ഉള്ളൂരും കവിയെന്നു ചിലർ
കവിയാരെന്നാരറിയുന്നു" (കു.ക്ക. പു. 134)

"അച്ഛനമ്മയെപ്പെറ്റു
അമ്മയെന്നെപ്പെറ്റു
ഞാനദ്ദേഷ്യം കൊ   വരിവുവരെയുമൊരുമിച്ചു പെറ്റു!" (കു.ക്ക. പു. 66)

എന്നിങ്ങനെ പദാവർത്തനങ്ങൾ കാണാം.

നാടൻ വാങ്മയങ്ങളിൽ ധാരാളം നാടൻ പദങ്ങൾ കാണാം. അകഴ് (കുഴി), അറമ്പാതം, കുമ്പ, മാക്കാൻ, മാക്രി, ക   ം, കുപ്പ, അന്തി, അമ്പട്ടൻ തുടങ്ങിയ പദങ്ങൾ പഴഞ്ചൊല്ലിലും മുത്തി, മച്ചമ്പി തുടങ്ങിയ പ്രാദേശിക ഭേദം പ്രകടിപ്പിക്കുന്ന ഗ്രാമ്യപദങ്ങൾ കടംകഥയിലുമു   ്.

കുഞ്ഞുണ്ണിക്കവിതയിലും പഷ്ണി, കെട്ട്യോൾ, ഊഴക്ക്, പയ്യ്, പൊന്ന്, ചീരാപ്പ്, തൊള്ള തുടങ്ങിയ ഗ്രാമ്യപദങ്ങൾ ധാരാളം കാണാം. കുഞ്ഞുണ്ണിക്കവിതയിലെ നാടോടിത്തത്തിന് ഈ പദങ്ങൾ നല്ല പങ്കു വഹിക്കുന്നു.

സംഖ്യാവാചിയായ പദങ്ങൾ നാടൻ പാട്ടിൽ ധാരാളം. 'പത്തടിപ്പാട്ടുകൾ' എന്നൊരു കാവ്യശാഖ തന്നെ സംഖ്യാവാചികളായ പദങ്ങൾ ചേർത്ത് നാടൻ പാട്ടിലു   ്.

"പത്താം നാൾ പന്തളത്തു
പട പറഞ്ഞു കിടന്നു ഞങ്ങൾ
ഒമ്പതാം നാൾ ഓതിക്കന്റെ
ഓത്തും കേട്ടു കിടന്നു ഞങ്ങൾ
എട്ടാം നാൾ എട്ടുകുരു
ചുട്ടുതിന്നു കിടന്നു ഞങ്ങൾ
ഏഴാം നാൾ മുത്തച്ഛന്റെ
വീട്ടിൽ ചെന്നു കിടന്നു ഞങ്ങൾ"

എന്ന നാടൻ പാട്ട് ഉദാഹരണം. സംഖ്യാവാചികൾ ചേർത്ത് നാടോടിമട്ടിൽ ധാരാളം കവിതകൾ കുഞ്ഞുണ്ണിയും എഴുതിയിട്ടു   ്.

"ഞാനൊന്നായിരുന്നന്നു നന്നായിരുന്നു
ര ായിരുന്നന്നു തൊ ായിരുന്നു
മൂന്നായിരുന്നന്നു മൂക്കാതിരുന്നു
നാലായിരുന്നന്നു വാലായിരുന്നു
അഞ്ചായിരുന്നന്നു നഞ്ചായിരുന്നു
ആറായിരുന്ന നാളാരായിരുന്നുവെ
ന്നാരായുവാനായുറങ്ങുന്ന നേരത്തി
ലേഴായി നിന്നിട്ടു കേഴായി വന്നു" (കു. കൃ. വാല്യം 1, പു. 60)

എന്ന വരികൾ ഉദാഹരണം

ഭാവഭംഗിക്കായി പദങ്ങൾക്ക് സമാനമായി കൃത്രിമവിപരീതങ്ങളും തദ്ധിതങ്ങളുമെല്ലാം സൃഷ്ടിക്കുന്ന രീതി നാടൻ വാങ്മയങ്ങളിൽ കാണാം.

"ഉണ്മാൻ തന്നാൽ അമ്മാമൻ
അല്ലെങ്കിൽ *ചുമ്മാമൻ*"

"പാലം കടക്കുവോളം നാരായണ
അല്ലെങ്കിൽ *കൂരായണ"*

എന്നിങ്ങനെ കൃത്രിമവിപരീത ശബ്ദങ്ങൾ പഴഞ്ചൊല്ലിലും

"ഇത്തിരിയുള്ളൊരു *കിച്ചാ 1*
വയറു പിളർന്നു *കിടഷാ 1*" (നെല്ല് പുഴുങ്ങുക)

"അക്കരെ നിൽക്കും *കൊക്കമ്പി*
ഇക്കരെ നിൽക്കും കൊക്കമ്പി
കടലിൽ ചാടും കൊക്കമ്പി" (സൂര്യൻ)

എന്നിങ്ങനെ നൂതനശബ്ദങ്ങൾ കടംകഥയിലും

*"ഭാഷനും* ഭോഷനും വഴി ഒന്ന്"

"അമ്പു കളഞ്ഞോൻ *വില്ലൻ*
ഓല കളഞ്ഞോൻ എഴുത്തൻ"

*"നാണിക്ക്* വിദ്യയില്ല" (നാണി-നാണമുള്ളവൻ)

ഇപ്രകാരം നൂതനതദ്ധിതങ്ങൾ പഴഞ്ചൊല്ലിലും കാണാം.

കുഞ്ഞുണ്ണിക്കവിതയിലും നൂതന ഭാവസ്ഫുടതയ്ക്കായി ഇപ്രകാരം നൂതനപദങ്ങളും വിപരീത ങ്ങളും ഉപയോഗിക്കുന്നതുകാണാം.

"മറ്റുള്ളോർ വിളയിച്ച മാമ്പഴം തട്ടിത്തിന്നി
ട്ട ിികൊ റിവോരേ, നിങ്ങൾക്കും നമസ്കാരം!
മാമ്പഴമാണെങ്കിലും വിളമ്പിച്ചെടിപ്പിഷോ
രിമ്പിളിവായനെനിക്കേകും ഞാൻ '*കൊമസ്കാരം*'" (കു.കൃ. വാല്യം 1, പു. 135)

"ഞാൻ ആധുനികോത്തരനല്ല
അത്യന്താധുനികനല്ല
ആധുനികനുമല്ല
വെറും ധുനികനാണ്!
തനി *ധുനികൻ!!*" (കു. ക. പു. 56)

എന്നീ വരികൾ ഉദാഹരണം

ഇത്തിരി, ഒത്തിരി എന്നീ പദങ്ങൾ കടംകഥയിൽ ധാരാളമാണ്.

"ഇത്തിരി കുഞ്ഞൻ കുട്ട്യേ കരയിച്ചു" (കാന്താരിമുളക്)

"ഇത്തിരി മുറ്റത്തഞ്ചു കാവൽക്കാർ" (കൈവിരൽ)
എന്നീ കടംകഥകൾ ഉദാഹരണം. ഈ പദങ്ങൾവെച്ച് കുഞ്ഞുണ്ണിയും ധാരാളം കവിതകൾ രചിച്ചിട്ടു ്.

"ഇത്തിരി കുടിക്കണമിത്തിരി തി ാടണ
മൊത്തെന്നാൽ സത്യത്തിനെ കൊഞ്ഞനം കാണിക്കണം" (കു.ക. പു. 98)

"ഇത്തിരിയേയുള്ളു ഞാൻ
എനിക്കു പറയാ
നിത്തിരിയേ വിഷയവുമുള്ളു
അതു പറയാ
നിത്തിരിയേ വാക്കും വേ ു" (കു.ക. പു. 122)

ഉപദേശസ്വഭാവമുള്ള പഴഞ്ചൊല്ലുകളിൽ സമഗ്രദർശനത്തിന്റെ ഭാഗമായിട്ട് ജീവിതത്തിലെ വൈരു ദ്ധ്യങ്ങൾ സൂചിപ്പിക്കും മട്ടിൽ ധാരാളം വിപരീതപദങ്ങൾ കാണാം.

"അകത്തു ക ത് പുറത്തു പറയരുത്" (അകം/ പുറം)

"അകം പോലെ പുറവും" (അകം/പുറം)

"അകലെ നടണം അടുത്തു നടണം" (അകലെ/അടുത്ത്)

അകെലെയുള്ള ബന്ധുവിനേക്കാൾ അടുത്തുള്ള ശത്രു നല്ലൂ"

(അകലെ/അടുത്ത്, ബന്ധു/ശത്രു)

എന്നിവ ഉദാഹരണം. സമഗ്രജീവിതദർശനത്തിന്റെ ഭാഗമായി കുഞ്ഞുണ്ണിക്കവിതയിലും ഇത്തരം വൈരുദ്ധ്യങ്ങൾ കാണുന്നു.

"മഴ മോലോട്ട് പെയ്താലേ
വിണ്ണു മണ്ണുള്ളതായ് വരു
മണ്ണുള്ള ദിക്കിലുള്ളോർക്കേ
കണ്ണു കീഴോട്ട് ക ിടൂ" (മേലോട്ട്/കിഴോട്ട്) (കു.ക. പു. 189)

"അകത്തൊരു കടൽ
പുറത്തൊരു കടൽ
അവയ്ക്കിടയ്ക്കെന്റെ ശരീരവൻകര" (കു.ക. പു. 93) (അകത്ത്/പുറത്ത്)

നാടോടിത്തവുമായി കുഞ്ഞുണ്ണിക്കവിതയെ ബന്ധപ്പെടുത്തുന്ന മറ്റു ചില പദങ്ങൾ അതിലെ അമ്മി, പറ വിത്ത്, വയൽ, വിളവ് എന്നിങ്ങനെ കാർഷികഗ്രാമീണസംസ്കൃതിയുമായി ബന്ധപ്പെട്ട പദപ്രയോഗങ്ങളാണ്.

ഇങ്ങനെ പദതലത്തിലും നാടോടിവാങ്മയസ്വാധീനം കുഞ്ഞുണ്ണിക്കവിതയിൽ പ്രകടമാണ്.

**വാക്യതലം**

തുല്യസ്ഥാനീയമായ വർണ്ണപദവാക്യങ്ങൾ കൊ ് സമാന്തരത നിലനിർത്തി രസനീയമാക്കുന്ന രീതി നാടൻ വാങ്മയങ്ങളിൽ പ്രധാനമാണ്.

"കീഴ്ത്തെരുവിലെ വാണിഭമെല്ലാം
കൊ ുചെന്നു നിരത്തുന്നല്ലോ
മേൽത്തെരുവിലെ വാണിഭമെല്ലാം
കൊ ുചെന്നു നിരത്തുന്നല്ലോ" - നാടൻപാട്ട്

"കസ്തൂരി അരച്ചങ്ങുകൊടുക്കുന്നുമേ
ഓഷയ്ക്കുവെള്ളം കൊടുക്കുന്നുമേ
കുങ്കിയമ്മ താനും കൊടുക്കുന്നുമേ
ഉണ്ണിക്കോനാർ താനും കൊടുക്കുന്നുമേ " - വടക്കൻപാട്ട്

"അവിടെ കുത്തി, ഇവിടെ കുത്തി
അമ്പലം കടത്തിക്കുത്തി" - കടംകഥ (ഞാറുനടൽ)

"ധനം നില്പതു നെല്ലിൽ
ഭയം നില്പതു തല്ലിൽ" - പഴഞ്ചൊല്ല്

"താൻ പാതി ദൈവം പാതി" - പഴഞ്ചൊല്ല്

എന്നിവ ഉദാഹരണം. ഇപ്രകാരം സമാന്തരത കൈവരുത്തുന്ന രീതി കുഞ്ഞുണ്ണിക്കവിതയിലും കാണാം.

"മുട്ടായിക്ക് മധുരമു ്
മുത്തശ്ശിക്ക് കഥകളു ്" (കു.ക്ക. പു. 177)

"കക്കുന്നോൻ വലുതായാൽ
കാക്കുന്നോനായിത്തീരും
കാക്കുന്നോൻ ചെറുതായാൽ
കക്കുന്നോനായിത്തീരും" (കു.ക്ക. പു. 175)

"എത്തറ ചെറിയൊരുറുമ്പ് - അവ
നെത്തറ വലിയ കുറുമ്പ്
എത്തറ പെരിയവനെയും -അവ
നിത്തിരി വേദനയാക്കും
എത്തറ വലിയൊരു കൊമ്പൻ - അവ
നിത്തിരിയില്ലൊരു വമ്പ്
എത്തറ ചെറിയവനേയും - അവ
നേറ്റിക്കൊ ു നടക്കും" (കു.ക്ക. പു. 1168)

എന്നീ കവിതകൾ ഉദാഹരണം.

പാദാന്ത്യത്തെ പാദാദ്യത്തിൽ ആവർത്തിച്ച് കവിത കെട്ടിപ്പോകുന്ന രീതി നാടൻ പാട്ടിൽ കാണാം. പാട്ടുപ്രസ്ഥാനത്തിലെ 'അന്താദി' ഇതാണ്. മാപ്പിളപ്പാട്ടിലെ 'വാലുമ്മൽ കമ്പി'യും.

"മണക്കണ പൂവല്ലേ
പൂവെങ്കിൽ ചൂടൂലേ
ചൂടുന്നത് പാമ്പല്ലേ
പാമ്പെങ്കിൽ കൊത്തൂല്ലേ
കൊത്തുന്നത് കോഴീല്ലേ
കോഴീങ്കിൽ കൂവുല്ലേ
കൊക്കകോ കോ . . ."

എന്ന നാടൻപാട്ട് ഉദാഹരണം. കുഞ്ഞുണ്ണിക്കവിതയിൽ

"ഒരു തുമ്പ്
ആ തുമ്പൊരു വാലിന്റെ
ആ വാലൊരു പയ്യിന്റെ
ആ പയ്യ് നിന്റെ
നീയെന്റെ
അതിനാൽ
നിന്റെ പയ്യിന്റെ വാലിന്റെ തുമ്പെന്റെ" (കു.കൃ. വാല്യം ക. പു. 243)

എന്നിങ്ങനെ കേട്ട് പഠിക്കാനും ഓർക്കാനുമുള്ള എളുപ്പത്തിനായി ഈ രീതി അനുവർത്തിച്ചിരിക്കുന്നു.

സംക്ഷിപ്തതയാണ് കുഞ്ഞുണ്ണി നാടൻ വാങ്മയങ്ങളിൽ നിന്ന് കടം കൊ മറ്റൊരു ഗുണം. അപൂർണ്ണവാക്യത്താൽ പൂർണ്ണമായ ആശയങ്ങൾ കഴിയുന്നത്ര സംക്ഷിപ്തമാക്കുന്നു കവി.

രസാത്മകമായ വാക്യമാണ് കാവ്യം എന്നു വിശ്വസിച്ച കുഞ്ഞുണ്ണിയുടെ കവിതയിലെ അടിസ്ഥാന പ്രമാണം തന്നെയാണ് സംക്ഷിപ്തത. നാടൻ വാങ്മയങ്ങളിൽ ഓർമ്മയിൽ സൂക്ഷിക്കാനുള്ള സൗകര്യത്തിനാണ് സംക്ഷിപ്തത സ്വീകരിച്ചതെങ്കിൽ സംക്ഷിപ്തതയിലെ രസനീയതയാണ് കുഞ്ഞുണ്ണിയെ ആകർഷിച്ചത്.

"വെട്ടൊന്ന് മുറിര "

"അമ്മയ്ക്ക് പ്രാണവേദന
മകൾക്ക് വീണവായന"

എന്ന് പഴഞ്ചൊല്ലിലും
"അടി പാറ
നടു വടി
തലകാട്" (ചേന)

"അടി മുള്ള്
നടു കാട്
തല പൂവ്" (പൂവൻകോഴി)

എന്നിങ്ങനെ അപൂർണ്ണവാക്യത്താൽ ആശയം പൂർണ്ണമാക്കുന്ന രീതി കടംകഥയിലും കാണാം.

കുഞ്ഞുണ്ണിക്കവിതയിൽ

"മഴ താഴോട്ട്
മിഴി മേലോട്ട്" (കു.ക. പു. 183)

"കാലം നിത്യം
കർമ്മം നിത്യം" (കു. ക്ക. പു. 205)

എന്നിങ്ങനെ ഈ രീതി സ്വീകരിച്ചിരിക്കുന്നു.

നാടൻ വാങ്മയങ്ങളുടെ മറ്റൊരു സവിശേഷത സംഭാഷണശൈലിയിലുള്ള ആഖ്യാനമാണ്. മറ്റൊരാളോട് ഉത്തരം ക ുപിടിക്കാൻ ആവശ്യപ്പെടുന്ന കടംകഥയിൽ ചോദ്യം ഉള്ളിൽ നിലീനമാണ്. പഴഞ്ചൊല്ലിന്റെ ശൈലി മറ്റൊരാളെ ഉപദേശിക്കുന്ന രീതിയിലാണ്. വടക്കൻ പാട്ടുകളിലും മാറിനിന്ന് കാര്യങ്ങൾ നോക്കിക്ക ് മറ്റൊരാളോട് പറയുന്ന രീതിയിൽ ചെയ്യുന്നുേ , ചെയ്യുന്നല്ലോ തുടങ്ങിയ പ്രയോഗങ്ങൾ ധാരാളം.

"തവള കരയ്ണ് താളം പിടിക്ക്ണ്
ഇടീം മഴേം പെയ്യും നാണി
ഷ്കോളിലുപോയ കുമാരൻ വന്നോ
പാടത്തുപോയൊരു ചീരു വന്നോ
പീട്യേല് പോയൊരു രാമോരൻ വന്നോ
തവളകരയ്ണ് താളം പിടിക്ക്ണ്
ഇടീം മഴേം പെയ്യും നാണീ"

"നെല്ലു കൊത്തെട കോര
എനിക്കു വയ്യെന്റമ്മേ
നെല്ലു കുത്തട കോര
എനിക്കു വയ്യെന്റമ്മേ"

തുടങ്ങിയ നാടൻ പാട്ടുകൾ ഉദാഹരണം.

കുഞ്ഞുണ്ണിയും സംഭാഷണശൈലിയിൽ ധാരാളം കവിതകൾ എഴുതിയിട്ടു ്.

"എന്തു കൊ ിത്തല വെഞ്ചാമരമായെ
ന്നോതുവാനാമോ മുത്ത്യേമ്മേ
ഏറെക്കുശുമ്പുള്ള കൂരിരുൾപ്പെണ്ണിന്റെ
കണ്ണേറു തട്ടി വെളുത്തതാവാം
വായിലെ വേലാക്കാരൊന്നിച്ചു
പോയതെന്തിന്നേ മുത്ത്യേമ്മേ
എല്ലാരേയും തച്ചുപായിച്ചു ഞാ, നവർ
ചൊല്ലുവിളിയുള്ളോരല്ലല്ലോ" (കു.ക്ക.പു. 60)

"ആലപ്പുഴേ നിന്റെ പേരെന്താണേ
ആരുമിന്നെന്നെത്തടുത്തിടേ
എവിടെ നിന്നിങ്ങോട്ടു വരുന്നു നീയും
എനിക്കെന്റെ മക്കളെക്ക ിടേണം" (കു.ക്ക. പു. 175)

എന്നീ കവിതകൾ ഉദാഹരണം

രൂപം കൊ ് പദമെങ്കിലും അർത്ഥം കൊ ് വാക്യത്തിന്റെ സ്ഥാനത്തു നിൽക്കുന്നവയാണ് വ്യാക്ഷേപകങ്ങൾ. വ്യാക്ഷേപകങ്ങൾ ധാരാളം ഉപയോഗിക്കുന്ന കവിയാണ് കുഞ്ഞുണ്ണി. ഈ സവിശേഷത നാടൻ പാട്ടുകളിൽ കാണാം.

"അയ്യോ കരികണ്ണാ നാടുവായിച്ചേ"

"പന്നൂര് മഠത്തിലെന്റെമ്മായമ്മോ"

"ഊയിയിന്റോമനക്കുഞ്ഞൊമറേ"

തുടങ്ങിയ വരികൾ ഉദാഹരണം. കുഞ്ഞുണ്ണിക്കവിതയിൽ

"അയ്യോ, ഞാനെന്നെയെവിടെയോ
മറന്നുവെച്ചു പോന്നിരിക്കുന്നുവല്ലോ!" (കു. ക്ക. പു. 186)

"അയ്യോ, എനിക്കെന്റെ മനസ്സിൽ നിന്നു പുറത്തു
കടക്കാനാവുന്നില്ലല്ലോ!" (കു.ക്ക. പു. 186)

എന്നിങ്ങനെ കുഞ്ഞുണ്ണിക്കവിതയിലും ഈ സവിശേഷത കാണാം. നാടൻപാട്ടിൽ വൈകാരികതയെ കുറിക്കാനാണ് വ്യാക്ഷേപകങ്ങളെങ്കിൽ ദാർശനികതയോട് ബന്ധപ്പെട്ടാണ് കുഞ്ഞുണ്ണിക്കവിതയിൽ വ്യാക്ഷേപകങ്ങൾ ഉപയോഗിക്കുന്നത്.

പഴഞ്ചൊല്ല്, കടംകഥ എന്നീ നാടൻ വാങ്മയങ്ങളിൽ നിഷേധവാക്യങ്ങൾ ധാരാളം. കടംകഥയിൽ വഴിതെറ്റിക്കാനും പഴഞ്ചൊല്ലിൽ ധാർമ്മികതയുടെ ഭാഗമായി വഴി തെറ്റാതിരിക്കാനും ഇപ്രകാരം നിഷേധവാക്യങ്ങൾ ചേർത്തിരിക്കുന്നു.

"കയ്യു ് കാലു ് തലയില്ല" (കുപ്പായം)

"പതയു ് പാലല്ല പുളിയു ് മോരല്ല
മധുരമു ് തേനല്ല, കയ്പു ് കാഞ്ഞിരമല്ല" (കള്ള്)

"മുള്ളു ് മുരിക്കല്ല, പാലു ് പശുവല്ല" (ചക്ക)

എന്നിങ്ങനെ കടംകഥയിലും

"അങ്ങുമിങ്ങും പോയാൽ എങ്ങുമെത്താ"

"അധികം തുടി കാലം ചെയ്യാ"

എന്നിങ്ങനെ പഴഞ്ചൊല്ലിലും നിഷേധവാക്യങ്ങൾ ധാരാളം. കുഞ്ഞുണ്ണിക്കവിതയിലും സമഗ്രദർശന ത്തിന്റെ ഭാഗമായി.

"എലിയില്ലാതായാലും
പൂച്ചയില്ലാതാവില്ല
പൂച്ചയില്ലാതായാലേ
പൂച്ചയില്ലാതാവുള്ളൂ" (കു.ക. പു. 73)

"ആകാശമിടയ്ക്കലറും
കടലിടയ്ക്കലറാതെ കിടക്കും" (കു.ക. പു. 56)

എന്നിങ്ങനെ നിഷേധവാക്യങ്ങൾ ധാരാളം

കടംകഥ, പഴഞ്ചൊല്ല്, നാടൻപാട്ട് എന്നിവ നൂതനസന്ദർഭത്തിനനുസരിച്ച് നൂതനരീതിയിൽ ആവി ഷ്ക്കരിക്കുകയു ായി കുഞ്ഞുണ്ണി.

"ആന പോകുന്ന പൂമരത്തിന്റെ
ചോടെ പോകുന്നതാരെടോ
ആരാനുമല്ല കൂരാനുമല്ല
കുറ്റിക്കാട്ടുണ്ണിത്തേവര്"

എന്ന നാടൻ പാട്ടിന്റെ സ്വാതന്ത്ര്യാവിഷ്ക്കാരമാണ് കുഞ്ഞുണ്ണിയുടെ

"ആന പോകുന്ന പൂമരത്തിന്റെ
ചോടെ പോകുന്നതാരെടോ
ആരാനുമല്ല കൂരാനുമല്ല
കുഞ്ഞുണ്ണ്യാഷും കുട്ട്യോളും'

എന്ന കവിത.

"നിത്യം കുളിച്ചിട്ടും
മഞ്ഞനീരാടീട്ടും
അമ്മിയിതയ്യയ്യോ
കാക്കേഷോലെ
കാക്ക കുളിച്ചാലും
കൊക്കാകില്ലെന്നതു
സത്യമെന്നിക്കല്ലു കാണിക്കുന്നു" (കു.കൃ. വാല്യം.1. പു. 195)

"നിത്യവും കുളിക്കും ഞാൻ
മഞ്ഞളിൽ നീരാടും ഞാൻ
എന്നിട്ടും കാക്കയെഷോലെ ഞാൻ"

എന്ന കടംകഥ

"കാക്ക കുളിച്ചാൽ കൊക്കാകുമോ?"

എന്ന പഴഞ്ചൊല്ല് ഇവ കലർത്തിയാണ് ഈ കവിത രചിച്ചിരിക്കുന്നത്.

'കുന്തം പോയാൽ കുടത്തിലും തഷണം' എന്ന പഴഞ്ചൊല്ലിൽ നിന്നാണ്

"കുന്തം പോയി
കുടത്തിലും തഷി ഞാൻ
കുന്തത്തിൽ മാത്രമേ തഷാതുള്ളൂ" (കു.ക. പു. 132)

എന്ന കവിത രചിച്ചത്. "നീ ു നീ ു പോണ പരമേശ്വരാ നിന്നു ര ു വാക്കു പറ" (മുള) എന്ന കടംകഥയിൽ നിന്നാണ്

"നീ ുനീ ങ്ങുപോകുന്നു
പരമേശ്വര നിൽക്ക നീ
നിന്നെന്നോടൊരു വാക്കോതി
ഷോക നീ പിന്നെയിച്ഛപോൽ
പരമേശ്വനല്ലാ ഞാൻ
പരം പൊരുളുമല്ലെടോ

പൊള്ളയാം മുളയാണേ ഞാൻ
ഭള്ളോതീട്ടെന്തു കിട്ടുവാൻ
കള്ളവും ചൊൽകയില്ല ഞാൻ" (കി.മൊ. പു. 19)

എന്ന കവിതയുടേയും

"കിലുക്കം കിലുക്കിലുക്കം
ഉത്തരത്തിൽ ചത്തിരിക്കും" (താക്കോൽ)

എന്ന കടംകഥയിൽ നിന്നാണ്

"കിക്കിലുക്കം കിലുകിലുക്കം
ഉത്തരക്കൂട്ടിലൊളിച്ചിരിക്കും
അമ്മാമന്റെ താക്കോൽകൂട്ടം
അമ്മായിക്കും തൊട്ടുകൂടാ" (കിലു. പെട്ടി. പു. 62)

എന്ന ബാലകവിതയുടെയും പിറവി.

നൂതനസന്ദർഭത്തിനനുസരിച്ച് കടംകഥ, നാടൻപാട്ട്, പഴഞ്ചൊല്ല് എന്നിവയുടെ ശൈലിയിൽ കവിത രചിക്കുന്നതും കാണാം.

"കാലത്തിന് കയ്യു ്കാലു ്കാതു ്കണ്ണില്ല" (കു.ക്ക പു. 204)

"എനിക്ക് തലയിൽ കൊമ്പില്ല
എനിക്ക് പിന്നിൽ വാലില്ല

എങ്കിലുമില്ലൊരു വിഷമം, വായയി
ലെല്ലില്ലാത്തൊരു നാവില്ലെ" (കു.ക്ക. പു. 64)

കടംകഥയുടെ ശൈലിയിലാണ് ഈകവിത രചിച്ചിരിക്കുന്നത്. ഇതേപോലെ പഴഞ്ചൊല്ലിന്റെ സംക്ഷിപ്തത, ഉപദേശസ്വഭാവം, പ്രാസഭംഗി ഇവ ഒത്തിണങ്ങിയ കവിതകളും കുഞ്ഞുണ്ണി രചിച്ചിട്ടു ്.

"തൻ നാമം തനിക്കാമം" (കു. ക്ക. പു. 142)

"ഞാൻ പോയേ ജ്ഞാനം വരൂ" (കു.ക്ക.പു. 91)

എന്നീ വരികൾ ഉദാഹരണം.

"മാനത്തു മിന്നണതെന്താ ാ - അത്
മേക്കാച്ചിത്തവളടെ കണ്ണാ ാ
നീറ്റിൽക്കിടക്കണതെന്താ ാ - അത്
മാനത്തെ മാണിക്യമുത്താ ാ. . ." (കു.ക്ക. പു. 89)

എന്നു തുടങ്ങുന്ന കവിതയിൽ നാടൻഅലങ്കാരം, നാടൻഭാഷ ഇവയെല്ലാം ചേർന്ന് നാടൻ പാട്ടിന്റെ ശൈലി നിലനിർത്തിയിരിക്കുന്നു.

പഴഞ്ചൊല്ലിൽ സാധാരണയായി മൂന്ന് തരം വാക്യഘടനയാണുള്ളത്.

1. സാധാരണവാക്യം

ഉദാ: 'വിത്തു ഗുണം പത്തു ഗുണം'

ഒരാശയം മാത്രം കാണിക്കുന്ന ചൂർണ്ണികയാണിത്.

2. സങ്കീർണ്ണവാക്യം

'കൊന്നാൽ പാപം തിന്നാൽ തീരും'

ഒരു അപൂർണ്ണവാക്യവും ഒരു പൂർണ്ണവാക്യവും അഥവാ ഒരംഗവാക്യവും ഒരംഗിവാക്യവും ചേർന്നിരിക്കുന്നു.

3. മഹാവാക്യം

"പട്ടി വയ്ക്കോല് തിന്നുമില്ല
പശൂനെ തീറ്റിക്കുമില്ല"

ര ് സാധാരണവാക്യം അല്ലെങ്കിൽ ര ് സങ്കീർണ്ണവാക്യങ്ങളുടെ സമന്വയം. ഈ തരത്തിലുള്ള മൂന്നു രീതിയും കുഞ്ഞുണ്ണിക്കവിതയിൽ കാണാം.

"ഏകാന്തയോളം നല്ല കാന്തയില്ലുലകത്തിൽ" (കു.ക്ക. പു. 149)

- ചൂർണ്ണിക

"ഒറ്റയ്ക്കു നിൽക്കണമൊന്നിച്ചും നിൽക്കണ

മെങ്കിലേ മർത്ത്യൻ സുശക്തനാകൂ" (കു.ക്ക. പു. 162)

- സങ്കീർണ്ണവാക്യം

"കണ്ണുള്ളവൻ ക ടുക്കും

കണ്ണില്ലാത്തോൻ കട്ടെടുക്കും" (കു.ക്ക. പു. 160) - മഹാവാക്യം

പഴഞ്ചൊല്ലിൽ വിഷയം, അഭിപ്രായം എന്ന് ര ു ഘടകങ്ങൾ. വിഷയം ന്യൂനമോ അധികമോ അഭിപ്രായം ന്യൂനമോ അധികമോ ആവാം.

"അരി എറിഞ്ഞാൽ ആയിരം കാക്ക"

ഇവിടെ വിഷയം ന്യൂനം, അഭിപ്രായം അധികം.

"കാക്ക കുളിച്ചാൽ കൊക്കാവില്ല"

ഇവിടെ വിഷയം അധികം, അഭിപ്രായം ന്യൂനം.

ഈ രീതിയിൽ വിഷയാഭിപ്രായങ്ങൾ ചേർന്ന രീതി കുഞ്ഞുണ്ണിക്കവിതയിലും കാണാം.

"കാക്കുന്നോൻചെറുതായാൽ

കക്കുന്നോനായിത്തീരും

കക്കുന്നോൻ വലുതായാൽ

കാക്കുന്നോനായിത്തീരും" (രാഷ്ട്രീയം. പു.27)

എന്ന വരികൾ ഉദാഹരണം.

സ്ഥലനാമങ്ങൾ വെച്ച് പുരാവൃത്തരീതിയിൽ ധാരാളം കവിതകൾ എഴുതിയിട്ടു ് കുഞ്ഞുണ്ണി.

"മാവൂരൊരുത്തനു ായിരുന്നു

മാവുവെട്ടുന്നവനായിരുന്നു

മാവു ഞാൻ വെട്ടുന്നതിനു മുമ്പായി നിൻ

നാവു നീ കെട്ടണമെന്നുരഷോൻ" (കു.ക്ക. പു. 51)

എന്ന കവിത ഉദാഹരണം.

നാവുവഴങ്ങൽ കവിതകൾ നാടൻ പാട്ടിൽ ധാരാളമു ്.

"കിളിരൂരുരുളിവാലുരുളി

വാലുരുളീലൊരു ചോറുരുള"

"തൃഷങ്ങോട്ടെ തൃഷടിമേൽ
ത    ുരുളും തടിയുരുളും
ചെറിയൊരു കുരുമുളകുരുളും"

എന്ന വരികൾ ഉദാഹരണം. കുഞ്ഞുണ്ണിക്കവിതയിലും

"മൂന്നാലിങ്ങൽ നാലാലു    തി
ലൊന്നരയാലാണായതിനു
വേരുകളായിരമായിരമായിര
മതിലൊരു വേരാണീവരിയെൻ വരി കവിതവരി" (കു.കൃ. പു. 122)

"ഉരലുരുളുമ്പോൾ
ചരലുരുളില്ല
ചരലുരുളുമ്പോളുരലുരുളില്ല
ഉരലും ചരലും ചേർന്നുരുളുമ്പോൾ
ഞാനുരുളില്ല" (അ. പൊ. പു. 52)

ഇങ്ങനെ നാവുവഴങ്ങൽ കവിതകൾ ധാരാളം.

നാറാണത്തുഭ്രാന്തൻ, കൊടുങ്ങല്ലൂരമ്മ തുടങ്ങിയ നാടൻമിത്തുകൾ കുഞ്ഞുണ്ണിക്കവിതയിൽ നൂതന ഭാവത്തോടെ പ്രത്യക്ഷപ്പെടുന്നു.

"നാറാണത്തു    ായിരുന്നു
നല്ലൊരു പ്രാന്തൻ നടപ്രാന്തൻ
നല്ല കാലൊന്നുള്ളോൻ
മന്തുകാലൊന്നുള്ളോൻ . . ." (കു.ക.പു. 48)

എന്നു തുടങ്ങുന്ന കവിത ഉദാഹരണം. ഇങ്ങനെ വാക്യതലത്തിൽ കുഞ്ഞുണ്ണിക്കവിതയിൽ നാടോടിത്തം പ്രകടമായി കാണാം.

**അലങ്കാരങ്ങൾ**

വിവിധതരം അലങ്കാരങ്ങൾ സ്വാഭാവികതയോടെ നാടൻ വാങ്മയങ്ങളിൽ കാണാം. കടംകഥയിൽ വിശേഷണത്തിൽ നിന്നും വിശേഷണത്തിലേക്ക് പോകുന്ന രീതിയാണെങ്കിൽ പഴഞ്ചൊല്ലിൽ വിശേഷണ ത്തിൽ നിന്നും സാമാന്യത്തിലേക്കെത്തുന്ന രീതിയാണ്. നിത്യജീവിതവുമായി ബന്ധപ്പെട്ടവയും ആശയ സംപുഷ്ടങ്ങളുമായ ധാരാളം അലങ്കാരങ്ങൾ നാടൻപാട്ടിൽ കാണാം. അവ ദൃശ്യസ്പർശബിംബങ്ങളായി വികസിച്ച് ഇന്ദ്രിയാനുഭൂതി നൽകാൻ പര്യാപ്തമാകുന്നു.

"ഈ വക പെണ്ണുങ്ങൾ ഭൂമീലു    ാ
ഇവളുടെ ഭംഗിയും ശോഭയും ക    ാൽ
ആദിത്യശോഭയും മിന്നുംപോലെ

കുന്നത്തു കൊന്നയും പൂത്തപോലെ"

എന്ന വടക്കൻ പാട്ടിലെ അലങ്കാരപ്രയോഗങ്ങൾ ഉദാഹരണം. മൂർത്തമായ അലങ്കാരപ്രയോഗങ്ങളാണ് പൊതുവെ നാടോടിവാങ്മയങ്ങളിൽ കാണുന്നത്. സ്വാഭാവികതയാണ് അത്തരം അലങ്കാരപ്രയോഗങ്ങളുടെ സവിശേഷത.

"തട്ടുതട്ടുപോലെ താമരമൊട്ടുപോലെ
കോളാമ്പിക്കാലുപോലെ"

"തല വലപോലെ തടി വടിപോലെ കട കിന്നരംപോലെ"

എന്നിങ്ങനെ കടംകഥയിലും

"സൂരിയന്റെ ഒളിവുപോലെ
മറുവരമ്പിലെ ദീപം പോലെ
വാടാമഞ്ഞൾ കാമ്പുപോലെ
വരിക്കപ്ലാവിന്റെ ഉൾക്കാമ്പുപോലെ"
"അമ്മുക്കുട്ട്യമ്മുക്കുട്ട്യാരെപ്പോലെ
ഉമ്മത്തും കാവിലെ പുരം പോലെ"

എന്നിങ്ങനെ നാടൻ പാട്ടിലും

"മാപ്ലേടെ വാക്കും പഴയ ചാക്കും ഒരു പോലെ"

എന്നിങ്ങനെ പഴഞ്ചൊല്ലിലും വസ്തുതകളുടെ താരതമ്യം വഴിയുള്ള സാമ്യോക്തിപ്രയോഗങ്ങൾ കാണാം.

കുഞ്ഞുണ്ണിക്കവിതയിലും

"കൊള്ളിക്കിഴങ്ങിൻ മൊളൂഷ്യം പോൽ മന്തനായ്
മറ്റൊരു കൂട്ടാനുമില്ല മന്നിൽ
ഒട്ടുമേ ദേഷ്യപ്പെടാതെ പിണങ്ങാതെ
യുള്ളതാം പ്രേമം പോലാണതോർത്താൽ" (കു.ക്ക. പു. 165)

എന്നിങ്ങനെ സാമ്യോക്തി പ്രയോഗം കാണാം. നാടൻ വാങ്മയങ്ങളിലേതു പോലെ നിത്യജീവിതബന്ധ തയും മൂർത്തതയും ഈ അലങ്കാരപ്രയോഗത്തിനുമു ്. വർണ്ണ്യത്തിന്റെ അതിശയീകരണത്തിനു പകരം ന്യൂനതയിലാണ് ഇവിടെ ഊന്നൽ എന്ന വ്യത്യസ്തതയുമു ്.

യഥാർത്ഥവസ്തുതകളെ മറച്ചുപിടിച്ച് വർണ്ണ്യത്തെക്കുറിച്ച് ചിന്തിപ്പിക്കുന്ന രൂപകാതിശയോക്തി കടംകഥയിൽ പ്രധാനമാണ്. ഏതൊരു വസ്തുവിനെയും സങ്കല്പശക്തിയാൽ മറ്റൊന്നായി കാണാനുള്ള കഴിവാണ് ഇതിലൂടെ പ്രകടമാകുന്നത്.

"ഒരു കുപ്പിയിൽ രെ ണ്ണ" (മുട്ട)

"ഇരുട്ടുപുരയിൽ കുട്ട്യാന " (പേൻ)

"കുപ്പായമൂരി കിണററിൽ ചാടി' (പഴം തിന്നൽ)

തുടങ്ങിയ കടംകഥകൾ ഉദാഹരണം

"കലപില കൂടും പത്രങ്ങൾ
കലഹിക്കില്ല കുസുമങ്ങൾ" (കു.ക്ക. പു. 7)

എന്ന കുഞ്ഞുണ്ണിക്കവിതയിലും രൂപകാതിശയോക്തിയാണുള്ളത്. എന്നാൽ കുഞ്ഞുണ്ണിക്കവിതയിലെ ദാർശനികത ഇതിനെ നാടൻ വാങ്മയങ്ങളിൽ നിന്നും വ്യത്യസ്തമാക്കുന്നു. ജ്ഞാനികൾ മിതവാക്കാണെന്ന സത്യമാണ് ഇവിടെ ഈ അലങ്കാരത്തിലൂടെ കവി പറയുന്നത്.

ധാരാളം വിരുദ്ധോക്തികൾ കടംകഥ, പഴഞ്ചൊല്ല് തുടങ്ങിയ നാടൻ വാങ്മയങ്ങളിൽ കാണാം.

"നായയെ പേടിച്ചോടുന്നത് നരിയുടെ വായിലേക്ക്

"മി ാപൂച്ച കലമുടയ്ക്കും"

എന്നീ പഴഞ്ചൊല്ലുകളും

"അന്തണൻ വെന്തു പുണൂല് കരിഞ്ഞില്ല" (കാട്ടിലെ നടപ്പാത)

"അമ്മ കല്ലിലും മുള്ളിലും മകൾ കല്യാണപന്തലിൽ" (വാഴക്കുല)

എന്നീ കടംകഥകളും ഉദാഹരണം.

കുഞ്ഞുണ്ണിക്കവിതയിൽ

"പൊക്കമില്ലായ്മയാണെന്റെ
പൊക്കമെന്നറിയുന്നു ഞാൻ" (കു. ക്ക. പു. 30)

എന്നിങ്ങനെ ദാർശനികാടിത്തറയുള്ള വിരുദ്ധോക്തികൾ കാണാം.

ബിംബപ്രതിബിംബഭാവത്തിൽ വസ്തുതകളെ അവതരിപ്പിക്കുന്ന ദൃഷ്ടാ ന്തരീതിയും നാടൻ പാട്ടിൽ കാണാം.

"ചക്കക്കുരുപ്പേരി മാനിറച്ചി
ചക്ക്ങലുണ്ണൂലി പേന്തലച്ചി"

എന്ന നാടൻ പാട്ട് ഉദാഹരണം

"പട്ടി പെറും പാർട്ടി പിളരും' (കു. ക്ക. പു. 130)

എന്ന് കുഞ്ഞുണ്ണിക്കവിതയിലും ഈ രീതി കാണാം. പക്ഷേ നാടൻ പാട്ടിലെ അസംബന്ധതക്കു പകരം ജീവിതയാഥാർത്ഥ്യമാണ് കുഞ്ഞുണ്ണി ഇതിലൂടെ ആവിഷ്ക്കരിച്ചിരിക്കുന്നത്.

ചോദ്യത്തിനുത്തരമായി ആരും വിചാരിക്കാത്ത ഉത്തരം നൽകുന്ന ഉത്തരം അലങ്കാരം നാടൻ പാട്ടിലു ്.

"പൊണ്ണത്തടിയനെയെന്തിനു കൊള്ളാം
നാലുപുരയ്ക്കൊരു തൂണിനു കൊള്ളാം"

എന്ന വരികൾ ഉദാഹരണം

"പുഞ്ചപ്പാടത്ത് വെള്ളം വറ്റി
പഞ്ചവർണ്ണക്കിളി ചത്തുപോയി" (വിളക്കുതിരി)

എന്ന കടംകഥയിൽ കാരണസഹിതം കാര്യം അവതരിപ്പിക്കുന്ന കാവ്യലിംഗവും

"ഒന്നുമുങ്ങ്യാചാവും ഒന്നു പൊങ്ങിയാചാവും

ര ിനും വേണം വെള്ളം" (തോണി, മത്സ്യം)

എന്ന കടംകഥയിൽ വസ്തുതകളുടെ സൂക്ഷ്മസ്വഭാവം അവതരിപ്പിക്കുന്ന സ്വഭാവോക്തിയും കാണാം.

ഇത്തരം വാക്യവൈചിത്ര്യങ്ങളെല്ലാം കുഞ്ഞുണ്ണിക്കവിതയിലുമു ്.

'ഇന്ത്യ നന്നാകുവാനെന്തുനല്ലൂ

കുന്തുരുക്കപ്പുകതന്നെ നല്ലൂ" (രാഷ്ട്രീയം പു. 33)

- ഉത്തരം

"കണ്ണൻ മണ്ണു ുവെന്നൊരു കഥയിടയ

പ്പിള്ളർ തൻ വായിൽ നില്ക്കാ . . . . ." (കു.ക്ക. പു. 143)

- സ്വഭാവോക്തി

"മഞ്ഞച്ചെങ്കൊടി പാറുക കൊ ീ

നാടിനു മഞ്ഞപ്പിത്തം" (രാഷ്ട്രീയം, പു 15)

- കാവ്യലിംഗം

എന്നിങ്ങനെ പുതുരൂപത്തിൽ ഇത്തരം അലങ്കാരപ്രയോഗങ്ങളെല്ലാം കുഞ്ഞുണ്ണിക്കവിതയിൽ കാണാം. അവയിൽ നിന്നും സ്ഫുരിക്കുന്ന ഹാസ്യവും ദാർശനികതയും കുഞ്ഞുണ്ണിക്കവിതയെ വ്യത്യസ്തമാക്കുന്നു.

**വൃത്തം**

പാന, കുറത്തി, തുള്ളൽ, തിരുവാതിരപ്പാട്ട്, മഞ്ജരി, വഞ്ചിപ്പാട്ട്, വടക്കൻപാട്ട് തുടങ്ങിയ ജനകീയ വൃത്തങ്ങളുടെ താളം അന്തഃസ്ഥിതമായ കവിതകളാണ് കുഞ്ഞുണ്ണിയുടേത്. നാടോടിവാങ്മയങ്ങൾ പൊതുവെ താളാത്മകമാണ്. നാട്ടുസംഗീതത്തിൽ രാഗത്തേക്കാൾ താളമാണ് പ്രധാനം. താളത്തിന്റെ അനന്തസാധ്യതകളാണ് നാടൻ പാട്ടിലുള്ളത്. നാടോടിവാങ്മയങ്ങളിൽ സ്വീകരിച്ചിരിക്കുന്ന വൃത്തങ്ങൾ തന്നെയാണ് കുഞ്ഞുണ്ണിക്കവിതയിലും കാണുക.

**തരംഗിണി**

"ഏറെ ചിത്രം ഓട്ടപ്പാത്രം"

"മെല്ലെ തിന്നാൽ മുള്ളും തിന്നാം "

എന്നീ പഴഞ്ചൊല്ലുകൾ

"നാരായണൻ നത്തുകണ്ണ -
നെട്ടുപുച്ചേ ചുട്ടു തിന്നു"

"പൊണ്ണത്തിടിയനെയെന്തിനു കൊള്ളാം
നാലു പുരയ്ക്കൊരു തൂണിനു കൊള്ളാം"

എന്നീ നാടൻ പാട്ടുകൾ

"ഇല്ലത്തമ്മ കുളിച്ചുവരുമ്പോൾ
വെള്ളിക്കിണ്ണം തുള്ളിത്തുള്ളി" (അരി തിളക്കുന്നത്)

"അകത്തുരോമം പുറത്തിറച്ചി" (മൂക്ക്)

എന്നീ കടംകഥകൾ ഇവയിലെല്ലാം തരംഗിണിവൃത്തം കാണാം.

**കല്യാണി**

"അച്ഛി കടിച്ചതേ കുട്ടി കടിക്കൂ"
"ആയിരം മാങ്ങാക്കരപ്പൂളു തേങ്ങ"

എന്നീ പഴഞ്ചൊല്ലുകൾ

"അമ്പാട്ടെപ്പട്ടിക്ക് മുന്നോട്ടുവാല്" (ചിരവ)

എന്നീ കടംകഥയിലും നാടൻ പാട്ടുകളിൽ ധാരാളമായും കല്യാണീ വൃത്തം കാണാം.

**അന്നനട**

അടി കഴിഞ്ഞിട്ടു വടി വെട്ടാൻ പോകും'

എന്ന പഴഞ്ചൊല്ല് ഉദാഹരണം

**വടക്കൻപാട്ട് (മാവേലി)**

"അടിയോളം നന്നല്ല അണ്ണൻ തമ്പി"

എന്ന  പഴഞ്ചൊല്ല്

"ചങ്കരക്കുഞ്ഞിനെ വ   ുതട്ടി
അതുക   ു തമ്പുരാൻ കണ്ണുരുട്ടി"

എന്നീ നാടൻപാട്ട്, വടക്കൻ പാട്ടുകൾ

"മാവേലി നാടുവാണീടും കാലം
മാനുഷരെല്ലാരുമൊന്നുപോലെ"

എന്ന പ്രസിദ്ധമായ നാടൻ പാട്ട്.

എന്നിവയിലെല്ലാം ഉപയോഗിച്ച ഈണമാണിത്.

**താരാട്ട്**

"അട്ടം പൊളിഞ്ഞാലകത്ത്
പാലം പൊളിഞ്ഞാലൊലിയിൽ"

എന്നീ പഴഞ്ചൊല്ലുകളിലും താരാട്ടുപാട്ടുകളിൽ പൊതുവെയും കാണുന്ന വൃത്തമാണിത്.

**ഓമനക്കുട്ടൻ**

"വൈക്കം കായലിലോളം തുള്ളുമ്പോൾ
ഓർക്കും ഞാനെന്റെ മാരനെ"

"ആന പോകുന്ന പൂമരത്തിന്റെ
ചോടെ പോകുന്നതാരെടോ
ആരാനുമല്ല കൂരാനുമല്ല
കുറ്റിക്കാട്ടുണ്ണിത്തേവര്"

എന്നീ നാടൻ പാട്ടുകളിൽ കാണുന്ന വൃത്തമാണിത്

ഈ തരത്തിലുള്ള നാടൻ വൃത്തങ്ങളെല്ലാം കുഞ്ഞുണ്ണിക്കവിതയിലും കാണാം. കവിക്ക് പ്രത്യേകിച്ചും കുഞ്ചൻനമ്പ്യാരുടെ തുള്ളൽകൃതികളോടു ായിരുന്ന ചായ്വുകൊ ാവാം തുള്ളൽ വൃത്തമായ തരംഗിണി ധാരാളം ഉപയോഗിക്കുന്നു.

"മഴ പൊഴിയുന്നതു കാണാൻ ഭംഗി
മനമലിയുന്നതു കാണാൻ ഭംഗി" (കു.ക്ക. പു. 49)

എന്ന വരികൾ ഉദാഹരണം.

"മണ്ണു വാരിക്കളിക്കുന്ന കുഞ്ഞുങ്ങൾ
വിണ്ണിലേറി രമിക്കുവോരാണല്ലോ" - പാനവൃത്തം

"കൊല്ലത്തു ചെന്നാലും വല്ലത്തു ചെന്നാലും
ഇല്ലത്തു ചെന്നെന്ന തോന്നൽ വേണം
ഇല്ലത്തിരിക്കുമ്പോൾ കൊല്ലവും വല്ലവും
ഇല്ലെന്നുമു ന്നുമോർത്തിടൊല്ല" (കു.ക്ക. പു. 141) - മഞ്ജരി

"പെണ്ണേ പെണ്ണങ്ങോട്ടു പൊക്കോ - പോയൊ
രാണായിട്ടിങ്ങോട്ടു വന്നോ
ആണേ നീയാളൂരുപൊക്കോ - നല്ല
പെണ്ണായിട്ടിങ്ങോട്ടു വന്നോ" (കു.ക്ക. പു. 150) - താരാട്ട്

"ഒരു മരം വെട്ടിയു ന്റെ നാട്ടിൽ
ഒരു മരം പോലുമേ വെട്ടിടാത്തോൻ
ഒരുമരം വെട്ടുകിൽ തൻമരം വെട്ടണ
മെന്നു തന്നോടേ പറവൊരുത്തൻ" (കു.ക്ക. പു. 49)

"ഡ്രൈവറും ക ക്ടറുമാരെന്നു നോക്കീടാതെ
യല്ലയോ ബസ്സിൽക്കേറി യാത്ര ചെയ്യുന്നൂ നമ്മൾ (കു.ക്ക. പു. 47)
- കേക

"കൊടി പിടിക്കുവാനെനിക്കറിഞ്ഞിടാ
മറിഞ്ഞിടാമല്ലോ സമരം ചെയ്യാനും
തരേണമേയെനിക്കിവിടെയുദ്യോഗം
പിരിഞ്ഞു പോകാ ഞാൻ പിരിച്ചയച്ചാലും" (കു.ക്ക. പു. 145) - അന്നനട

വ ി നല്ല വ ി
കാള ര ും ഞൊ ി
വ ിക്കാരൻ ച ി"

ഈ നാടൻ പാട്ടിലെ ഈണമാണ്.

"പൂച്ച നല്ല പൂച്ച
വൃത്തിയുള്ള പൂച്ച
പാലു വെച്ച പാത്രം
വൃത്തിയാക്കി വെച്ചു" (കു.ക്ക. പു. 137)

"കാക്ക പാറി വന്നു
പാറമേലിരുന്നു
കാക്ക പാറിപ്പോയി
പാറ ബാക്കിയായി' (കു.ക്ക. പു. 137)

എന്നീ കവിതകളിലുള്ളത്

വാമൊഴിക്കലയുടെ ഓജസ്സ്, സൗന്ദര്യം എന്നിവ നിറഞ്ഞ വരികളാണ് കുഞ്ഞുണ്ണിക്കവിതയിൽ. പഴഞ്ചൊല്ലിൽ നിന്നും വ്യത്യസ്തമായി കടംകഥ നൂതനത്വം ഉൾക്കൊള്ളുന്നു. മൂർത്തമായ അലങ്കാരപ്രയോഗങ്ങളാണ് നാടൻ വാങ്മയങ്ങളിൽ. ഈ രീതി കുഞ്ഞുണ്ണിക്കവിതയിലും കാണാം. നാടോടിത്തം കൃത്രിമമായ നാഗരിക ജീവിതത്തിൽ നിന്നും മോചനം നൽകുന്നു. നാടൻ പാട്ടുകളും പഴഞ്ചൊല്ലുകളും അതേപടി അനുകരിക്കുകയോ പാരഡി നിർമ്മിക്കുകയോ അല്ല കുഞ്ഞുണ്ണി ചെയ്തെന്ന് ഈ താരതമ്യത്തിലൂടെ മനസ്സിലാകും. ബി. രാജീവൻ പറയുന്നതുപോലെ നാടോടി വാങ്മയങ്ങളുടെ അനന്തസാധ്യതകൾ തുറന്നു കാട്ടും വിധം അവയെ സ്വാംശീകരിച്ച് മറ്റൊരു യാഥാർത്ഥ്യമാക്കുകയാണ് കവി ചെയ്തത്.[37] കവിതയിലെ ഭാഷ ജീവിതം തുളുമ്പുന്നതായിരിക്കണമെന്നും വികാരങ്ങളുടെ വിശുദ്ധി കാത്തുസൂക്ഷിക്കാൻ നാട്ടുമൊഴികൾക്കേ കഴിയൂ എന്നൊക്കെയുള്ള വേഡ്സ്വർത്തിന്റെ ദർശനത്തോട് നാടൻ വലപ്പാടൻ മലയാളത്തിൽ ഈ മഹാപ്രപഞ്ചത്തെ വായിച്ചെടുക്കുന്ന കുഞ്ഞുണ്ണിയും യോജിക്കുന്നു.[38] വാക്കുകളെക്കൊ ് അടവുകളും തന്ത്രവും പരിശീലിപ്പിക്കുന്ന ഈ കവിക്ക് മലയാളപ്പഴമ ഒരു രാസത്വരകം പോലെയാണെന്ന് ദേശമംഗലം രാമകൃഷ്ണൻ അഭിപ്രായപ്പെടുന്നു.[39] അതായത് തന്റെ കവിതാസന്ദർഭത്തിൽ അവയെ സ്വാംശീകരിച്ച് നൂതനമാക്കുകയാണ് കവി. ആ കവിതയിലടങ്ങിയ ദാർശനികതയും ഹാസ്യവും കുഞ്ഞുണ്ണിക്കവിതയ്ക്ക് മറ്റൊരു മാനം നൽകുന്നു.

37 ബി. രാജീവൻ, 'കുഞ്ഞുണ്ണിക്കവിത', അനുബന്ധപഠനം, *കവിത*, കുഞ്ഞുണ്ണി.

38 സുജ, എസ്. തെക്കെഗ്രാമം, 'കുഞ്ഞുണ്ണിക്കവിതകളിലെ കാല്പനിക നിലാവ്', *കവനകൗമുദി*, (2003 നവം- 2004 ജനു.), പു. 80.

39 ദേശമംഗലം രാമകൃഷ്ണൻ, *കവിയുടെ കലാതന്ത്രം*, പു. 201.

# ഉപസംഹാരം

**(അദ്ധ്യായം 1) -** കാവ്യഭാഷയുടെ ശക്തിസൗന്ദര്യങ്ങൾ അനാവരണം ചെയ്യാൻ ശൈലീവിജ്ഞാനീയപരമായ അപഗ്രഥനം സഹായിക്കുന്നു. 20-ാം നൂറ്റാ ിന്റെ തുടക്കത്തിൽ പല വിദേശനാടുകളിലൂടെ രൂപപ്പെട്ട ഈ ശാഖ ഇന്ന് വളരെ വികാസം പ്രാപിച്ചിരിക്കുന്നു. വാക്കിന്റെ തീർച്ചയും മൂർച്ചയും അറിഞ്ഞുപയോഗിച്ച കുഞ്ഞുണ്ണിയുടെ കവിതകളിൽ ഈ രീതിയിലുള്ള അപഗ്രഥനം വളരെ പ്രസക്തമാണ്. പുരഃക്ഷേപം, ഐക്യം, താളം എന്നീ ശൈലീവിജ്ഞാനീയത്തിലെ അടിസ്ഥാനസങ്കല്പങ്ങളെല്ലാം കുഞ്ഞുണ്ണിക്കവിതയിലും ക െ ത്താം. സംസക്തി, സഹഭാവം, അലങ്കാരപ്രയോഗങ്ങൾ എന്നീ പുരഃക്ഷേപണ തന്ത്രങ്ങളെല്ലാം കവി ഉപയോഗപ്പെടുത്തിയിരിക്കുന്നു.

**(അദ്ധ്യായം 2) -** വർണ്ണം, പദം, വാക്യം, അലങ്കാരം, താളം എന്നീ ശൈലിയുടെ സമസ്തതലങ്ങളിലുമുള്ള വക്രതകളാണ് കാവ്യഭാഷയ്ക്ക് അർത്ഥപൂർത്തിയും ഭാവസംവേദനക്ഷമതയും നൽകി കാവ്യം ആകർഷണീയമാക്കുന്നത്. വർണ്ണങ്ങളുടെ പലതരം ആവർത്തനങ്ങൾ, ഹ്രസ്വദീർഘഭേദങ്ങൾ, പരുഷകോമളത്വം, പദങ്ങളുടെ നൂതനത്വം, പഴമ, നാനാർത്ഥത, കണിശത, പര്യായത, അവ്യക്തത, അമൂർത്തത, മൂർത്തത, സംഭാഷണാത്മകത, ആവർത്തനങ്ങൾ, വാക്യങ്ങളുടെ ക്രമലംഘനങ്ങൾ, അപൂർണ്ണവാക്യങ്ങളുടെ ഉപയോഗം, ഒരേ വാക്യഘടനയുടെ ആവർത്തനങ്ങൾ എന്നിവയെല്ലാം കവികൾ ഉപയോഗിക്കുന്ന പൊതുവായ രചനാതന്ത്രങ്ങളാണ്. ആധുനിക കവിതയിൽ അലങ്കാരങ്ങൾ ആത്മപ്രകാശനപരവും ധ്വന്യാത്മകവുമായ ബിംബങ്ങളായി വികസിച്ചിരിക്കുന്നു. അനുയോജ്യമായ താളവും കവിതയുടെ അന്തർഭാവത്തിലേക്കുള്ള വഴികാട്ടിയാണ്.

**(അദ്ധ്യായം 3) -** ഭാഷാശൈലിയുടെ സമസ്തതലങ്ങളിലുമുള്ള വക്രതകൾ കുഞ്ഞുണ്ണിക്കവിതയ്ക്ക് ഭാവപുഷ്ടിയും ആകർഷണീയതയും നൽകുന്നു. വർണ്ണങ്ങളുടെ പലതരം ആവർത്തനങ്ങൾ, ലോപം, ഇരട്ടിപ്പ്, ഹ്രസ്വദീർഘഭേദങ്ങൾ, വ്യത്യയങ്ങൾ, പദാവർത്തനങ്ങൾ, പദവിഭേദനം, നൂതനപദങ്ങൾ, വിപരീതപദങ്ങൾ എന്നിവയുടെ ഉപയോഗം, വാക്യങ്ങളുടെ സംക്ഷിപ്തത, വിസ്താരണം, സഹോപസ്ഥിത ലംഘനങ്ങൾ, നാടോടിവാങ്മയങ്ങളുടെ ശൈലി അനുകരിക്കൽ, പ്രസിദ്ധകാവ്യശകലങ്ങളുടെ ഉദ്ധരണവും അനുകരണവും എന്നിവയെല്ലാം കുഞ്ഞുണ്ണി ഉപയോഗിക്കുന്ന പൊതുവായ രചനാതന്ത്രങ്ങളാണ്. കുഞ്ഞുണ്ണിക്കവിത ഭാഷാപരമായ ക്രീഡമാത്രമായിക്ക ് നിസ്സാരവത്ക്കരിക്കാൻ ശ്രമം നടന്നത് അതിലെ പ്രാസപ്രയോഗത്തിന്റെ ആധിക്യത്താലാണ്. എന്നാൽ യാഥാസ്ഥിതികരീതിയിൽ നിന്നും വിഭിന്നമായി ഇത്തരം വർണ്ണാവർത്തനങ്ങളാൽ ഭാഷയുടെ അനന്തസാധ്യതകൾ കഴിയുന്നത്ര അനുഭവപ്പെടുത്തിത്തരുകയായിരുന്നു കവി. മാത്രമല്ല സൂക്ഷ്മമായ അർത്ഥനിവേദനത്തിന് ഉതകും വിധം വർണ്ണങ്ങൾ പോലും തെരഞ്ഞെടുത്തുപയോഗിക്കാൻ കുഞ്ഞുണ്ണിക്ക് കഴിഞ്ഞിട്ടുമു ്. ആധുനിക കവിതയുടെ പൊതുസ്വഭാവത്തിൽ നിന്നും കുഞ്ഞുണ്ണിക്കവിതകളെ അകറ്റി നിർത്തുന്ന മറ്റൊരു ഘടകം നിഗൂഢമായ അന്തർഭാവങ്ങളുടെ വെളിപ്പെടുത്തലോ, വാങ്മയചിത്രങ്ങളോ ആയി വികസിക്കാതെ ഭാഷാഭൂഷണാദിലക്ഷണഗ്രന്ഥങ്ങളനുസരിച്ച് ഉപമയെന്നോ, ഉൽപ്രേക്ഷയെന്നോ വിളിക്കാവുന്ന പ്രത്യക്ഷത്തിൽ ലളിതമായ അലങ്കാരപ്രയോഗങ്ങളാണ്. അതേസമയം അത്തരം പ്രയോഗങ്ങളിൽ സ്ഫുരിക്കുന്ന ഹാസ്യവും ദാർശനികതയും കുഞ്ഞുണ്ണിക്ക

വിതയെ പരമ്പരാഗതകാവ്യരചനാരീതികളിൽ നിന്നും അകറ്റി നിർത്തുന്നു. കുഞ്ഞുണ്ണിക്കവിത മലയാള ത്തിൽ ഒറ്റയ്ക്കൊരു പ്രസ്ഥാനമായി മാറുന്നത് അങ്ങനെയാണ്. അടിച്ച വടി കൊ ് തിരിച്ചടിക്കുന്നതു പോലെ ലാളിത്യം കൊ ് ലാഘവത്വം നിറഞ്ഞ യുവതലമുറയുടെ ജീവിതവീക്ഷണത്തെയും പാശ്ചാത്യപദ പ്രയോഗങ്ങളാൽ അന്ധമായ പാശ്ചാത്യ സംസ്കാരത്തിന്റെ അനുകരണത്തെയും യാഥാസ്ഥിതിക രീതിയ നുസരിച്ച്

കള്ളികളിലൊതുക്കാവുന്ന അലങ്കാരപ്രയോഗത്താൽ അത്തരത്തിലുള്ള വർണ്ണനകളുടെ അസംബന്ധത യെയും വിമർശിക്കുന്നതും മറികടക്കുന്നതും കാണാം.

**(അദ്ധ്യായം 4) -** ആന്തരികമായി സാമൂഹികാനീതികൾക്കെതിരായ രോഷവും വിഷാദവും നിറഞ്ഞതെ ങ്കിലും പ്രത്യക്ഷത്തിൽ പ്രസാദാത്മകതയും സത്വരോന്മേഷവും പ്രദാനം ചെയ്ത് കവിത ആകർഷണീയമാ ക്കുന്നതിൽ കുഞ്ഞുണ്ണിക്കവിതയിൽ നിലീനമായ ഹാസ്യത്തിനും മുഖ്യപങ്കു ്. കുഞ്ഞുണ്ണിക്കവിതയ്ക്ക് ലഭിച്ച ജനകീയതയ്ക്കും നിമിത്തമായത് ഇതുതന്നെ. ഉക്തിഹാസ്യം (Wit), ആക്ഷേപഹാസ്യം (Satire), അനുകരണഹാസ്യം (Parody), ചിന്താപരമായ നർമ്മം (Humour) എന്നീ ഹാസ്യവിഭാഗങ്ങളെല്ലാം കുഞ്ഞുണ്ണിക്കവിതയിലു ്. വർണ്ണം, പദം, വാക്യം, അലങ്കാരം, താളം എന്നീ ശൈലീഘടകങ്ങളിലുള്ള പല തരം വക്രതകൾ കുഞ്ഞുണ്ണിക്കവിതയിൽ ഹാസ്യകാരണമാകുന്നു.

**(അദ്ധ്യായം 5) -** താൻ വളർന്നുവന്ന ഗ്രാമീണമായ ചുറ്റുപാടുകൾ കവിയെ ആഴത്തിൽ സ്വാധീനിച്ചിട്ടു ്. ഭാഷാശൈലിയുടെ സമസ്തഘടകങ്ങളിലും ഈ സ്വാധീനം പ്രകടമാണ്. നാടൻപാട്ട്, പഴഞ്ചൊല്ല്, കടംകഥ തുടങ്ങിയ നാടൻവാങ്മയങ്ങളുടെ ഭാഷാപരമായ വൈചിത്ര്യങ്ങൾ കവി കഴിയുന്നത്ര ഉപയോഗപ്പെടുത്തി യിട്ടു ്. ഭാഷാവൈചിത്ര്യത്തിനായി കവി ഉപയോഗിക്കുന്ന സമൃദ്ധമായ പ്രാസപ്രയോഗങ്ങൾ, സംഭാഷണ രീതിയനുസരിച്ച് വർണ്ണങ്ങൾ ചുരുക്കുകയോ പരത്തുകയോ ചെയ്യുന്ന രീതി, വ്യത്യയങ്ങൾ, വിപരീതപദ ങ്ങൾ, സംഖ്യാവാചികൾ എന്നിവയുടെ വർദ്ധിച്ച ഉപയോഗം, നൂതന പദങ്ങൾ, തദ്ധിതങ്ങൾ, കൃത്രിമവിപരീത ങ്ങൾ തുടങ്ങിയവയുടെ ഉപയോഗം, വാക്യഘടനയുടെ ആവർത്തനം വഴി സമാന്തരത കൈവരിക്കൽ, വ്യാക്ഷേപകങ്ങൾ, നിഷേധവാക്യങ്ങൾ എന്നിവയുടെ ഉപയോഗം, സാമ്യോക്തി, രൂപകാതിശയോക്തി മുത ലായ അലങ്കാരപ്രയോഗങ്ങൾ, മഞ്ജരി, ഓമനക്കുട്ടൻ, മുതലായ സംഗീതാത്മകമായ നാടൻവൃത്തങ്ങളുടെ ഉപയോഗം ഇവയെല്ലാം നാടോടിവാങ്മയങ്ങളിലും പൊതുവായി ഉപയോഗിച്ചിരിക്കുന്ന രചനാതന്ത്രങ്ങളാ ണ്.

ശുഭാപ്തിവിശ്വാസത്തിലധിഷ്ഠിതമായ പ്രസാദാത്മകമായ ജീവിതവീക്ഷണമാണ് കുഞ്ഞുണ്ണിയു ടേത്. ജീവിതത്തെ ഉ ാലൊരിക്കലും മടുക്കാത്ത സദ്യയായി കാണുന്ന ഈ കവിയുടെ കവിതകൾ അമേ യമായ ജീവിതാസക്തിയുടെ പ്രതിഫലനമാണ്. ലൗകികന്റെ കാഴ്ചയും ഋഷിയുടെ ഉൾക്കാഴ്ചയും അതിൽ മേളിക്കുന്നു. പ്രത്യക്ഷത്തിൽ കടകവിരുദ്ധമായ അലങ്കാരപ്രയോഗങ്ങൾ, വ്യത്യയങ്ങൾ, വിപരീതപദങ്ങൾ എന്നിവയുടെ ബാഹുല്യത്തിലൂടെ സാര/നിസ്സാര, വലുപ്പ/ച്ചെറുപ്പ, ശത്രു/മിത്ര ഭേദങ്ങളൊന്നുമില്ലാത്ത 'അഹം ബ്രഹ്മസ്മി'യിലധിഷ്ഠിതമായ ജീവിതദർശനത്തെ ആവിഷ്ക്കരിക്കുകയായിരുന്നു കുഞ്ഞുണ്ണി.

# അനുബന്ധം 1

## അഭിമുഖം: കുഞ്ഞുണ്ണി

**വലപ്പാട്**
**9.04.2004**

- മാഷുടെ ബാല്യകാലപശ്ചാത്തലത്തെപ്പറ്റി

= പാരമ്പര്യമായി ഞങ്ങളുടെ കുടുംബം വൈദ്യന്മാരുടേതായിരുന്നു. അച്ഛനും അമ്മാമനുമെല്ലാം വൈദ്യന്മാരായിരുന്നു. അച്ഛന് എന്നെ വൈദ്യം പഠിപ്പിക്കണമെന്നായിരുന്നു. ലേശം പഠിച്ചു. ശരിക്ക് പഠിക്കുന്നതിനുമുമ്പ് ചികിത്സിക്കാനും തുടങ്ങി. ശരിക്കറിയാതെ ചികിത്സിച്ചാൽ നാട്ടുകാരിൽ നിന്നും തല്ല് കൊള്ളേ ിവരുമല്ലോ. മാത്രമല്ല കുട്ടിക്കാലത്തേ പാട്ടും അഭിനയവുമെല്ലാം അല്പം ഉ ായിരുന്നുതാനും. ഇതിനൊക്കെ മാഷായാൽ അവസരമു ്. അങ്ങനെ അമ്മാമനാണ് അദ്ധ്യാപ കനാവാൻ പറഞ്ഞയച്ചത്. ആ തീരുമാനം പിൽക്കാലത്ത് കവിയാവാൻ വളരെ സഹായിച്ചിട്ടു ്. ആദ്യം ചേളാരി സ്ക്കൂൾ, പിന്നീട് രാമനാട്ടുകര സ്ക്കൂൾ, രാമകൃഷ്ണമിഷൻ സ്ക്കൂൾ എന്നി വിടെയെല്ലാം മാഷായി. മിഷൻ സ്ക്കൂളിൽ വാർഡനായിട്ടു ്. അതിനിടെ പ്രസംഗിക്കാൻ പോവാനും തുടങ്ങി.

- പഴഞ്ചൊല്ല്, കടംകഥ, നാടൻപാട്ടുകൾ എന്നിവയുടേതായ നാടോടിസംസ്കാരം കുഞ്ഞുണ്ണിക്കവി തകളിൽ കാണാമല്ലോ?

= ആറാം ക്ലാസ്സിൽ പഠിക്കുമ്പോൾ തന്നെ കവിതയെഴുതിത്തുടങ്ങി. അച്ഛൻ ഇരുനൂറ് പഴഞ്ചൊല്ലു കളടങ്ങിയ ഒരു പുസ്തകം തരുകയു ായി. ഇത്തരത്തിലുള്ള നാട്ടറിവുകളെല്ലാം കവിതയിൽ ബോധപൂർവ്വം വന്നതല്ല. അതങ്ങനെ അറിയാതെ വന്നതാണ്. 'പഴമൊഴിപ്പത്തായം' എന്ന പേരിൽ ആയിരത്തോളം പഴഞ്ചൊല്ലുകൾ സമാഹരിച്ച് ഈയിടെ പ്രസിദ്ധപ്പെടുത്തിയിട്ടു ്. നാടൻ കുട്ടിക്കവി തകളും സമാഹരിച്ചിറക്കിയിട്ടു ്. പതിനാല് എഡിഷൻ വരെ എന്റെ കവിതയ്ക്ക് ഉ ായിട്ടു ്. കവി തയ്ക്ക് ഇങ്ങനെയു ാവുക എന്നത് നല്ലൊരത്ഭുതം തന്നെയാണ്. എന്റെ കവിതയെപ്പറ്റി മറിച്ചഭി പ്രായം പറഞ്ഞവരുമു ്.

- മാഷുടെ അസംബന്ധകവിതയെപ്പറ്റി - അത് പാടുമ്പോഴുള്ള ആനന്ദം എന്നതിൽ കവിഞ്ഞ് എന്തെങ്കിലും അനുഭൂതിയു ാക്കുന്നു ോ? നമ്മുടെ നാടൻപാട്ടിലും ഉ ല്ലോ ഇത്തരം ആവിഷ്ക്ക രണങ്ങൾ.

= ലോകം മുഴുവൻ അസംബന്ധമാണ്. ജീവിതം മുഴുവൻ അസംബന്ധമാണ്. ഈ സംബന്ധമാണ് അസംബന്ധ കവിതകൾ തരുന്നത്. സാധിക്കാത്തത് സാധിച്ചെടുക്കുന്ന ആനന്ദവും അതിൽ വരും.

- മാഷുടെ ചെറിയ കവിതകളായതിനാൽ എല്ലാം മനസ്സിലു ാക്കി അതേ പടി കടലാസിൽ പകർത്തുകയാണോ ചെയ്യുന്നത്?

= തേച്ചും മായ്ച്ചും കവിതാരചന മനസ്സിലാണ് നടക്കുന്നത്. 'എഴുന്നതാണ് എഴുത്ത്'. പെട്ടെന്ന് മനസ്സിൽ തോന്നണം. കടലാസ്സിൽ എഴുതിയതിനു ശേഷം തിരുത്തിയത് നന്നേ കുറവാണ്. അപൂർവ്വം ചിലപ്പോൾ ഉ ാകാറു ്. എന്നാൽ ഭൂരിഭാഗം കവിതകളും ഞാൻ അറിയാതെ എന്നിൽ നിന്നും പിറന്നതാണ്.

- മാഷുടെ കവിതകളിൽ ഭൂരിഭാഗവും കുട്ടിക്കവിതകളാണല്ലോ. കുട്ടിത്തത്തിലേക്ക് ഉയർന്നാൽ ലോകം നന്നാവുമെന്നാണോ?

= അങ്ങനെയൊന്നുമില്ല. കുട്ടികൾക്ക് എന്ത് കാണുമ്പോഴും അത്ഭുതമാണ്, കൗതുകമാണ്. ഈ കൗതുകം എന്നിലുമു ്. അടുത്തകാലം വരെ അനേക വർഷം കൊ ് മൂന്നുനാലു ഭരണി കുപ്പിവള പൊട്ടുകളും കുപ്പായക്കുടുക്കുകളും ഞാൻ ശേഖരിച്ചു വെച്ചിരുന്നു. കോഴിക്കോട് ടൗണിൽ നടു റോഡിൽ നിന്നും ഇങ്ങനെ പെറുക്കുമ്പോൾ വാഹനങ്ങൾ ഇടിക്കാൻ വന്നു.

- മാഷുടെ കവിതകളിൽ പലപ്പോഴും വൈരുദ്ധ്യങ്ങൾ - വലുപ്പച്ചെറുപ്പം പോലുള്ളവ കടന്നുവരാറു ല്ലോ. ജീവിതത്തിനു തന്നെ അർത്ഥം നൽകുന്നത് വൈരുദ്ധ്യമായതിനാലാണോ അത്?

= പ്രകൃതിതന്നെ വൈരുദ്ധ്യങ്ങളുടെ സമന്വയമാണ്. പ്രാണികളെ പിടിക്കാൻ തവള, തവളയെ പിടി ക്കാൻ പാമ്പ്, പാമ്പിനെ പിടിക്കാൻ കീരി എന്നിങ്ങനെ. തീർച്ചയായും ജീവിതത്തിന് രസവും അർത്ഥവും നൽകുന്നത് വൈരുദ്ധ്യമാണ്.

- അങ്ങനെയെങ്കിൽ പ്രകൃതിദത്തമായ വിധം - സ്വതസിദ്ധമായ രീതിയിൽ എഴുതുന്നതിനാലാ വണം കുഞ്ഞുണ്ണിക്കവിതയും വൈരുദ്ധ്യമായിത്തീർന്നത് അല്ലേ?

= തീർച്ചയായും. പ്രകൃതി തന്നെയാണ് ആദ്യത്തെ ഗുരു. മനസ്സിൽ സ്വാഭാവികമായി തോന്നുന്ന താണ് കവിത.

- ഈശ്വരനെപ്പറ്റി മാഷുടെ വീക്ഷണമെന്താണ്?

= "സൂചിക്കത്യാവശ്യം തൂശിയോ മുനയോ
ഈശ്വരനത്യാവശ്യം തെളിഞ്ഞിരിപ്പോ ഒളിഞ്ഞിരിപ്പോ"

ഈശ്വരൻ ഒളിഞ്ഞിരിക്കുന്നതിനാലാണ് നാം എപ്പോഴും നേർവഴിക്ക് നടക്കാൻ ശ്രമിക്കുന്നത്. എവി ടെയും ഈശ്വരനു െന്ന ബോധമു ാകുന്നതും അരൂപിയായതിനാലാണ്. കുട്ടികൃഷ്ണമാരാരു മായുള്ള സമ്പർക്കത്താലാണ് 'ഗോവിന്ദദാമോദരകീർത്തനം' എഴുതിയത്. സായീസേവാസമിതിയാണ തിന്റെ പ്രസാധകൻ.

- മാരാരുമായുള്ള ബന്ധത്തെപ്പറ്റി . .

= രാമകൃഷ്ണമിഷൻ സ്ക്കൂളിൽ ചേർന്നതിന് ശേഷമാണ് മാരാരെ പരിചയപ്പെട്ടത്. എന്റെ സാഹിത്യ വാസനയെ വളരെ പോഷിപ്പിച്ചിട്ടു ് മാരാരുമായുള്ള ബന്ധം. കവിത വെട്ടിത്തിരുത്തി സാരവത്താക്കാൻ ആ ബന്ധം വളരെ സഹായിച്ചിട്ടു ്. മാരാര് പുസ്തകമെഴുതിയാൽ എനിക്കും വായിക്കാൻ തരുമായിരുന്നു.

- ബഷീറുമായുള്ള ബന്ധം

= ബഷീറുമായി സാഹിത്യത്തെപ്പറ്റി യാതൊന്നും ചർച്ച ചെയ്യാറില്ല. അതിനൊക്കെ ഭയമായിരുന്നു എനിക്ക്. ഞങ്ങൾ ലോകകാര്യത്തെക്കുറിച്ചാണ് സംസാരിക്കാറ്. ചെന്നാൽ 'ഡേയ് എന്നൊരു വിളിയാണ് - ഭാര്യയെ. ചായ തരാനാണ്. വിശേഷമായിരുന്നു അതിന്റെ സ്വാദ്.

- മാഷിന്റെ കവിതകൾ ഇങ്ങനെ ചെറുതാകാനെന്തേ?

= ആദ്യകാലത്ത് കവിതയെഴുതിത്തുടങ്ങിയപ്പോൾ ഒറ്റവരിയുള്ള ഇതിനെ കവിതയെന്ന് പറയാമോ എന്ന പേടിയായിരുന്നു എനിക്ക്. എൻ. വി. കൃഷ്ണവാരിയർ 'ഇതാണോ കവിത'യെന്ന് പരിഹസിക്കുക പോലുമു ായി. പിന്നീട് ഒളപ്പമണ്ണയുടെ നിർബന്ധത്താൽ എൻ. വി. തന്നെ എന്റെ കവിതയെപ്പറ്റി അഭിപ്രായം പറയാൻ തയ്യാറായി. ജപ്പാനീസ് രീതിയിലുള്ള 'ഹൈക്കു' കവിതാരീതിയാണ് എന്റേതെന്നാണ് അദ്ദേഹം പറഞ്ഞത്. ഹൈക്കു കവിത എങ്ങനെയാണെന്ന് എനിക്കറിയില്ല. ജപ്പാനീസ് അറിയാത്തതിനാൽ അതറിയാനും കഴിയില്ല. വൈലോപ്പിള്ളി 'തിരുക്കുറൾ' പോലെയാണ് എന്റെ കവിത എന്നഭിപ്രായപ്പെടുകയു ായി. വെണ്ണിക്കുളത്തിന്റെ തർജ്ജമയെടുത്ത് ഞാൻ വായിച്ചുനോക്കി. എന്തെങ്കിലും ബന്ധമു ോ എന്നറിയാൻ. തർജ്ജമയുടെ കുഴപ്പമാണോ എന്നറിയില്ല. പറയത്തക്ക ബന്ധമൊന്നും തോന്നിയില്ല.

- എല്ലാവരും എപ്പോഴും ചോദിക്കാറുള്ള ഒരു ചോദ്യം - കുട്ടികളെ ഇത്രമാത്രം ഇഷ്ടമായിട്ടും മാഷെന്തേ വിവാഹം കഴിക്കാതിരുന്നത്? സ്വന്തമായി കുട്ടികൾ വേ ന്ന് വെച്ചത്?

= പ്രാരാബ്ധങ്ങളൊന്നും വേ ന്ന് വെച്ചിട്ടുതന്നെ. അതിൽ ദുഃഖവും തോന്നിയിട്ടില്ല. ജീവിതത്തിനോട് ഒരിക്കൽ പോലും വിരക്തി തോന്നിയിട്ടില്ല.

"ജീവിതം മറ്റാർക്കും പകുക്കാൻ തികയാഞ്ഞു
ഞാനെന്നെത്തന്നെ വേളി കഴിച്ചു കൂടീടുന്നു."

- മാഷുടെ കവിതയിൽ ഇംഗ്ലീഷ്, സംസ്കൃതം, തനി നാടൻ പദങ്ങൾ ഇവയെല്ലാം ചേർന്ന രസകരമായൊരു മിശ്രണം കാണാമല്ലോ?

"പേനയെടുത്തല്ല 'പെയിനെ'ടുത്താണെഴുതേ ത്"
"ബ്രഹ്മസത്യം ജഗന്മിഥ്യ
ബ്രായും ബ്രസ്സും കണക്കിനെ" ഇത്യാദി

= 'വാക്യം രസാത്മകം കാവ്യം.' രസാത്മകമായ വാക്യമാണ് കാവ്യം. അനുയോജ്യമായ വാക്കുകളെ തമ്മിലിണക്കുന്നതിലാണ് കവിതയുള്ളത്. ഇന്ന ഭാഷയിലെ എന്നില്ല. വാക്കുകളുടെ കൂടിച്ചേരലാണ് പ്രധാനം. എന്നിട്ടും അത് മലയാളമായിരിക്കുകയും വേണം. അന്യഭാഷാപദങ്ങളെ മലയാളത്തിന്റെ സ്വന്തമാക്കിത്തീർക്കുകയാണ് ചെയ്യുന്നത്.

- "ര ാം കൂട്ടാനു ാവില്ല
ര ാം ചോറുവിളമ്പില്ല" - എന്നിങ്ങനെയെല്ലാം ഒരു കവിതയിൽ പറയുന്നു ല്ലോ. ബാല്യത്തിൽ സാമ്പത്തികമായ വിഷമതകൾ.....

= സാമ്പത്തികമൊന്നുമല്ല, അന്നതാണ്. ഉ ങ്കിൽ പോലും അത്യാവശ്യത്തിനേ ചെലവൊഴിക്കൂ. മിതമായ രീതിയിൽ ജീവിക്കുക. ഇന്നത്തെ ചെറുപ്പക്കാർക്ക് ഇതൊന്നും ശീലമില്ല.

- കുറെ കവിതകളിൽ രാഷ്ട്രീയക്കാരെ വിമർശിച്ചിട്ടു ല്ലോ?

= രാഷ്ട്രീയക്കാർ രാഷ്ട്രത്തെ സേവിക്കേ വരാണ്. എന്നാൽ നമ്മുടെ നേതാക്കന്മാർക്ക് സ്വന്തം സുഖത്തിൽ മാത്രമാണാഗ്രഹം. ഇനിയുമിനിയും സുഖം നേടുക എന്നതു മാത്രമാണ് ലക്ഷ്യം. താൻ കഴിഞ്ഞാൽ മക്കൾ - മക്കൾ കഴിഞ്ഞാൽ മക്കളുടെ മക്കൾ എന്നിങ്ങനെയെല്ലാം.

- "കപടലോകത്തിലെന്നുടെ കാപട്യം
സകലരും കാണ്മതാണെൻ പരാജയം"

"ഈലോകം കാണുന്നേരം
മോക്കാനം വന്നീടുന്നു
െ ങ്കിലും ഛർദിക്കുവാൻ
വയ്യെന്റെ മുഖത്താകും"
-ലോകം ഇത്രയ്ക്ക് ചീത്തയാണോ?

= ചീത്തത് ചീത്തയാണ് എന്നു പറയാൻ കഴിവുവേ . ചീത്തതിനെ നന്നാക്കി എടുക്കാനാണ് കഴിവു വേ ത്. ചീത്തത് ചൂ ിക്കാണിക്കുന്നത് അതിനെ നന്നാക്കാനാണ്.

- 'നാനൃഷികവി'-ഋഷിയല്ലാത്തവൻ കവിയല്ല എന്നു ല്ലോ. ലോകജീവിതത്തിൽ അങ്ങേയറ്റം മുഴുകിയിരിക്കുമ്പോഴും അതിൽ നിന്നും വിട്ടുനിൽക്കാനുള്ള ഋഷിതുല്യമായ കവിത്വം ഏകാന്തജീവിതത്തിൽ നിന്നും സ്വായത്തമാക്കിയതാണോ?

= അതും സഹായിച്ചിട്ടു ്. അല്ലെങ്കിൽ പ്രാരാബ്ധങ്ങൾക്കിടയിൽപെട്ട് അത് നഷ്ടപ്പെട്ടുപോവുമായിരുന്നു.

- ബാലപംക്തി കൈകാര്യം ചെയ്തതും അദ്ധ്യാപക വൃത്തിയുമെല്ലാം കാവ്യജീവിതത്തെ വളരെ സഹായിച്ചിട്ടു ായിരിക്കുമല്ലോ?

= വളരെയധികം. കലാപരമായ വാസനയെല്ലാം വളർത്തിയെടുത്തത് അദ്ധ്യാപകജീവിതത്തിൽ നിന്നാണ്. വൈദ്യനാകാനിറങ്ങിയ എന്നെ അദ്ധ്യാപകനാക്കിയത് വിധിയാണ്. അദ്ധ്യാപകജോലിക്കിടയിലാണ് മാരാരെ ക ുമുട്ടിയതും കവിതാരചനയിൽ ആ ബന്ധം പ്രചോദകമായിത്തീർന്നതും. 'മാതൃഭൂമി'യിൽ "കുട്ടേട്ട"നായി ബാലപംക്തി കൈകാര്യം ചെയ്യുന്നത് ഞാനാണെന്ന് ആർക്കും അറിയില്ലായിരുന്നു. ഒരു പ്രസംഗവേദിയിൽ നിറഞ്ഞ സദസ്സിൽ വെച്ച് എം. ടി. യാണത് പരസ്യമാക്കിയത്. ബാലപംക്തിയുടെ മുകളിൽ വരാറുള്ള കുറിപ്പുകൾക്കായി ആകാംക്ഷയോടെ കാത്തിരുന്നവരു ായിരുന്നു.

- പ്രാചീന കവികളിൽ മാഷെ ഏറ്റവും സ്വാധീനിച്ചതാരെല്ലാമാണ്?

= നമ്പ്യാർ വളരെ സ്വാധീനിച്ചിട്ടു ്. ആറാം ക്ലാസ്സിൽ പഠിക്കുമ്പോൾ ഒരു തുള്ളൽ രചിക്കുകയു ായി. കൂടാതെ എഴുത്തച്ഛനും ചെറുശ്ശേരിയും വടക്കൻ പാട്ടുകളുമെല്ലാം എന്നെ ആകർഷിച്ചു.

- കുഞ്ഞുണ്ണിക്കവിതയിലെ നർമ്മത്തിന് നമ്പൂതിരി, മാപ്പിള ഫലിതങ്ങളോട് സാദൃശ്യമില്ലേ?

= തീർച്ചയായും. അയിത്തം നിലനിന്നിരുന്ന ര ് വർഗ്ഗക്കാരാണ് നമ്പൂതിരിയും മാപ്പിളയും. കൃസ്ത്യാനിക്ക് മാത്രം അതില്ല.

"തൈലാദിവസ്തുക്കളശുദ്ധമായാൽ
പൗലോസിനെക്കൊ ് തൊടീച്ചെടുക്കാം"
എന്നാണല്ലോ. തികച്ചും സ്വതസ്സിദ്ധമായ അവരുടെ നർമ്മം എന്നെ വളരെ ആകർഷിച്ചിട്ടു ്.

- സ്ത്രീകളെ അല്പം പരിഹാസത്തോടെയാണ് മിക്ക കവിതകളിലും നോക്കിക്കാണുന്നത്.

"എം. എ. കഴിഞ്ഞാലും
അമ്മയായാലും
പെണ്ണെന്നും പെണ്ണുതന്നെ"

"മുടിക്കുമല്ലോ പെണ്ണുങ്ങൾ
മുടിയുള്ളതു കാരണം
മുലയുള്ളതു കാരണം"

"അമ്മേ മോനൊരു പാഷം
മോനേ അമ്മയ്ക്കൊരുമ്മ" - എന്നിങ്ങനെയെല്ലാം?

= അങ്ങനെയുമു ാ?
"നന്മയൊക്കെയുമമ്മ
അമ്മ നന്മ
നന്മയമ്മ" - ഇങ്ങനെയും ഞാൻ എഴുതിയിട്ടു ്.

- ലേഖനമെഴുതുമ്പോഴും കവിതയെഴുതുമ്പോഴും ഒരേ അനുഭവമാണോ ഉ ാകാറുള്ളത്?

= ഒരേ അനുഭവം തന്നെ - ഒരേ ആനന്ദം തന്നെ ഉ ാകുന്നു. 'ഗദ്യം കവീനാം നികഷം വദന്തി' - ഗദ്യമാണ് കവിത്വത്തിന്റെ ഉരകല്ല് - എന്നു ല്ലോ. ഞാൻ തന്നെ ആദ്യം സ്വന്തം കൈപ്പടയിലെഴുതിയ ശേഷം മറ്റുള്ളവർ പകർത്തുകയാണ് പതിവ്.

- മാഷക്ക് കിട്ടിയ അംഗീകാരങ്ങൾ

= ഏഴെണ്ണം കിട്ടി. ആദ്യ പുരസ്കാരം കേരളസാഹിത്യഅക്കാദമിയുടെതായിരുന്നു. എല്ലാവർക്കും അക്ഷരത്തിനു കിട്ടുമ്പോൾ മാഷക്ക് 'അക്ഷരത്തെറ്റി'നാണ് കിട്ടിയത്. പിന്നെയൊന്ന് ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റേതാണ്. ഏതായാലും ഒരു കാര്യം തീർച്ച. ഞാൻ ഒരവാർഡിനു പിന്നാലെയും പോയിട്ടില്ല. അതെന്നെ തേടിവരിക എന്നല്ലാതെ. ആദ്യകാലത്ത് ഒരു വരി, ര ു വരി എങ്ങനെ കവിതയാകുമെന്ന് പലരും നെറ്റിചുളിച്ചെങ്കിലും പതുക്കെ പതുക്കെ അത് അംഗീകരിക്കപ്പെട്ടു. ഇന്നിപ്പോൾ തെലുങ്കിലേക്ക് കുഞ്ഞുണ്ണിക്കവിത തർജ്ജമ ചെയ്യപ്പെട്ടിരിക്കുന്നു. ഇനി നാളെ ഇംഗ്ലീഷിലേക്കും വരുമായിരിക്കും.

## അനുബന്ധം 2

# കുഞ്ഞുണ്ണിയുടെ കൃതികൾ (കാലാനുക്രമത്തിൽ)

1. *കുട്ടികൾ പാടുന്നു.* സ്വന്തമായി അച്ചടിച്ചിറക്കിയ പുസ്തകം (എ. കുഞ്ഞുണ്ണിനായർ എന്ന പേരിൽ). വിതരണം: കോഴിക്കോട്: പി. കെ. ബ്രദേഴ്സ്, 1951.
2. *ഓണപ്പാട്ടുകൾ.* (എ. കുഞ്ഞുണ്ണിനായർ എന്ന പേരിൽ). കോഴിക്കോട്: പി. കെ. ബ്രദേഴ്സ്, 1953.
3. *200 കടംകഥകൾ.* കോഴിക്കോട്: കെ. ആർ ബ്രദേഴ്സ്, 1954.
4. *ഉ നും ഉ ിയും.* കോഴിക്കോട്: പി.കെ. ബ്രദേഴ്സ്, 1955.
5. *അമൃതകഥകൾ.* കോഴിക്കോട്: പി.കെ. ബ്രദേഴ്സ്, 1955.
6. *ഒലയ്ക്കവും ഇരട്ടമരണവും.* കോഴിക്കോട്: പി.കെ. ബ്രദേഴ്സ്, 1955.
7. *കലാകദംബം.* കോഴിക്കോട്: പി.കെ. ബ്രദേഴ്സ്, 1955.
8. *നല്ല കഥകൾ.* അവതാരിക: സ്വാമി വിപാപ്മാനന്ദ. കോഴിക്കോട്: പി.കെ. ബ്രദേഴ്സ്, 1955.
9. *നാടും വീടും.* കോഴിക്കോട്: പി.കെ. ബ്രദേഴ്സ്, 1955.
10. *മുത്തശ്ശി കഥ പറയുന്നു.* കോഴിക്കോട്: പി.കെ. ബ്രദേഴ്സ്, 1955.
11. *ഗോവിന്ദദാമോദരസ്തോത്രം.* ഗുരുവായൂർ: ശാന്ത ബുക്സ്റ്റാൾ, 1955.
12. *പഴങ്കഥകൾ.* കോഴിക്കോട്: പി.കെ. ബ്രദേഴ്സ്, 1955.
13. *കഥാസൂക്തങ്ങൾ.* അവതാരിക: വാഗീശ്വരാനന്ദസ്വാമി. കോഴിക്കോട്: പി.കെ. ബ്രദേഴ്സ്, 1956.
14. *കുട്ടികൾക്ക് കുറച്ചു കളികൾ.* കോഴിക്കോട്: പി.കെ. ബ്രദേഴ്സ്, 1957.
15. *തിരഞ്ഞെടുത്ത പഴഞ്ചൊല്ലുകൾ.* കോഴിക്കോട്: പി.കെ. ബ്രദേഴ്സ്, 1957.
16. *മനുഷ്യചിത്രങ്ങൾ.* കോഴിക്കോട്: പി. കെ. ബ്രദേഴ്സ്, 1957.
17. *വസുമതി. തുറവൂർ:* നരസിംഹവിലാസം ബുക് ഡിപ്പോ, 1957.
18. *വാർഷികോത്സവം.* കോഴിക്കോട്: പി, കെ. ബ്രദേഴ്സ്, 1957.
19. *ഞങ്ങൾ വളരുന്നു.* (കുഞ്ഞുണ്ണിയും മണിയനും ചേർന്നെഴുതിയത്) കോഴിക്കോട്: കേരള ബുക്ക് ഡിപ്പോ, 1958.
20. *കളിക്കോപ്പ്.* കോഴിക്കോട്: പി, കെ. ബ്രദേഴ്സ്, 1959.
21. *കുട്ടമ്മാമനും കൊട്ടാരവും.* കോഴിക്കോട്: പി, കെ. ബ്രദേഴ്സ്, 1959.
22. *പുലിവാല്.* കോഴിക്കോട്: പി, കെ. ബ്രദേഴ്സ്, 1959.
23. *കുട്ടിക്കവിതകൾ.* പാലക്കാട്: ഉദയം, 1960.
24. *തിരഞ്ഞെടുത്ത കടംകഥകൾ.* കോഴിക്കോട്: പി, കെ. ബ്രദേഴ്സ്, 1960.
25. *പ ്പ ്.* കോഴിക്കോട്: പി.കെ. ബ്രദേഴ്സ്, 1960.
26. *കേട്ടെഴുത്ത്.* കോഴിക്കോട്: പി, കെ. ബ്രദേഴ്സ്, 1950-60നും ഇടയ്ക്ക്.
27. *നോൺസെൻസ് കവിതകൾ.* കോഴിക്കോട്: പി, കെ. ബ്രദേഴ്സ്, 1961.

28. *ഊണുതൊട്ട് ഉറക്കം വരെ.* കോട്ടയം: എൻ. ബി. എസ്, 1964.

29. *പതിനഞ്ചും പതിനഞ്ചും.* കോട്ടയം: സാഹിത്യപ്രവർത്തകസഹകരണസംഘം, 1966.

30. *പാട്ടുകൾ പുതിയതും പഴയതും.* കോഴിക്കോട്: പി, കെ. ബ്രദേഴ്സ്, 1966.

31. *കളിവ 1.* കുഞ്ഞുണ്ണി, പി. നാരായണക്കുറുപ്പ്, തോന്നയ്ക്കൽ നാരായണൻ എന്നിവർ കുട്ടികൾക്കായി എഴുതിയ കവിതകൾ. കോട്ടയം: സാഹിത്യപ്രവർത്തകസഹകരണസംഘം, 1968.

32. *കുഞ്ഞുണ്ണിയുടെ കവിതകൾ.* അവതാരിക: കെ പി. ശങ്കരൻ. കോട്ടയം: എൻ. ബി. എസ്സ്, 1969.

33. അക്ഷരത്തെറ്റ്. അവതാരിക: ആർ. രാമചന്ദ്രൻ നായർ. തിരുവനന്തപുരം: കേരളഗ്രന്ഥശാലാസഹകരണസംഘം, 1976.

34. *കവിത.* അവതാരിക: പി.കെ. ബാലകൃഷ്ണൻ. ആമുഖപഠനം: ബി. രാജീവൻ.പരപ്പനങ്ങാടി: കേരളകവിതാഗ്രന്ഥവരി, 1976.

35. *വിത്തും മുത്തും.* തൃശ്ശൂർ: കേരളസാഹിത്യഅക്കാദമി, 1978.

36. *കടംകഥകൾ* അവതാരിക: വേണുഗോപാലപ്പണിക്കർ. തൃശ്ശൂർ: കേരളസാഹിത്യഅക്കാദമി, 1981.

37. *കുറ്റിപ്പെൻസിൽ.* അവതാരിക: നരേന്ദ്രപ്രസാദ്. കോട്ടയം: ഡി.സി. ബുക്സ്, 1982.

38. *അറിവ്,* തിരുവനന്തപുരം: ചിന്ത പബ്ലിഷേഴ്സ്, 1982.

39. *വലിയ കുട്ടിക്കവിതകൾ.* കോട്ടയം: ഡി.സി. ബുക്സ്, 1983.

40. *കുഞ്ഞുണ്ണിക്കവിതകൾ* (സമ്പൂർണ്ണകവിതാസമാഹാരം). അവതാരിക: എം. എൻ കാരശ്ശേരി. കോഴിക്കോട്: പ്രതിഭ ബുക്സ്, 1984. 1987 മുതൽ എസ്. കെ. വസന്തന്റെ പഠനസഹിതം പുനഃപ്രകാശനം. കോട്ടയം: കറന്റ് ബുക്സ്.

41. *മൂന്നൂറ് കടംകഥകൾ.* ഇരിങ്ങാലക്കുട: എസ്.എം. പബ്ലിക്കേഷൻസ്, 1984.

42. *രാഷ്ട്രീയം.* കോട്ടയം: ഡി.സി. ബുക്സ്, 1984.

43. *എന്നിലൂടെ.* ഗുരുവായൂർ: ശിഖ, 1985.

44. *അപ്പൂപ്പൻതാടി.* കോട്ടയം: സാഹിത്യപ്രവർത്തകസഹകരണസംഘം, 1985.

45. *കിങ്ങിണിക്കവിതകൾ.* കോട്ടയം: സാഹിത്യപ്രവർത്തകസഹകരണസംഘം, 1986.

46. *കുഞ്ഞുണ്ണിമാഷും കുട്ട്യോളും.* കോഴിക്കോട്: അൽഹുദാ ബുക്സ്റ്റാൾ, 1986.

47. *വലിയവനാവാൻ.* കോഴിക്കോട് : പി.കെ. ബ്രദേഴ്സ്, 1986.

48. *നമ്പൂരി ഫലിതങ്ങൾ* (1-ാം വാല്യം). അവതാരിക: എൻ. എം. നമ്പൂതിരി. ആമുഖപഠനം: പി. മാധവൻ. വിതരണം: കോട്ടയം: എൻ. ബി. എസ്, 1987.

49. *നമ്പൂരിഫലിതങ്ങൾ* (2-ാം വാല്യം). അവതാരിക. കെ. സി. നാരായണൻ. വിതരണം: കോട്ടയം: എൻ. ബി. എസ്, 1988.

50. *ചെറിയ കുട്ടിക്കവിതകൾ.* കോട്ടയം: കറന്റ് ബുക്സ്, 1989.

51. *നാടൻകുട്ടിക്കവിതകൾ.* ഗുരുവായൂർ: തീരഭൂമി ബുക്സ്, 1989.

52. *നമ്പൂരിഫലിതങ്ങൾ* (ര ് വാല്യം ഒന്നിച്ച്). അവതാരിക: എൻ. എം. നമ്പൂതിരി. ആമുഖപഠനം: പി. മാധവൻ, കെ.സി. നാരായണൻ. കോട്ടയം: സാഹിത്യപ്രവർത്തകസഹകരണസംഘം, 1991.

53. അരക്കച്ചാരും രസികച്ചാരും. കോഴിക്കോട്: പി. കെ. ബ്രദേഴ്സ്, 1992.

54. *കളിക്കളം.* കോഴിക്കോട്: പി. കെ. ബ്രദേഴ്സ്, 1992.

55. *പലതരം കഥകളും കാവ്യങ്ങളും.* അനുബന്ധപഠനം. കെ.എസ്. പ്രകാശ്, കൊല്ലം: ഇംപ്രിന്റ്, 1992.

56. *തിരഞ്ഞെടുത്ത പഴഞ്ചൊല്ലുകൾ.* 1957 ലെ പുസ്തകത്തിന്റെ പരിഷ്ക്കരിച്ച പതിപ്പ്, കോഴിക്കോട്: പി കെ. ബ്രദേഴ്സ്, 1992.

57. *നടത്തം.* എടപ്പാൾ: ഭൂമിക ബുക്സ്, 1992.

58. *വാതിൽ.* കോഴിക്കോട് : ഗുരു പബ്ലിക്കേഷൻസ്, 1993.

59. *കുട്ടികൾക്ക് കുറെ കടംകഥകൾ.* ഫറോക്ക്: സോണ ബുക്സ്, 1994.

60. *കുഞ്ഞിക്കവിതകൾ.* തിരുവനന്തപുരം: ബാലസാഹിത്യഇൻസ്റ്റിറ്റ്യൂട്ട്, 1995.

61. *പഴംകവിതകൾ.* കോഴിക്കോട്: ബാലസാഹിത്യപ്രകാശൻ, 1996.

62. *മൊഴിമുത്തുകൾ.* അവതാരിക: ഡോ. കെ. എസ്. രാധാകൃഷ്ണൻ. കൊച്ചി: കുരുക്ഷേത്രപ്രകാശൻ, 1996.

63. *കിലുകിലുക്കാംപെട്ടി.* തിരുവനന്തപുരം: ബാലസാഹിത്യഇൻസ്റ്റിറ്റ്യൂട്ട്, 1998.

64. *ചക്കരപ്പാവ.* തിരുവനന്തപുരം: ബാലസാഹിത്യഇൻസ്റ്റിറ്റ്യൂട്ട്, 1998.

65. *കദളിപ്പഴം.* തിരുവനന്തപുരം: ബാലസാഹിത്യഇൻസ്റ്റിറ്റ്യൂട്ട്, 1998.

66. *വരകളും വരികളും.* കോഴിക്കോട്: ബാലസാഹിതീപ്രകാശൻ, 1998.

67. *അടിയും പൊടിയും.* തൃശ്ശൂർ: കറന്റ് ബുക്സ്, 1999.

68. *പഴഞ്ചൊല്ലിൽ പതിരില്ല.* തിരുവനന്തപുരം: കെ. എസ്.ടി.എ. സംസ്ഥാനകമ്മിറ്റി, 2000.

69. *കുഞ്ഞുണ്ണിക്കുറിപ്പുകൾ.* കോട്ടയം: കറന്റ് ബുക്സ്, 2001.

70. *കുറുങ്കവിതകൾ.* അവതാരിക: ജോർജ്ജ് ഇമ്മട്ടി. തൃശ്ശൂർ: എച്ച് &, സി പബ്ലിഷിങ് ഹൗസ്, 2001.

71. *സ്നേഹാമൃതം.* തൃശ്ശൂർ: എച്ച് & സി പബ്ലീഷിങ് ഹൗസ്, 2001.

72. *പാളയിൽ നിന്ന് പ്ലാസ്റ്റിക്കിലേക്ക്.* കോഴിക്കോട്: സെന്റ് ജൂഡ് ബുക്സ്, 2001.

73. *ഭജഗോവിന്ദം.* കോഴിക്കോട്: സായികൃപപ്രസാധനം, 2001.

74. *കിഴവമൊഴി.* കോഴിക്കോട്: മാരാർ സാഹിത്യപ്രകാശം, 2002.

75. *ബാലപ്രബന്ധങ്ങൾ.* തൃശ്ശൂർ: കറന്റ് ബുക്സ്, 2002.

76. *പഴമൊഴിപ്പത്തായം.* കോട്ടയം: കറന്റ് ബുക്സ്, 2003.

77. *കയ്യെഴുത്തും തലേലെഴുത്തും.* തൃശ്ശൂർ: എച്ച് & സി പബ്ലിക്കേഷൻസ്, 2003.

78. *കുഞ്ഞുണ്ണിയുടെ കുഞ്ഞിക്കവിതകൾ.* കോഴിക്കോട്: മാരാർ സാഹിത്യപ്രകാശം, 2004.

79. *കുഞ്ഞുണ്ണിമാഷുടെ ലോകം.* അവതാരിക: സി. ആർ. ദാസ്, മണ്ണുത്തി: പുലരി ബുക്സ്, 2004.

80. *കുട്ടേട്ടന്റെ കുറിപ്പുകൾ.* എഡിറ്റർ: ലത്തീഷ് പറമ്പിൽ. കോഴിക്കോട്: ലിപി പബ്ലിക്കേഷൻസ്, 2004.

81. *പരീക്ഷ, പാസ്മാർക്ക്.* 'പാളയിൽ നിന്ന് പ്ലാസ്റ്റിക്കിലേക്ക്' എന്ന പുസ്തകത്തിന്റെ പരിഷ്ക്കരിച്ച പതിപ്പ്, അവതാരിക: സത്താർ കിണാശ്ശേരി. കോഴിക്കോട്: സെന്റ് ജൂഡ് ബുക്സ്, 2004.

82. *കുഞ്ഞുണ്ണിമാഷിന്റെ സമ്മാനപ്പുസ്തകം,* കോട്ടയം: ഡി. സി. ബുക്സ്, 2004.

83. *കുട്ടികളുടെ നിഘ ു.* കോട്ടയം: ഡി. സി. ബുക്സ്, 2005.

84. *കുഞ്ഞുണ്ണിരാമായണം.* കോഴിക്കോട്: പൂർണ്ണപബ്ലിക്കേഷൻസ്, 2005.

85. *കുഞ്ഞുണ്ണിക്കൃതികൾ - വാല്യം* ക. അവതാരിക: എം. എൻ കാരശ്ശേരി, പഠനം: കെ. ആർ. ടോണി. കോട്ടയം: ഡി.സി. ബുക്സ്, 2006.

86. *കുഞ്ഞുണ്ണിക്കൃതികൾ - വാല്യം* കക. കോട്ടയം: ഡി. സി. ബുക്സ്, 2006.

87. *നല്ലതുപോലെ പഠിക്കാനുള്ള കുഞ്ഞുസൂത്രങ്ങൾ.* കോട്ടയം: ഡി. സി. ബുക്സ്, 2007.

88. *കുന്നോളം വലുപ്പമുള്ള കുഞ്ഞുകഥകൾ.* കോട്ടയം: ഡി. സി. ബുക്സ്, 2007.

**വിവർത്തനങ്ങൾ**

1. ആനന്ദകുമാർ. *കുഞ്ഞുണ്ണിക്കവിതകൾ* (തമിഴ് വിവർത്തനം) മധുര: മധുരകാമരാജ് യൂ.സിറ്റി. 1996.

2. ഗിരിപ്രകാശ്, ടി.എസ്. *കുഞ്ഞുണ്ണിക്കവിത,* (തെലുങ്ക് വിവർത്തനം) മധുര: മധുര കാമരാജ് യൂ.സിറ്റി, 2003.

## അനുബന്ധം 3

# കുഞ്ഞുണ്ണി - ജീവചരിത്രക്കുറിപ്പ്

1927 മെയ് 10 നു തൃശ്ശൂർ ജില്ലയിൽ വലപ്പാട് അതിയാരത്ത് നാരായണിയമ്മയുടെയും ഞായപ്പിള്ളി ഇല്ലത്ത് നീകണ്ഠൻ മൂസ്സതിന്റെയും മകനായി ജനിച്ചു. പതിനൊന്നാം വയസ്സിൽ അമ്മ മരിച്ചു. തൃപ്രയാർ ബോയ്സ് ഹയർ സെക്കെന്ററി സ്ക്കൂൾ, വലപ്പാട് സെന്റ് സെബാസ്റ്റ്യൻ സ്ക്കൂൾ എന്നിവിടങ്ങളിലായിരുന്നു സ്ക്കൂൾ വിദ്യാഭ്യാസം. അച്ഛനും അമ്മാമൻമാരുമെല്ലാം വൈദ്യന്മാരായിരുന്നതിനാൽ പത്താം ക്ലാസ്സ് കഴിഞ്ഞ് അല്പം വൈദ്യം പഠിച്ച് വൈദ്യശാല നടത്തി. പിന്നീട് വൈദ്യം ഉപേക്ഷിച്ച് പാലക്കാട് ഗവ:ടെയിനിങ്ങ് സ്ക്കൂളിൽ ടി.ടി.സി.ക്ക് ചേർന്നു (1947 - 49). ര ് വർഷം ചേളാരി എ.യു.പി സ്ക്കൂളിലും പിന്നീട് രാമനാട്ടുകര മിഡിൽ സ്ക്കൂളിലും അദ്ധ്യാപകനായി ജോലി ചെയ്തു. 1953 മുതൽ 1982 ൽ വിരമിക്കും വരെ മുപ്പതു കൊല്ലത്തോളം കോഴിക്കോട് രാമകൃഷ്ണമിഷൻ സ്ക്കൂളിൽ അദ്ധ്യാപകനായി. ആദ്യത്തെ കുറച്ചു വർഷങ്ങളിൽ അവിടെ സ്കൗട്ട് മാഷായിരുന്നിട്ടു ്. അതിനിടയിൽ മലയാളം വിദ്വാൻ പരീക്ഷ ജയിച്ച് മലയാളം അദ്ധ്യാപകനായി. കവിതകളും കഥകളും ലേഖനങ്ങളുമെഴുതി. മാതൃഭൂമിയിൽ 'കുട്ടേട്ടൻ' എന്ന പേരിൽ ബാലപംക്തി കൈകാര്യം ചെയ്തു. ആദ്യകാലത്ത് എ. കുഞ്ഞുണ്ണിനായർ എന്ന പേരിലാണ് കൃതികൾ രചിച്ചത്.

രാമകൃഷ്ണാശ്രമത്തിനടുത്ത് താമസിച്ചിരുന്ന കുട്ടികൃഷ്ണമാരാരുമായുള്ള സമ്പർക്കം സാഹിത്യാഭിരുചി വികസിപ്പിച്ചു. മാതൃഭൂമിയും എൻ.വി. കൃഷ്ണവാരിയരുമായുള്ള ബന്ധമാണ് സാഹിത്യപ്രവർത്തനങ്ങളെ പ്രചോദിപ്പിച്ച മറ്റൊരു ഘടകം. സ്ക്കൂളിൽ നിന്നും വിരമിച്ച ശേഷവും വായനയും എഴുത്തുമായി അഞ്ച് വർഷത്തോളം ആശ്രമത്തിൽ തന്നെ കഴിഞ്ഞു. പിന്നീട് ഹൃദയ സംബന്ധമായ അസുഖത്തെതുടർന്ന് വലപ്പാട്ടേക്ക് തിരിച്ചു ചെന്ന് അവിടെ വീടു വെച്ച് താമസമാക്കി. അവിവാഹിതനായിരുന്നു.

രോഗാതുരമായ ബാല്യമാണ് കുഞ്ഞുണ്ണിക്കു ായിരുന്നത്. വരട്ടുചൊറിയും ഗ്രഹണിയും കാർന്നുതിന്ന ബാല്യത്തിൽ നിന്നും നേരെ വാർദ്ധക്യത്തിലേക്കായിരുന്നു തന്റെ വളർച്ചയെന്ന് അദ്ദേഹം

സ്മരിച്ചിട്ടു ്. ചെറുശ്ശേരി, എഴുത്തച്ഛൻ, കുഞ്ചൻനമ്പ്യാർ, പൂന്താനം തുടങ്ങിയ പ്രാചീന കവികളും വടക്കൻപാട്ടുകളും അമ്മയും പെങ്ങന്മാരും ചൊല്ലിക്കേട്ട നാടൻപാട്ടുകളും തിരുവാതിരപ്പാട്ടുകളും അച്ഛനിൽ നിന്നും കേട്ട കഥകളും കടംകഥകളും ആറ് - ഏഴ് ക്ലാസ്സുകളിൽ പഠിക്കുമ്പോൾ തുള്ളലിലെ നല്ല ഭാഗങ്ങൾ തെരഞ്ഞെടുത്ത് ഈണത്തിൽ വായിച്ചു കൊടുക്കാറു ായിരുന്ന മാധവൻമാഷും ധാരാളം പുസ്തകങ്ങൾ വായിക്കാൻ പ്രേരിപ്പിച്ച നാരായണൻമാഷും അമ്മാമന്റെ വിപുലമായ ഗ്രന്ഥശേഖരവുമെല്ലാം കുഞ്ഞുണ്ണിയുടെ കാവ്യാഭിരുചിയെ പരിപോഷിപ്പിച്ചു. അച്ഛന് സംസ്കൃതകാവ്യ രചനയിൽ നല്ല വാസനയും ഉ ായിരുന്നു.

പതിനൊന്നാം വയസ്സിൽ ആറാം ക്ലാസ്സിൽ പഠിക്കുമ്പോൾ മൂത്തച്ചേച്ചിയുടെ കോളേജ് മാഗസിനിലെ ഒരു കവിതയെ അനുകരിച്ചെഴുതിയതാണ് കുഞ്ഞുണ്ണിയുടെ ആദ്യകവിത. ഹൈസ്ക്കൂൾ വിദ്യാഭ്യാസകാലത്ത് അടിമത്തത്തെയും സ്വാതന്ത്ര്യത്തെയും കുറിച്ചെഴുതിയതാണ് പ്രഥമ ലേഖനം. പത്താം ക്ലാസ്സിൽ പഠിക്കുമ്പോൾ സ്ക്കൂൾ വാർഷികത്തിൽ 'കൺട്രോൾ യുഗപ്രപഞ്ചം' എന്ന പേരിൽ ഒരു തുള്ളൽ എഴുതി അവതരിപ്പിച്ചതും അദ്ധ്യാപകനായിരിക്കെ 'മുട്ടോളം കേറീലോ ചോണനുറുമ്പ്' എന്നു തുടങ്ങുന്ന നാടൻപാട്ട് സോളോ ഡാൻസായി അവതരിപ്പിച്ചതുമെല്ലാമായിരുന്നു ആദ്യകാല കലാപ്രവർത്തനങ്ങൾ. സന്താനനിയന്ത്രണം, ലഘുസമ്പാദ്യപദ്ധതി, മദ്യവർജ്ജനം എന്നിവ വിഷയമാക്കി അദ്ധ്യാപകനായിരിക്കെ മൂന്നു തുള്ളൽ കൂടി എഴുതിയിട്ടു ്. ഒരു നോവലും കൂടി എഴുതിയുട്ടുെ ങ്കിലും അദ്ദേഹവും പെങ്ങളുമല്ലാതെ മറ്റാരും അത് വായിച്ചിട്ടില്ല. കവിതകളും ലേഖനങ്ങളും ചെറുകഥകളും ആത്മകഥയും (എന്നിലൂടെ) സമാഹരിച്ച നാടൻപാട്ടുകളും കടംകഥകളും പഴഞ്ചൊല്ലുകളും ഫലിതങ്ങളുമെല്ലാമായി എൺപതിലധികം കൃതികൾ അദ്ദേഹത്തിനു ്. തമിഴ്, തെലുങ്ക് എന്നീ ഭാഷകളിലെല്ലാം കുഞ്ഞുണ്ണിക്കവിതകൾ വിവർത്തനം ചെയ്യപ്പെട്ടിട്ടു ്.

വേഷത്തിലും വാക്കിലും ലളിതവും സ്വതന്ത്രവുമായ വ്യക്തിത്വം നിലനിർത്തിയിരുന്നു അദ്ദേഹം. നല്ലൊരു പാചകക്കാരനും ഭക്ഷണപ്രിയനും കൂടിയായ കുഞ്ഞുണ്ണി വിവിധ ഭക്ഷണവിഭവങ്ങളെക്കുറിച്ച് ധാരാളം ലേഖനങ്ങളെഴുതിയിട്ടു ്. വളപ്പൊട്ടുകളും കുപ്പായകുടുക്കുകളും ശേഖരിക്കുന്നത് കവിയുടെ ഇഷ്ടവിനോദമായിരുന്നു. ഒരു ചിത്രകാരൻകൂടിയായിരുന്ന കുഞ്ഞുണ്ണി തന്റെ പല കൃതികൾക്കും വേ ി ചിത്രരചന നിർവഹിച്ചിട്ടു ്. 'അമ്മാനക്കിളി' എന്ന സിനിമയ്ക്ക് (സംവിധാനം: രാജീവ് അഞ്ചൽ) ഗാനമെഴുതിയിട്ടു ്. കോഴിക്കോട് ആകാശവാണിയിലും വൈവിധ്യമാർന്ന പല പരിപാടികളും അവതരിപ്പിച്ചിട്ടു ്. ടി.എ. റസാഖ് തിരക്കഥയെഴുതി, കമൽ സംവിധാനം ചെയ്ത 'ഭൂമിഗീതം' എന്ന സിനിമയിൽ അഭിനയിച്ചിട്ടു ്. 1974ൽ 'അക്ഷരത്തെറ്റ്' എന്ന കൃതിക്ക് കേരളസാഹിത്യഅക്കാദമി അവാർഡ്, 1982- ൽ 'കുഞ്ഞിക്കവിതകൾ'എന്ന കൃതിക്ക് ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രഥമപുരസ്ക്കാരം, 1984ൽകുഞ്ഞുണ്ണിക്കവിതകൾ (സമ്പൂ) കിട്ടിയ കേരളസാഹിത്യഅക്കാദമി അവാർഡ്, 1996 ൽ സമഗ്രസംഭാവനയ്ക്കുള്ള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ അവാർഡ്, 2002ലെ വാഴക്കുന്നം അവാർഡ്, 2002 ൽ കേരള സാഹിത്യ അക്കാദമിയുടെ സമഗ്രസംഭാവനയ്ക്കുള്ള പുരസ്ക്കാരം, 2003 ലെ വി. എം. കേശവൻനായർ പുരസ്ക്കാരം, (ടോംയാസ് അവാർഡ്), 2003ലെ ഖത്തർ മലയാളി സമാജം അവാർഡ് എന്നിങ്ങനെ നിരവധി അംഗീകാരങ്ങൾ ലഭിച്ചിട്ടു ്. 1995ൽ ബാലഗോകുലം 'കേരള സാന്ദീപനി' എന്ന ബഹുമതി നല്കി ആദരിച്ചു. ഗോകർണ്ണം, കാശി, ഹിമാലയം തുടങ്ങിയ സ്ഥലങ്ങളിൽ തീർത്ഥയാത്ര നടത്തിയിട്ടുള്ള കുഞ്ഞുണ്ണി,

ദുബായ്, അബുദാബി, ഷാർജ, അലൈൻ, റാസൽഖൈമ തുടങ്ങിയ ഗൾഫ് നാടുകളും സന്ദർശിച്ചിട്ടു ് (1989).

'കുന്നിക്കുരുവിന്റെ കൂട്ടുകാരൻ' (തിരക്കഥ: താഹമാടായി, സംവിധാനം: പ്രമോദ് പയ്യന്നൂർ) എന്ന പേരിൽ കൈരളി ടി.വി.യിൽ കുഞ്ഞുണ്ണിയെപ്പറ്റി ടെലിവിഷൻ ഡോക്യുമെന്ററി (2003) വന്നിട്ടു ്. തിരുവനന്തപുരം ദൂരദർശനും കുഞ്ഞുണ്ണിയുടെ കുട്ടികളോടൊപ്പമുള്ള സദസ്സുകൾ നിരവധി തവണ സംപ്രേക്ഷണം ചെയ്തിട്ടു ്. മനോരമ മ്യൂസിക് 'കൽക്ക ം' എന്ന പേരിൽ കവി തന്നെ ആലപിച്ച കുഞ്ഞുണ്ണിക്കവിതകളും ആനിമേഷൻ ചിത്രങ്ങളും കവിതകളും അടങ്ങുന്ന ഡി. വി. ഡി. പുറത്തിറക്കിയിട്ടു ് (2007). ധാരാളം കവിയരങ്ങുകളിലും പങ്കെടുത്തിട്ടു ്. 2006 മാർച്ച് 26ന് വാർദ്ധക്യസഹജമായ അസുഖത്തെത്തുടർന്ന് വലപ്പാട്ട് അന്തരിച്ചു.

# അനുബന്ധം 4

# കുഞ്ഞുണ്ണിയെക്കുറിച്ചുവന്ന പഠനങ്ങൾ


**1. ഗ്രന്ഥങ്ങൾ**

1. കാരശ്ശേരി, എം. എൻ. *കുഞ്ഞുണ്ണി - ലോകവും കോലവും.* ശുകപുരം: വള്ളത്തോൾ വിദ്യാപീഠം, 2008.
2. ഗോപി പുതുക്കോട്. എഡി: *ഞാനറിയുന്ന കുഞ്ഞുണ്ണിമാഷ്.* ബാലസാഹിതീ പ്രകാശൻ, 2006.
3. ജയശീലൻ, പി. ആർ. *കുഞ്ഞുണ്ണിമാഷ്: ജീവിതവും കൃതികളും.* കാവശ്ശേരി, പാലക്കാട്: ഭാവനാ ബുക്സ്, 2003.
4. താഹ മാടായി. *അശോകച്ചോട്ടിലെ കുഞ്ഞുണ്ണി.* കണ്ണൂർ : മീഡിയാ മാജിക്, 2003.
5. നളിനൻ, എ. പി. *കവിമനസ്സിലൂടെ.* കോഴിക്കോട്: തേജസ്വിനി പ്രസാധനം, മാർച്ച് 2007.
6. രാഘവൻ ഇയ്യത്തുങ്കാട്. *കവിതയിൽ ഒരു വെളിപാട് പുസ്തകം.* കോഴിക്കോട്: ബ്ലൂം, വ?
7. രാധാകൃഷ്ണൻ കിളിരൂർ. *കുസൃതിക്കുഞ്ഞുണ്ണി.* കോഴിക്കോട് : ലിപി പബ്ലിക്കേഷൻസ്, ഡിസം. 2006.
8. ലത്തീഫ് പറമ്പിൽ. എഡി: *കുഞ്ഞുണ്ണിമാഷ് ഓരോർമപുസ്തകം.* കോഴിക്കോട്: പൂർണ്ണപബ്ലിക്കേഷൻസ്, ഒക്ടോബർ 2006.
9. വിജയൻ കുന്നുമ്മക്കര. എഡി: *കുഞ്ഞുണ്ണിമാഷ്.* വടകര: ഫെയ്ത്ത് ബുക്സ് ഇന്റർനാഷണൽ, 2008.
10. സിപ്പി പള്ളിപ്പുറം. *ഒരിടത്തൊരിടത്തൊരു കുഞ്ഞുണ്ണി.* എഡി: സുകുമാരൻ, പി.കെ. വർക്കല: പൂർണ്ണ പ്രിന്റിംങ് & പബ്ലിഷിങ് ഹൗസ്, സപ്തംബർ 2006.

**ഗവേഷണപ്രബന്ധങ്ങൾ**

1. ടോണി, കെ. റാഫേൽ. *കുഞ്ഞുണ്ണിക്കവിത ഒരു പഠനം.* എം. ഫിൽ ഗവേഷണപ്രബന്ധം, മദിരാശി സർവ്വകലാശാല, 1988.
2. പോൾ, പി. വർഗ്ഗീസ്. *കുഞ്ഞുണ്ണിക്കവിതയിലെ പഴഞ്ചൊൽ പാരമ്പര്യം.* എം. ഫിൽ ഗവേഷണപ്രബന്ധം. കോഴിക്കോട് സർവ്വകലാശാല, 1994.
3. രാജശ്രീ, എം. *കുഞ്ഞുണ്ണിക്കവിതയിലെ ഭാഷാശൈലി,* എം.ഫിൽ പ്രബന്ധം, കോഴിക്കോട് സർവ്വകലാശാല, 2005.
4. സുജ, എസ്. തെക്കേഗ്രാമം. *കുഞ്ഞുണ്ണിക്കവിതയിലെ ബോധനോപാധികൾ.* പിഎച്ച്.ഡി. പ്രബന്ധം, കാലിക്കറ്റ് സർവ്വകലാശാല, 2008.


**അവതാരികകൾ, അനുബന്ധപഠനങ്ങൾ**

1. ഉഷ കേശവരാജ്. 'കുട്ടേട്ടനും ഞാനും'. കുട്ടേട്ടന്റെ കുറിപ്പുകൾ. കോഴിക്കോട്: ലിപി പബ്ലിക്കേഷൻസ്, 2004.

2. കാരശ്ശേരി, എം. എൻ. 'കുന്നും കുന്നിക്കുരുവും'. അവതാരിക. *കുഞ്ഞുണ്ണിക്കവിതകൾ.* കുഞ്ഞുണ്ണി. കോട്ടയം: കറന്റ് ബുക്സ്, 1989.

3. കാരശ്ശേരി എം. എൻ. അവതാരിക. *കുഞ്ഞുണ്ണിക്കൃതികൾ,* വാല്യം ക. കോട്ടയം: ഡി.സി. ബുക്സ്, 2006.

4. ജോർജ്ജ് ഇമ്മട്ടി. 'പാടാം പഠിക്കാം രസിക്കാം'. അവതാരിക. *കുറും കവിതകൾ.* കുഞ്ഞുണ്ണി. തൃശ്ശൂർ: എച്ച് & സി പബ്ലിഷിങ് ഹൗസ്, 2001.

5. ടോണി, കെ. ആർ. 'കുഞ്ഞുണ്ണിയെന്ന ഒറ്റവര'. *കുഞ്ഞുണ്ണിക്കൃതികൾ.* വാല്യം ക, കോട്ടയം: ഡി. സി. ബുക്സ്, 2006.

6. ദാസ്, സി. ആർ. അവതാരിക. *കുഞ്ഞുണ്ണിമാഷുടെ ലോകം.* തൃശ്ശൂർ: പുലരി ബുക്സ്, 2004.

7. നരേന്ദ്രപ്രസാദ്. അവതാരിക. *കുറ്റിപ്പെൻസിൽ.* കോട്ടയം: ഡി.സി. ബുക്സ്, 1982.

8. നമ്പൂതിരി, എൻ. എം. 'നമ്പൂരി ഒരു കഥാപാത്രം'. അവതാരിക. *നമ്പൂരിഫലിതങ്ങൾ* (സമ്പാ:). കുഞ്ഞുണ്ണി. കോട്ടയം: ഡി.സി. ബുക്സ്, 2002.

9. നാരായണൻ, കെ. സി. 'ചില പഴയ ചിരികൾ'. *നമ്പൂരി ഫലിതങ്ങൾ* (സമ്പാ:). കുഞ്ഞുണ്ണി. കോട്ടയം: ഡി.സി. ബുക്സ്, 2002.

10. ബാലകൃഷ്ണൻ. പി.കെ. 'കുഞ്ഞുണ്ണിക്കവിത'. അവതാരിക. *കവിത.* കേരളകവിതാഗ്രന്ഥവരി, 1976.

11. മാധവൻ. പി. 'നമ്പൂതിരി ഫലിതം', *നമ്പൂരി ഫലിതങ്ങൾ.* (സമ്പാ:). കുഞ്ഞുണ്ണി. കോട്ടയം: ഡി.സി. ബുക്സ്, 2002.

12. രാജീവൻ. അവതാരിക. *കവിത.* കോട്ടയം: കറന്റ് ബുക്സ്, 1983.

13. രാമചന്ദ്രൻ നായർ, ആർ. അവതാരിക. *അക്ഷരത്തെറ്റ്.* തിരു: ഗ്രന്ഥശാലാസഹകരണസംഘം, 1976.

14. രാധാകൃഷ്ണൻ, കെ. എസ്. 'അഹങ്കാരം വിട്ട ഭാഷ'. അവതാരിക. *മൊഴിമുത്തുകൾ.* കുഞ്ഞുണ്ണി. കൊച്ചി: കുരുക്ഷേത്രപ്രകാശൻ, 2001.

15. ലത്തിഫ് പറമ്പിൽ. 'ഉത്തരായനം'. *കുട്ടേന്റെ കുറിപ്പുകൾ.* കുഞ്ഞുണ്ണി. കോഴിക്കോട്: ലിപി പബ്ലിക്കേഷൻസ്, 2004.

16. വാസുദേവൻ നായർ, എം. ടി. 'കുട്ടേട്ടനും കുഞ്ഞുണ്ണിമാഷും'. അവതാരിക. *കുട്ടേട്ടന്റെ കുറിപ്പുകൾ.* കുഞ്ഞുണ്ണി. എഡി. ലത്തീഫ് പറമ്പിൽ. കോഴിക്കോട്: ലിപി പബ്ലിക്കേഷൻസ്, 2004.

17. വസന്തൻ, എസ്. കെ. 'വാമനനും വിരാട് പുരുഷനും'. അവതാരിക. *കുഞ്ഞുണ്ണിക്കവിതകൾ* (സമ്പൂ:). കുഞ്ഞുണ്ണി. കോട്ടയം: ഡി.സി. ബുക്സ്, 2004.

18. വേണുഗോപാലപ്പണിക്കർ, ടി.ബി. *കടത്തിന്റെ കഥ.* അവതാരിക. *കടംകഥകൾ* (സമ്പാ:). കുഞ്ഞുണ്ണി. തൃശ്ശൂർ: കേരളസാഹിത്യഅക്കാദമി, 1981.

19. ശങ്കരൻ, കെ. പി. അവതാരിക. *കുഞ്ഞുണ്ണിയുടെ കവിതകൾ.* കുഞ്ഞുണ്ണി. കോട്ടയം: കറന്റ് ബുക്സ്, 1983.

20. സത്താർ കിണാശ്ശേരി. അവതാരിക. *പരീക്ഷ, പാസ്മാർക്ക്.* കുഞ്ഞുണ്ണി. കോഴിക്കോട്: സെന്റ് ജൂഡ് ബുക്സ്, 2004.

**ലേഖനങ്ങൾ**

1. കാരശ്ശേരി, എം. എൻ. 'കാലം നിശ്ചലമാകുമ്പോൾ'. *വിശകലനം.* കോട്ടയം: എൻ.ബി.എസ്, 1981.

2. കൃഷ്ണൻ നമ്പൂതിരി, എം. 'മൊഴിയും പൊരുളും കുഞ്ഞുണ്ണിക്കവിതയിൽ'. *അക്ഷരസൗന്ദര്യം.* കോഴിക്കോട്: എൻ.ബി.എസ്സ്, 2003.

3. ചന്ദ്രശേഖരൻ, എം. ആർ. 'സായാഹ്നത്തിലെ കവിതകൾ'. മലയാളസാഹിത്യം *സ്വാതന്ത്ര്യലബ്ധിക്കുശേഷം.* കോട്ടയം: എൻ.ബി.എസ്, 1999.

4. ടോണി മാത്യു. 'നേരും നേരമ്പോക്കും കവിതയിൽ'. *രചനയുടെ രതിമൂർച്ഛ.* കോഴിക്കോട്: പൂർണ്ണ പബ്ലിക്കേഷൻസ്, 1991.

5. നാരായണൻ കടത്തനാട്ട്.'സ്വകീയദർശനത്തിന്റെ വെളിപാടുകൾ'. *കണിക്കൊന്നയുടെ കവയിത്രി.* കോഴിക്കോട്: പൂർണ്ണ പബ്ലിക്കേഷൻസ്, 2005.

6. പ്രകാശ്, കെ. എസ്. 'മൊഴിമുത്തുകളുടെ സൗന്ദര്യം'. *കേരളീയതയുടെ വരപ്രസാദം.* കോട്ടയം : കറന്റ് ബുക്സ്, 1992.

7. ബെഞ്ചമിൻ, ഡി. 'കുഞ്ഞുണ്ണിക്കവിത'. *വിമർശനപ്രബന്ധങ്ങൾ.* തൃശ്ശൂർ: കറന്റ് ബുക്സ്, 1993.

8. രാമകൃഷ്ണൻ ദേശമംഗലം. 'വാക്കേ വാക്കേ കൂടെവിടെ?' *കവിയുടെ കലാതന്ത്രം.* തിരു: ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1989.

9. ലീലാവതി, എം. 'കാല്പനികതയുടെ പിൻനിലാവും ആധുനികതയുടെ ഉദയരശ്മിയും', *മലയാളകവിതാസാഹിത്യചരിത്രം.* തൃശ്ശൂർ: കേരളസാഹിത്യഅക്കാദമി, 1980.

10. ഡോ. സുബ്രഹ്മണ്യൻ, കെ. എച്ച്. '*മൊഴിമുത്തുകൾ.*' പര്യേഷണം. കോട്ടയം: എൻ.ബി.എസ്, 1989.

11. സുരേന്ദ്രൻ, വി.യു. 'കുഞ്ഞുണ്ണിക്കവിതയുടെ ഉയരങ്ങൾ'. *കവിതയിലെ സ്വരഭേദങ്ങൾ.* കോഴിക്കോട്: സെക്യുലർ ബുക്സ്, 2001.

**ആനുകാലികങ്ങൾ**

1. അരവിന്ദാക്ഷൻ, എ. 'വാക്കുകളുടെ കുടമാറ്റം'. *മലയാളവിമർശം-7,* ജൂലായ് - ഡിസംബർ, കോഴിക്കോട് സർവ്വകലാശാല: 1987.

2. അനിൽകുമാർ, എം. കെ. 'ഒരിക്കലും തോൽക്കാത്ത കുഞ്ഞുണ്ണി'. *എന്റെ മലയാളം,* എറണാകുളം: പുസ്തകം 1, ലക്കം 1, 2004.

3. അക്ബർ കക്കട്ടിൽ, 'ഒരു സർഗ്ഗാത്മക ജീവിതം രൂപപ്പെടുന്നതിനുമുമ്പ്'. *മാതൃഭൂമി,* കോഴിക്കോട്: പുസ്തകം 84, ലക്കം 6, ഏപ്രിൽ 9-15, 2006.

4. അംബിക, എ. നായർ. 'കുഞ്ഞുണ്ണിക്കവിതയുടെ പൊരുളും പ്രസക്തിയും', *വിജ്ഞാനകൈരളി,* തിരു: മാർച്ച് 2008.

5. കൗമുദി ന്യൂസ് സർവ്വീസ്, 'വളപ്പൊട്ടുകളെ ഓമനിക്കുന്ന കുഞ്ഞുണ്ണി'. *കലാകൗമുദി,* തിരുവനന്തപുരം: 343 മാർച്ച് 1982.

6. കുട്ടികൃഷ്ണൻ, എം. 'കവിതയിലെ ഏറുപടക്കങ്ങൾ'. *ദേശാഭിമാനിവാരിക,* കോഴിക്കോട്: 11-42, മെയ് 1980.

7. കാരശ്ശേരി, എം. എൻ. 'കവിതയുടെ കവി'. *മലയാളനാട് വാരിക,* കൊല്ലം: 1979 ജനുവരി 14.

8. ഗോപാലൻ,വി.ടി. 'കുഞ്ഞുണ്ണിക്കവിതയിലെ നവസർഗ്ഗത്തിന് ഒരനുബന്ധം'. *മല*യാളനാട് വാരിക, കൊല്ലം: മെയ് 27, 1979.

9. ദേവരാജ്, എം. എസ്. 'കുഞ്ഞുണ്ണിക്കവിത'. *പ്രഗതി,* കോഴിക്കോട്: ലക്കം 14, ജൂൺ 1982.

10. താഹ മാടായി. 'കടത്തുകാരൻ'. *ഭാഷാപോഷിണി,* കോട്ടയം: ലക്കം 12, പുസ്തകം 29, മെയ് 2006.

11. നാരായണൻ പാലക്കീഴ്. 'സഫലമീയാത്ര'. *ഗ്രന്ഥാലോകം,* തിരുവനന്തപുരം: വാല്യം 55, ലക്കം 8, ആഗസ്റ്റ് 2003.

12. പോറ്റി, എം. കെ. എൻ. 'കുഞ്ഞുണ്ണിക്കവിതയിലെ ചിഹ്നവ്യവസ്ഥ'. *സാഹിത്യലോകം,* തൃശ്ശൂർ: മാർച്ച് - ഏപ്രിൽ 1983.

13. പ്രഭാകരൻ പഴശ്ശി, 'കുട്ടികൾക്കുള്ള കവിതയും താരാട്ടും'. *ഉപധ്വനി,* തിരുവനന്തപുരം: വാല്യം 14, 2002.

14. പവിത്രൻ, എം. വി. 'കവിതയും സത്യവും'. *സമയം മാസിക,* കണ്ണൂർ: ലക്കം 1, ജൂൺ 2002.

15. ബാബു പ്രദീപ്, കെ. 'കുഞ്ഞുണ്ണി : ഭക്തിയുടെ ചിരിയും കണ്ണീരും'. *വിശാലകേരളം,* ബോംബെ: പുസ്തകം 43, ലക്കം 8, ആഗസ്റ്റ്, 1990.

16. ബാബു ഭരദ്വാജ്. 'മാഷുചോദിക്കാൻ മാത്രം ഒരു കുറിപ്പ്'. *മാതൃഭൂമി,* കോഴിക്കോട്: പുസ്തകം 84, ലക്കം 6, ഏപ്രിൽ 2006.

17. ബാലചന്ദ്രൻ വടക്കേടത്ത്. എന്റെ ഗുരുനാഥൻ'. *സമകാലിക മലയാളം വാരിക,* കൊച്ചി: ഏപ്രിൽ 2006.

18. മുരളി, പി. 'അനന്വയത്തിന്റെ ആത്മസാക്ഷാത്കാരങ്ങൾ'. *ഗ്രന്ഥാലോകം,* തിരുവനന്തപുരം: വാല്യം 55, ലക്കം 8, ആഗസ്റ്റ് 2003.

19. മാത്യു താഴത്തേൽ. 'കുഞ്ഞുണ്ണിക്കവിതയിലെ സാമൂഹിക പരിപ്രേക്ഷ്യം'. *വിജ്ഞാനകൈരളി,* തിരുവനന്തപുരം: വാല്യം 33, ലക്കം 5, മെയ് 2002.

20. മുഹമ്മദ് അഹമ്മദ്, ബി. 'സത്യത്തിന്റെ ശുദ്ധി'. *സമയം മാസിക,* കണ്ണൂർ: ലക്കം 47, ഏപ്രിൽ 2006.

21. രാജഗോപാലൻ, ഇ.പി. ഞാനുണ്ണി'. *സമയം മാസിക,* കണ്ണൂർ: ലക്കം 1, ജൂൺ 2002.

22. രാജശ്രീ, എം. 'കുഞ്ഞുണ്ണിക്കവിതയിലെ ജനകീയതലങ്ങൾ'. *സാഹിത്യലോകം.* ക്യാമ്പസ് പതിപ്പ്, തൃശ്ശൂർ: മെയ്-ജൂൺ 2005.

23. രാജൻബാബു മണമ്പൂർ, 'മലയാളത്തിന്റെ കുഞ്ഞുണ്ണിമാഷ്'. *ദേശാഭിമാനിവാരിക*, കോഴിക്കോട്: ലക്കം 47, പുസ്തകം 4937, ഏപ്രിൽ 2006.

24. രഘുനാഥ്, പലേരി. 'കൃഷ്ണമണി പോലെ ചിലർ'. ഗൃഹലക്ഷ്മി, കോഴിക്കോട്: പുസ്തകം 27, ലക്കം 12, ജൂൺ 2006.

25. രാമചന്ദ്രൻ പുതുശ്ശേരി, 'കവിതയിലെ ദാർശനികഗരിമ'. *ഗ്രന്ഥാലോകം,* തിരു: വാല്യം 58, ലക്കം 4, ഏപ്രിൽ 2006.

26. രാധ, എ, അതിയാരത്ത്, 'എന്റെ വല്യേട്ടൻ'. *ഭാഷാപോഷിണി,* കോട്ടയം: ലക്കം 12, പുസ്തകം 29, മെയ് 2006.

27. ശ്രീഹരി, എ.സി. 'പാരഡിയുടെ കുതിര'. *സമയം മാസിക,* കണ്ണൂർ: ലക്കം 1, ജൂൺ 2002.

28. ശിവരാമൻ, കെ. 'പകുക്കാൻ തികയാഞ്ഞ്'. *പ്രകൃതിമിത്രം വാർഷികപ്പതിപ്പ്,* കണ്ണൂർ: വാല്യം 2-4, മെയ് 2004.

29. ശങ്കരൻ, കെ.പി. 'കുഞ്ഞുണ്ണിക്കവിതയിലെ ചില ഭാഷാസൂക്ഷ്മതകൾ'. *ഗ്രന്ഥാലോകം,* തിരുവനന്തപുരം: വാല്യം 55, ലക്കം 8, ആഗസ്റ്റ് 2003.

30. സുരേഷ്, എ.പി. 'ചെറിയ മനുഷ്യനും വലിയ ലോകവും'. *ഭാഷാപോഷിണി,* കോട്ടയം: ഫെബ്രുവരി - മാർച്ച് 1987.

31. സുജ. എസ്, തെക്കെഗ്രാമം. 'കുഞ്ഞുണ്ണിക്കവിതയിലെ കാല്പനികനിലാവ്'. *കവനകൗമുദി,* കോട്ടക്കൽ: 2003 നവംബർ - 2004 ജനുവരി.

32. സുനിൽ, പി. മതിലകം. 'ചെറിയ മനുഷ്യനും വലിയ വാക്കും'. *ഗ്രന്ഥാലോകം,* തിരുവനന്തപുരം: വാല്യം 55, ലക്കം 8, ആഗസ്റ്റ് 2003.

33. സുനന്ദ്, എസ്, ജയശീലൻ, പി. ആർ. 'കുഞ്ഞുണ്ണിക്കവിതയ്ക്ക് ഒരാമുഖം'. *ഗ്രന്ഥാലോകം,* തിരുവനന്തപുരം: വാല്യം 55, ലക്കം 8, ആഗസ്റ്റ് 2003.

34. സുരേന്ദ്രൻ, പി. 'കുഞ്ഞുണ്ണിച്ചിത്രങ്ങളിലെ വിരൂപനസൗന്ദര്യം', *മാതൃഭൂമി ആഴ്ചപ്പതിപ്പ്.* കോഴിക്കോട്: 4-10 ഒക്ടോബർ 1998.

35. സന്തോഷ്കുമാർ, ടി.കെ. 'കടുകിനകത്തെ കടൽപോലെ കുഞ്ഞുണ്ണിമാഷ്'. *കലാകൗമുദി,* തിരുവനന്തപുരം: മാർച്ച് 1, 1998.

36. സോമൻ കടലൂർ, 'കുഞ്ഞുണ്ണിക്കവിതകളിലെ ഫോക്‌ലോർ'. *സമയം മാസിക,* കണ്ണൂർ: ലക്കം 21, ഫെബ്രവരി, 2004.

37. സോമൻ കടലൂർ, 'ഭൂമിയുടെ സത്യം നീ മൺതരിയിലെഴുതി'. *സമയം മാസിക,* കണ്ണൂർ: ലക്കം 47, ഏപ്രിൽ, 2006.

38. സി.പി.എൻ. 'കുട്ടികളുടെ കുഞ്ഞുണ്ണിമാഷ്'. *ചിന്ത,* തിരുവനന്തപുരം: പുസ്തകം 42, ലക്കം, 34, ഏപ്രിൽ 7, 2006.,

39. സതീഷ്ബാബു പയ്യന്നൂർ, 'മാഷേ പ്രണാമം'. *കലാകൗമുദി,* തിരുവനന്തപുരം: ലക്കം 1596, ഏപ്രിൽ 2006.

40. ലത്തീഫ് പറമ്പിൽ, 'ഒരു പുസ്തകവും കുറെ ഓർമ്മകളും' *കലാകൗമുദി,* തിരുവനന്തപുരം: ലക്കം 1596, ഏപ്രിൽ 2006.

41. ലത്തീഫ് പറമ്പിൽ, 'ഞങ്ങളുടെ കുട്ടേട്ടൻ'. *സമകാലിക മലയാളം വാരിക',* കൊച്ചി: ഏപ്രിൽ 7, 2006.

42. ലത്തീഫ് പറമ്പിൽ, 'കുഞ്ഞുണ്ണിക്കവിതയിലെ അകം പൊരുൾ'. *ഭാഷാപോഷിണ,.* കോട്ടയം: ലക്കം 12, പുസ്തകം 29, മെയ് 2006.

43. ഹരിദാസൻ, 'ദുർമ്മേദസ്സൊഴിഞ്ഞ കവിതാപ്രസ്ഥാനം'. *ഗ്രന്ഥാലോകം,* തിരു: വാല്യം 58, ലക്കം 4, ഏപ്രിൽ 2006.

44. ഹരീഷ്, പി.സി. 'ആ കുട്ടിയും പോയി'. *കലാകൗമുദി,* തിരുവനന്തപുരം: ലക്കം 1596, ഏപ്രിൽ 2006.

**ദിനപത്രങ്ങൾ**


1. ഉഷ കേശവരാജ്. 'ഒടുവിൽ കുട്ടമാമ്മ കുട്ടിയായി'. *ദേശാഭിമാനി വാരാന്തപതിപ്പ്*, കോഴിക്കോട്: 30 ഞായർ, ഏപ്രിൽ2006.
2. ഉഷ കേശവരാജ്, 'കുഞ്ഞു കുഞ്ഞുണ്ണിക്കാര്യം' *വർത്തമാനം*, കോഴിക്കോട്: 3 ഞായർ, മെയ് 2009.
3. ഋജു. 'വാക്കൊതുക്കുന്നോനൂക്കൻ'. *കുടുംബമാധ്യമം*, കോഴിക്കോട്: 20 ശനി, ജൂലൈ 2002.
4. കമൽഹാസൻ. ' കുഞ്ഞുണ്ണിയും പിന്നെ കുഞ്ഞുണ്ണിമാഷും'. *പുണ്യഭൂമി*, ഗുരുവായൂർ: 21 ജൂൺ 2001.
5. 'കുഞ്ഞോണം കുട്ട്യോൾക്കൊപ്പം'. *മലയാള മനോരമ*, കോട്ടയം: 27 ആഗസ്റ്റ് 2001.
6. കുമാർ, കെ. എസ്. 'ആബാലവൃദ്ധത്തിന്റെ കവി'. *ജന്മഭൂമി*, കോഴിക്കോട്: 27 മാർച്ച് 2006.
7. ബാബു വർഗ്ഗീസ്. 'അന്തിപ്പുത്തകത്തോടെ കുഞ്ഞുണ്ണിമാഷ് എഴുത്തിനോട് വിട പറയുന്നു'. *മല യാളം ന്യൂസ്*, ജിദ്ദ: സൗദി അറേബ്യ, 11 ഞായർ, ആഗസ്റ്റ് 2002.
8. ബാലകൃഷ്ണൻ, പി. 'കുട്ടികളുടെ കവി, വലിയ കവി'. *ജന്മഭൂമി*, കോഴിക്കോട്: 27 മാർച്ച്, 2006.
9. ബാലചന്ദ്രൻ, വടക്കേടത്ത്. ' കുറിയ വാക്ക്, വലിയ ലോകം'. *മാതൃഭൂമി*, കോഴിക്കോട്: 27 മാർച്ച് 2006.
10. ജയശീലൻ, പി.ആർ, സുനന്ദ്, എസ്. ' മയിൽപ്പീലികളും വളപ്പൊട്ടുകളുമായി കുഞ്ഞുണ്ണിമാസ്റ്റർ'. *മാതൃഭൂമി വാരാന്തപതിപ്പ്*. മെയ് 11 ഞായർ, 1997.
11. ജോയ്, എം. മണ്ണൂർ.' കവിതയുടെ പൊക്കങ്ങൾ താ  ിയ വല്ല്യുണ്ണി'. *മംഗളം*, കോഴിക്കോട്; 27 മാർച്ച് 2006.
12. ദിനേശ് വർമ്മ. 'ഉണ്ണിനാവുകളിൽ അക്ഷരമധുരമിറ്റിച്ച്'. *ദേശാഭിമാനി*, തിരു: 27 മാർച്ച് 2006.
13. പ്രദീപ്, ആർ. 'കവിതയിലെ കൽക്ക  മധുരം'. *ജന്മഭൂമി*, കോഴിക്കോട്: 27 മാർച്ച് 2006.
14. രാമനാഥൻ, കെ. വി. 'കുഞ്ഞുണ്ണിമാഷ് ചില വ്യത്യസ്ത ചിത്രങ്ങൾ'. *മാതൃഭൂമി വാരാന്തപതിപ്പ്*, കോഴിക്കോട്: 30 ഞായർ, ഏപ്രിൽ 2006.
15. ലത്തീഫ് പറമ്പിൽ, 'കുഞ്ഞുണ്ണിമാഷ്ക്ക് എഴുപത്തഞ്ച്' *മാതൃഭൂമി വാരാന്തപതിപ്പ്*, കോഴിക്കോട്: 3 ഞായർ മാർച്ച് 2002.
16. വർഗ്ഗീസാന്റണി. 'വൃത്തവും ഇതിവൃത്തവും ഭേദിച്ച്'. *ദേശാഭിമാനി വാരാന്തപതിപ്പ്*, കോഴിക്കോട്: ജനുവരി 18.
17. വേണുഗോപാൽ, ജി. 'ഇനി ഞാൻ പൊതുപരിപാടികൾക്കില്ല'. *മാതൃഭൂമി വാരാന്തപതിപ്പ്*, കോഴിക്കോട്: 14 ഞായർ, ഒക്ടോബർ 2001.
18. വാസുദേവൻ നായർ, എം.ടി. 'കുട്ടൻ', *മാതൃഭൂമി വാരാന്തപതിപ്പ്*, കോഴിക്കോട്: 2 ഞായർ ഏപ്രിൽ 2006.
19. വിനയചന്ദ്രൻ, ഡി, 'ഒറ്റവരയുടെ അനന്തത'. *മലയാളമനോരമ*, കോട്ടയം: 27 മാർച്ച് 2006.
20. സുജ, എസ്. തെക്കേഗ്രാമം. 'കുഞ്ഞുണ്ണി: മലയാണ്മയുടെ സാത്വിക തേജസ്സ്'. *പുണ്യഭൂമി*, ഗുരുവായൂർ: 14 വ്യാഴം, നവംബർ 2002.

21. ഹരിപ്രസാദ്, വി. ആർ. ' വീട്ടീന്ന് വര്ാ.... വീട്ട്യേഷ്യൂവ്വ്ാ....'. *ദീപിക*, കോഴിക്കോട്: 27 മാർച്ച്, 2006.

22. ഹരികൃഷ്ണൻ. 'പഷ്ടം വട്ടത്തിലാവുകകൊ  ാവാം പയ്യിന്റെ പാലു വെളുത്തതായി'. *മലയാള മനോരമ*, കോട്ടയം: 8 ഞായർ, മാർച്ച് 1988.

**അഭിമുഖങ്ങൾ**


1. ആർസു. (ആർ സുരേന്ദ്രൻ) 'അലങ്കാരം അലങ്കോലം'. *മഹാന്മാരുമായി മുഖാമുഖം.* കോഴിക്കോട്: ശിവ പബ്ലിക്കേഷൻസ്, 1987.
2. ആർ.എസ്.എൻ. 'കുഞ്ഞായി, ഉണ്ണിയായി, കുഞ്ഞുണ്ണിയായി'. *ഭാഷാപോഷിണി,* കോട്ടയം: പുറം 26,. ലക്കം 6, നവംബർ 1996.
3. 'കുഞ്ഞുണ്ണിമാഷുമായി അഭിമുഖം'. *പൂർണശ്രീ മാസിക,* കോഴിക്കോട്: പൂർണ പബ്ലിക്കേഷൻസ്, പുസ്തകം 1, ലക്കം 7, ജൂലായ് 2005.
4. ജോൺസൺ, കെ. ആർ. 'ഈ ലോകം എനിക്കുള്ളതാണ് *കലാകൗമുദി,* തിരുവനന്തപുരം: ലക്കം, 706, മാർച്ച് 26, 1989.
5. ദാസ്, സി. ആർ. 'കുട്ട്യോളുടെ കുഞ്ഞുണ്ണിമാഷ്, മുതിർന്നവരുടെയും'. *ഗ്രന്ഥാലോകം,* തിരുവനന്തപുരം: വാല്യം 55, ലക്കം 8, ആഗസ്റ്റ് 2003.
6. മനോജ്കുമാർ, ജി. 'ഗൃഹാതുരത്വത്തിലൂടെ . . . . .'. *കിരണം മാഗസിൻ,* കോഴിക്കോട്: രാമകൃഷ്ണമിഷൻ ഹയർസെക്കന്ററി സ്ക്കൂൾ, 2005.
7. രാമചന്ദ്രൻ പുതുശ്ശേരി. 'ഇതാ കുഞ്ഞുണ്ണിമാഷ്'. *ഗ്രന്ഥാലോകം,* തിരുവനന്തപുരം: പുസ്തകം 73, ലക്കം 48, ആഗസ്റ്റ്, 2003.
8. ലീലാകൃഷ്ണൻ ആലങ്കോട്, 'പ്രളയപയോധിയിൽ ഒരു കുഞ്ഞുണ്ണി'. *മാതൃഭൂമി ആഴ്ചപ്പതിപ്പ്,* കോഴിക്കോട്: പുസ്തകം 80, ലക്കം 32, സെപ്തംബർ 2002.
9. ശിവരാമൻ, കെ. 'ശൈശവസാക്ഷാത്കാരത്തിന്റെ കവി'. *മാതൃഭൂമി ആഴ്ചപ്പതിപ്പ്,* കോഴിക്കോട്: 28 ജനുവരി 3, ഫെബ്രുവരി, 1996.
10. സുനിൽ പാറേക്കാട്ട്, 'ജനകീയ പ്രതിരോധത്തിന്റെ ഭാഷയുമായി കുഞ്ഞുണ്ണിമാഷ്'. *സമീക്ഷ,* തൃശ്ശൂർ: ലക്കം 84, ഏപ്രിൽ 2004.

# അനുബന്ധം 5

# കുഞ്ഞുണ്ണിക്കവിതയിലെ സവിശേഷപദങ്ങൾ

## 1. നാടൻപദങ്ങൾ-

ഊക്കൻ (ശക്തിയുള്ളവൻ), പായുക (ഓടുക), പ്രാന്ത് (ഭ്രാന്ത്), പഷ്ണി (പട്ടിണി), കിറുക്ക് (ഭ്രാന്ത്), പയ്യ് (പശു), മാറാപ്പ് (ഭാണ്ഡം), മുത്ത്യേമ്മ (വൃദ്ധ), കുശുമ്പ് (അസൂയ), കണ്ണേറ് (കണ്ണു തട്ടൽ), തച്ചുപായിച്ചു (തല്ലിയോടിച്ചു), ചെക്കൻ (ആൺകുട്ടി), മ (തല), ഉടുപുട (വസ്ത്രം), വെട്ടം (വെളിച്ചം), തീന് (ഭക്ഷണം), കാത് (ചെവി), തൊ , പത്തൽ (വേലിക്കോൽ), ഏങ്കോണിച്ച് (വക്രിച്ച്), മക്കാനി (മറച്ചുകെട്ടിപ്പുര), ചാത്തൻ, മാളോർ (ജനങ്ങൾ), ഉങ്കാരം (അഹങ്കാരം), തള്ള (അമ്മ), പിള്ള (കുട്ടി), തൂശി (സൂചി), പെറുക (പ്രസവിക്കുക), പാട്ടം, അത്താഴം (രാത്രിഭക്ഷണം), നൊസ്സ് (ഭ്രാന്ത്), അസ്സൽ (നല്ലത്), ചീരാപ്പ്(മൂക്കൊലിപ്പ്), ആഴക്ക് (നാടൻ അളവ്), ഒഴക്ക് (നാടൻ അളവ്), പീറ(ചീത്ത), തുമ്പം (ദു:ഖം), പുണ്ണ് (വ്രണം), മച്ചി (പ്രസവിക്കാത്തവൾ), കൊഞ്ഞനം, കീറ് (മുറിക്കൽ), മാട് (നാല്ക്കാലികൾ), പാഷർ (ദരിദ്രർ), തീ ാരി, ചത്ത് പോവുക, വെക്കം,(പെട്ടെന്ന്), ഉശിര് (ശക്തി), ഉള്ളം (മനസ്സ്), തിണ്ണ, കോലായ, മാന്തുക, തീയത് (ചീത്ത), മൊച്ച (കുരങ്ങ്), മന്തൻ, ചെത്തം (ശബ്ദം), കന്നി (ആദ്യത്തെ), നന്ന്, ഇമ്പം (സന്തോഷം), ഊറാമ്പുലി (ചിലന്തി), മ ുക (ഓടുക), നഞ്ഞ് (വിഷം), പള്ള (വയറ്), കഴുവേറി, പൊട്ട (ചീത്ത), വക്കാണം (വഴക്ക്), ചക്രം (പണം), നോവ് (വേദന), കുമ്പ (വയറ്), മുരട് (ചുവട്), മച്ച് (തട്ടിൻപുറം), പതം (നിറവ്), നെറിവ് (നേര്), കമ്പം (താത്പര്യം), കൊച്ച് (കുഞ്ഞ്), തെമ്മാടി, മൂപ്പ്, കെട്ട്യോൾ, നാഴി, പ്രാഞ്ചുക, (വേച്ചുവേച്ച് നടക്കുക), നാത്തൂൻ (ഭർത്താവിന്റെ പെങ്ങൾ), താന്തോന്നി, ഭളള് (പൊങ്ങച്ചം), അഷ്ടത്തിക്കരി (വൈദ്യൻ), കാക്കുക (രക്ഷിക്കുക), ചാക്ക് (മരണം), പിച്ചും പേയും, തിറം (ശോഭ), വട്ടി(കുട്ട), കൊട്ടിൽ (കുടിൽ), അപ്ഫൻ, കോലോത്ത്, ഭ്രഷ്ട്, വേളി, ഉണ്ണി, അമ്മാത്ത്, ഇല്ലം, 'ക്ഷ' പിടിച്ചു, ശഷൻ, വഷളൻ, ഓത്ത്, കുടുമ, ഓപ്പ്.

## 2. ഇംഗ്ലീഷ്പദങ്ങൾ

ഡ്രൈവർ, ക്ലബ്ബ്, പ്ലാറ്റ്ഫോം, ബസ്സ്സ്റ്റാന്റ്, വാനിറ്റിബാഗ്, ഹൈഹീൽ, ലിപ്സ്റ്റിക്ക്, ബ്രാ, എൽ.ഡി. ക്ലർക്ക്, വൈഫ്, നൈലോൺ, സസ്പെന്റ്, ഡിസ്മിസ്ഡ്, വെയ്റ്റിങ്ങ്റൂം, മിസ്, മണി (പണം), ട്വിങ്കിൾ ട്വിങ്കിൾ ലിറ്റിൽസ്റ്റാർ, ഹൗ ഐ വ ർ, ബ്രസ്റ്റ്, പൊളിറ്റിക്സ്, പ്ലേഗ്, വാഴ്സിറ്റി, ബെഡ് ടീ, ബ്രേക് ഫാസ്റ്റ്, ബൂട്ട്, പേന്റ്, സ്ലേക്ക്, റിഫേറ്, മെസ്സ്, ആറ്റം തിയറി, മേംഗോ, യൂണിയൻ, ക്ലിയർ, പെയിൻ,അലവൻസ്, ടി. വി. സ്പെഷൽ, പെയിൻ, ഓവർസ്പീഡ്, ഓവർ ലോഡ്, ഫയൽ, എമ്പ്ളോയി, കെയ്പ്പബിലിറ്റി, കപ്പേസിറ്റി, എബിലിറ്റി, കേൻഡിഡേറ്റ്, കുക്ക്, ജോയിൻ.

## സംസ്കൃതപദങ്ങൾ

ഏവം, സുഖദം, തമസോ മാ ജ്യോതിർഗമയ, തത്, സത്, ബ്രഹ്മസത്യം ജഗന്മിഥ്യ, മേ, സഹസ്രഭഗൻ, തഥാ, സഖേ, മാമകം, തഥൈവ, ച, ബ്രഹ്മാണ്ഡം, മമ, അഥ, മിഥ്യ, തഥ്യ, ഇഹ, കുക്ഷി, ഭുക്തി, ബ്രഹ്മം, മൈഥുനം, കൃതാന്തം, കുരു, യഥാ, ഈഷൽ, രജസ്സ്.

**ദ്രാവിഡപദങ്ങൾ**

പാട്ടി (മുത്തശ്ശി), ഉലകം (ലോകം), കൂന്തൽ (തലമുടി), പെരിയ (വലിയ), പൊരുൾ (അർത്ഥം), കിടയ്ക്കുക (ലഭിക്കുക), വാഴ്വ് (ജീവിതം), ശപ്പുശവറ്, ഊര് (നാട്), പൊയ്ത്ത്, അച്ചി, പശി (വിശപ്പ്)

**വ്യാക്ഷേപകങ്ങൾ**

അയ്യോ, അയ്യയ്യേ, കഷ്ടം, അഹോ, അഹോ കഷ്ടം, അയ്യയ്യോ, അഹഹ, അയ്യാ, അയ്യയ്യേ, ഹാഹാ, ഹാ

**വിചിത്രസങ്കരങ്ങൾ**

നൈലോൺ പെണ്ണ്, ടർലിൻ പുരുഷൻ, മഞ്ഞച്ചെങ്കൊടി, പ്ലാങ്ങ, ചിന്തചവയ്ക്കുക, ശമ്പ്ളോയി, അമ്മിഞ്ഞക്കല്ല്, ഉണ്ണിഷി ി മനുഷ്യൻ.

**പുതുപദങ്ങൾ**

നാസ, കൊമസ്ക്കാരം, തെക്കത്തം, കൂട്ടാൻത്തം, നവീന് (നവീനം), ഗരുഡർ(ഗരുഡൻ), ബഹുമുഖർ (ബ്രഹ്മാവ്), ധുനികൻ, സുഡ്ഡിത്തം, ഇകലെ, പട്ട്ളിൻ ചോട്, നാരായവാണൻ, തെറ്റിഷറവതുപരം, പശുത്വം

**ശബ്ദാനുകരണങ്ങൾ**

ഞഞ്ഞംപിഞ്ഞ, ചഷിളിപിളി, ഭൗഭൗഭൗഭൗഭൗ

**സമസ്തപദങ്ങൾ**

ഇഞ്ഞാൻ, ഇബ്ബ്രഹ്മാണ്ഡം, ഞാനാം, അത്തല, പഴമ്പ്രാന്തൻ, പറവൊരുത്തൻ, ഞാനശക്തൻ, തിമ്മോർ, പാക്കലം, കാക്കവി, പെണ്ണര, മേഷര, ഞാനദ്വേഷ്യം,ക്ഷീണിക്കാഷണി, കരയാക്കരൾ, പെരുമ്പാണൻ, മേക്കസേല, മാമകമാനസമാമരം, കാഷൊരുത്തൻ, ഇജ്ജഗത്ത്, വയ്യിതിൻ, ഞാനജ്ഞാനി, ഇമ്മട്ട്, നല്ലോൻ, പാച്ചോറ്, മുക്കാച്ചോഷ്.

**ശിശുഭാഷാപദങ്ങൾ**

പാഷം, അമ്മിഞ്ഞ, അമ്പിളിമാമൻ, മാമ്, ഇങ്ക്.

**ആചാരപദങ്ങൾ**

തൃത്തല്ല്, പള്ളികൊള്ളുക, തൃക്കാല്, തിരുനാമം, പള്ളിക്കുറുഷ്.

**വ്യത്യയ പദങ്ങൾ**

മണ്ണ് : വിണ്ണ് : പെണ്ണ്, വസനം: വാസന, നെറി : തെറി, കല : കലി, കേരളം : പോരളം, ഒന്ന് : നന്ന്, തടി : താടി, നിന്നെ : എന്നെ, തെറി : ചൊറി : നെറി, കാലം : ലോകം : കോലം, കാലം : കല, പേറ് : കീറ്, തളള : പിളള, മാനം : മനം, ഇല്ലായ്മ : വല്ലായ്മ, പ്രകൃതി : വികൃതി, കോഴിക്കോട : കോഴിക്കൂട്, വി ൽ : കൊ ൽ, കക്ഷി: കുക്ഷി, പണം : പണി, കുന്ന് : കുന്നി, പായ : വായ: മായ, ആയ : നായ, മല : മുല, നാട് : വീട്, തൊ : മ , അശനം : ശയനം, ഞ ് : വ ് : തൊ ്, തല : മുല, പത്ത് : ആപത്ത്, പാല് : തപാല്, തീർച്ച : മൂർച്ച, യേശു : കീശ, അടി : ഇടി : വെടി, ചൊക്ലി : ഇക്ലി:, അച്ചിങ്ങ : മച്ചിങ്ങ :പീച്ചിങ്ങ, ഭക്തി : മുക്തി, അരികെ : അറികെ, കൊല്ലം : വല്ലം : ഇല്ലം, മലം : മല, വക്ക് : വാക്ക്, ഓന്ത് : ഇന്ത്യ, വിശഷ് : ശഷൻ, പ്ലേഗ് : ഷ്ളേഗ്, നക്സലേറ്റ് : എക്സലൈറ്റ്, പാതി : പാതിരി, വിശ്വാസം : ആശ്വാസം, അമ്മി : അമ്മ, ഒന്നായി : നന്നായി.

**വിപരീതങ്ങളും ദ്വന്ദ്വങ്ങളും**

അകം : പുറം, വലിയ : ചെറിയ, ബുദ്ധൻ : ബുദ്ധൂസ്, പുതിയ : പഴയ, വെളിച്ചം: ഇരുൾ, മേല ്: താഴെ, സ്വർഗ്ഗം : നരകം, ഉ ് : ഇല്ല, ആകാശം : ഭൂമി, ജനനം : മരണം, മണ്ണ ്: വിണ്ണ്, ആണ ്: പെണ്ണ്, വിഡ്ഢികൾ : സമർത്ഥർ, നല്ല : ചീത്ത, വെളുപ്പ് : കറുപ്പ്, വെയില് : മഴ, ഉള്ളോൻ : ഇല്ലാത്തവൻ, കൊള്ളുന്നത് : കൊള്ളാത്തത്, മിഥ്യ : തഥ്യ, അടുക്കുക : അകലുക, ഇടത് : വലത്, താഴോട്ട് : മേലോട്ട്, പ ്: ഇന്ന്, അനുകൂലി : പ്രതികൂലി, കാക്കുന്നോൻ : കക്കുന്നോൻ, തല : വാല്, ഇരുട്ട് : വെട്ടം, ഒന്ന് : അനേകം, നീളം : വട്ടം, അവിടെ : ഇവിടെ.

**വാമൊഴി രൂപത്തിൽ പ്രത്യയലോപത്തോടുകൂടിയവ**

ഞാനാം, താനാം, സോഷ്യലിസോം, പോം (പോകും), ചക്കടെ മടല്, ആനടെ, ആമടെ, കൃക്ക്, കാളേം, വയസ്സാം, കള്ളിടെ, ക ോർ, നല്ലോർ, നമ്പൂരി, ധൈര്യല്ല്യ, ഭരണോം, നന്നാക്യാൽ, ആമോ (ആകുമോ).

**അധികപ്രത്യയങ്ങൾ ചേർത്ത് വൈചിത്ര്യം വരുത്തിയവ.**

പോലുമേ, അണയുന്നിതേ, ഓതുവാനാമോ, എന്നുമേ, പുറമെയുമേ, ഞാനൊരാളുമേ, വേണമേ, കേറുന്നിതാളുകൾ, വൈഷിനാലുമേ, കേൾക്കവേ, പിരിയേ യോ, നൽകേണമേ, പിരിയേണമേ, ചെയ്തിട്ടുമേ, അമ്മയങ്ങെഴുതുന്നത്, ഒന്നുമേ, പോക്കുവോരല്ലോ, പോലെയല്ലയോ, തൊഴുത്തികൽ. കാണിക്കൊല, ജയിച്ചിതേ, പാഷറാവിതേ, അല്ലയോ, പുതച്ചങ്ങ് കിടക്കുക, മരിച്ചങ്ങുകിടക്കുക, പൗഡറങ്ങിടുക, തന്നെയാം.

## അനുബന്ധം 6

# കുഞ്ഞുണ്ണിക്കവിതയിലെ അലങ്കാരങ്ങൾ

## I. അർത്ഥാലങ്കാരങ്ങൾ

| | അലങ്കാരം | ലക്ഷണം | കുഞ്ഞുണ്ണിക്കവിതയിൽ |
|---|---|---|---|
| 1. | ഉപമ | ഒന്നിനൊന്നോടു സാദൃശ്യം ചൊന്നാലുപമയാമത്<br>(ഭാ. ഭൂ. പു. 20) | ചോദിച്ചുസമ്മതം വാങ്ങി<br>ചുംബിക്കും പോലെയല്ലയോ<br>നാണം കെട്ടോ ു ചോദിച്ചു<br>വാങ്ങിക്കൊ ു ഭരിഷത്.<br>(കു. ക്ക. പു. 109) |
| 2. | ലുപ്തോപമ | ധർമ്മോപമാനോപമേയ വാചകങ്ങളിലൊന്നിനോ ര ിനോ മൂന്നിനോ ലോപം വന്നാലുപമലുപ്തയാം<br>(ഭാ. ഭൂ. പു. 22) | മഹാന്മാരമ്മയെപ്പോലെ<br>(കു. ക്ക. പു. 129) |
| 3. | മാലോപമ | ഒരുപമേയത്തെ പല ഉപമാനങ്ങളോട് ഉപമിക്കുന്നു. | പൂവുപോലുള്ളതാകേണം<br>പുഴപോലുള്ളതാകേണം<br>ആഴി പോലുള്ളതാകേണം<br>കാവ്യമന്നേ വിളങ്ങിടൂ<br>(കു. ക്ക. പു. 197) |
| 4. | അനന്വയം | തന്നോടു സമമായ് താൻതാനെന്നു ചൊന്നാലനന്വയം<br>(ഭാ. ഭൂ. പു. 24) | പുഴപോലൊഴുകും പുഴയും<br>പുഴു പോലിഴയും പുഴുവും<br>ഞാൻ പോലലിയും ഞാനും<br>അത്ഭുതമല്ലേ ലോകം<br>(കു. ക്ക. പു. 45) |
| 5. | ഉപമേയോപമ | ഉപമിക്കുനതന്യോന്യ<br>മുപമേയോപമാഖ്യാമാം<br>(ഭാ. ഭൂ. പു. 25) | സൂര്യൻ കിഴക്കുദിക്കുന്നി<br>തെന്നിൽ നീയെന്ന പോലവെ<br>പടിഞ്ഞാറസ്തമിക്കുന്നു<br>നിന്നിൽ ഞാനെന്ന പോലെയും<br>(കു. ക്ക. പു. 76) |
| 6. | പ്രതീപം | ഉപമനോപമേയത്വം<br>മറിച്ചിട്ടാൽ പ്രതീപമാം<br>(ഭാ. ഭൂ. പു. 23 | ഇങ്ങനെ കടിപിടി<br>കൂടുന്നതെന്തേനായ്ക്ക-<br>ളയ്യയ്യേ നരന്മാരെപ്പോലെ<br>- ഭൗ- ഭൗ- ഭൗ- ഭൗ-ഭൗ<br>(കു. ക്ക. പു. 74) |
| 7. | രൂപകം | അവർണ്ണ്യത്തോടു വർണ്ണ്യത്തി ന്നഭേദം ചൊൽക രൂപകം<br>-ഭാ. ഭൂ. 26 | എനിക്കുു ാരു<br>മണിഹർമ്യമെൻ മനോഹർമ്യം<br>എന്നിട്ടതിലെന്റെ ശത്രുക്കളാണാ<br>വാസം<br>(കൂ. ക്ക. ചു. 70) |
